# കർമ്മലജ്യോതി



## ചാവറ ജന്മദ്വിശതാബ്ദി സ്പെഷ്യൽ

ഹോളിക്യൂൻസ് പ്രോവിൻസ്
ചങ്ങനാശേരി

Kl. 626
6258

CARMEL JYOTHI
ALWAYE
THAIKATTUKARA

# കർമ്മലജ്യോതി

## ചാവറ സ്പെഷൽ

(ഹോളിക്വീൻസ് പ്രോവിൻസിന്റെ ഔദ്യോഗിക ജിഹ്വ)

*Published by*
**The Provincial Council**
**Holy Queen's Province, Changanassery**

*(For circulation strictly among the members only)*

**Vol. 31** **April 2005** **No.1**

# എഡിറ്റോറിയൽ ബോർഡ്


സി. സിസ്സി (പ്രൊവിൻഷ്യൽ സുപ്പീരിയർ, രക്ഷാധികാരി)

സി. സുമാ റോസ് (മാനേജിങ് എഡിറ്റർ)

സി. ജയിൻ റോസ് (ചീഫ് എഡിറ്റർ)

സി. ഫ്ളവർലെറ്റ് (മെമ്പർ)

സി. ജോളി തെരേസ് ”

സി. ജെയിനി ”

സി. ലില്ലി തെരേസ് ” ”

സി. മേബിൾ ”

സി. ഫിലോ റ്റോം ”

സി. ഷീലാ മരിയ ”

# ഇതളുകൾ വിടരുമ്പോൾ


1 എഡിറ്റോറിയൽ

2 മാതൃമൊഴി

3 ചാവറയച്ചൻ - ദിവ്യകാരുണ്യഭക്തൻ

4 സ്ത്രീ സമുദ്ധാരണം - സ്ത്രീശാക്തീകരണത്തിലൂടെ

5 ചാവറയച്ചൻ : നാഴിക കല്ലുകൾ

6 അജയ്യനായ ആചാര്യൻ

7 ചാവറയച്ചന്റെ ദൈവസ്നേഹാനുഭവങ്ങൾ

8 വാ. ചാവറയച്ചൻ - ഭക്തകർമ്മയോഗി

9 ദൈവവിളി - ഇന്നിന്റെ പ്രതിസന്ധികൾ

10 ധന്യസ്മരണകൾ

11 ചാവറ ക്വിസ്

12 പിതാവേ! ഒരു നിഷ്ക്കളങ്ക സംശയം

13 കൈനകരിയ്ക്കൊരു തിലകം

14 വാ. ചാവറപിതാവ് - ബഹുമുഖ പ്രതിഭ

15 ചാവറപിതാവ് - സാമൂഹിക പരിഷ്കർത്താവ്

16 "ചാവറ തേനറ"

17 ചാവറയച്ചന്റെ വിദ്യാഭ്യാസ വീക്ഷണങ്ങളും ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥയും

18 വാ. ചാവറപിതാവിന്റെ ആദ്ധ്യാത്മികത ജീവിതം

19 വരപ്രസാദ നിറവോടെ

20 ചാവറജയന്തി ആഘോഷങ്ങൾ ഹോളികിവീൻസ് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ........

21 ബാല്യകാലസ്മരണകൾ

22 ചാവറയച്ചന്റെ സന്യാസ ദർശനം

23 ''ഞാൻ'' എന്റെ അപ്പന്റെ മകളോ?

24 ചാവറജയന്തി ആഘോഷങ്ങളിലൂടെ

25 സയാമീസ് കളിയോടങ്ങൾ

26 ചാവറ ദൈവമനുഷ്യൻ

27 ചാവറയച്ചന്റെ ആഴമായ ആദ്ധ്യാത്മികത

28 നവസൂനങ്ങൾ

29 കാരുണ്യതീർത്ഥം


30 വാ. ചാവറയച്ചന്റെ തിരുസഭാ ദർശനം

31 സുകൃതം സ്മര

32 ക്വീൻസ് വാർത്തകൾ

33 ചാവറ വിശേഷങ്ങൾ

# എഡിറ്റോറിയൽ



രണ്ടു നൂറ്റാണ്ടു മുമ്പേ ദൈവപിതാവിന്റെ സ്നേഹസ്വപ്നമായി പിറന്നുവീണ ഒരു വിശുദ്ധ ജന്മം......

അതിന്റെ സാക്ഷാൽക്കാരത്തിനായി കർമ്മ ഭൂമിയിലേയ്ക്ക് ഇറങ്ങിയ അതുല്യപ്രതിഭ

ചിന്തകളിൽ വാക്കുകളിൽ, പ്രവൃത്തികളിൽ എല്ലാം ഭാരതസഭയുടെ ഉന്നമനം കാത്ത മഹത്വ്യക്തി

താപസ ഭവനത്തിൽ ദർശനം നേടിയ ദൈവദാസൻ

അതിനാൽ ഇന്നലകളുടെ നന്മകളിലൂടെ ഇന്നും മനുഷ്യ മനസ്സുകളിൽ ജീവിക്കുന്നു, ജീവിതയാത്ര തുടരുന്നു.......

*പിതാവ് പറയുന്നു*

''നിശ്ചയദാർഢ്യമുള്ള ഒരു മനസ്സുണ്ടെങ്കിൽ കയറിക്കടക്കാനാവാത്ത ഉയരം ഒരു മലയ്ക്കുമില്ല,
ഇറങ്ങിക്കടക്കാനാവാത്ത ആഴം ഒരു താഴ്വരയ്ക്കുമില്ല. ഇതാ സമയം വന്നുകഴിഞ്ഞു. സ്വപ്നങ്ങളുമായി ഉണരൂ........ അതിന്റെ സാക്ഷാത്കാരത്തിനായി കർമ്മഭൂമിയിലേയ്ക്കിറങ്ങു''.

സ്ഥാപക പിതാവിന്റെ ദൈവാനുഭവവും പ്രേഷിത തീക്ഷ്ണതയും സ്വന്തമാക്കുവാൻ, കാലാനുസൃതം പകരുവാൻ പരിശ്രമിക്കുന്ന മക്കളുടെ എല്ലാ പ്രയത്നങ്ങൾക്കും ഒപ്പം, ഇതാ ഒരു അനുഗ്രഹീത സദ്യ. ഈ നല്ല വിരുന്നിലേയ്ക്ക് വിഭവങ്ങൾ പകർന്ന എല്ലാവർക്കും നന്ദി. പ്രത്യേകമായി അനുമോദനങ്ങൾ.

മറക്കാനാവാത്ത ഓർമ്മകൾ പകർന്നേകിയ പിതാവിന്റെ ജീവിതാദർശങ്ങളും, ആശയങ്ങളും നെയ്തുകൂട്ടിയ സ്വപ്നങ്ങളും ആഗ്രഹങ്ങളും ഇതിലുണ്ട്. ഇതാ അദ്ധ്വാനിച്ച കൈത്തലങ്ങൾ ഒന്നുചേർന്ന് സ്നേഹാദരങ്ങളോടെ ചാവറ സ്പെഷൽ നിങ്ങളുടെ കരതലങ്ങളിൽ അർപ്പിക്കുമ്പോൾ അഞ്ജലികൂപ്പി ഞങ്ങൾ പ്രാർത്ഥിച്ചീടുന്നു പിതാവ് നിത്യം വിശുദ്ധപദം ചൂടീടട്ടേ.

എഡിറ്റോറിയൽ ബോർഡ്



# മാതൃമൊഴി

നമ്മുടെ പ്രിയപ്പെട്ട സഭാ സ്ഥാപകനായ വാ. ചാവറ പിതാവിന്റെ ജന്മദ്വിശതാബ്ദി വളരെ സ്തുത്യർഹമായ രീതിയിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലും മിഷനിലും ആഘോഷിക്കുകയുണ്ടായി. നമ്മുടെ Chavara Day -യിലെ പരിപാടികളും ഭംഗിയായിരുന്നു. ഈ ജൂബിലിവർഷം ചാവറപിതാവിനെകുറിച്ച് വളരെയധികം ക്ലാസുകൾ നാം കേട്ടു; ധാരാളം പുസ്തകങ്ങൾ വായിച്ചു; പല സുന്ദര കലാവിഷ്കരണങ്ങൾ വിവിധ സ്റ്റേജുകളിലായി അവതരിപ്പിക്കപ്പെട്ടു. ഇവയിലൂടെയെല്ലാം നമുക്കും, ചുറ്റുമുള്ള ദൈവജനത്തിനും ചാവറപിതാവിനെപ്പറ്റി കുറേക്കൂടി അറിവു ലഭിച്ചു; പിതാവിനോടുണ്ടായിരുന്ന സ്നേഹം വർദ്ധിച്ചു. അതുമാത്രം പോരാ, ഇനിയും നാം പിതാവിനെ കൂടുതലായി അനുകരിക്കാൻ ശ്രമിക്കണം. അങ്ങനെ സി. എം. സി. ഒന്നായി വിശുദ്ധിയിൽ മുന്നേറാൻ ചാവറപിതാവ് നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ.


ഈ പ്രാവശ്യത്തെ കർമ്മലജ്യോതി "ചാവറ സ്പെഷലാ"യി പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പിതാവിന്റെ ആദ്ധ്യാത്മികത, വ്യക്തിത്വത്തിന്റെ സവിശേഷതകൾ, വിവിധ പ്രേഷിത മണ്ഡലങ്ങളിലെ സംഭാവനകൾ എന്നിവയെപ്പറ്റി നമ്മുടെ ഏതാനും സഹോദരിമാർ ചിന്തിച്ചും, പഠിച്ചും, ധ്യാനിച്ചും കിട്ടിയ ഉൾക്കാഴ്ചകൾ വിവിധ സാഹിത്യരൂപങ്ങളിലൂടെ അവർ പങ്കുവയ്ക്കുകയാണ്. അവരെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. അവയെല്ലാം സശ്രദ്ധം വായിച്ച് നമ്മുടെ ജീവിതത്തിലും ആ ആത്മ ചൈതന്യം സാംശീകരിക്കാൻ ശ്രമിക്കാം.

ഉത്ഥിതനായ ഈശോ നമ്മെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

*സി. സിസി*

പ്രൊവിൻഷ്യൽ സുപ്പീരിയർ

# POPE JOHN PAUL II



ധാർമ്മിക പ്രഭുത്വത്തിന്നക്ഷയപ്രതാപത്തിൽ
ധർമ്മദീപ്തിതൻ മൂർത്തീഭാവമായിന്നോളവും
ധർമ്മദൂതനായ് ലോകജനതയ്ക്കാവേശവും
ധർമ്മബോധവും സദാ പകർന്നുതന്ന പാഷാ
ആദരാഞ്ജലികൾ - ഹൃദയാഞ്ജലികൾ!!



# ചാവറയച്ചൻ - ദിവ്യകാരുണ്യഭക്തൻ

സി. എൽസാ മരിയ

## ആമുഖം

ഒരു സമർപ്പിതാത്മാവിന്റെ ജീവിതം ധന്യമായി തീരുന്നത് ദൈവതൃകരങ്ങളിൽ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കപ്പെടുമ്പോഴാണ്. പരിപോഷിപ്പിക്കപ്പെടുന്നതോ തിരുവചനത്താലും ദിവ്യകാരുണ്യത്താലുമാണ്. അനുരഞ്ജനകൂദാശയാൽ അത് വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. ദിവ്യകാരുണ്യമാണ് സമർപ്പിതജീവിതത്തിന്റെ കേന്ദ്രം. "അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ", ദിവ്യകാരുണ്യനാഥനോടൊത്ത് 19-ാം നൂറ്റാണ്ടിലെ കേരളസഭയെ ഉദ്ധരിച്ച മഹാത്മാവ് എന്നൊക്കെ വിശേഷിപ്പിക്കാവുന്ന വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജീവിതം തന്നെ ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതമായിരുന്നു എന്ന് നമുക്ക് കാണുവാൻ സാധിക്കും.

## ബാല്യകാലഭക്തി

നന്നേ ചെറുപ്പത്തിലെതന്നെ എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയ്ക്ക് ശുശ്രൂഷചെയ്യാൻ കൊച്ചുകുറിയാക്കോസിന് താല്പര്യമായിരുന്നു. തിരുക്കുടുംബ ഭക്തിയിലും, ദിവ്യകാരുണ്യഭക്തിയിലും കുറിയാക്കോസിനെ വളർത്തിയെടുക്കുന്നതിൽ തന്റെ അമ്മച്ചിക്ക് വലുതായ സ്ഥാനമുണ്ട്. സെമിനാരിയിലേയ്ക്ക് ക്ഷണിക്കുവാനായി അന്നത്തെ പള്ളിപ്പുറം സെമിനാരി റെക്ടറായിരുന്ന പാലയ്ക്കൽ തോമാ മല്പാൻ വീട്ടിൽ വന്നപ്പോൾ കുറിയാക്കോസിനെ സ്വന്തം അപ്പൻ പരിചയപ്പെടുത്തിക്കൊടുക്കുന്നതുതന്നെ മകൻ കുർബാനയ്ക്ക്

എല്ലാ ദിവസവും ശുശ്രൂഷചെയ്യുന്നവനാണ് എന്നാണ് സെമിനാരിയിലുള്ള ജീവിതമോ ദിവ്യകാരുണ്യ ജീവിതത്തിന്റെ പ്രചാരകനായിട്ടായിരുന്നു.

## ദിവ്യകാരുണ്യ സന്നിധി - സമാധിയുടെ അനർഘ നിമിഷം

ധ്യാനസല്ലാപങ്ങളിലുടനീളം വാ. ചാവറയച്ചൻ തന്റെ ഹൃദയത്തിൽ വസിക്കുന്ന ദൈവസുതന്റെ സാന്നിദ്ധ്യാവബോധത്തിന് സാക്ഷ്യം നല്കുന്നുണ്ട്. അമ്മയായ അമലോത്ഭവ കന്യകയുടെ ഉദരത്തിൽ 9 മാസം വസിച്ച ദൈവസുതൻ വത്സരം മുഴുവൻ തന്റെ ഹൃദയത്തിൽ വസിക്കുന്നു എന്ന അവബോധത്തോടെ ചാവറയച്ചൻ ആ ഹൃദയം സക്കേവൂസിന്റെ ഭവനംപോലെയും, ബഥനിയിലെ ലാസറിന്റെ ഭവനംപോലെയും അവിടുത്തേയ്ക്ക് ഹൃദ്യമാക്കിത്തീർക്കാൻ ബഥനിയിലെ മറിയം, കോർദ്ദോനായിലെ മർഗ്ഗരീത്താ, ഈജിപ്തിലെ മറിയം, ആവിലായിലെ ത്രേസ്യാ എന്നീ വിശുദ്ധാത്മാക്കളുടേയും തന്റെ പെറ്റമ്മയുടേയും മാദ്ധ്യസ്ഥം തേടുന്നു. പരി. കന്യകയുടെ മടിയിലിരിക്കുന്ന ഉണ്ണിയുടെ തിരുമുഖം ചാവറയച്ചന്റെ ഇഷ്ടരൂപമായിരുന്നു. അതേ ആഹ്ലാദത്തോടെ തന്നിൽ ദിവ്യകാരുണ്യമായി അവിടുന്ന് വസിക്കുവാൻ പരി. അമ്മയുടെ സാന്നിദ്ധ്യവും അദ്ദേഹം അഭ്യർത്ഥിക്കുന്നു. (ധ്യാനം പേജ് 31-44)

പരി. കുർബാനയുടെ സജീവ സാന്നിദ്ധ്യത്തിന് വാ. ചാവറയച്ചൻ സാക്ഷ്യം നല്കുന്നത് ഇങ്ങനെയാണ്. "കർത്താവേ അങ്ങയുടെ സ്നേഹത്തിന്റെ അവസാന ലക്ഷ്യമായി, അങ്ങയുടെ ശരീരവും രക്തവും ഭക്ഷണപാനീയങ്ങളായി നല്കിയതുകൊണ്ട് കൂദാശാപരമായും അരൂപിക്കടുത്ത വിധത്തിലും വിശ്വാസ നയനങ്ങളാൽ അങ്ങയെക്കണ്ട്, മരണംവരേയും അങ്ങയിൽനിന്നു പിരിയാതെ, ജീവിക്കുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. അതുതന്നെ മരണശേഷം മൂടലൊന്നും കൂടാതെ, മുഖാഭിമുഖം സ്വർഗ്ഗവാസികളോടുകൂടെ നിത്യകാലം അങ്ങയെ സ്തുതിക്കുവാൻ എനിക്ക് സാധിക്കും എന്ന ഇളകാത്ത ശരണത്തിന്റെ അമൂല്യമായ അച്ചാരവുമാണ്" (ധ്യാന സല്ലാപം പേജ് 43).

ഈ വിശ്വാസ തീക്ഷ്ണതയെപ്പറ്റി ആത്മപിതാവായ ലെയോപോൾദ് മിഷനറിയുടെ പ്രസ്താവം വളരെ ശ്രദ്ധേയമാണ്. "അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം വി. കുർബാനയോടും പരി. കന്യകയോടുമുള്ള ഭക്തി വിസ്മയകരമായി ശോഭിച്ചിരുന്നു. മഹോന്നതമായ വി. കുർബാനയോടുള്ള അപാരമായ ബഹുമാനവും വിശ്വാസവും മൂലം നിസ്തുലമായ ശ്രദ്ധയോടും ഭക്തിയോടും ഏകാഗ്രതയോടുംകൂടി അദ്ദേഹം ദിവ്യബലി അർപ്പിക്കുമായിരുന്നു. ദിവസേന നിയമാനുസൃതമായ വിഹിതകൾക്കുപുറമേ മണിക്കൂറുകൾതന്നെ ദിവ്യകാരുണ്യ സന്നിധിയിൽ ധ്യാനത്തിൽ ചെലവഴിക്കുമായിരുന്നു. (Positio X LIV ) ദിവ്യകാരുണ്യസന്നിധിയിൽ സമാധിയിൽ ലയിച്ചിരിക്കുന്ന ചാവറപ്പിതാവ്, അനുദിനം നീണ്ട മണിക്കൂറുകൾതന്നെ ധ്യാനലീനനായി കഴിഞ്ഞിരുന്ന പിതാവ് എന്നാണ് സി. എം. സി. പ്രമാണരേഖ No. 4-ൽ വിശേഷിപ്പിക്കുക.

## *ദിവ്യകാരുണ്യജീവിതം - പ്രണിധാനജീവിതം*

ധ്യാനം, ജ്ഞാനം, കർമ്മം ഇവ മൂന്നും ദിവ്യകാരുണ്യത്തിലും ദിവ്യകാരുണ്യത്തിലൂടെയുമാണ് സമ്മേളിക്കുക. ചാവറയച്ചനിൽ ഇവ മൂന്നും ഒത്തൊരുമിച്ചിരുന്നു. ചാവറയച്ചന് ദിവ്യകാരുണ്യജീവിതം പ്രണിധാന ജീവിതമായിരുന്നു. പ്രണിധാനം ധ്യാനാത്മകതയാണ്. ഇതാണല്ലോ നമ്മുടെ സഭയുടെ കാരിസവും. നാലാം പടിവരെയെങ്കിലും തന്റെ മക്കൾ എത്തിച്ചേരണം എന്ന് പിതാവ് മക്കളെ ഉപദേശിക്കുന്നു. ദിവ്യകാരുണ്യത്തിലെ യേശുവിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് നിരന്തരം ജീവിക്കുന്ന സമർപ്പിതരാകാൻ ചാവറയച്ചൻ തന്റെ ജീവിതത്തിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. ദിവ്യകാരുണ്യ അനുഭവം ആണല്ലോ നാം ധ്യാനാത്മകതയിലൂടെ ജീവിക്കേണ്ടത്.

## *പ്രണിധാനാനുഭവം - ആബാ അനുഭവം*

വാഴ്ത്തപ്പെട്ട ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ദിവ്യകാരുണ്യാനുഭവം പ്രണിധാന അനുഭവമാണെങ്കിൽ അത് ആബാ അനുഭവമായിരുന്നു. ധ്യാനസല്ലാപങ്ങളിൽ അദ്ദേഹം

തിരുസന്നിധിയെ അപ്പന്റെ അങ്കണമായി കാണുന്നു. (ചാ. സമ്പൂർണ്ണകൃതികൾ Vol. III) മദ്ബഹാ സ്വർഗ്ഗീയ സിംഹാസനമായും ദൈവീക സാന്നിദ്ധ്യത്തിന്റെ മഹോന്നത പീഠമായും മാലാഖാമാർ ഭയഭക്തിയോടെ ശുശ്രൂഷ ചെയ്യുന്ന പരി. സ്ഥലവുമായാണ് ചാവറയച്ചൻ കാണുക. പരി. കുർബാനയുടെ മുമ്പിലേയ്ക്ക് ചാവറയച്ചൻ വരിക സ്നേഹംനിറഞ്ഞ, പ്രിയമുള്ള, മനോഗുണമുള്ള അപ്പന്റെ അടുത്തേയ്ക്കാണ്. ദിവ്യകാരുണ്യം ദൈവത്തിന്റെ കാരുണ്യമാണ് എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നമ്മുടെയൊക്കെ ദൈവവിളിതന്നെ ഈ കാരുണ്യത്തിലേയ്ക്കാണ്. ആബാ അനുഭവത്തിൽനിന്നും അടർന്നുവീഴുന്നതാണ് ഭക്തിയോഗം. ദൈവത്തിലേയ്ക്കുള്ള ഒഴുകിചേരലാണ് ഇത്. അദ്ദേഹത്തിന് ഭക്തി എന്നത് ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിൽ ഇരുപ്പിൻ, തന്റെ അരികെ നടപ്പിൻ, എപ്പോഴും തന്നോടുകൂടെ സംസാരിപ്പിൻ. (ച. സ. കൃതികൾ Vol. IV, P.114) ദിവ്യകാരുണ്യ ഭക്തിയുടെ രണ്ടു മാനങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്

(1) ''തിരുസക്രാരിയിലെ ഈശോയോടു കാണിക്കുന്ന ആരാധന, സ്തുതി, ആദരവ്, ബഹുമാനം''

(2) ജീവിതബന്ധിയായ മാനം:- ജീവിതംതന്നെ ദിവ്യകാരുണ്യമാക്കുക നല്ല ദൈവം ചൊരിഞ്ഞ കൃപകളെ എടുത്തുപറഞ്ഞുകൊണ്ടുള്ള നന്ദിപ്രകാശനം ''ഇത്രടം നീ വന്നതെങ്ങനെ, വീട്ടിൽനിന്ന് ആരു വിളിച്ചു....... (ചാ. സ. കൃതികൾ Vol. III, P.13, 24) തുടങ്ങി ജീവിതത്തിലെ എല്ലാ അനുഭവങ്ങളേയും എണ്ണിയെണ്ണിപറഞ്ഞ് നന്ദി പ്രകാശിപ്പിക്കുന്ന ചാവറപിതാവിനെ നമുക്കിവിടെ കാണാം. കാരുണ്യത്തിന്റേയും കൃപയുടേയും ഉറവിടമായ ദൈവത്തിങ്കലേയ്ക്ക് ഒഴുകിച്ചേരുന്ന പിതാവ്, ഇപ്രകാരം ഭക്തമായിരിക്കുന്ന ഒരു ആത്മാവ് എന്തു കാര്യം ചോദിച്ചാലും ദൈവം സാധിച്ചുതരുമെന്ന വിശ്വാസം ചാവറയച്ചനുണ്ടായിരുന്നു. ഉദാ. കൊവേന്തയ്ക്കു പണമില്ല. ദിവ്യകാരുണ്യസന്നിധിയിൽ ഇരുന്നു പ്രാർത്ഥിക്കുന്നു. പണം കിട്ടുന്നു. ഇങ്ങനെയുള്ള അനുഭവങ്ങളിലൂടെ തന്റെ ജീവിതംമുഴുവൻ ദൈവകൃപയാണ്, അവിടുത്തെ കാരുണ്യമാണ് എന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞു.

## ദിവ്യകാരുണ്യജീവിതം - ആദ്ധ്യാത്മികതയുടെ കേന്ദ്രം.

പ്രാർത്ഥനയുടെ പരമോന്നതമായ പദവി അദ്ദേഹം ചവിട്ടിക്കയറിയത് പരി. കുർബാനയിലൂടെയാണ് വാ. ചാവറയച്ചൻ വി. ബലി അർപ്പിച്ചിരുന്നത് അതീവ തീക്ഷ്ണതയോടെയാണ്. ശാരീരിക ആസ്വാസ്ഥ്യം മൂലം ദിവ്യബലി അർപ്പിക്കാൻ സാധിക്കാതെവരുന്ന അവസരങ്ങളിൽ ഭക്തിപൂർവ്വം ദിവ്യ കാരുണ്യം സ്വീകരിക്കുന്ന നിഷ്ഠ അദ്ദേഹത്തിനുണ്ടായിരുന്നു. ദിവ്യകാരുണ്യസ്വീകരണത്തിന് മുമ്പ് അന്ന് നിലവിലിരുന്ന പാതിരാമുതലുള്ള ഉപവാസത്തോടും വിശ്വസ്തത പാലിക്കുവാൻ, രോഗക്കിടക്കയിലായിരുന്ന അവസരത്തിൽ അതിരാവിലെ രണ്ട് അല്ലെങ്കിൽ മൂന്ന് മണിക്ക് വലിയ ഒരുക്കത്തോടെ അദ്ദേഹം ദിവ്യകാരുണ്യം സ്വീകരിക്കുമായിരുന്നു.

മരണത്തോട് അടുക്കുന്ന വേളയിൽ അവസാനത്തെ രണ്ടു മാസം ദിവ്യപൂജ അർപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ രാത്രിയും പകലും ഓരോ മണിക്കൂറിലും ദിവ്യകുഞ്ഞാടിനെ തുടർച്ചയായി പിതാവിന് സമർപ്പിക്കുന്ന വൈദീകരോട് ആത്മനാ യോജിച്ച് അദ്ദേഹവും സമർപ്പിക്കുമായിരുന്നു. ചാവറയച്ചന്റെ ദിവ്യകാരുണ്യ ഭക്തി അപ്പമായി മാറിയ പരി. കുർബ്ബാനയുടെ മുമ്പിലുള്ള വെറും അധരസേവ ആയിരുന്നില്ല. അതിനേക്കാളുപരി നിത്യവും അർപ്പിക്കപ്പെടുന്ന ദിവ്യ കുഞ്ഞാടിന്റെ ബലിയിലും ബലി അർപ്പണത്തിലും കേന്ദ്രീകൃതമായിരുന്നു. ആത്മാവിന്റെ ഭോജനമായി ദിവ്യകാരുണ്യത്തെ കണ്ടിരുന്നു. ദിവ്യപൂജ അർപ്പിക്കുകയോ ദിവ്യകാരുണ്യം സ്വീകരിക്കുകയോ ചെയ്യാത്ത ദിവസം താൻ ഉപവസിക്കുകയാണ് എന്ന് അദ്ദേഹം പറയുമായിരുന്നു. ദിവ്യകാരുണ്യത്തെ ദിവ്യ ഔഷധമായി ചാവറപിതാവ് കാണുന്നു. പാപത്തെ മായ്ക്കുന്ന ഔഷധം. ദിവ്യ ഔഷധം എന്ന നിലയ്ക്ക് വി. കുർബ്ബാനയെ കാണുമ്പോൾ അതിന്റെ ഭാഗമായിട്ടാണ് അദ്ദേഹം കുമ്പസാരത്തേയും കാണുക. പാപമോചനവും രക്ഷയും നല്കുന്ന കൂദാശയാണ് ദിവ്യബലി.

പരി. കുർബ്ബാനയെ ദിവ്യമായ കാരുണ്യമായി അദ്ദേഹം ദർശിച്ചു. കാരണം നാം പാപികളായിരിക്കെ നമ്മെ സ്നേഹിച്ച

ദൈവത്തിന്റെ അനന്ത നന്മയാണ്, ദയയാണ് ദിവ്യകാരുണ്യം. സ്വപുത്രനെപ്പോലും നമുക്ക് നല്കിയ ദൈവത്തിന്റെ സ്നേഹമാണിവിടെ. നമ്മോടൊന്നായിത്തീരാൻ ദൈവത്വവും മനുഷ്യത്വവും വെടിഞ്ഞ് അപ്പമായിതീർന്ന സ്നേഹം, കാരുണ്യം. ഈ കാരുണ്യത്തിന്റെ കൗദാശികമായ രൂപമാണ് വി. കുർബാന എന്ന് അദ്ദേഹം മനസ്സിലാക്കി.

ആരാധനയും ജീവിത ബലിയും ഒന്നായി കാണുന്ന ചാവറയച്ചൻ ആത്മാവിലും മനസ്സിലും ഹൃദയത്തിലും ശരീരത്തിലും പരിശുദ്ധി പുലർത്തിയിരുന്നു. യഥാർത്ഥമായ ഹൃദയപരിവർത്തനം ഒരാൾക്ക് ഉണ്ട് എന്നറിയുക ദൈവ തിരുമനസ്സിന് വിധേയത്വം പുലർത്തുമ്പോഴാണല്ലോ. ഇവിടെ ബലിയുടെ വിശുദ്ധീകരണപ്രക്രിയ ബലിയാണ്. ദൈവം ആഗ്രഹിക്കുന്നതും ദൈവപുത്രൻ അർപ്പിച്ചതും ജീവിത ബലിയാണ്. ഹൃദയത്തിൽ പരിശുദ്ധിയില്ലാത്ത, ദൈവഹിതത്തിന് വിരുദ്ധമായ വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ അനുതാപം ഇല്ലാത്തവരുടെ ബലി ദൈവം സ്വീകരിക്കുന്നില്ല. ഈ ഉറച്ച ബോദ്ധ്യത്തോടെ ജീവിതം മുഴുവൻ കൃതജ്ഞതാബലിയായി അദ്ദേഹം അർപ്പിക്കുന്നു. പരി. കുർബ്ബാന ദിവ്യകാരുണ്യമാണ് കൃതജ്ഞതാപ്രകാശനമാണ്. എപ്പോഴും കൃതജ്ഞത അർപ്പിക്കുകയാണെങ്കിൽ പരി. കുർബാനയുടെ മുമ്പിൽ നീണ്ട മണിക്കൂറുകൾ ചെലവഴിക്കാം. ജീവിതത്തെ തിരുത്തിക്കുറിക്കാൻ ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ഇരുന്നാൽ തീർച്ചയായും സാധിക്കും എന്ന് ചാവറയച്ചൻ നമ്മെ പഠിപ്പിക്കുന്നു.

### *സഹജരിലേയ്ക്ക് പകരുന്ന ദിവ്യകാരുണ്യ ഭക്തി*

ദിവ്യകാരുണ്യമാകുന്ന അനുദിന ഭോജ്യംവഴി ഓരോരുത്തരും വളരേണ്ടതുകൊണ്ട് ദിവസേന ദിവ്യപൂജയിൽ സംബന്ധിക്കുവാൻ അദ്ദേഹം ഉപദേശിച്ചിരുന്നു. അതൊരു പതിവാക്കാനായി അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗമാണല്ലോ കുടുംബാംഗങ്ങൾ എല്ലാവർക്കും ഒരുമിച്ചു വരുവാൻ സാധിച്ചില്ലെങ്കിലും ഒരാളെങ്കിലും ദിവസേന മാറിമാറി വന്ന് ദിവ്യപൂജയിൽ സംബന്ധിക്കുക എന്നത്. അക്കാലത്ത്

ദിവസേനയുള്ള ദിവ്യകാരുണ്യസ്വീകരണം നടപ്പിലായിട്ടില്ലായിരുന്നു. അതിനാൽ കൂനമ്മാവ് മഠാംഗങ്ങൾക്ക് അദ്ദേഹം ഇപ്രകാരം ഉപദേശം നല്കി. "വി. കുർബ്ബാനയുടെ തിരുനാൾ തുടങ്ങി എട്ട് ദിവസത്തേയ്ക്ക് ഓരോ ദിവസം ഒരാൾ എന്ന വിധം മാറിമാറി ദിവ്യകാരുണ്യം സ്വീകരിക്കുക". (P.L. 11)

തിരുവോസ്തിയിൽ ദീർഘനേരം കണ്ണുകൾ പതിയുക നിത്യത്വത്തിൽ ദിവ്യ നാഥനെ നേരിട്ട് ദർശിക്കുന്ന മഹാ ഭാഗ്യത്തിന്റെ നാന്ദി ആയതിനാൽ മുകളിൽ പ്രസ്താവിച്ചതുപോലെ കേരളത്തിൽ നാല്പതുമണി ആരാധന അദ്ദേഹം വന്ദ്യനായ ലെയോപോൾദ് മൂപ്പച്ചനോടൊപ്പം തുടങ്ങിവച്ചു. ആദ്യം കൂനമ്മാവിലും പിന്നീട് മറ്റ് ദൈവാലയങ്ങളിലും അത് നടപ്പിലായി. അതിനുള്ള ക്രമങ്ങൾ റോമൻ ആരാധനക്രമത്തിൽനിന്ന് ആദ്ദേഹം തർജ്ജിമചെയ്തു. അതുവഴി കേരളത്തിൽ അനേകം ആദ്ധ്യാത്മിക ദാനങ്ങൾ വർഷിക്കപ്പെടാൻ ഇടയായി. ആയിരങ്ങൾക്ക് പാപ സങ്കീർത്തനത്തിനും ദിവ്യകാരുണ്യ സ്വീകരണത്തിനും തിരുവോസ്തിയുടെ സുദീർഘമായ നിർനിമേഷ ദർശനത്തിനും അവസരം നല്കുന്ന മനോഹര സംവിധാനം (P. XLIV / V)

## *ഉപസംഹാരം*

19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ 20-ാം നൂറ്റാണ്ടിൽ ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടുതന്നെ 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും എന്ന് വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനെപ്പറ്റി ശ്രീ. സുകുമാർ അഴീക്കോട് പ്രസ്താവിക്കുകയുണ്ടായി. ഇതെങ്ങനെ സാധിച്ചു? ദിവ്യകാരുണ്യാവബോധവും ദിവ്യകാരുണ്യ ധ്യാനവും ഒരുപോലെ തിളങ്ങിയ ചാവറയച്ചന്റെ ജീവിതം. ദൈവപുത്രൻ എന്ന നിലയിൽ അവിടുത്തെ തിരുമുഖം കണ്ടെത്താൻ പറ്റുന്ന എല്ലാ സാന്നിദ്ധ്യങ്ങളിലും അവിടുത്തെ കണ്ടുമുട്ടുന്ന ജീവിത വിശുദ്ധി. കുർബാനയാഘോഷം സ്വയം വീണ്ടും കണ്ടെത്തലിന്റെ ഉറവിടമായി. രാവിലെ ദിവ്യകാരുണ്യമാകുന്ന കേന്ദ്ര സ്ഥാനത്തുനിന്നും പുതുതായി ജീവിതം തുടങ്ങിവെച്ചു. അങ്ങനെ

ദിവ്യകാരുണ്യവും ദൈവൈക്യവും സഭൈക്യവും സഹോദരൈക്യവും അദ്ദേഹത്തിൽ സമ്യക്കായി സമ്മേളിച്ചു. പുതിയ സഹസ്രാബ്ദത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ധ്യാനമാണ് സമർപ്പിതരെ തങ്ങൾ സഞ്ചരിക്കേണ്ട വഴികളിലെല്ലാം നയിക്കേണ്ടത്. ഈ ധ്യാനത്തിന്റെ നീർച്ചാലുകൾ ക്രിസ്തുവചനവും, കൂദാശകളും, ദിവ്യ കാരുണ്യവുമാണ്. ഇവയിൽനിന്നും ആവോളം പാനംചെയ്ത് സ്വയം ദിവ്യകാരുണ്യമായിതീർന്ന ചാവറപിതാവ് നമുക്കേവർക്കും മാതൃകയായിരിക്കട്ടെ.

## അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ!!!

2005 ഏപ്രിൽ 1 തീയതി മാന്നാനം കെ. ഇ കോളേജിന്റെ സാരഥിയായി ഉയർത്തപ്പെട്ട നമ്മുടെ പ്രിയങ്കരിയായ പ്രൊവിൻഷ്യൽ കൗൺസിലർ സി. വിജിക്കും, അസംപ്ഷൻ കോളേജിന്റെ വൈസ് പ്രിൻസിപ്പലായി നിയമിതയായ നമ്മുടെ സ്നേഹം നിറഞ്ഞ പ്രൊവിൻഷ്യൽ കൗൺസിലർ സി. സുമാ റോസിനും ക്വീൻസിൻ മക്കളുടെ പ്രാർത്ഥനാ നിർഭരമായ അനുമോദനങ്ങളും........ ആശംസകളും!!!

# സ്ത്രീ സമുദ്ധാരണം - സ്ത്രീശാക്തീകരണത്തിലൂടെ

സി. ജയിൻ റോസ്

*ഇന്നാട്ടിലെ സ്ത്രീകളുടെ അവശതകൾ പരിഹരിക്കാൻ പ്രാപ്തമായ ഒരു സമൂഹത്തെ ഉയർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ 1866-ൽ വാ. ചാവറയച്ചൻ സ്ത്രീകൾക്കായി ഒരു സന്യാസിനീ സമൂഹവും ആരംഭിച്ചു.*

ദൈവനിയോഗത്താൽ ഭക്തികൊണ്ടും കർമ്മംകൊണ്ടും ഈ ധരയെ പുളകിതമാക്കാൻ 19-ാം നൂറ്റാണ്ടിൽ ജനിച്ച ചാവറയച്ചൻ പുരുഷന്റെ ശക്തിക്ക് പ്രധാന്യം കൊടുത്ത് പുരുഷമേധാവിത്വത്തിൽ മാത്രം ഉറച്ചുനിന്ന ഒരു വ്യക്തിയായിരുന്നില്ല. പുരുഷനോടൊപ്പം സ്ത്രീകളുടെ ശക്തിയും കഴിവുകളും സാദ്ധ്യതകളും മനസ്സിലാക്കി സ്ത്രീകളുടെ സമുദ്ധാരണത്തിലൂടെ പുതിയ ലോകം കെട്ടിപ്പടുത്ത വ്യക്തിയാണ്. പുരുഷന് ചെയ്യാൻ പറ്റാത്ത, ‛കയറിചെല്ലാൻ കഴിയാത്ത പലയിടങ്ങളിലേയ്ക്കും സ്ത്രീകൾക്ക് അനായാസം കയറി ചെല്ലാമെന്നും അവളിലൂടെ സ്ത്രീകളെ മാത്രമല്ല കുട്ടികളേയും ക്രൈസ്തവ രൂപീകരണത്തിലേയ്ക്കും സ്വഭാവ മഹിമയിലേയ്ക്കും വളർത്താനും നയിക്കാനും കഴിയുമെന്നും ആ ക്രാന്തദർശി കണ്ടതിന്റെ ബഹിർ സ്ഫുരണമാണ് “പെൺ പൈതങ്ങൾക്ക് ഒരു പുണ്യസങ്കേതം”.

19-ാം നൂറ്റാണ്ടിലെ സ്ത്രീജനങ്ങൾ സാമൂഹികമായി അടിമത്വത്തിലായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. അവൾക്ക് സമൂഹത്തിലോ പള്ളിയിലോ എന്തിനധികം സ്വന്തം വീട്ടിൽപോലും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

**"ഭാരതമേ നിന്റെ പെൺമക്കൾ അടുക്കളക്കാരികൾ**
**വീടാംകൂട്ടിൽ കുടുങ്ങും തത്തമ്മകൾ**
**നരനു ഗർഭാധാന പാത്രങ്ങൾ"**

എന്ന് ഉള്ളൂർ "ചിത്രശാലയിൽ" പാടിയ ഒരു സ്ഥിതി വിശേഷമായിരുന്നു അന്ന്. അവകാശത്തിന്റെ കാര്യത്തിൽ പുരുഷന് കീഴിൽ, കൗമാരത്തിനുശേഷം വിദ്യാഭ്യാസവും നല്കിയിരുന്നില്ല. അധികം സ്ത്രീകളും ആശാൻ കളരികൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

പെരുന്നാൾ, വിവാഹം ഇതിലൊന്നും സംബന്ധിക്കാൻ അക്കാലത്ത് സ്ത്രീകൾക്കനുവാദം ഇല്ലായിരുന്നു. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി'. എന്ന മനുസ്മൃതി വചനമായിരുന്നു അക്ഷരാർത്ഥത്തിൽ പ്രമാണം. സുറിയാനി കത്തോലിക്കരുടെ ഇടയിൽ സ്ത്രീ സന്താനത്തിന് കുടുംബസ്വത്തിൽ അവകാശവുമില്ലായിരുന്നു. ചെറുപ്പത്തിലേ വിവാഹം കഴിച്ച് അയയ്ക്കപ്പെടുന്ന അവൾക്ക് കിട്ടിയിരുന്ന തുച്ഛമായ സ്ത്രീധനം പോലും ഭർത്താവിന്റെ സ്വകാര്യസ്വത്തായി മാറുന്ന രീതിയായിരുന്നു നിലവിലിരുന്നത്.

**അധഃകൃതസ്ത്രീകൾക്ക് കളരിയിൽ**
**പോലും പോകാൻ അവകാശമില്ലായിരുന്നു.**

വീട്ടുജോലികളെല്ലാം ഭംഗിയായി ചെയ്യുക, സാധിക്കുമെങ്കിൽ കൃഷിപ്പണികളും. കുട്ടികൾക്ക് നല്ലൊരമ്മ, ഭർത്താവിന് നല്ലൊരു ഭാര്യ ഇതായിരുന്നു അന്നത്തെ' സ്ത്രീസങ്കൽപ്പം. വിദ്യാഭ്യാസം നേടുകയോ ഒരു ജോലിക്കുപോയി പണം സമ്പാദിക്കുകയോ ചെയ്യുക എന്നത് സ്വപ്നംപോലും കണ്ടിരുന്നില്ല. പള്ളിയോഗങ്ങളിലോ, നയപരമായ തീരുമാനങ്ങൾ എടുക്കുന്ന വേദികളിലോ പ്രവേശനമില്ല. അധഃകൃത സ്ത്രീകൾക്ക് കളരിയിൽ പോലും പോകാൻ അവകാശമില്ല. ചുരുക്കത്തിൽ എല്ലാകാര്യത്തിലും അവർ മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു.

ഇതൊക്കെമൂലം സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും മതപരവുമായ കാര്യങ്ങളിൽ പിന്നോക്കാവസ്ഥയിലായിരുന്നു സുറിയാനി കത്തോലിക്കാ സ്ത്രീകൾ.

സമൂഹത്തെ വ്യത്യസ്തമായ രീതിയിൽ സ്നേഹിക്കാനുള്ള അവരുടെ കഴിവുകൾ അതിനാൽ തന്നെ ഒതുങ്ങിപ്പോയി.

ഈ സാമൂഹിക പശ്ചാത്തലത്തിലാണ് ആ ഹൃദയകായനായ, ആ കാമ്പുറ്റ മനുഷ്യൻ കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ മഹാനായ നേതാവ് - വാ. ചാവറയച്ചൻ - സ്ത്രീ ശാക്തീകരണത്തിലൂടെ രംഗപ്രവേശം ചെയ്തത്.

19-ാം നൂറ്റാണ്ടിന്റെ സാക്ഷിയായ ഈ ദൈവീക മനുഷ്യൻ പ്രവർത്തിച്ച അത്ഭുതങ്ങൾ അത്ഭുതാവഹമാണ്. സമൂഹത്തെ വ്യത്യസ്ത തുറകളിലൂടെ സേവിക്കാനുള്ള സ്ത്രീകളുടെ ദൈവദത്തമായ കഴിവുകളെകുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. കുടുംബത്തിൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ അമ്മയ്ക്കുള്ള അദ്വിതീയമായ പങ്കിനെക്കുറിച്ചും സ്നേഹവും സമാധാനവും നിറഞ്ഞ സ്വർഗ്ഗത്തിന്റെ പ്രതീകമായ കുടുംബം പടുത്തുയർത്താൻ സ്ത്രീകൾക്കുള്ള കഴിവിനെക്കുറിച്ചും അദ്ദേഹം നിരന്തരം പ്രബോധിപ്പിച്ചിരുന്നു. വിശുദ്ധി, അടക്കം, ശാലീനത, ക്ഷമ, എന്നീ ഗുണങ്ങൾക്കൊപ്പം ദൈവഭയം, സൗമ്യത തുടങ്ങിയവകൊണ്ട് അവർ തിളങ്ങണമെന്ന് അദ്ദേഹം കൈനകരിക്കാർക്കെഴുതിയ സ്നേഹിതന മാഗ്നാക്കാർട്ടായിലൂടെ ഉപദേശിക്കുന്നു.

19-ാം നൂറ്റാണ്ടിലാണ്. വാ. ചാവറയച്ചൻ ജീവിച്ചിരുന്നെങ്കിലും കുട്ടികൾക്ക് സ്വാതന്ത്ര്യം നല്കണമെന്ന നിർബന്ധബുദ്ധി ഉണ്ടായിരുന്നു. "തങ്ങളുടെ തൊഴിൽ എന്തെന്ന് തീരുമാനിക്കാനുള്ള പ്രായം കുട്ടികൾക്കാവുമ്പോൾ അവർക്ക് തെരഞ്ഞെടുപ്പിനുള്ള പൂർണ്ണസ്വാതന്ത്ര്യം കൊടുക്കണം. പതിനാറ് - പതിനെട്ട് വയസാകുന്ന ആൺകുട്ടിയും പതിനാല് - പതിനാറ് വയസ്സാകുന്ന പെൺകുട്ടിയും തങ്ങളുടെ തൊഴിൽ എന്തായിരിക്കണമെന്ന് സ്വയം നിശ്ചയിക്കണം" (ഒരു നല്ല അപ്പന്റെ ചാവരുൾ).

കേരളസഭ മറ്റു രാജ്യങ്ങളിലെ സഭകളെപ്പോലെ പുണ്യവാന്മാർക്കോ പുണ്യവതികൾക്കോ ജന്മം നല്കാത്തതിൽ ചാവറയച്ചൻ ദുഃഖിതനായിരുന്നു. ഈ കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 1831-ൽ പുരുഷന്മാർക്ക് സന്യാസ സഭ ആരംഭിച്ചു. ഒപ്പം 'പെൺപൈതങ്ങൾക്ക് നല്ല കണ്ടുപഠിത്തത്തിനും ഇന്നാട്ടിലെ

സ്ത്രീകളുടെ അവശതകൾ പരിഹരിക്കാൻ പ്രാപ്തമായ ഒരു സ്ത്രീ സമൂഹത്തെ ഉയർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 1866-ൽ സ്ത്രീകൾക്കായും ഒരു സന്യാസിനീ സമൂഹം അദ്ദേഹം ആരംഭിച്ചു. സ്ത്രീ ശാക്തീകരണത്തിന്റെ നാഴികക്കല്ല് ചാവറയച്ചൻ കൂനമ്മാവിൽ ഇട്ടതോടെ അകത്തളത്തിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീ സമൂഹം സടകുടഞ്ഞെഴുന്നേറ്റു. പഠിപ്പും, അറിവും, പ്രാപ്തിയും വിവേകവുമുള്ള സ്ത്രീകൾ അഹമഹമിഹ ചുവടുവച്ച് സന്യാസഭവനങ്ങളിലേയ്ക്ക് ഗമിക്കുകയായി.

പള്ളിയോട്ചേർന്ന് പള്ളിക്കൂടം വേണമെന്ന് കർക്കശ കല്പന പുറപ്പെടുവിച്ച ചാവറയച്ചൻ സ്ത്രീകളുടേയും കുട്ടികളുടേയും ക്രൈസ്തവ രൂപീകരണത്തിനും സ്ത്രീ സമുദ്ധാരണത്തിനുമായി കന്യാസ്ത്രീകളെ 'ഇസ്ക്കോള' യിലേയ്ക്ക് അയയ്ക്കുകയായി. ലോകത്തിലേയ്ക്ക് ഇറങ്ങുമ്പോൾ ലോകത്തിന്റെ ചെളി പുരളാതിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കുവിൻ എന്നൊരു താക്കീതും നല്കിക്കൊണ്ടാണ് പ്രവർത്തന മണ്ഡലങ്ങളിലേയ്ക്ക് ഇറക്കിവിട്ടത്.

നല്ല കുടുംബിനികളേയും ചൈതന്യമുള്ള സന്യാസിനികളേയും രൂപപ്പെടുത്തണമെങ്കിൽ നല്ല കണ്ടു പഠിത്തങ്ങൾ വേണമെന്ന് ആ ക്രാന്തദർശി മനസ്സിലാക്കി. അതിന്റെ ഫലമായി മഠത്തോട് ചേർന്ന് ഒരു ബോർഡിംഗ് (എദുക്കന്തൊരത്ത്) ആരംഭിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും സ്വഭാവ രൂപീകരണത്തിലും ശ്രദ്ധിക്കുവാൻ സിസ്റ്റേഴ്സിനെ ഉപദേശിച്ചു. ഇന്ന് വൻ തോതിൽ നടത്തുന്ന ഹോസ്റ്റലുകൾക്കും ഹോം സയൻസ് കോളേജുകൾക്കും മാർഗ്ഗദർശി ഈ ബോർഡിംഗുകൾ തന്നെ. എന്നാൽ സാമ്പത്തിക ലാഭേച്ഛയെക്കരുതി അതിന്റെയൊക്കെ കെട്ടും മട്ടും പലതും മാറ്റിയിട്ടുണ്ട്. എങ്കിലും ഇന്നും പല മഠത്തോടും ആശ്രമത്തോടും ചേർന്ന് ഇത്തരം ബോർഡിംഗുകൾ നിലനില്ക്കുന്നു. മലയാളം, തമിഴ്, ഇംഗ്ലീഷ്, ലാറ്റിൻ ഭാഷകളും, തയ്യൽ, പാചകം, സംഗീതം, റേന്തപ്പണി, പുഷ്പാലങ്കാരം, കണക്ക് തുടങ്ങിയവയും ഇവിടെ പാഠ്യവിഷയമാക്കി ഇന്ന് പല സ്ത്രീകളും ഈ രംഗത്ത് ശോഭിക്കുന്നത് കാണുമ്പോൾ സ്ത്രീ സമുദ്ധാരകനായ ആ വലിയ മനുഷ്യനെ ആരെങ്കിലും ഓർക്കാറുണ്ടോ?

പ്രഭാതത്തിന്റെ സുഗന്ധം രാത്രിയുടെ സമ്മാനമാണ്! പ്രഭാതത്തിന്റെ കുളിർമ്മ രാത്രിയുടെ സംഭാവനയാണ്! എന്നാൽ പ്രഭാതം അതറിയുന്നില്ല. രാത്രിയുടെ പാരിതോഷികങ്ങളെപ്പറ്റി പ്രഭാതം ഓർക്കുന്നേയില്ല. നാമും പലപ്പോഴും ഈ പ്രഭാതത്തിന്റെ മനോഭാവം പുലർത്താറില്ലേ. എല്ലാം സ്വന്തം നേട്ടമായി കരുതി തലമുറകളുടെ കഷ്ടപ്പാടിനെ മറന്ന് സ്വന്തം നേട്ടത്തിൽ അഭിമാനം കൊള്ളുകയും അഹങ്കാരത്തോടെ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഏതാണ്ട് 170 വർഷം മുമ്പ് കാലത്തിന് മുമ്പേ ചരിച്ച ആ മഹാനുഭാവൻ എത്ര ദീർഘവീക്ഷണത്തോടെയാണ് സ്ത്രീ ശാക്തീകരണത്തിനായി ശ്രമിച്ചത്. കേരള ചരിത്രകാരനായ ശ്രീ സി. പി. ശ്രീധരമേനോൻ ചരിത്ര രചനയിൽ പലകുറി കണ്ട ചാവറയച്ചനെ ശ്രദ്ധിക്കാതെ പോയതിൽ ഇപ്പോൾ ഖേദിക്കുന്നു. അതിനുള്ള പരിഹാരമായി 2005 ജനുവരി 3 -ലെ ദീപിക പത്രത്തിൽ അദ്ദേഹം എഴുതി - ''ചാവറയച്ചൻ കാലത്തിനുമുമ്പേ ചരിച്ച നവോത്ഥാന നായകൻ''

കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ചും ദൈവ കൃപയാലും മഠത്തോട് ചേർന്ന് പള്ളിക്കൂടങ്ങളും ബോർഡിംഗുകളും അനാഥമന്ദിരവും, അഗതിമന്ദിരവും പെരുകി. പെൺകുട്ടികളുടെ വിദ്യാഭ്യാസം കർമ്മലീത്താ കന്യാസ്ത്രികളുടെ കുത്തകയായി. തുടർന്ന് കോളേജുകളുടേയും ആശുപത്രികളുടേയും സ്ഥാപനത്തോടെ ഉപരിപഠന മേഖലയിലും ശ്രദ്ധ പതിപ്പിച്ചു. എന്തിനേറെ പറയുന്നു കുടുംബപ്രേഷിത രംഗത്തും സാമൂഹിക രംഗത്തും സ്ത്രീകൾ ചെന്നുചേർന്നു. ഇത്തരുണത്തിൽ സ്ത്രീസമുദ്ധാരണത്തിലൂടെ സ്ത്രീ ശാക്തീകരണം സാധിച്ചു. വാ. ചാവറയച്ചനെ നമുക്ക് നന്ദിപൂർവ്വം അനുസ്മരിക്കാം. സ്ത്രീ സമുദായത്തെ സമുദ്ധരിക്കാൻ പ്രവർത്തനക്ഷമതയുള്ളവരാക്കാൻ പരിശ്രമിക്കാം. ഈ ജന്മദ്വിശതാബ്ദിയിൽ അദ്ദേഹത്തിന്റെ സേവനങ്ങൾ ചരിത്രത്തിന്റെ താളുകളിലും പാഠപുസ്തകങ്ങളിലും എല്ലാറ്റിലുമുപരിവിശുദ്ധപദവിയിലേയ്ക്കുയർന്ന് സ്വർഗ്ഗത്തിലും മനുഷ്യഹൃദയത്തിലും സ്ഥാനം പിടിക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം.

# ചാവറയച്ചൻ : നാഴിക കല്ലുകൾ

സമ്പാദക സി. ജെയിൻ റോസ്

1805 ഫെബ്രു.10 : കൈനകരിയിൽ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ ജനനം

1829നവം.29 : അർത്തുങ്കൽ പള്ളിയിൽ വച്ച് പട്ടം സ്വീകരിച്ചു.

1831 മെയ് 11 : സി. എം. ഐ. സഭ സ്ഥാപിച്ചു.

1833 : മാന്നാനത്ത് സെമിനാരി സ്ഥാപിച്ചു.

1846 : മാന്നാനത്ത് പ്രസ് സ്ഥാപിച്ചു.

1846 : സീറോ മലബാർ സഭയുടെ ആദ്യ സ്ക്കൂൾ മാന്നാനത്ത് പ്രവർത്തനമാരംഭിച്ചു. (സംസ്കൃത സ്ക്കൂൾ)

1855 ഡിസം. 8 : മാന്നാനത്ത് സി. എം. ഐ. സഭയിലെ ആദ്യ 11 വൈദികരുടെ സന്യാസ വ്രത വാഗ്ദാനം.

1860 ഒക്ടോ. 1 : 'അമലോത്ഭവ മാതാവിന്റെ ദാസർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന സഭ നിഷ്പാദുക കർമ്മലീത്താ സഭയുമായി (ഒ. സി. ഡി.) അഫിലിയേറ്റ് ചെയ്യപ്പെട്ട് കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി. ഒ. സി. ഡി.) എന്ന പേരിലായി.

1861 : കേരളസഭയിൽ റോക്കോസ് ശീശ്മയ്ക്കെതിരെ പോരാട്ടത്തിന് നേതൃത്വം നല്കി.

1861 : ആർച്ചുഡീക്കന്മാർക്കുശേഷം സീറോ

മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാളായി.

1862 : മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം 'അനസ്താസ്യായുടെ രക്തസാക്ഷിത്വം' രചിച്ചു.

1864 : ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന ആശയം നടപ്പിലാക്കി.

1866 :നാല്പതുമണി ആരാധന ആരംഭിച്ചു.

1866 ഫെബ്രു.13 : ആദ്യ സുറിയാനി സന്യാസിനി സമൂഹം - സി. എം. സി. കൂനമ്മാവിൽ സ്ഥാപിച്ചു.

1869 : നന്മരണസഭ സ്ഥാപിച്ചു.

1869 : ആദ്യമായി കൈനകരിയിൽ അഗതിമന്ദിരം സ്ഥാപിച്ചു.

1871 ജനു 1 : ചാവറപ്പിതാവിന്റെ മരണം

1984 ഏപ്രിൽ 7 : ചാവറയച്ചൻ ധന്യനായി പ്രഖ്യാപിക്കപ്പെട്ടു.

1986 ഫെബ്രു. 8 : ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് പ്രഖ്യാപിച്ചു.

1987 ഡിസം. 7 : ചാവറയച്ചന്റെ ബഹുമാനാർത്ഥമുള്ള തപാൽ സ്റ്റാമ്പ് രാഷ്ട്രപതി വെങ്കിട്ടരാമൻ പുറത്തിറക്കി.

2005 ഫെബ്രു. 10 :വാ. ചാവറയച്ചന്റെ 200-ാം ജന്മദിനം

# അജയ്യനായ ആചാര്യൻ

സി. എമിരിറ്റ്
റീജനൽ സുപ്പീരിയർ, തക്കല

മലയാളത്തിന്റെ കൊടി വീണിരിക്കുന്നു എന്ന മുഖവുരയോടെ ചരമപ്രസംഗം നടത്തിയത് ആരെക്കുറിച്ചാണോ ആ യോഗിവര്യന്റെ ജീവിതത്തിലേയ്ക്ക് ഒരു എത്തിനോട്ടം മാത്രമാണ് ഈ ചെറിയ ലേഖനം.

സുകൃത സുരഭിലമായ ബാല്യകാല ജീവിതത്തിനുശേഷം പള്ളിപ്പുറം സെമിനാരിയിൽ വൈദീക വിദ്യാഭ്യാസം നടത്തിയ ചാവറ കുര്യാക്കോസ് തിരുപ്പട്ടം സ്വീകരിച്ച് വൈദീക ശുശ്രൂഷ ആരംഭിച്ചു. തന്റെ ജീവിതം മുഴുവൻ ദൈവജനത്തിന്റെ ആദ്ധ്യാത്മിക ഭൗതിക സുസ്ഥിതിക്കുവേണ്ടി പൂർണ്ണമായി വ്യയം ചെയ്യുവാൻ ആഗ്രഹിച്ച ആ വൈദീക വരേണ്യൻ സന്യാസ സമർപ്പണം വഴി ദൈവത്തിന്റെ സ്വന്തമായിത്തീർന്നു.

വിശുദ്ധരുടെ വിത്തും മുളയും വളർത്തി സഭയെ വിശുദ്ധാത്മാക്കളാൽ സമ്പന്നമാക്കണമെന്ന അഭിലാഷത്തോടെ വിശുദ്ധിയുടെ ആ പ്രവാചകൻ നിർവ്വഹിച്ച തിരുസഭാസേവനങ്ങൾ അതുല്യങ്ങളത്രെ. ദിവ്യകാരുണ്യ സന്നിധിയിൽ ദീർഘനേരം പ്രാർത്ഥിച്ച് ദൈവാനുഭവത്തിന്റെ പടികളിലൂടെ കടന്ന് ദൈവകൃപയുടെ സിംഹാസനത്തിൽനിന്നും ആ വിശുദ്ധാത്മാവ് ആവോളം പാനം ചെയ്തു. ദൈവജനത്തെ ദിവ്യകാരുണ്യ സന്നിധിയിലേയ്ക്ക് ആനയിക്കാൻ തല്പരനായിരുന്ന അദ്ദേഹം പറയുന്നതിപ്രകാരമാണ്. 'ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴു ഹൃദയത്തോടെ സ്നേഹിക്കുന്നു. ആ തിരുഹൃദയത്തിൽനിന്ന് നിവ്യയുടെ വചനംപോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ.......' തന്നിൽ നിറഞ്ഞുകവിഞ്ഞ ദൈവസ്നേഹാനുഭവം കൃപയുടെ നീർച്ചാലുകളായി തിരുസഭാവയലുകളിലേയ്ക്ക് ഒഴുക്കിവിട്ടു.

കേരള സഭയുടെ വീരപുത്രനായി വിരാജിച്ച ആ പുണ്യാത്മാവ് സുറിയാനിസഭയെ സ്നേഹിക്കുകയും സഭാ ഐക്യത്തിനുവേണ്ടി തീവ്രമായി യത്നിക്കുകയും ചെയ്തിട്ടുണ്ട്.

ജീവിത വിശുദ്ധിയാൽ തിളക്കമാർന്ന അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് എത്തിപ്പിടിക്കുവാനാകാത്ത സേവനരംഗങ്ങൾ അന്നും ഇന്നും വിരളമാണ്. 'ബേസ്റൗമ്മാ'യിലെ ആശ്രമത്തിൽ ആദ്യമായി സന്യാസ സമർപ്പണം നടത്തിയ വൈദീകൻ എന്ന നിലയിൽ ഒരു ആശ്രമ ജീവിതശൈലിതന്നെ രൂപപ്പെടുത്തുവാൻ കഴിഞ്ഞു എന്നത് പ്രശംസാർഹമാണ്. സമർപ്പണഭാവത്തോടെ ഒരുമയാർന്ന മനസ്സോടെ ദൈവജനത്തിന്റെ ആദ്ധ്യാത്മിക ഭൗതീക ഉന്നമനത്തിനുവേണ്ടി യത്നിക്കുന്ന ഒരു സമൂഹത്തിന്റെ ആദ്ധ്യാത്മിക അടിത്തറ പാകുവാൻ സാധിച്ചു എന്നത് ഏറെ മഹത്തരമായ ഒന്നത്രെ.

കർമ്മലീത്താ ആദ്ധ്യാത്മികതയാൽ ധന്യമായ സി. എം. സി സഭയുടെ സ്ഥാപനം വഴി ഭക്തികർമ്മ യോഗികളായ അനേകം സമർപ്പിതർക്ക് രൂപം നല്കുവാൻ ആ വിശുദ്ധാത്മാവിന് സാധിച്ചു. ധ്യാനത്തിലൂടെ ഈശ്വരസായൂജ്യം കൈവരിച്ച് വിവിധ ദൗത്യ നിർവ്വഹണത്തിലൂടെ തിരുഹിതത്തിന് ജീവിതം സമർപ്പിച്ചുകൊണ്ട് വിശുദ്ധിയുടെ വഴിത്താരയിൽ ദൈവീകത പ്രസരിപ്പിക്കുകവഴി ദിവ്യ നാഥന്റെ സ്നേഹ ദൗത്യത്തിൽ പങ്കു ചേരുവാൻ അനേകായിരങ്ങൾക്ക് അദ്ദേഹം വഴി തെളിച്ചു.

ഒരു നല്ല തലമുറ ഇവിടെ സംജാതമാകണമെങ്കിൽ കെട്ടുറപ്പുള്ള കുടുംബങ്ങൾ ഉണ്ടാകേണ്ടതുണ്ട് എന്ന് ക്രാന്തദർശിയായ അദ്ദേഹം മനസ്സിലാക്കി. ഒരു പിതാവിന്റെ പൈതൃക സ്നേഹത്തോടെ അദ്ദേഹം കുടുംബങ്ങൾക്ക് 'ചാവരുൾ' എഴുതി ജനങ്ങളെ പഠിപ്പിച്ചു. കുട്ടികളുടെ നല്ല ഭാവിയെ ലക്ഷ്യമാക്കി അവർക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വഴികൾ വെട്ടിത്തെളിച്ചു. ദീർഘവീക്ഷണത്തോടുകൂടി കുടുംബ നവീകരണരംഗത്ത് അദ്ദേഹം കാഴ്ചവച്ച സേവനങ്ങൾ കുടുംബങ്ങളെ ചൈതന്യവത്താക്കുവാൻ പര്യാപ്തങ്ങളായിരുന്നു.

മൂല്യാധിഷ്ഠിതവും സംസ്ക്കാര സമ്പന്നവുമായ ജീവിതം നയിക്കണമെങ്കിൽ വിദ്യാഭ്യാസം അത്യന്താപേഷിതമാണെന്നു മനസ്സിലാക്കിക്കൊണ്ട് പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ നടത്തണമെന്ന് കല്പന കൊടുക്കുകയുണ്ടായി. സ്ത്രീവിദ്യാഭ്യാസം അന്യമായിരുന്ന അന്നത്തെ കാലത്ത് സ്ത്രീകൾക്കായി കന്യകാമഠങ്ങൾ സ്ഥാപിക്കുകയും വനിതാ വിദ്യാഭ്യാസമേഖല അവരെ ഏല്പിക്കുകയും ചെയ്തു. അധഃസ്ഥിത വ്യവസ്ഥിതിയുടെ തിക്താനുഭവങ്ങൾ പേറി ജീവിച്ചിരുന്ന ദളിത് ക്രൈസ്തവരുടെ ഉദ്ധാരണത്തിനായി വളരെയേറെ യത്നിക്കുകയുണ്ടായി. അവർക്ക് പ്രാർത്ഥിക്കുവാനും പഠിക്കുവാനും സഹായകമായ ഒരു സ്ഥാപനം മാന്നാനത്ത് ഉണ്ടാക്കി. അവരുടെ കുടുംബങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

മുദ്രണാലയ രംഗത്ത് ചാവറയച്ചൻ നല്കിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ക്രിസ്തീയ ചൈതന്യം നിറഞ്ഞുതുളുമ്പുന്ന ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ രചനയിലൂടെ വിശ്വാസികളെ ആദ്ധ്യാത്മിക ഉണർവ്വുള്ളവരാക്കി.

അനുകമ്പാർദ്ര സ്നേഹത്തിന്റെ വിളനിലമായിരുന്ന വാ. ചാവറപിതാവ് സമൂഹത്തിൽ അവശത അനുഭവിക്കുന്ന പാവപ്പെട്ടവരും രോഗികളുമായ വൃദ്ധജനങ്ങൾക്ക് സംരക്ഷണ കേന്ദ്രങ്ങൾ നിർമ്മിച്ചു. അഗതികൾക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ മുതലായവ നല്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

വ്യക്തമായ ഒരു ജീവിത ദർശനവും സഭാദർശനവും വാ. ചാവറയച്ചന് ഉണ്ടായിരുന്നു. ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസം അദ്ദേഹത്തിന്റെ ജീവിത നൗകയെ തളരാതെ പതറാതെ മുന്നോട്ട് നയിച്ചു. മാന്നാനം കൊവേന്തയുടെ നിർമ്മാണത്തിലും കൂനമ്മാവിൽ സന്യാസിനികൾക്കായി മഠം പണിയുന്ന അവസരത്തിലും ദൈവാശ്രയത്വത്തിന്റെ അനുരണനങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അലയടിക്കുന്നത് കാണാം. ദൈവത്തിലുള്ള ആഴമായ ആശ്രയത്വവും തീക്ഷ്ണതയുമാണ് അദ്ദേഹത്തെ മുന്നോട്ട് നയിച്ചത്.

ദൈവസ്നേഹം ആഴത്തിൽ അനുഭവിച്ചറിഞ്ഞ അദ്ദേഹം ആ സ്നേഹം മറ്റുള്ളവർക്ക് പങ്കുവച്ചുകൊടുക്കുവാൻ വെമ്പൽകൊണ്ടു. ദൈവം നമ്മുടെയെല്ലാം സ്നേഹപിതാവ്. നാം അവിടുത്തെ മക്കളും. ആ പിതൃപുത്രബന്ധത്തിലേയ്ക്ക് മക്കൾ വളരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ജീവിതത്തിൽ പ്രതിബന്ധങ്ങളും പ്രതികൂല സാഹചര്യങ്ങളും ഉണ്ടായപ്പോൾ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് സന്തോഷത്തോടെ മുന്നേറി.

അനുസരണം ചാവറയച്ചന്റെ ഒരു ജീവിത ശൈലിയായിരുന്നു. എത്ര ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലും അധികാരികളിലൂടെ കടന്നുവരുന്ന ദൈവത്തിന്റെ തിരുഹിതത്തിനു മുമ്പിൽ ജീവിതം അടിയറവച്ച പുണ്യ പുരുഷനായിരുന്നു അദ്ദേഹം. 'നിങ്ങൾ റെഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനയും സൂക്ഷ്മമായി അനുസരിക്കണമെന്ന്' അദ്ദേഹം മക്കളെ ഓർമ്മിപ്പിക്കുന്നു. കുരിശുമരണം വരെ അനുസരിച്ച ഈശോയുടെ ജീവിതശൈലി ചാവറയച്ചൻ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി. പിതാവായ ദൈവത്തോടുണ്ടായിരുന്ന നിഷ്കളങ്കവും നിർവ്യാജവുമായ സ്നേഹം ഇതിനെല്ലാം ചാവറയച്ചന് ശക്തിപകർന്നു.

വാഴ്ത്തപ്പെട്ട ചാവറപിതാവിലൂടെ ദൈവം പകർന്നുതന്ന കാരിസത്തെ സ്നേഹിക്കുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്തവരാണ് സി. എം. സി. മക്കൾ. അനുദിനം അനുഭവിച്ചറിയുന്ന ദൈവസ്നേഹം ജീവിതത്തിൽ പ്രസരിപ്പിക്കുവാനും വിവിധ പ്രേഷിത പ്രവർത്തനങ്ങളിലൂടെ ആ സ്നേഹം പ്രഘോഷിക്കുവാനും ദൈവം ഇടയാക്കട്ടെ. അതുവഴി വിശുദ്ധിയിലേയ്ക്കുള്ള പടികൾ ചവിട്ടിക്കയറുവാനും സഹോദരങ്ങളെ ആ വഴിയിലൂടെ നടക്കാൻ സഹായിക്കുവാനും വേണ്ട വലിയ കൃപ വാ. ചാവറ പിതാവിലൂടെ നമുക്ക് ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു...... ആശംസിക്കുന്നു......

# ചാവറയച്ചന്റെ ദൈവസ്നേഹാനുഭവങ്ങൾ

സി. ജസി തെരേസ്

ദൈവീക തേജസ്സിൻ മഴവില്ല് തെളിയിച്ച
ദൈവീക പുരുഷനാം ചാവറയച്ചൻ
ദൈവമില്ലാത്തൊരാ മനുഷ്യഹൃദയമാം ഊഷരഭൂമിയിൽ
ദൈവത്തെ നിറച്ചൊരു സ്വർഗ്ഗീയ തുഷാരം.

അമ്മിഞ്ഞപ്പാലിനൊപ്പം നുകർന്നൊരാ
അനുപമ സ്നേഹത്തിൻ അനുഭവങ്ങൾ
ആനന്ദമോടെ അയവിറക്കി തൻ
ആത്മനെ ദൈവത്തിൽ അർപ്പിച്ച യോഗി.

ജ്ഞാനസ്നാനത്തിൽ കൈവന്ന ദിവ്യമാം
ജ്ഞാനവും ശുദ്ധിയും കൈവിടാതെന്നും
ജ്ഞാനസ്വരൂപനാം ദൈവത്തിൻ സർവ്വ വി-
ജ്ഞാനമാം നിധിയും സ്വന്തമാക്കിയ ധന്യൻ.

ദൈവമാണെൻ ബലം ദൈവമാണെൻ ഭാഗ്യം
ദൈവഹിതമെന്റെ യാവന പാനീയം
ദൈവത്തിൻ സ്നേഹത്തിലൊന്നായി തീരുവാൻ
ധ്യാനവും കർമ്മവും മാർഗ്ഗമതാക്കി.

നീണ്ട മണിക്കുറുകൾ സക്രാരി മുന്നിലായ്
നിന്നവൻ മുട്ടിന്മേൽ അനുദിനവും
നീചനാണെന്നും പുഴുവെന്നും ഓതി
നിത്യവും ആത്മാനുതാപത്തിലാണ്ടോൻ.

ദിവ്യകാരുണ്യത്തിൽ വാഴുന്ന നാഥന്റെ
ദിവ്യമാം ചാരെ അണഞ്ഞവനെന്നും
ദിവ്യമായൊരാ ഭോജനം ധ്യാനിച്ച്
ഭവ്യപരവശനായിത്തീർന്നു.

ആകാശത്തിൻ കാര്യങ്ങൾ വെടിപ്പാക്കീടുവാൻ
ആശ്രമം പലതങ്ങു തീർത്തവൻ യോഗി
ആരാധനാമണിക്കൂറുകൾ സ്ഥാപിച്ചോരാധീരൻ
അറിഞ്ഞു പരക്കെ ''വചനത്തിൻ സിംഹ'' മായ്.

ദൈവത്തെ ദർശിച്ച പുണ്യചരിതൻ
ദൈവീക ദാനങ്ങൾ സ്വന്തമാക്കി
ദൈവത്തിൻ ഛായയാം സോദരനേയും
ദൈവമില്ലാത്തൊരാ ശത്രുവേം സ്നേഹിച്ചു.

സത്തയാം ദൈവത്തിൻ ഉത്തമ മാതാവാം
സദ്ഗുണ സമ്പന്ന ത്രിലോക രാജ്ഞിയെ
സതതം സ്നേഹിച്ചു തൻ സ്വന്ത മാതാവായ്
സാധകം ചെയ്തൊരാ സന്യാസവര്യൻ.

ആബാ എന്നോതുവാൻ മാത്രമായിട്ടൊരാ
ആബാ അനുഭവം നിറഞ്ഞൊരു ധന്യൻ
ആത്മാവിൻ പ്രഭ തൂകി ഇന്നും വിരാജിക്കുന്ന
ആ വന്ദ്യ താതന് വന്ദനങ്ങൾ.

*മമ പിതാവ് നീയേ ഭാഗ്യവുമെനിക്കുനീ*
*മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ*
*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കുനീ*
*നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.*
*(വാ. ചാവറപിതാവ്)*

# വാ. ചാവറയച്ചൻ - ഭക്തകർമ്മയോഗി

ജു. സി. ദീപാ തെരേസ്

*ആമുഖം*

''നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ,
ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു.
എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു!
ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ
എപ്പോഴാണ് എനിക്ക് ദൈവസന്നിധിയിലെത്തി
അവിടുത്തെ കാണാൻ കഴിയുക!'' (സങ്കീ. 42: 1-2)

ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ആത്മാവിന്റെ ഹൃദയതുടിപ്പുകളാണിത്. പ്രപഞ്ച സൃഷ്ടിമുതൽ ഇന്നുവരെ സൃഷ്ടിയുടെ ഹൃദയം സൃഷ്ടാവിനെ പ്രാപിക്കുവാൻ വെമ്പൽ കൊള്ളുന്നു. വ്യക്തിജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവത്തിൽ വിലയം പ്രാപിക്കുകയാണ്, അവിടുത്തെ അനുഭവിക്കുകയാണ്, അവിടുന്നിലായിരിക്കുകയാണ്. ഈ അനുഭവം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ അനുഭവിച്ച ധ്യാനോപാസകനാണ് വാ. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ.

സ്വജീവിതത്തെ നിഷ്കാമ കർമ്മം കൊണ്ടും, കർമ്മത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിത്തീർത്ത ഒരു മഹാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. കാലഘട്ടങ്ങളെ ഉല്ലംഘിക്കുന്ന ദീർഘവീക്ഷണവും കർമ്മോത്സുകതയും സാമൂഹിക പ്രതിബദ്ധതയും പരോപകാര തല്പരതയും ഒത്തിണങ്ങിയ ഈ ആദ്ധ്യാത്മികാചാര്യൻ മാതൃസഭയുടെ മലയാളകരയിലും ആവിഷ്കരിച്ച് നടപ്പാക്കിയ നൂതന യത്നങ്ങളും അതിന്റെ ദൂരവ്യാപകമായ ഫലങ്ങളും വാക്കുകൾക്ക് അതീതമാണ്. ഇതിന്റെയെല്ലാം ഉറവിടം

ദിവ്യകാരുണ്യസന്നിധിയിൽനിന്നും അദ്ദേഹത്തിന് ലഭിച്ച ശക്തിസ്രോതസ്സായിരുന്നു.

ഒരു യഥാർത്ഥ അപ്പസ്തോലന്റെ ആദ്ധ്യാത്മികത ആയിരുന്നു വാ. ചാവറയച്ചനുണ്ടായിരുന്നത്. ഭാരതീയ ആദ്ധ്യാത്മികതയുടെ ഘടകങ്ങളുമായി അലിഞ്ഞുചേർന്ന ചാവറപിതാവിന്റെ ആദ്ധ്യാത്മികതയെക്കുറിച്ച് ചിന്തിക്കുന്നത് സമുചിതമായിരിക്കും.

ആദ്ധ്യാത്മിക സാക്ഷാത്കാരത്തിന് പ്രധാനമായി മൂന്നു മാർഗ്ഗങ്ങളാണ് ഭാരതീയ ചിന്താഗതിയിലുള്ളത്. അവ ജ്ഞാനമാർഗ്ഗം, കർമ്മമാർഗ്ഗം, ഭക്തിമാർഗ്ഗം എന്നിവയാണ്.

### *ജ്ഞാനമാർഗ്ഗം*

ജ്ഞാനമാർഗ്ഗമെന്നാൽ അറിവും അഥവാ വിജ്ഞാനവും വഴി പരമപദമായ മോക്ഷം നേടുകയെന്നതാണ്. പരമാത്മാവായ ദൈവത്തെക്കുറിച്ച് ബൗദ്ധികമായി അറിയുകയെന്നത് മാത്രമല്ല ഹൃദയംകൊണ്ടും ഈശ്വരസായൂജ്യം കൈവരിക്കുവാൻ കഴിയുമെന്ന ജ്ഞാനമാർഗ്ഗം കാണിച്ചുതരുന്നു. ഹൃദയംകൊണ്ട് ദൈവത്തെ അറിഞ്ഞ് ജ്ഞാനമാർഗ്ഗം പ്രാപിച്ച വ്യക്തിയാണ് ചാവറയച്ചൻ.

ദൈവത്തോടും മനുഷ്യരോടും ഒരേസമയം ബന്ധപ്പെട്ട ഒരു ആദ്ധ്യാത്മികതയാണ് ചാവറയച്ചനുണ്ടായിരുന്നത്. ക്രിസ്തു പ്രാർത്ഥനവഴിയായി തന്റെ പിതാവുമായി എങ്ങനെ ബന്ധപ്പെട്ടിരുന്നുവോ അതുപോലെതന്നെ ചാവറയച്ചൻ തീക്ഷ്ണമായ പ്രാർത്ഥനവഴിയായി യേശുനാഥനുമായി ബന്ധപ്പെട്ടിരുന്നു. ജീവിതത്തിൽ ഏറിയ സമയവും സ്നേഹ നാഥനുമായി സല്ലപിക്കാനും അവിടുത്തെ ശ്രവിക്കാനുമായി ചാവറയച്ചൻ ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനനിർലീനനായി നിലകൊണ്ടു. പ്രാർത്ഥനയും പ്രവർത്തനങ്ങളും സമജ്ഞസമായി സമ്മേളിപ്പിച്ചുകൊണ്ടും ദൈവവും മനുഷ്യനുമായി സർവ്വാത്മനാ ബന്ധപ്പെട്ടുകൊണ്ടുമുള്ള ഒരു ആദ്ധ്യാത്മികതയായിരുന്നു ചാവറയച്ചന്റേത്.

## കർമ്മമാർഗ്ഗം

വിജ്ഞാനതലത്തിലും അതിലേറെ ഹൃദയ തലത്തിലുമുള്ള ഈ ജ്ഞാനം വാ. ചാവറയച്ചനെ കർമ്മമണ്ഡലത്തിലേയ്ക്ക് ആനയിച്ചു. നിസ്വാർത്ഥതയുടെ നിറകുടമായിരുന്ന ചാവറയച്ചൻ സ്വന്തം സ്തുതിക്കോ ബഹുമാനത്തിനോ ലൗകീക ലാഭങ്ങൾക്കോ വേണ്ടി യാതൊന്നും ചെയ്തില്ല. ഭാരതീയ ശൈലിയിൽ പറഞ്ഞാൽ ഭൗതീക ലാഭേച്ഛയില്ലാത്ത നിഷ്കാമകർമ്മമായിരുന്നു ചാവറയച്ചന്റേത്. നലംതികഞ്ഞ ആദ്ധ്യാത്മിക ആചാര്യനായിത്തന്നെ ആ കഠിനാദ്ധ്വാനിയുടെ കർമ്മമണ്ഡലം എത്രയോ വിപുലവും ചടുലവുമായിരുന്നു. എന്നാൽ അവയ്ക്കെല്ലാമുപരി ചാവറയച്ചന്റെ വ്യക്തിത്വം പ്രഫുല്ലമാക്കുന്ന വിലപ്പെട്ട ബഹുമതി അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. നന്മചെയ്യാനുള്ള ഒടുങ്ങാത്ത ആവേശം ചാവറയച്ചന് ലഭിച്ചത് ദൈവവുമായുള്ള ഹൃദയബന്ധത്തിൽ നിന്നത്രെ.

സമുദായത്തിന്റെ സംയോജനത്തിനും സമുദ്ധാരണത്തിനും സംശുദ്ധിക്കുമായി അർപ്പിച്ച മഹത്തായ ഒരു യാഗമായിരുന്നു ചാവറയച്ചന്റെ ജീവിതം. സന്യാസസഭാസ്ഥാപകൻ, മാതൃകാ വൈദീകൻ, സമുദായോദ്ധാരകൻ, വിശ്വാസസംരക്ഷകൻ, സാഹിത്യോപാസകൻ, അനാഥസംരക്ഷകൻ തുടങ്ങിയ വിവിധ നിലകളിൽ പ്രഖ്യാതനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദൈവസ്നേഹത്തിൽനിന്നുയിർകൊണ്ട പരസ്നേഹത്താൽ പ്രോജ്ജ്വലമായ കർമ്മോദ്ദീപ്തവും ധീരവുമായ പ്രേഷിതപ്രവർത്തനം വിശിഷ്ടതരമായ ആവശ്യ വ്യക്തിത്വത്തിലേയ്ക്ക് വെളിച്ചം വീശുന്നതാണ്. മുദ്രണാലയ പ്രേഷിതൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാധുജനസേവകൻ, സാഹിത്യോപാസകൻ എന്നീ വിശേഷണങ്ങൾക്ക് പുറമേ, കേരള സുറിയാനിക്കാരുടെ ഇടയിൽ വിഷവിത്തു വിതച്ച റോക്കോസ് ശീശ്മയെ സ്വന്തം കർത്തവ്യ ബോധത്താൽ ഉത്തേജിതനായി തന്റെ കർമ്മകുശലവും സുധീരവുമായ നേതൃത്വത്തിനു മുന്നിൽ പരാജിതനാക്കിയ ഒരു ധീര സേനാനികൂടിയായിരുന്നു വാ. ചാവറയച്ചൻ.

## ഭക്തിമാർഗ്ഗം

വാ. ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതം ഭക്തി മാർഗ്ഗത്തിന്റെ ജീവൽ സ്ഫുലിംഗങ്ങൾ ഒളി വീഴ്ത്തുന്ന ഒന്നാണ്. ദൈവവുമായി യോജിച്ചിരിക്കുന്നവനാണ് ഭക്തൻ (Devotee). വാ. ചാവറയച്ചൻ യേശുവിന്റെ ഉറ്റ ഭക്തനാണ്. സ്നേഹത്താൽ ദൈവത്തോട് ചേർന്ന്, തന്നോട് ഒന്നിച്ചിരുന്ന് സ്നേഹിതന്മാരൊന്നിച്ചുള്ള സംഭാഷണംപോലെ ആത്മ മണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സംസാരിക്കുകയത്രേ പ്രാർത്ഥന. ഇതാണ് വാസ്തവത്തിൽ ചാവറയച്ചൻ ചെയ്തത്. കർത്താവിന്റെ സമീപത്തിരുന്ന് അവിടുത്തെ വാക്കുകൾ ശ്രവിച്ച് സ്നേഹസംഭാഷണം നടത്തി അവിടുത്തോടൊന്നായിത്തീർന്ന് സ്വയം സമ്പൂർണ്ണമായി കർമ്മ മണ്ഡലങ്ങളിലേയ്ക്ക് ഇറങ്ങുവാനുള്ള ഊർജ്ജം അവിടുന്നിൽ നിന്നും സമ്പാദിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ സുകൃതങ്ങളും വിശിഷ്യാ ഹൃദയലാളിത്യം, സജീവ വിശ്വാസം, ആഴമുള്ള അനുസരണം, പരി. കുർബാനയോടും, പരി. കന്യകാമറിയത്തോടും വി. യൗസേപ്പിനോടുമുള്ള ആഴമായ ഭക്തി എന്നിവ അദ്ദേഹം അഭ്യസിച്ചിരുന്നു. സ്ഥായിയായ സുകൃതങ്ങൾ, വിജ്ഞാനം, സുറിയാനി ഭാഷയിലുള്ള അഗാധമായ ജ്ഞാനം എന്നിവമൂലം മലബാറിലെ സുറിയാനിക്കാരുടെമേൽ വലിയ സ്വാധീനമാണ് ഇദ്ദേഹത്തിനുണ്ടായിരുന്നത്. ഭൗതീക വസ്തുക്കളോടുള്ള ക്രമവിരുദ്ധമായ സ്നേഹത്തിൽനിന്നും വിമുക്തനായിരുന്നു അദ്ദേഹം.

ചെറുപ്പംമുതൽ ദൈവമാതൃഭക്തിപോലെതന്നെ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന മറ്റൊരു സുകൃതമാണ് ദിവ്യകാരുണ്യ ഭക്തി. അതുകൊണ്ട് ആരാധനക്രമം പരിഷ്ക്കരിച്ച് ഏകീകരിക്കുന്നതിനും സജീവ ഭാഗഭാഗിത്വം ഉറപ്പു വരുത്തുന്നതിനും അതുപോലെതന്നെ ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുന്നതിനും ഒട്ടേറെ കാര്യങ്ങൾ അദ്ദേഹം ചെയ്തു. വി. ബലി ഭക്തിയോടെ അർപ്പിക്കുക, വി. കുർബാനയുടെ സന്നിധിയിൽ

നിരവധി പ്രാവശ്യം വിസീത്ത നടത്തുക ഇവ രണ്ടും ചാവറയച്ചന്റെ അനുദിന ജീവിതത്തിലെ നിർബന്ധ പരിപാടികളത്രെ. മറ്റുള്ളവരും ഇവ അനുഷ്ഠിക്കുവാൻ അദ്ദേഹം നിഷ്കർഷിച്ചു. കുർബാനയുടെ അനുഷ്ഠാനവിധികൾ ഒരുപോലെയല്ലെന്നും പലരും പല വിധത്തിലാണ് ബലി അർപ്പിക്കുന്നതെന്നും മനസ്സിലാക്കിയ ചാവറയച്ചൻ 100-ൽ പരം നിർദ്ദേശങ്ങളുടെ കർമ്മവിധി അടിച്ചിറക്കുകയും ബലിയർപ്പണരീതി ഏകീകരിക്കുകയും ചെയ്തു. ആദ്യവെള്ളിയാഴ്ചദിവസം ഭക്തിയോടെ തിരുമണിക്കൂർ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വി. കുർബാനയിലുള്ള ഭക്തിയും വിശ്വാസവും ജനങ്ങളുടെ ഇടയിൽ വളർത്തുവാൻ അദ്ദേഹം തീവ്രമായി യത്നിച്ചു.

ദൈവസന്നിധിയിൽ ധ്യാനനിർലീനനായി നില്ക്കുന്ന ചാവറയച്ചന്റെ മനോവികാരം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മാനുതാപത്തിലെ മൂന്നാം അദ്ധ്യായം മുഴുവൻ യേശുവിനാൽ നിറയാനുള്ള പ്രാർത്ഥനാ പ്രകരണങ്ങളാണ്.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകേണം.
മനുഷ്യനീചവേഷത്തെധരിച്ചൊരു
മാനുഷത്രാദാവേ കാണാകേണം
ഉന്നതനാം ദൈവം കന്യാ മറിയത്തിൽ
വന്നു പിറന്നതും കാണാകേണം".

'കാണാകേണം കൃഷ്ണാ കണികാണേണം' എന്ന ഹൈന്ദവ ഭക്തിഗാനത്തിന്റെ ഈണത്തിൽ വിരചിതമായ ഈ വരികളിൽ യേശുവിനെ സദാ മനസ്സിൽ നിനച്ച് യേശുവിന്റെ ജീവിതരംഗങ്ങൾ ഹൃദ്യമായി അനുസ്മരിച്ച് യേശുവുമായി താദാത്മ്യം പ്രാപിക്കുന്ന ചാവറയച്ചനെയാണ് നമുക്ക് കാണാൻ കഴിയുക. യേശുവിനെ കണ്ണോട്കണ്ണു കണ്ടു കൊണ്ടു ദൈവാനുഭവത്തിന്റെ പുതിയ മേഖലകളിലേയ്ക്ക് പ്രവേശിക്കുകയായിരുന്നു ഈ ധ്യാനയോഗി.

## ഉപസംഹാരം

പ്രഥമവും പ്രധാനവുമായി ചാവറയച്ചൻ ഒരു ധ്യാനയോഗി തന്നെയായിരുന്നു. ഈശ്വരോന്മുഖനായിരുന്നു. പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. യേശുവാകുന്ന വചനത്തെ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ട് കേട്ട് കൈകൾകൊണ്ട് തൊട്ട് ആ വചനാനുഭവം സ്വായത്തമാക്കിയ ചാവറയച്ചൻ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞ ദാനമായിത്തീർന്നു. ചുരുക്കത്തിൽ ജ്ഞാന - ഭക്തി - കർമ്മ മാർഗ്ഗങ്ങളെ സ്വകാര്യ വ്യക്തിത്വത്തിൽ സുന്ദരമായി സമന്വയിപ്പിച്ച ധന്യാത്മാവാണ് ചാവറയച്ചൻ.

*നിന്റെ ജീവിതാന്തസ്സിനു യോജിച്ചവിധം*
*നീ എന്തെങ്കിലും ജോലി ചെയ്യണം*
*വേലയെടുക്കാതെ വെറുതെയിരുന്നു ഭക്ഷിക്കുന്നത്*
*അന്തസ്സും അഭിമാനവും ഉള്ളവർക്ക് ചേർന്നതല്ല.*

# ദൈവവിളി - ഇന്നിന്റെ പ്രതിസന്ധികൾ

സി. ഡോ. സോഫി റോസ്,
ജ്ഞാനോദയ

സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികളുടെ കാര്യത്തിൽ കേരളസഭ ഇന്നഭിമുഖീകരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് ആധുനിക സീറോ മലബാർ സഭയിലെ ആദ്യ നിയമാനുസൃത സന്യാസിയായി ആദരിക്കപ്പെടുവാൻ യോഗ്യനായ വാ. ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ ജന്മദ്വി ശതാബ്ദി ആഘോഷവേളയിൽ ഈ സഭ ഉറക്കെ ചിന്തിക്കുകയാണല്ലോ. ദൈവവിളിയുടെ കാര്യത്തിലുള്ള പ്രതിസന്ധികളും വെല്ലുവിളികളും ഗ്രഹിക്കുവാനും ഇക്കാര്യത്തിൽ ചാവറയച്ചന്റെ ജീവിതം നല്കുന്ന വെളിച്ചം ഉൾക്കൊള്ളുവാനും സമർപ്പിത ജീവിത സംബന്ധമായ തിരുസഭയുടെ പ്രബോധനങ്ങളിലേയ്ക്കും ചാവറപിതാവിന്റെ ജീവിതത്തിലേയ്ക്കും കടന്നുചെല്ലേണ്ടതുണ്ട്.

സമർപ്പിത ജീവിതത്തിന് തിരുസഭയിലുള്ള സ്ഥാനം, ദൗത്യം, ലക്ഷ്യം തുടങ്ങിയവയെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തിന്റെ ചുരുക്കമിതാണ്: സമർപ്പിത ജീവിതം ഒറ്റപ്പെട്ടതോ പുറമ്പോക്കിലുള്ളതോ അല്ല. പിന്നയോ സഭയെ മുഴുവനും ബാധിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അത് സഭയുടെ ഹൃദയത്തിൽതന്നെ ഉള്ള ഒന്നാണ്. അത് സഭയുടെ ജീവിതത്തിന്റേയും, അവളുടെ വിശുദ്ധിയുടേയും ദൗത്യത്തിന്റേയും ദൃഢമായ ഭാഗമാണ്.[1] മലയോരങ്ങളിൽ പ്രാർത്ഥിക്കുകയും ജനങ്ങളോട് ദൈവരാജ്യം പ്രസംഗിക്കുകയും രോഗികളേയും മുറിവേറ്റവരേയും സൗഖ്യപ്പെടുത്തുകയും പാപികളെ നേർവഴിക്ക് തിരിക്കുകയും ശിശുക്കളെ അനുഗ്രഹിക്കുകയും എല്ലാവർക്കും നന്മ

---

1 ജോൺ പോൾ II സമർപ്പിത ജീവിതം (V.C), No. 3

ചെയ്യുകയും തന്നെ അയച്ച പിതാവിന്റെ അഭീഷ്ടം നിറവേറ്റുകയും ചെയ്ത ക്രിസ്തുവിനെ വിശ്വാസികൾക്കും അവിശ്വാസികൾക്കും വെളിപ്പെടുത്തുവാൻ ജാഗരൂകരായിരിക്കുകയും ചെയ്യേണ്ടവരാണ് സമർപ്പിതർ.[2] തിരുസഭയുടെ വിശുദ്ധിയുടെ പൂർണ്ണ വികാസമായിരിക്കണം അവരുടെ ലക്ഷ്യം അതുപോലെതന്നെ സർവ്വ വിശുദ്ധിയുടേയും ഉറവിടവും നിദാനവും ഏകവും അവിഭക്തവുമായ പരി. ത്രിത്വത്തിന്റെ മഹത്വം ക്രിസ്തുവിലും ക്രിസ്തു വഴിയായും പ്രാപിക്കുകയായിരിക്കണം അവരുടെ ജീവിത ലക്ഷ്യം.[3] മേലുദ്ധരിച്ച പ്രബോധനങ്ങളുടെ വെളിച്ചത്തിൽ വാ. ചാവറയച്ചന്റെ ജീവിതത്തിലേയ്ക്കും ആ ദൈവവിളിയുടെ ധന്യതയിലേയ്ക്കും ഒന്ന് എത്തിനോക്കാം.

## *വാ. ചാവറയച്ചൻ: ധന്യതയാർന്ന സമർപ്പിതൻ*

സ്വജീവിതത്തെ നിഷ്കാമകർമ്മംകൊണ്ടും കർമ്മത്തെ ജ്ഞാനംകൊണ്ടും ജ്ഞാനത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിത്തീർത്ത ഒരു മഹാത്മാവാണല്ലോ വാ. ചാവറയച്ചൻ. 'പുത്തനാണ്ടു പിറക്കുന്നു പുണ്യങ്ങളൊക്കെയും പുത്തനാക്കണം' എന്ന ആ ധന്യാത്മാവിന്റെ വാക്കുകൾ എന്നും നവീകൃതമാകേണ്ട ഒരു ജീവിതത്തിനുള്ള പ്രചോദനമാണ്, ആശംസയാണ് ഈ പുതുവത്സരത്തിലും നല്കുക.

സീറോ മലബാർ കുർബാനയിലെ നാലാം പ്രണാമജപത്തിൽ വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട് "...... ഈ ഓർമ്മയാചരണത്തിൽ.... അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടേയും പാവന സ്മരണ അങ്ങയുടെ അവർണ്ണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ". സീറോ മലബാർ സഭാംഗങ്ങൾ (മാത്രമല്ല, കേരള ജനത മുഴുവനും) വി. കുർബ്ബാനയിൽ മാത്രമല്ല, അവരുടെ വ്യക്തി - കുടുംബ ജീവിതത്തിലും ബൗദ്ധിക - സാമൂഹിക - മതപര ജീവിതത്തിലും സഭാ ജീവിതത്തിലും

---

2 തിരുസഭ (L.G.)No. 46

3 തിരുസഭ (L.G.)No. 47

കൃതജ്ഞതയോടെ അനുസ്മരിക്കേണ്ട ഒരു പുണ്യാത്മാവാണ് വാഴ്ത്തപ്പെട്ട ചാവറപിതാവ്. മുൻ വിധികൾ മാറ്റിവച്ചുകൊണ്ട് വസ്തുനിഷ്ഠമായി ചരിത്രത്തെ, അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ പ്രത്യേകതകളെ* അവലോകനം ചെയ്യുന്ന ഏതൊരു വ്യക്തിക്കും

---

* രാഷ്ട്രീയമായി - ഭാരതമൊന്നാകെ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ. കേരളം എന്നൊരു സംസ്ഥാനഭരണമില്ലാതെ കൊച്ചി, തിരുവതാംകൂർ എന്നിങ്ങനെ ചെറുകിട രാജ്യങ്ങളായി നാട്ടു രാജാക്കന്മാരുടെ കീഴിൽ കഴിയുന്ന കാലം.

സാമൂഹികമായി - ജാതിമത വ്യവസ്ഥിതി നടമാടുന്ന കാലം. സവർണ്ണരും അവർണ്ണരും തമ്മിലുള്ള അകൽച്ച. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, കണ്ടുകൂടായ്മ- ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവരുടെ ഇടയിൽ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, എന്നീ മൂല്യങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല.

ബൗദ്ധികമായി - സർക്കാർ വക, പ്രൊട്ടസ്റ്റന്റ് മിഷനറിമാർവക ഒറ്റപ്പെട്ട സ്കൂളുകൾ മാത്രം. സാമാന്യജനത്തിനാശ്രയം ആശാൻകളരി. അവർണ്ണർക്ക് അവിടേയും സ്ഥാനമില്ലായിരുന്നു. കത്തോലിക്കരുടേതായി ഒരു വിദ്യാഭ്യാസ സ്ഥാപനംപോലും ഉണ്ടായിരുന്നില്ല.

സഭാപരമായി - മാർതോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ മെത്രാന്മാരുടെ കീഴിൽ. സ്വന്തം വിശ്വാസപൈതൃകം, ആരാധനാവിധികൾ എന്നിവ ജീവിക്കുന്നതിന് സാദ്ധ്യതയില്ലാതെ അസ്വസ്ഥമായിരുന്ന അവസ്ഥ. സുറിയാനി മെത്രാന്മാർക്കുവേണ്ടിയുള്ള മുറവിളിയും പരിശ്രമങ്ങളും ശീശ്മയിൽ കൊണ്ടുചെന്നെത്തിച്ച സ്ഥിതിവിശേഷം. കൊവേന്തകളോ കന്യാസ്ത്രിമഠങ്ങളോ ഉണ്ടായിരുന്നില്ല.

സാമ്പത്തികമായി - പിന്നോക്കാവസ്ഥയിൽ, വിദ്യാഭ്യാസം ഇല്ലാതിരുന്നതിനാൽ സർക്കാർ ഉദ്യോഗങ്ങൾ ലഭിച്ചിരുന്നില്ല.

സ്ത്രീകളുടെ അവസ്ഥ - പിതാരക്ഷതി കൗമാരേ, ഭർത്താരക്ഷതി യൗവ്വനേ, പുത്രോ രക്ഷതി വാർദ്ധക്യേ, നാ:സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന മനസ്മൃതിയുടെ ഉദ്ബോധനം സ്ത്രീയെ നിത്യ ബന്ധിതയാക്കി. പരശുശ്രൂഷയ്ക്ക് വിധിക്കപ്പെട്ട അവളുടെ ജീവിതം അടുക്കളയിലൊതുങ്ങി. സമൂഹത്തിന്റെ മുഖ്യധാരയിൽ സ്ഥാനമുണ്ടായില്ല.

ബോദ്ധ്യപ്പെടുന്ന ചില സംഗതികളുണ്ട്. ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമായി കേരളത്തെ ഭാരതസർക്കാർ പ്രഖ്യാപിക്കുന്നെങ്കിൽ, അടിയുറച്ച ദൈവവിശ്വാസവും, ശക്തമായ കുടുംബ ബന്ധങ്ങളും ശാലീനതയുള്ള സ്ത്രീജനങ്ങളും അനുസരണയുള്ള മക്കളും ഈ നാട്ടിലുണ്ടെന്ന് അന്യനാട്ടുകാർ പ്രസ്താവിക്കുന്നെങ്കിൽ, ദൈവവിളികളുടെ വിളനിലമെന്നും യൗവ്വനം തുളുമ്പിനില്ക്കുന്ന ചൈതന്യമാർന്ന സഭാസമൂഹമെന്നും സീറോ മലബാർ സഭ ആഗോള സഭയിൽ എന്നു വിളിക്കപ്പെടുന്നെങ്കിൽ അതിനെല്ലാം പിന്നിൽ കണ്ടെത്താൻ കഴിയുന്ന വ്യക്തിത്വം ചാവറപിതാവിന്റേതാണ്.

കാലഘട്ടങ്ങളെ ഉല്ലംഘിക്കുന്ന ദീർഘവീക്ഷണവും കർമ്മോത്സുകതയും സാമൂഹിക പ്രതിബദ്ധതയും പരോപകാര തല്പരതയും ആദ്ധ്യാത്മിക സമ്പന്നതയും ഒത്തിണങ്ങിയ ഈ ആത്മീയാചാര്യൻ മാതൃസഭയിലും മലയാളക്കരയിലും ആവിഷ്കരിച്ച് നടപ്പാക്കിയ നൂതന യത്നങ്ങളും അതിന്റെ ദൂരവ്യാപകമായ ഫലങ്ങളും വാക്കുകൾക്കതീതമാണ്. സഭയിലും സമുദായത്തിലും അവയുടെ രണ്ടിന്റേയും അടിസ്ഥാനമായ കുടുംബത്തിലും കുടുംബത്തിന്റെ വിളക്കായ സ്ത്രീജനങ്ങളുടെ ഇടയിലും ഉളവാക്കാൻ അദ്ദേഹം ആഗ്രഹിച്ച ആത്മീയവും ഭൗതികവുമായ പരിവർത്തനം സ്വജീവിതകാലത്ത് മാത്രമല്ല കാലാകാലത്തോളം തുടരാൻ തിരുസഭയ്ക്കും ലോകത്തിനുമായി നല്കിയ സർവ്വോത്കൃഷ്ടമായ സംഭാവനയായിരുന്നു രണ്ടു സന്യാസ സമൂഹങ്ങളുടെ സ്ഥാപനം.

തിരുസഭയിൽ, പ്രത്യേകിച്ച് പൗരസ്ത്യ സഭകളിൽ സന്യാസികളുടെ പിതാക്കന്മാരായി ഈജിപ്തിലെ വി. അന്തോനീസ്, വി. പക്കോമിയൂസ്, വി. ബേസിൽ എന്നിവർ കരുതപ്പെടുന്നെങ്കിൽ സീറോ മലബാർ സഭയിലെ വൈവിധ്യമാർന്ന സിദ്ധികളുള്ള സന്യാസ സമൂഹങ്ങളുടേയും പതിനായിരക്കണക്കിനു വരുന്ന സമർപ്പിതരുടേയും ഇടയിൽ മുമ്പനായി, ഒന്നാമനായി കരുതപ്പെടാൻ അർഹനാണ് ഈ

സഭയിലെ ആദ്യ നിയമാനുസൃത വ്രത ബദ്ധ സന്യാസിയായ ഈ പുണ്യപിതാവ്*. മാർതോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ചെന്നഭിമാനിക്കുന്ന നമ്മുടെ സഭ അതിന്റെ അപ്പസ്തോലികവും പ്രേഷിതപരവുമായ സ്വഭാവം വ്യക്തമാക്കിക്കൊണ്ട് കേരളത്തിന്റെ അതിർത്തി വിട്ട് വിദൂരങ്ങളിലേയ്ക്ക് വ്യാപിക്കുകയും ഈ സഭയ്ക്ക് മാത്രമല്ല, ലത്തീൻ - മലങ്കര എന്നീ സഭകളിലേയ്ക്കുപോലും സമർപ്പിതരെ നല്കി ഭാരതസഭയെ, ആഗോളസഭയെ

---

* അന്നത്തെ സഭയുടേയും സമുദായത്തിന്റേയും ആത്മീകവും ഭൗതീകവുമായ സ്ഥിതിവിശേഷവും ആവശ്യങ്ങളും കണക്കിലെടുത്ത് വളരെ ദീർഘവീക്ഷണത്തോടെയും തനതായ രൂപഭാവങ്ങളോടെയും ധ്യാനാത്മകവും പ്രേഷിതപരവും അജപാലനപരവുമായ ഘടകങ്ങൾ സമന്വയിപ്പിച്ച് ഇവിടുത്തെ ജനങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുതകുന്ന വിധത്തിൽ, ഈ നാടിന്റെ സംസ്ക്കാരത്തിനനുസൃതമായ ഒരു സന്യാസ ജീവിത ശൈലിക്കാണ് ചാവറയച്ചൻ രൂപഭാവം നല്കിയത്. ദർശനവീട് (കൊവേന്തയ്ക്ക് ചാവറ നല്കിയ മറുനാമം) ഉണ്ടാക്കാൻ സ്ഥലം തിരഞ്ഞെടുത്ത വേളയിൽ പ്രദർശിപ്പിച്ച വീക്ഷണം ഇതു വ്യക്തമാക്കുന്നുണ്ട്. എങ്കിലും വിദേശീയരായ കർമ്മലീത്താ മെത്രാന്മാരുടെ ശക്തിയും സ്വാധീനവും ഒരു വിദേശ സന്യാസ സമൂഹത്തിന്റെ നിയമാവലിക്കും ജീവിത ശൈലിക്കും അനുസൃതം അദ്ദേഹത്തിന്റെ സന്യാസ പ്രസ്ഥാനത്തെ തിരിച്ചുവിടാൻ ഇടയായി എന്നതൊരു ചരിത്രവസ്തുതയാണ്. പിന്നീട് ഈ സഭയിൽ ജന്മമെടുത്ത സന്യാസ സമൂഹങ്ങൾ എല്ലാം തന്നെ അറിഞ്ഞോ അറിയാതയോ വൈദേശികമായ രൂപ ഭാവങ്ങളോടെതന്നെയുള്ള സന്യാസ ജീവിത ശൈലി പിന്തുടരുകയാണ് ചെയ്തത്. ഈ നാടിന്റെ സംസ്ക്കാരത്തിനും, സുവിശേഷ ലാളിത്യത്തിനും പൗരസ്ത്യ സഭാ പൈതൃകത്തിനു മനുസതമായി ഈ മണ്ണിന്റെ ഗന്ധമുള്ള മക്കളെപ്പോലെ ഒരു സ്വദേശിയ സന്യാസ ജീവിത ശൈലി വളർത്താൻ ഇവിടെ ഉടലെടുത്ത സന്യാസ സമൂഹങ്ങൾക്ക് സാധിക്കാത്തത് ഒരു പോരായ്മയാണെന്ന കാര്യം പരിചിന്തനവിഷയമാക്കേണ്ട ഒന്നാണ്.

ധന്യയാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് ഈ വന്ദ്യദേഹം തുടങ്ങിവച്ച സന്യാസ പ്രസ്ഥാനത്തിലൂടെയും അതേത്തുടർന്ന് രൂപമെടുത്ത പല സമർപ്പിത സമൂഹങ്ങളിലൂടെയുമാണെന്ന വസ്തുത അനുസ്മരിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്.

പറയുടെ കീഴിൽ മറച്ചുവച്ച വിളക്കുപോലെ ഗുപ്തമായിരുന്ന വിശ്വാസത്തെ തട്ടിയുണർത്തി സഭയെ വിശ്വാസത്തിൽ പ്രോജ്ജ്വലിപ്പിച്ചതും എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നും ഒരു വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതിനുമുമ്പ് ദൈവജനം മുഴുവന്റേയും വിശുദ്ധിക്കുവേണ്ടി യത്നിക്കുവാനുള്ള വിശുദ്ധരുടെ ഒരു സമൂഹമായി ദൈവജനം മാറുവാനുമുള്ള തന്റെ അഭിലാഷം പ്രകടമാക്കുകയും അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി പ്രവൃത്തിപഥത്തിലാക്കുകയും ചെയ്ത വിശുദ്ധനാണദ്ദേഹം.

ഇന്ന് ആഗോള കത്തോലിക്കാ സഭയിലെ 21 പൗരസ്ത്യ സഭകളിൽ സീറോ മലബാർ സഭ അംഗങ്ങളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തെങ്കിലും ദൈവവിളിയുടെ കാര്യത്തിൽ ഇതര സഭകളിലേയ്ക്കുപോലും മിഷനറിമാരെ പ്രദാനം ചെയ്ത് സാർവ്വത്രിക സഭയെ സമ്പന്നയാക്കുന്ന ദൈവവിളികളുടെ വിളനിലമാണ്. ശരീരത്തിനാവശ്യമായ യാവന (ആഹാരം) നല്കുന്നതിനോടൊപ്പം ആത്മത്തിനാവശ്യമായ യാവനയും നല്കി മക്കളെ വളർത്തണമെന്നും തിരിച്ചറിവായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണമെന്നും അവർ പഠിക്കുന്നുണ്ടോ നല്ല കൂട്ടുകൂടിയാണോ നടക്കുന്നത് എന്ന് അന്വേഷിക്കണമെന്നും ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കതിൽ പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണമെന്നും, ദൈവഭയമാണ് കുടുംബത്തിന്റെ പ്രധാന സമ്പത്തെന്നുമൊക്കെ തന്റെ 'ചാവരുളി'ലൂടെ കേരളജനതയെ പഠിപ്പിച്ച ചാവറയച്ചൻ ദൈവഭയത്തിലും ദൈവശുശ്രൂഷയ്ക്കുള്ള ആത്മസമർപ്പണത്തിലും ഈ സഭാംഗങ്ങളെ വളർത്തിയതിന്റെ പരിണിതഫലമാണ് സഭയ്ക്കു കൈവന്ന ഈ വളർച്ചയും ദൈവവിളികളുടെ സമ്പന്നതയും.

## ദൈവവിളി രംഗത്തെ പ്രതിസന്ധികൾ

മേൽപ്പറഞ്ഞതിൽനിന്നും സ്ഥിതി ഇന്നു മാറിക്കൊണ്ടിരിക്കുകയാണ്. ദൈവവിളി സ്വീകരിച്ച് ദൈവത്തിനും ദൈവജനത്തിനുമായി തങ്ങളെത്തന്നെ ആത്മസമർപ്പണം ചെയ്ത് ജീവിക്കുക അഭികാമ്യമായി കരുതുന്നവരുടെ എണ്ണം പൊതുവേ കുറഞ്ഞുവരികയാണ്. ദൈവവിളി സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹനമോ പരിശീലനമോ നല്കുന്ന തങ്ങളുടെ മക്കളിൽനിന്ന് ദൈവവിളിയുണ്ടാകണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്ന മാതാപിതാക്കന്മാരുടെ എണ്ണംപോലും കുറയുകയാണ്. ദൈവവിളികളുടെ എണ്ണം കുറയുന്നു എന്നതിനേക്കാൾ അതിനോടുള്ള ആഭിമുഖ്യംതന്നെ കുറയുന്നു എന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. പെൺകുട്ടികളുടെ കാര്യത്തിലാണ് ഇത് ഏറ്റവുമധികം അനുഭവപ്പെടുക. സന്യാസ ജീവിതത്തെക്കുറിച്ച് സ്വന്തം മക്കളോട് സംസാരിക്കുന്നതിന് പ്രോത്സാഹിപ്പിക്കാത്ത മാതാപിതാക്കൾ, വൈദീകരേയും സന്യസ്തരേയും കാണുമ്പോൾ എന്നോട് ചോദിക്കരുതേ, പറയരുതേ എന്ന മട്ടിൽ ഒഴിഞ്ഞുമാറുന്ന കുട്ടികൾ എന്നിവയൊക്കെ കാണിക്കുന്നത് ഈ യാഥാർത്ഥ്യമല്ലേ? ദൈവവിളിയാഭിമുഖ്യം കുറയുന്നതിന് കാരണമായി പൊതുവേ ചൂണ്ടി കാണിക്കപ്പെടുന്ന സംഗതികൾ മക്കളുടെ എണ്ണത്തിലുള്ള കുറവ്, അവരോടുള്ള അമിത പ്രതിപത്തി, ലാളന, ഏത് ഇഷ്ടവും സാധിച്ചുകൊടുക്കുന്ന രീതി, മക്കളുടെ ഇഷ്ടാനുഷ്ടങ്ങൾ കുടുംബത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന അവസ്ഥ, ഉള്ള മക്കളെത്തന്നെ എൻജിനീയറോ, ഡോക്ടറോ, അതുപോലെയുള്ള സ്ഥാനമാനങ്ങളോ നേടുന്നതിനു കൊടുക്കുന്ന പ്രേരണ, തങ്ങൾക്ക് ലഭിക്കാതെപോയ പേരും പെരുമയും മക്കളിലൂടെ നേടിയെടുക്കാനുള്ള അഭിവാഞ്ഛ, മാദ്ധ്യമങ്ങളുടെ അമിത സ്വാധീനം, സ്വാതന്ത്ര്യേച്ഛ, സുഖലോലുപത, എപ്പോഴും സന്തോഷം മാത്രം കാംക്ഷിക്കുന്ന ആനന്ദമാത്രവാദം, ഉയർന്ന സാമ്പത്തിക ഭദ്രതയും നേട്ടങ്ങളും തേടി വിദേശങ്ങളിലേയ്ക്ക് നീങ്ങുവാനുള്ള പ്രേരണ, അതിനുള്ള വിശാലമായ സാദ്ധ്യതകൾ തുടങ്ങിയവയാണ്. ചുരുക്കത്തിൽ ഭൗതിക സുഖങ്ങളും

സന്തോഷങ്ങളും അനുഭവിച്ച് ലോകത്തിന്റേതായ നേട്ടങ്ങൾ കൊയ്ത് 'അടിപൊളിയായി' ജീവിക്കുവാനുള്ള തൃഷ്ണയാണ് ബഹുഭൂരിപക്ഷത്തേയും നയിക്കുക. സുവിശേഷത്തിലെ ഭോഷനായ ധനികനെപ്പോലെ ഈ ലോകത്തിനപ്പുറമുള്ള സൗഭാഗ്യത്തിലെത്തുന്നതിനേക്കാൾ ഈ ലോകത്തിൽ തന്നെ എല്ലാ സൗഭാഗ്യവും അനുഭവിക്കാനുള്ള നെട്ടോട്ടം. ഈ നെട്ടോട്ടത്തിനിടയിൽ ജ്വലിക്കുന്ന പ്രകാശത്തിൽ ആകൃഷ്ടരായി പറന്നടുക്കുന്ന പ്രാണികൾ ചിറകുകരിഞ്ഞ് നിസ്സഹായരായി വീഴുന്നതുപോലെ, ജീവജലത്തിന്റെ ഉറവയായ ദൈവത്തെവിട്ട് എന്നും ജീവജലം നല്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ തേടുന്ന ഹതഭാഗ്യരെപ്പോലെ അനേകംപേർ മാറുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. തകർന്നടിഞ്ഞ ജീവിതങ്ങൾ, പൊട്ടിപ്പോയ ബന്ധങ്ങൾ, സമ്പത്തും സ്ഥാനമാനങ്ങളും ആവോളം നേടിയിട്ടും ആത്മസമാധാനവും ശാന്തിയും അനുഭവിക്കാൻ കഴിയാത്തവർ. ഇതിന്റെയെല്ലാം മദ്ധ്യത്തിലും ''ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം'' എന്ന തിരുവെഴുത്തിന്റെ പൊരുൾ ഗ്രഹിക്കാതെ ആത്മീയാന്ധതയിലേയ്ക്ക് മനുഷ്യൻ വഴുതിപ്പോകുന്നു എന്നതാണ് ഏറ്റവും പരിതാപകരമായ അവസ്ഥ. ക്രിസ്തുവിനെപ്രതി, അവിടുത്തെ സുവിശേഷത്തെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുമ്പോഴാണ് യഥാർത്ഥത്തിൽ അത് നേടുന്നത് എന്ന് ഗ്രഹിക്കാൻ കഴിയാത്ത അവസ്ഥ!

ദൈവവിളിയുടെ മേഖലയിൽ സഭ ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ദൈവവിളി സ്വീകരിച്ച് വരുന്നവരിൽത്തന്നെ കാണുന്ന ലക്ഷ്യബോധത്തിന്റെ, സമർപ്പണചൈതന്യത്തിന്റെ, ത്യാഗാരൂപിയുടെ, വിശ്വാസത്തിന്റെ, ദൈവാനുഭവത്തിന്റെയൊക്കെ കുറവാണ്. നീണ്ട വർഷങ്ങളിലെ പരിശീലനത്തിനുശേഷവും ഗുണമേന്മ വർദ്ധിക്കുന്നതായി അധികം അനുഭവപ്പെടുന്നില്ല. സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത മിശിഹായുടെ പിന്നാലെയാണ് തങ്ങൾ നടക്കേണ്ടതെന്ന ഓർമ്മയുടെ കുറവ്, ലോകത്തിൽ ലോകത്തിന്റേതല്ലാതെ ലോകത്തിനുവേണ്ടി ആത്മദാനം ചെയ്തു ശുശ്രൂഷകരായി

വർത്തിക്കേണ്ടവരാണ് തങ്ങളെന്ന സമർപ്പണ ഭാവത്തിന്റെ അഭാവം തിരുസ്സഭയുടെ, ദൈവജനത്തിന്റെ ആവശ്യങ്ങളിലേയ്ക്കിറങ്ങി അവർക്കുവേണ്ടി സ്വയം വ്യയം ചെയ്യപ്പെടേണ്ടവരാണ് തങ്ങളെന്ന ബോദ്ധ്യത്തിന്റെ കുറവ്, ദൈവസ്നേഹത്താൽ പ്രേരിതരായി ദൈവരാജ്യമായ മിശിഹായ്ക്കും, അവിടുത്തെ സുവിശേഷാധിഷ്ഠിത മൂല്യങ്ങൾക്കും തിരുസഭയുടെ വിശുദ്ധിക്കും സാക്ഷ്യം വഹിക്കേണ്ടവരാണെന്നുമുള്ള ബോദ്ധ്യങ്ങളിൽനിന്ന് ഉരുത്തിരിയാത്ത ജീവിത ശൈലിയുടെ അഭാവം തുടങ്ങിയവ ദൈവവിളി സ്വീകരിച്ചവരെ സുഖലോലുപതയിലേയ്ക്കും ഭൗതീകതയിലേയ്ക്കും, ലൗകീക മൂല്യങ്ങളുമായി ഒത്തുചേർന്നുപോകുന്നതിലേയ്ക്കും നയിക്കുന്നു. ദൈവരാജ്യത്തിന്റെ വിസ്തൃതിയേക്കാൾ സ്വാർത്ഥതാല്പര്യങ്ങളും, സ്വന്തം സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും നിലനില്പിനും കാര്യക്ഷമതയ്ക്കും, വളർച്ചയ്ക്കും വേണ്ടിയുള്ള മുൻഗണനകളും സമർപ്പിതരെ നയിക്കുമ്പോൾ സമർപ്പിത ജീവിതം അതിന്റെ ലക്ഷ്യത്തിൽനിന്നും വഴിമാറുകയാണ്. പലർക്കും താൻ എന്തിനുവേണ്ടി ഇവിടെ വന്നു, എന്തു ഉദ്ദേശ്യങ്ങൾക്കായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു എന്നതു തന്നെ ബോദ്ധ്യമില്ലാതെ യാന്ത്രികമായി കുറെ ഭക്ത കൃത്യങ്ങളനുഷ്ഠിച്ചും, കുറെ ജോലികൾ ചെയ്തും മുന്നോട്ടു നീങ്ങുന്നതിന് ഇടയാകുന്നു. അപ്പോൾ തങ്ങൾ എന്തായിരിക്കണം എന്നതിനേക്കാൾ ചെയ്യുന്ന ജോലികളിലാണ് ശ്രദ്ധിക്കപ്പെടുക. മറ്റുവാക്കിൽ ദൈവവിളിയുടെ ലക്ഷ്യം വിളിക്കുള്ളിലെ വിളി, എന്നിവ എന്തെന്ന് ഗ്രഹിക്കുന്നില്ല. ഗ്രഹിച്ചാൽതന്നെ അത് അനുവർത്തിക്കാനുള്ള ധീരത പലരും പ്രകടമാക്കുന്നില്ല. അതിനുള്ള പരിശീലനമോ, പ്രാപ്തിയോ പലരും ആർജ്ജിക്കുന്നില്ല. മറ്റുചിലർ ത്യാഗപൂർവ്വം തുനിഞ്ഞിറങ്ങാനുള്ള സന്നദ്ധതയോ ആവേശമോ പ്രദർശിപ്പിക്കുന്നില്ല. ഞങ്ങൾ ദൈവവിളി സ്വീകരിച്ച് ഇറങ്ങിപ്പോന്ന കാലത്തെ സാഹചര്യങ്ങളും ആവശ്യങ്ങളും നീണ്ട വർഷങ്ങളിലെ പരിശീലനശേഷം കടന്നുചെല്ലുന്ന കാലത്തെ ആവശ്യങ്ങളും സാഹചര്യങ്ങളും തമ്മിലുള്ള വിടവും ചിലരെ നിഷ്ക്രിയരാക്കുന്നു. സ്വന്തം സുരക്ഷിതത്വത്തിലേയ്ക്ക് വലിയാൻ പ്രേരണയാകുന്നു.

സമർപ്പിതജീവിതത്തെ വെല്ലുവിളിയായി ലോകസമക്ഷം അവതരിപ്പിക്കാൻ ഇക്കൂട്ടർക്ക് സാധിക്കുന്നില്ല എന്നതാണ് ഇവിടുത്തെ പരാജയം. വെല്ലുവിളിയുടെ അഭാവം യുവ ഹൃദയങ്ങളെ ആകർഷിക്കുന്നതിന് പര്യാപ്തമാവുകയില്ലല്ലോ.

വിശ്വാസത്തിൽ ആഴമില്ലാത്തവരും മുറിവേറ്റ വ്യക്തിത്വം ഉള്ളവരും ജീവിത സുരക്ഷിതത്വവും സമൂഹത്തിൽ ആദരണീയമായ സ്ഥാനവും കാംക്ഷിക്കുന്നവരും, സ്വാർത്ഥമതികളും സ്വാതന്ത്ര്യേച്ഛുക്കളും ഒക്കെയായി വികലമാക്കപ്പെട്ട വ്യക്തിത്വങ്ങൾ ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമായോ സുരക്ഷിതത്വം തേടിയോ ഈ ജീവിതാവസ്ഥയിലേയ്ക്ക് കടന്നുവന്നാലും കാലക്രമേണ നന്നായിക്കൊള്ളും എന്നു വിചാരിച്ച് അനർഹരെ ഇതിലേയ്ക്ക് സ്വീകരിച്ചാലും ഫലം നിരാശാജനകമാണ്. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള തത്രപ്പാടിൽ യഥാർത്ഥ ദൈവവിളി ഇല്ലാത്ത മേല്പറഞ്ഞ വിധമോ മറ്റുതരത്തിലോ അനർഹരായവർ ഇവിടെ സ്വീകരിക്കപ്പെടാനും ഇടയുണ്ട്.· ഈവിധം സമർപ്പിത ജീവിതം ആഗ്രഹിക്കുന്നവരും അവരെ പ്രോത്സാഹിപ്പിച്ച് സ്വീകരിക്കുന്നവരും ഒരുപോലെ ദൈവവിളി രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുകയാണ്.

യഥാർത്ഥത്തിൽ ദൈവവിളി ഉണ്ടായിട്ടും അതിനോട് വിശ്വസ്തത പുലർത്താതെ ആർക്കായി ജീവിതം സമർപ്പിച്ചുവോ ആ ദൈവത്തിൽനിന്നകന്ന് സ്വന്തം ദൈവവിളിയെ നഷ്ടപ്പെടുത്തുന്നവരുമുണ്ട്. മേൽപ്പറഞ്ഞതിന്റെയൊക്കെ അനന്തര ഫലങ്ങളാണ് അവിടേയും ഇവിടേയുമായിക്കാണുന്ന ദൈവവിളി ഉപേക്ഷിക്കലും ഒളിച്ചോട്ടങ്ങളുമൊക്കെ. ഇങ്ങനെയുള്ള കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതും ദൈവവിളി സ്വീകരണത്തിൽനിന്ന് യുവഹൃദയങ്ങളെ അകറ്റിനിർത്താറുണ്ട്.

വലിയ ത്യാഗത്തോടും ആഗ്രഹത്തോടും ആദർശങ്ങളോടും ലക്ഷ്യങ്ങളോടുംകൂടെ ആരംഭിച്ച സമർപ്പിത ജീവിതത്തിൽ പ്രതീക്ഷകൾക്കൊത്ത് വളരാൻ കഴിയാത്തപ്പോൾ ദുർമാതൃകകളും പോരായ്മകളും കാണുമ്പോൾ ഉണ്ടാകുന്ന ആന്തരീക സംഘർഷവും ദൈവവിളി സ്വീകരിച്ചവരെ ബാധിക്കുന്ന പ്രതിസന്ധിയാണ്. ആദർശം ഒരു വശെ, പ്രയോഗം മറ്റൊരു വശമായി അവർ കാണുന്നു. നേതൃത്വത്തിൽ ഉള്ളവരിൽത്തന്നെ കാണുന്ന പോരായ്മകൾ

സമർപ്പിത ജീവിതത്തിലുള്ള വിശ്വാസ്യത നഷ്ടപ്പെടാനും അതിനെ വിലയിടിച്ച് കാണാനും ഇടവരുത്തുന്നു. പുതിയ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള താല്പര്യം കെടുത്തുന്നു. സമർപ്പിത ചൈതന്യത്തെ ചോർത്തിക്കളയുന്ന ഈ പ്രതിസന്ധിയിൽ വ്യക്തികൾ അസംതൃപ്തരും അസ്വസ്ഥരും ആകുലരുമായി തീരുന്നു. മാനസിക - വൈകാരിക സംഘർഷങ്ങൾക്കും, ശാരീരിക ബലക്ഷയത്തിനുതന്നെയും ഇത് ഇടവരുത്തുന്നു. ആത്മ നവീകരണത്തിനും സമൂഹനിർമ്മിതിക്കും പകരം മറ്റുള്ളവരുടെ പോരായ്മകളിലേയ്ക്ക് തിരിഞ്ഞ് വിമർശകരായി ഇക്കൂട്ടർ മാറുന്നു. ദൈവവിളിയുടെ ഔന്നത്യവും അതിന്റെ ദൈവീക സ്വഭാവവും മൺ പാത്രങ്ങളിലാണ് ഈ നിധി നല്കപ്പെട്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യവും ഗ്രഹിക്കാൻ സാധിക്കാത്ത ദുർബലരും എന്നാൽ ശുദ്ധഗതിക്കാരും ആദർശവാദികളുമായ ഇക്കൂട്ടരും ദൈവവിളി രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നവരായി മാറുന്നു. യുവഹൃദയങ്ങളെ പ്രചോദിപ്പിക്കാനും ധീരതയോടെ പ്രതിസന്ധികളെ അഭിമുഖീകരിച്ച് കർത്തൃ ശുശ്രൂഷയ്ക്കായ് ജീവിതം സമർപ്പിക്കാൻ അവരെ ആഹ്വാനം ചെയ്യാനും പ്രാപ്തരല്ലാതായിത്തീരുന്നു. ഈ പരാജയവും ദൈവവിളി രംഗത്തെ മറ്റൊരു പ്രതിസന്ധിയാണ്. ചുരുക്കത്തിൽ സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളി ഒരു വെല്ലുവിളിയായി, ഏറ്റവും അഭികാമ്യമായി യുവ ഹൃദയങ്ങൾക്ക് തോന്നുന്നില്ല. അതിനുള്ള മേല്പറഞ്ഞ പ്രതിസന്ധികളേയും കാരണങ്ങളേയും ഇപ്രകാരം സംഗ്രഹിക്കാം

- സുവിശേഷത്തിലെ ക്രിസ്തുവിനെപ്പോലെ ശൂന്യവല്ക്കരണത്തിന്റെ പാതയിലൂടെ സമർപ്പിതർ നീങ്ങുന്നതായി ദൈവജനത്തിന് അനുഭവമാകുന്നില്ല.
- ജീവിത വിശുദ്ധിയുടെ, സാക്ഷ്യത്തിന്റെ കുറവ്
- തങ്ങൾക്കുവേണ്ടിയാണ് ഇവർ ജീവിക്കുന്നതെന്നും സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ ഇവർക്ക് ഇല്ലെന്നും ഉള്ള അനുഭവം ദൈവജനത്തിന് പകരാൻ സമർപ്പിതർ പരാജയപ്പെടുന്നു.

- മനുഷ്യത്വത്തിന്റേയും ജീവിതലാളിത്യത്തിന്റേയും കുറവ്

- വിളിയുടെ ലക്ഷ്യത്തെക്കുറിച്ചുള്ള ആഴമായ അവബോധമില്ലായ്മയും വിളിക്കുള്ളിലെ വിളി കണ്ടെത്തുന്നതിലുള്ള പരാജയവും

- എല്ലാറ്റിലുമുപരി, അനശ്വര നിധിയായ ദൈവത്തെ കണ്ടെത്തിയതിലുള്ള ആനന്ദം അനുഭവിക്കാനാവുന്നില്ല. അതിന്റെ കുറവ് ഭൗതിക സുഖസന്തോഷങ്ങളെ, നേട്ടങ്ങളെ ഉച്ഛിഷ്ടംപോലെ കരുതുന്നതിൽനിന്ന് പിൻതിരിപ്പിക്കുന്നു.

## *ചാവറയച്ചന്റെ ദൈവവിളി പ്രതിസന്ധികളും വെല്ലുവിളികളും*

മേല്പറഞ്ഞ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ചാവറയച്ചന്റെ ദൈവവിളിയുടെ പ്രസക്തിയും അദ്ദേഹത്തിന്റെ ജീവിതം യുവഹൃദയങ്ങളുടെ മുമ്പിൽ വയ്ക്കുന്ന വെല്ലുവിളികളും നാം കാണേണ്ടത്. ഒരു വെച്ചൂർ പള്ളിയിൽ മറ്റു പല ശിശുക്കളെയുംപോലെ പരി. മാതാവുവഴി ദൈവത്തിനു സമർപ്പിക്കപ്പെട്ട കുറിയാക്കോസ് എന്ന പൈതലിന്റെ ഉള്ളിൽ 'ഇനിമേലിൽ നീ ഇവളുടെ പുത്രനല്ല ദൈവമാതാവിൻ പുത്രനാണ്' എന്ന് വൈദീകൻ പറഞ്ഞ വചനം അന്ന പാനീയങ്ങളോടൊപ്പം പെറ്റമ്മയിലൂടെ പല ആവർത്തി കേൾക്കപ്പെടുമ്പോൾ അഭൗമീകമായ ഒരു ലോകത്തിലേയ്ക്ക്, ബന്ധങ്ങളിലേയ്ക്ക് ആത്മസമർപ്പണത്തിന്റെ മേഖലയിലേയ്ക്ക് ആ ബാലൻ നടന്നുകയറുകയായിരുന്നു. 11-ാം വയസിൽ മാതാപിതാക്കളുടെ കണ്ണീരുകളുടെ മദ്ധ്യേകൂടി പുരോഹിത വൃത്തിക്കായി ഇറങ്ങി പുറപ്പെട്ട ആ ബാലൻ വിധി വൈപരീത്യത്തിനുമുമ്പിൽ – അപ്പൻ, അമ്മ, ജ്യേഷ്ഠൻ എന്നിവരുടെ ആകസ്മീക മരണത്തിനുമുമ്പിൽ – തകരാതെ പതറാതെ നിന്നത് ഈ ആത്മബന്ധത്തിന്റെ ബലത്തിലാണ്. കുടുംബം അന്യംനിന്നു പോകാതിരിക്കാൻ കുടുംബത്തിലെ ഏക ആൺതരിയായി അവശേഷിച്ച കുറിയാക്കോസിനെ സ്വന്തക്കാർ വീട്ടിലേയ്ക്ക് കൊണ്ടുപോയെങ്കിലും "കർത്താവാണെന്റെ ഓഹരിയും

പാനപാത്രവും'' എന്ന് ഉറച്ച് വിശ്വസിച്ച്, പ്രഖ്യാപിച്ച് ആ പ്രതിസന്ധിയെ അദ്ദേഹം തരണം ചെയ്തു. സ്വന്തം കുടുംബത്തിന്റെ സുസ്ഥിതിയും നിലനില്പിനേയുംകാൾ ഈ ലോകത്തിൽ തനിക്കാർജ്ജിക്കാൻ കഴിയുന്ന സമ്പത്തിനേയും സന്താനങ്ങളേയുംകാൾ അഭികാമ്യമായി സ്വന്തമായി അദ്ദേഹം കരുതിയത് കർത്താവ് തന്റെ വിലയേറിയ രക്തം ചിന്തി രക്ഷിച്ചെടുത്ത സഭയെ ആണ്.

ശുദ്ധ. മാർതോമാശ്ലീഹായിൽനിന്നും വിശ്വാസം കൈക്കൊണ്ട ഈ സഭ 19 നൂറ്റാണ്ടുകളായിട്ടും പേർവിളിക്കപ്പെട്ട വിശുദ്ധരെ ഉൽപാദിപ്പിക്കാതെ മച്ചിയായി നിലകൊണ്ടതിൽ അദ്ദേഹം ദുഃഖിച്ചു. ഇവിടെ പുണ്യ സങ്കേതങ്ങളായി കൊവേന്തകളോ കന്യാസ്ത്രി മഠങ്ങളോ ഇല്ലാത്തതിലും അങ്ങനെ പുണ്യകണ്ടു പഠനത്തിന് മാർഗ്ഗങ്ങൾ ഇല്ലാത്തതിലും സമർപ്പിതരായ ആത്മാക്കളുടെ അഭാവത്തിൽ ഏറിയ നന്മകൾക്ക് വീഴ്ച വരുന്നതിലും അദ്ദേഹം ഖേദിച്ചു. മാത്രമല്ല അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് ജ്ഞാനപ്രകാശം നല്കുന്ന വിദ്യാലയങ്ങൾ നാട്ടിൽ ഇല്ലാത്തതിനാൽ ജ്ഞാന കുരുടത്വത്തിൽപ്പെട്ട് ജനം നട്ടം തിരിയുന്നതിൽ അദ്ദേഹം പരിതപിച്ചു. ഇവിടുത്തെ സഭാ നേതൃത്വമോ രാഷ്ട്രീയ നേതൃത്വമോ ചെയ്യാതെപോയ കാര്യങ്ങളെക്കുറിച്ച് ഒരു നിരീക്ഷകനെപ്പോലെ വിമർശകനെപ്പോലെ പഴിചാരി അദ്ദേഹം സ്വയം സംതൃപ്തിയടഞ്ഞില്ല. പകരം ദൈവത്തിന്റെ സഭയെ വിശുദ്ധരാൽ പുഷ്പിണിയാക്കാൻ, പുണ്യസങ്കേതങ്ങളാൽ ധന്യമാക്കാൻ, ജ്ഞാനപ്രകാശത്താൽ ഈ നാടിനെ പ്രബുദ്ധമാക്കാൻ, വിശ്വാസത്തെ പ്രോജ്ജ്വലമാക്കാൻ, സമത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സാഹോദര്യത്തിന്റേയും വെന്നിക്കൊടി ഉയർത്താൻ എല്ലാവരേയും ദൈവമക്കളായി കണ്ട് മനുഷ്യമഹത്വം ഉയർത്താൻ തന്റെ ജീവിതം ഒരു ബലിയാക്കിത്തീർക്കാൻ അദ്ദേഹം അഭിലഷിച്ചു. കർത്താവ് തന്റെ വിലതീരാത്ത ചോര ചിന്തി രക്ഷിച്ച ഒരാത്മാവുപോലും നശിച്ച്പോകരുതെന്നു മാത്രമല്ല അവരെയെല്ലാം ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ, സമ്പന്നതയിൽ വളർത്തിയെടുക്കാൻതന്നെ അദ്ദേഹം ആഗ്രഹിച്ചു. അതിനായി തന്റെ ദൈവവിളിയിൽ

പ്രതിബന്ധമായിവന്ന എല്ലാറ്റിനേയും മറികടന്ന് ആ യുവാവ് കുടുംബത്തിന്റെ പടി വീണ്ടും പിന്നിട്ട് കടന്നുവന്നു- സഭാമാതാവിന്റെ മടിത്തട്ടിലേയ്ക്ക് പരി. കന്യകയുടെ ദാസപദത്തിലേയ്ക്ക്, ദൈവപിതാവിന്റെ പുത്രനായി അവിടുത്തെ ഹൃദയത്തിലേയ്ക്ക്, ദൈവപുത്രനായ മിശിഹായുടെ വിവാഹ പന്തലായ കാൽവരിയിലേയ്ക്ക്. ഫലമോ? ദൈവാരൂപി നിറഞ്ഞവനായി കർത്താവിന്റെ അഭിഷിക്തനായി പുറത്തേയ്ക്കുവന്നു. സവർണ്ണൻ എന്നോ അവർണ്ണനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ, കത്തോലിക്കനെന്നോ, അകത്തോലിക്കനെന്നോ, ശത്രുവെന്നോ, മിത്രമെന്നോ, ഭേദം കൂടാതെ ദൈവജനത്തിന് വിമോചകനായി, കേരള സഭയുടെ സമുദ്ധാരകനായി. ഒരു സന്യാസിയും വൈദീകനുമെന്ന നിലയിൽ 40, 42 വർഷങ്ങളിലെ അദ്ദേഹത്തിന്റെ ജീവിതംകൊണ്ട് ഈ നാട്ടിൽ അദ്ദേഹം സമാരംഭം കുറിച്ച നൂതനമായ സംരംഭങ്ങളിലൂടെ വിശ്വാസികളുടേയും അവിശ്വാസികളുടേയും മുമ്പിൽ മലയോരങ്ങളിൽ പ്രാർത്ഥിക്കുകയും ജനങ്ങളോട് ദൈവരാജ്യം പ്രസംഗിക്കുകയും......... പിതാവിന്റെ അഭീഷ്ടം നിറവേറ്റുകയും ചെയ്ത ക്രിസ്തുവിന് (തിരുസഭ 46) അദ്ദേഹം സാക്ഷ്യം നല്കി. എത്രയോ വ്യക്തമായ ദൈവവിളി ദർശനം! സഭാത്മകമായ ജീവിതം!

പ്രതിസന്ധികളിലൂടെ മാറ്റുരയ്ക്കപ്പെട്ട അദ്ദേഹത്തിന്റെ ദൈവവിളി ഒരു സഭയുടേയും സമുദായത്തിന്റേയും രക്ഷയായിത്തീർന്നു. ഒരു അബ്രാഹത്തിന്റെ വിളി പോലെ ഒരു മോശയുടെ വിളിപോലെ അദ്ദേഹം ഈ ജനത്തിന് അനുഗ്രഹമായി, വിമോചകനായി, സീറോ മലബാർ സഭയിലെ സമർപ്പിതരുടെ മുഴുവൻ പൂർവ്വികനായി അജ്ഞതയുടെ അന്ധകാരത്തിൽ കഴിഞ്ഞ ജനത്തിന് ഒരു പ്രകാശഗോപുരമായി. വിശുദ്ധരില്ലാതെ മച്ചിയായിക്കഴിഞ്ഞ സഭാംബികയെ സ്വജീവിത വിശുദ്ധിയാൽ പുഷ്പിണിയാക്കി. 'സമർപ്പിത ജീവിതത്തിന്റെ ലക്ഷ്യം തിരുസഭയുടെ വിശുദ്ധിയുടെ പൂർണ്ണവികാസമായിരിക്കണം'. (തിരുസഭ 47) എന്ന തിരുസഭയുടെ ഉദ്ബോധനം അങ്ങനെ തന്നിലൂടെ സാർത്ഥകമാക്കി.

വിളിക്കുള്ളിലെ വിളി കണ്ടെത്തിയവനായിരുന്നു ചാവറപിതാവ്. ഒരു കുർബാനയും ചൊല്ലി ഏതാനും കുമ്പസാരിപ്പിക്കലും നടത്തി, വ്രതവും കാത്ത് സ്വന്ത ആത്മരക്ഷയും ശരീരസൗഖ്യവും നോക്കി ഒരു ഭക്തജീവിതമോ സുഖജീവിതമോ നയിക്കാൻവേണ്ടി പൗരോഹിത്യ - സന്യാസ ദൈവവിളികൾ സ്വീകരിച്ചവനായിരുന്നില്ല. അദ്ദേഹം. തന്റെ കാലത്തെ ജനത്തിന്റെ യഥാർത്ഥ അവസ്ഥ അവരുടെ ഇടയിലേയ്ക്കിറങ്ങി കണ്ടെത്തിയവൻ, കാലത്തിന്റെ പ്രത്യേകതകൾ, ജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞവൻ ഇവയുമായി ദൈവസന്നിധിയിലേയ്ക്ക് കടന്നുചെന്ന് പരിഹാരമന്വേഷിച്ചവൻ. പരി. കുർബ്ബാനയുടെ മുമ്പിൽ കണ്ണീരോടെ തന്റെ ജനത്തിനുവേണ്ടി നീണ്ട മണിക്കൂറുകൾ മുട്ടിന്മേൽതന്നെ നിലകൊണ്ടവൻ! തീവ്രതയാർന്ന ആ സ്നേഹസംഭാഷണത്തിന്റെ വേളയിൽ തന്റെ ജനത്തിനുവേണ്ടിയുള്ള രക്ഷയുടെ വഴികൾ ദൈവം അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നുകാട്ടി. ആ വഴികളെ വെട്ടിത്തുറക്കാൻ അദ്ദേഹം തുനിഞ്ഞിറങ്ങി. അതുകൊണ്ടുതന്നെ അദ്ദേഹം ഇന്നും ജീവിക്കുന്നു. അനുയായികളിലൂടെ യുഗദൗത്യം നിറവേറ്റുന്നു. തിരുസഭയുടെ ഹൃദയത്തിൽ തന്നെയാണ് സമർപ്പിത ദൈവവിളിയുടെ സ്ഥാനമെന്ന് (V.C. 3) സ്വജീവിതത്തിലൂടെ തെളിയിച്ചിരിക്കുന്നു. ഉലയിൽ ഉരുക്കിയ സ്വർണ്ണംപോലെ മാറ്റുരയ്ക്കപ്പെട്ട ഒരുത്തമ ദൈവവിളി ജീവിച്ചതിന്റെ ധന്യത! നീ ഒരു അനുഗ്രഹമായിരിക്കും എന്ന് അബ്രാഹത്തോടരുളിയ ദൈവവചനം ചാവറയച്ചനിലും അങ്ങനെ അന്വർത്ഥമായി അദ്ദേഹത്തിന്റെ ബഹുമുഖങ്ങളായ സംഭാവനകൾ മാത്രമല്ല ആ ജീവിതത്തിന്റെ വിശുദ്ധിതന്നെ ഇതിന് ഉപോൽബലകമാണ്.

## ഇന്നിന്റെ വെല്ലുവിളിദൗത്യം

സമർപ്പണചൈതന്യം നിറഞ്ഞുനിന്ന ഒരു ദൈവവിളിയുളവാക്കിയ സദ്ഫലങ്ങൾ കാലദേശങ്ങളെ ഉല്ലംഘിക്കുന്ന ഒന്നാണെങ്കിൽ പതിനായിരക്കണക്കിന് ദൈവ വിളികളുള്ള ഈ സഭയുടെ അവസ്ഥ എന്താകേണ്ടതായിരുന്നു-? ഇവിടെയാണ് ദൈവവിളിയുടെ ഈറ്റില്ലം എന്നഭിമാനിക്കുന്ന നമ്മുടെ

സഭയിലെ ദൈവവിളികളുടെ തിരഞ്ഞെടുപ്പിലും പരിപോഷണത്തിലും നാം പുലർത്തേണ്ട ശ്രദ്ധയും പരിഗണനയും പ്രസക്തമാവുക. ചാവറയച്ചന്റെ വിളിയുടെ ധന്യതയും ഇന്നു ദൈവവിളി രംഗത്ത് അനുഭവിക്കുന്ന പ്രതിസന്ധികളും പരിഗണിക്കുമ്പോൾ നാം ചെന്നെത്തിനില്ക്കുക ഒന്നാമതായി കുടുംബത്തിലാണ്. 'വിത്തുഗുണം പത്തുഗുണം' നല്ല മാതാപിതാക്കളിൽനിന്നേ നല്ല മക്കളും നല്ല ദൈവവിളികളും ഉണ്ടാകൂ. കുടുംബമാണ് പ്രഥമ സെമിനാരി എന്ന് ജോൺ പോൾ രണ്ടാമൻ പറയുന്നുണ്ട്. ഇന്ന് ദൈവവിളിയിൽ പ്രതിസന്ധികൾ അനുഭവപ്പെടുന്നെങ്കിൽ ഉത്തമമായ ദൈവവിളികൾ കുറയുന്നെങ്കിൽ, ഉള്ള ദൈവവിളികൾ തന്നെ അപര്യാപ്തമായും ഗുണമേന്മയില്ലാത്തതായും തോന്നുന്നെങ്കിൽ ഒന്നേ പരിഹാരമുള്ളൂ. വിശുദ്ധിയെ ലക്ഷ്യമാക്കി ജീവിക്കുവാനും പ്രവർത്തിക്കുവാനും തല്പരരായ, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വിശ്വാസത്തിലും, ദൈവപരിപാലനയിലും അടിയുറച്ച് ജീവിക്കുന്നവരായ, ഭൗതിക സമ്പത്തിനേയും ബന്ധങ്ങളേയുംകാൾ ദൈവത്തെ അനശ്വര സമ്പത്തായി കരുതുന്നവരായ ദൈവഭയമുള്ള കുടുംബങ്ങളെ വളർത്തിയെടുക്കുക.

ദൈവവിളികളുടെ പരിപോഷണത്തിലും കൂടുതൽ ദൈവവിളികൾ ഉളവാകുന്നതിലും സന്യാസ സമൂഹങ്ങൾക്കുള്ള പങ്കും സുപ്രധാനമാണ്. ദൈവദാനമാണ് ദൈവവിളിയെങ്കിലും ഈ ദൈവീക ദാനത്തെ ദാതാവിന്റെ ഇംഗിതത്തിനും ആഗ്രഹത്തിനുമനുസൃതം പരിപോഷിപ്പിക്കുക എന്നത് സന്യാസ സമൂഹങ്ങളുടെ കടമയാണ്. ദൈവവിളി സ്വീകരിച്ച് വരുന്നവരെ ശരിയായ ലക്ഷ്യത്തിലേയ്ക്ക് നയിക്കാനും പ്രബോധനങ്ങളിൽ മാത്രമല്ല മാതൃകയും നല്കി വളർത്താനുമുള്ള സന്യാസ സമൂഹാംഗങ്ങളുടെ ഉത്തരവാദിത്വവും വിസ്മരിക്കാവതല്ല. മൗലികമായവിധം ശിഷ്യത്വം ജീവിക്കാനുള്ള ആഹ്വാനമാണ് സന്യാസ - പൗരോഹിത്യ ദൈവവിളി ആവശ്യപ്പെടുക. അതുകൊണ്ടുതന്നെ സുവിശേഷത്തിലെ ക്രിസ്തുവിന്റെ മാതൃകയ്ക്കൊത്തവിധം ദൈവത്തോടൈക്യപ്പെട്ടും

മനുഷ്യത്വത്തിന്റേയും സ്നേഹത്തിന്റേയും ചൈതന്യത്തിൽ സമൂഹത്തിന്റെ മുഖ്യ ധാരയിൽനിന്നകറ്റപ്പെട്ട പീഡിതരും ചൂഷിതരുമായവരോട് താദാത്മ്യപ്പെട്ടും അവർക്കുവേണ്ടി നിലകൊള്ളുന്ന രീതിയിലുള്ള ലളിതവും നീതിനിഷ്ഠവും സൗഹാർദ്ദപരവുമായ ജീവിതശൈലി അനുവർത്തിക്കാനും അവർ കടപ്പെടുന്നു. തങ്ങൾക്കുവേണ്ടിയല്ല ഞങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാണ് സമർപ്പിതരായ ഈ വ്യക്തികൾ എന്ന് സാമാന്യജനത്തിന് അനുഭവത്തിൽനിന്ന് പറയാനുതകുന്ന ഒരു ജീവിതസാക്ഷ്യം നല്കാൻ തക്കവിധം ദൈവവിളി ജീവിക്കാൻ വിളിക്കപ്പെട്ടവരെ ഒരുക്കുക, പ്രചോദിപ്പിക്കുക, നയിക്കുക എന്നതാണ് സന്യാസ സമൂഹം ചെയ്യേണ്ടത്.

കൂടാതെ വൈദേശികമായ കെട്ടുപാടുകളും ജീവിത ശൈലികളും സുരക്ഷാസംവിധാനങ്ങളും മാറ്റിവച്ച് ഈ നാടിനും സംസ്കാരത്തിനും സാമാന്യജനത്തിനും അന്യരാകാത്ത മണ്ണിന്റെ മക്കളായി, ജീവിക്കാൻ തക്ക ഒരു ജീവിത ശൈലിയും രൂപപ്പെടേണ്ടതുണ്ട്. മൗലികമായ ഒരു മാറ്റം ഇതാവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞവിധം മൗലികമായി ശിഷ്യത്വം ജീവിക്കാൻ സമർപ്പിത വ്യക്തികൾ തയ്യാറാകുമ്പോൾ ദൈവജനത്തിനുമുമ്പിൽ ജീവിക്കുന്ന ക്രിസ്തുവായി, ക്രിസ്തുസാക്ഷികളായി മാറുമ്പോൾ ദൈവവിളികൾ വർദ്ധിക്കും. സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ഒന്നാമത്തെ ക്ഷണക്കത്ത് സമർപ്പിതരുടെ ജീവിതം തന്നെയാണല്ലോ. ഇതിനുള്ള പ്രചോദകനും മാതൃകയുമാണ് വാ. ചാവറയച്ചൻ. ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു വിശുദ്ധാത്മാവായി മറ്റുള്ളവരാൽ കരുതപ്പെട്ട സീറോ മലബാർ സഭയുടെ ആദ്യ നിയമാനുസൃത സന്യാസിയായ വാ. ചാവറയച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും ദൈവവിളി സ്വീകരിക്കാനും അത് ജീവിക്കാനും യുവഹൃദയങ്ങൾക്ക്, സമർപ്പിതരായവർക്ക് എന്നും ഒരു പ്രചോദനമാകട്ടെ!

---

***N.B.*** *സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരം എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽവച്ച് 2005 ജനുവരി 4-ാം തീയതി നടന്ന വാ. ചാവറജന്മ ദ്വിശതാബ്ദി ആഘോഷവേളയിൽ അവതരിപ്പിച്ച പ്രബന്ധം.*

# ധന്യസ്മരണകൾ

റീബാ എലിസബത്ത് ജോസഫ്
(പോസ്റ്റുലന്റ്)

ഭാരതതാതനാം മാർതോമ്മാശ്ലീഹാതൻ
ചെന്നിണം വീണ പവിത്ര ഭൂവിൽ
ജാതനായ് പുണ്യസാംഗോപാംഗമേറിയ
വലിയ പ്രിയോരിന്റെ ഗാഥയിതാ:
ചാവറവീട്ടിലെ നന്മകളെല്ലാം
കുഞ്ഞുനാൾ തൊട്ടു തൻ സ്വന്തമാക്കി
സ്നേഹമാം ദൈവത്തെ മെല്ലേ മെല്ലേ
തന്റെ സർവ്വസവുമായി സ്വീകരിച്ചു.
പാടവരമ്പിലൂടാമോദമായ് എന്നും
ദിവ്യബലിക്കായി പോകുംന്നേരം
സച്ചിദാനന്ദസ്വരൂപനാം ദൈവത്തി-
ന്നർപ്പിതനാകണമെന്നുറച്ചു.
സംപൂജ്യമാം ബലിവസ്തുവോടൊപ്പം ആ
നിശ്ചയമന്നവൻ കാഴ്ചവച്ചു.
'ആരെനിക്കായിപ്പോകു'മെന്ന പഴയൊരാ
ച്ചോദ്യത്തിനുത്തരം നിവ്യയെപ്പോൽ
ധീരനായേകീ, വിഘ്നങ്ങളെയെല്ലാം തൻ
ശുദ്ധീകരിക്കലായ് മാറ്റി നൂനം
കർത്താവിന്നഭിഷിക്തനായൊരുനാൾ മുതൽ
ദർശനഭവനത്തിനായ് ശ്രമിച്ചു
പാലയ്ക്കൽ, പോരൂക്കര, കണിയാന്തറയോടൊപ്പം
കേരളകർമ്മലതൻ വിത്തുപാകി.
നാരീജനത്തെ ഉണർത്തിയുയർത്തുവാൻ
ദൈവമാതാവിനെപ്പോലെയാക്കാൻ
മൂപ്പച്ചനോടൊപ്പം കൂനമ്മാവിൽ
കർമ്മലമഠത്തിനും രൂപമേകി
ദൈവപിതാവിന്റെ പൊന്നോമൽ പുത്രനായ്

ജീവിക്കാൻ യത്നിച്ചോരരോ മാത്രയും
താലന്തുകളെല്ലാം ദാതാവിനായ്ത്താൻ
വിശ്വസ്തനായെന്നും ഉപയോഗിച്ചു.
പള്ളിക്കൂടങ്ങൾ, അച്ചടിശാലയും
സ്നേഹനികേതനവും തുടങ്ങി
ശീശ്മയിൽനിന്നും കരേറ്റി നസ്രാണികളെ
സത്യവിശ്വാസത്തിലാനയിച്ചു
ഭക്തകർമ്മങ്ങൾ നവീനമാക്കി സഭയ്-
ക്കാത്മീയ ഭൗതീക ശാന്തിയേകി
പുണ്യപിതാവേ വണങ്ങീടുന്നങ്ങയെ
കേരളകർമ്മല മക്കൾ ഞങ്ങൾ
ലോകത്തിൻ ദീപമായ് ഭൂമിതന്നുപ്പുമായ് -
ത്തീരണം ഞങ്ങൾക്കുമങ്ങയെപ്പോൽ
കർമ്മലയമ്മതൻ സംരക്ഷണത്തിൽ,
പരിശുദ്ധ ത്രിത്വത്തിൻ കൂട്ടായ്മയിൽ
ധ്യാനകർമ്മങ്ങളിലൂടെ ദൈവത്തിന്
സമ്പൂർണ്ണമായ് സ്വയമർപ്പിക്കുവാൻ.
വിശുദ്ധരാകാൻ, സഹജാതരെയും പരി-
ശുദ്ധിയാം ദൈവത്തിലെത്തിച്ചീടാൻ
നല്ല താതാ നിന്റെ മദ്ധ്യസ്ഥശക്തിയാൽ
തുണയേകണേ ഞങ്ങൾക്കിന്നുമെന്നും.

# ചാവറ ക്വിസ്

സി. ആലീസ് ജെയ്നി

1 വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ജന്മദിനം?

2 ചാവറയച്ചൻ സ്വന്ത ഇടവകക്കാർക്ക് നല്കിയ മരണ ലിഖിതം?

3 ചാവറയച്ചന്റെ മനസിൽ കനലായി എരിഞ്ഞുകൊണ്ടിരുന്ന സ്വപ്നം?

4 ദൈവസ്നേഹത്തിന്റെ ചലിക്കുന്ന ഒരു പ്രതിരൂപം?

5 ആരിൽനിന്നാണ് ചാവറയച്ചൻ വൈദീകപട്ടം സ്വീകരിച്ചത്?

6 മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം?

7 മാന്നാനം കുന്നിന്റെ സുറിയാനി പേര് എന്ത്?

8 ചാവറയച്ചൻ സന്യാസ ജീവിത ശൈലിക്ക് തുടക്കം കുറിച്ചത് എന്ന്?

9 മലങ്കരസഭയുടെ ആദ്യത്തെ പൊതു സെമിനാരി?

10 ചാവറയച്ചന്റെ ക്ഷമാപൂർണ്ണമായ സഹനത്തെപ്പറ്റി മർസലിനോസ് മിഷനറി രേഖപ്പെടുത്തിയ പുസ്തകമേത്?

11 മാന്നാനം പ്രസിൽനിന്നും ആദ്യമായി പുറത്തുവന്ന പ്രാർത്ഥനാപുസ്തകം?

12 ഇവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ സിംഹമായിരിക്കും എന്ന് ചാവറയച്ചനെക്കുറിച്ച് പറഞ്ഞതാര്?

13 ചാവറയച്ചൻ സ്ഥാപിച്ച ആദ്യ കത്തോലിക്കാ അല്മായ ജീവകാരുണ്യസംഘടന?

14 പെൺപൈതങ്ങളുടെ ആഭരണമെന്തൊക്കെയാണെന്നാണ് ചാവറപിതാവ് ഓർപ്പിക്കുന്നത്?

15 ഹരിജനങ്ങളായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നല്കാൻ ആരംഭിച്ച പ്രസ്ഥാനം?

16 ചാവറയച്ചന്റെ സഭാംഗങ്ങൾ തങ്ങളുടെ മുഖ്യ

പ്രേഷിതവൃത്തിയായി കണക്കാക്കുന്നത് എന്ത്?

17 ചാവറയച്ചന്റെ ആദ്യ ജീവചരിത്രം എഴുതിയതാര്?

18 ചരിത്രത്തോട് ചാവറപിതാവിന് പ്രതിപത്തിയുണ്ടായിരുന്നു എന്നതിന് തെളിവായി നിലകൊള്ളുന്നത് എന്ത്?

19 ആദ്യത്തെ മലയാള ദിനപത്രമേത്?

20 ചാവറപിതാവിന്റെ മരിയഭക്തിയുടെ കാതൽ?

21 മരണവീട്ടിൽ പാടുന്ന പാന എന്ന ഗ്രന്ഥത്തിന്റെ മുഖ്യ പ്രമേയം എന്ത്?

22 താപസഭവനത്തിന് ചാവറപിതാവ് നല്കിയ പേര്?

23 കുടുംബത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് സഹായകമായി ചാവറയച്ചൻ നിർദ്ദേശിക്കുന്നത് എന്ത്?

24 എദുക്കത്തൊത്ത് എന്ന വാക്കിന്റെ അർത്ഥം?

25 ചാവറയച്ചന്റെ കൃതികളിൽ മാനസീകപ്രാർത്ഥനയുടെ നിറകുടം എന്നു വിശേഷിപ്പിക്കുന്ന ഗ്രന്ഥം?

26 നല്ല പുസ്തകങ്ങൾ എന്താണെന്നാണ് ചാവറപിതാവ് പറയുന്നത്?

27 തന്റെ ശരണമായ അമ്മ തന്റെ ശിരസിൽ കൈവച്ച് അനുഗ്രഹിച്ച് നല്കണമെന്ന അപേക്ഷയോടെ ചാവറയച്ചൻ അവസാനിപ്പിക്കുന്ന കൃതി ഏത്?

28 അമലോത്ഭവ മാതാവിനോട് ബന്ധപ്പെട്ട് ജീവിക്കാൻ കേരളകത്തോലിക്കരെ സജ്ജമാക്കാൻ ചാവറയച്ചൻ നടപ്പാക്കിയ രണ്ട് സംരംഭങ്ങൾ?

29 ചാവറപിതാവിന്റെ ആദർശവാക്യമായി നിലകൊള്ളുന്ന സങ്കീർത്തനഭാഗം?

30 1861-ൽ കേരളസഭയിൽ ഉണ്ടായ പ്രശ്നം ഏത് പേരിലാണ് അറിയപ്പെടുന്നത്?

31 ഏതു കൃതിയെ മുൻനിർത്തിയാണ് ചാവറയച്ചൻ ആത്മാനുതാപം രചിച്ചത്?

32 ചാവറപിതാവിന്റെ ഹൃദയത്തിൽ എഴുന്നെള്ളി വരുന്ന ഈശോയ്ക്ക് ഏത് സിംഹാസനമാണ് വെച്ചിരിക്കുന്നത്?

33 ഫാ. ചാവറ പ്രിയോരച്ചൻ കേരളത്തിലെങ്ങും അറിയപ്പെട്ടത് ഏത് പേരിലാണ്?

34 കർമ്മലസഭയിൽ അംഗങ്ങളായി ചേർന്ന സഹോദരിമാർക്ക് ചാവറപിതാവ് നല്കുന്ന വിശേഷണം എന്ത്?

35 കുടുംബത്തെക്കുറിച്ചുള്ള ചാവറയച്ചന്റെ അടിസ്ഥാനപരമായ ദർശനം എന്ത്?

36 ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് ആര്? എന്ന്?

37 സഭാവസ്ത്ര സ്വീകരണസമയത്ത് ചാവറയച്ചൻ സ്വീകരിച്ച രണ്ടാം പേരെന്തായിരുന്നു?

38 ആയുസിന്റെ കണക്കിൽ പെടുത്താത്ത ദിവസം?

39 എവിടെയിരുന്നാണ് ചാവറയച്ചൻ ദൈവത്തെ അറിഞ്ഞത്?

40 മലപോലെ വന്ന കാര്യം പൂപോലാക്കുവാൻ ഏതു നമസ്കാരമാണ് സിസ്റ്റേഴ്സിനോട് ചൊല്ലാൻ ആവശ്യപ്പെട്ടത്?

## ചാവറ ക്വിസ് ഉത്തരങ്ങൾ

1 1805 ഫെബ്രുവരി 10

2 ഒരു നല്ല അപ്പന്റെ ചാവരുൾ

3 വൈദീകർക്കായി ഒരു തപോഭവനം

4 ചാവറപിതാവിനെ

5 മൗറേലിയൂസ് സ്തബിലീനി മെത്രാപ്പോലീത്തായിൽനിന്ന്

6 അനസ്താസ്യായുടെ രക്തസാക്ഷിത്വം

7 ബേസ്റൗമാ

8 1855 ഡിസംബർ 8

9 മാന്നാനം സെമിനാരി

10 കേരളത്തിലെ സത്യവേദചരിതം

11 ജ്ഞാനപീയൂഷം

12 മല്പാനായ പാലയ്ക്കലച്ചൻ

13 നന്മരണ സഭ

14 എത്രയും വലിയ അടക്കവും ഭക്തിയും, മിണ്ടടക്കവും.

15 പിടിയരി പ്രസ്ഥാനം

16 വിദ്യാദാന പ്രവൃത്തി

17 ഫാ. ലെയോപ്പോൾദ് ബൊക്കാറോ

18 നാളാഗമങ്ങൾ

19 നസ്രാണിദീപിക

20 ദൈവത്തിന്റെ അമ്മ എന്റേയും അമ്മ

21 ശുദ്ധീകര ആത്മാക്കളോടുള്ള ഭക്തി

22 ദർശനവീട്

23 തിരുകുടുംബത്തോടുള്ള ഭക്തി

24 പരിശീലനസ്ഥലം (ബോർഡിംഗ്)

25 ധ്യാന സല്ലാപങ്ങൾ

26 നിക്ഷേപങ്ങൾ

27 ആത്മാനുതാപം

28 അമലോത്ഭവ ഭക്തി, മരിയസഖ്യം

29 കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും
എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ് (സങ്കീ. 16)

30 റോക്കോസ് ശീശ്മ

31 ദൈവത്തിന്റെ നഗരം എന്ന സ്പാനിഷ് കൃതിയെ

32 മാതാവിന്റെ മടി

33 വലിയ പ്രിയോരച്ചൻ

34 എന്റെ തമ്പുരാന്റേയും കർത്താവിന്റേയും മണവാട്ടികളായ മഹാരാജ സ്ത്രീകളേ

35 ഓരോ കുടുംബത്തേയും സ്വർഗ്ഗരാജ്യത്തിന്റെ ഭൂമിയിലെ പകർപ്പാക്കുക.

36 ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ. 1986 ഫെബ്രുവരി 8

37 തിരുക്കുടുംബത്തിന്റെ ആഹാ കുരിയാക്കോസ് ഏലിയാ

38 അന്യർക്ക് ഉപകാരം ചെയ്യാത്ത ദിനം

39 അമ്മയുടെ കാല്ക്കലിരുന്ന്

40 മൂന്നു രാജകന്യേ മൂന്ന് എത്രയും ദയയുള്ള മാതാവ്

# പിതാവേ! ഒരു നിഷ്ക്കളങ്ക സംശയം

സാന്ദ്രാ ജൂലിയറ്റ് ജോസ്,
(സെന്റ് ജോസഫ്സ് G.H.S.S. CHY.)

*(ഒരു കൊച്ചു കുഞ്ഞിന്റെ നിഷ്ക്കളങ്കതയോടെ
ആദ്യം പുണ്യവാന് ജന്മമേകാൻ ഭാഗ്യംലഭിച്ച
പുണ്യഭൂമിയോടും പിന്നീട് പിതാവിനോട്
അദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ച്
ചോദിച്ചു തുടങ്ങുന്നിവിടെ)*

ഉയർന്നു പൊങ്ങുന്നിതാ മണിനാദങ്ങൾ
പ്രാർത്ഥനാമന്ത്രങ്ങൾ ചുവടുവയ്ക്കുന്നിതാ
സ്വപ്നഭൂമിയായിവൾ മാറിടുന്നുവോ
കുട്ടനാടിൻ പ്രിയ ധർമ്മിണിയാം കൈനകരി.

പച്ചപ്പട്ടണിഞ്ഞ തുരുത്തുകൾക്കിടയിലൂടെ
കായൽ ബഹളംവച്ചു കളിക്കുന്നിതാ
തീർത്ഥവാഹിനിയായി ചമഞ്ഞൊരുങ്ങുന്നുവോ
അകറ്റുന്നുവോ നീ പാപങ്ങൾ പമ്പാനദി......

എറ്റിനില്ക്കുന്നുവോ കേരകന്യകമാർ കുടങ്ങൾ
ചാലിച്ചുവോ ഹരിതവർണ്ണങ്ങളീപ്പുഞ്ചപാടങ്ങളിൽ
നിലാവുപൊഴിക്കും ചന്ദ്രനെപോൽ പൂക്കൈതകൾ
ക്രൈസ്തവ പഴമകൾ ഈ മാരുതൻ കിന്നരം പറയുന്നുവോ?

തുളുമ്പുന്നുവോ തൂമന്ദഹാസങ്ങൾ വിശുദ്ധിതൻ
മൊട്ടിട്ടുതുടങ്ങിയോ നന്മതൻ മൂല്യങ്ങൾ, മാർഗ്ഗ
ദീപമാകാൻ ചാവറ കുടുംബത്തിൽ വിശുദ്ധനായി
പിറന്നുവോ കർത്താവിൻ കൊച്ചു കുറിയാക്കോസ്

ബാല്യചാപല്യങ്ങളന്യമായിത്തീരുവാൻ
ശീലിക്കപ്പെട്ടുവോ അമ്മയാൽ നിരന്തരം
സ്വന്തമാക്കിയോ ആ പ്രാർത്ഥനാ മൂല്യങ്ങൾ
അമ്മതൻ മുലപ്പാലിലൂടെ...... പിതാവേ!

നല്ല നന്മസ്വരൂപനാം ദൈവത്തെ
പടിപടിയായങ്ങറിഞ്ഞുവോ അമ്മയാൽ
ദിവ്യസൂക്തങ്ങളുരുവിട്ടുകൊണ്ടിരിക്കുവാൻ
ചൊല്ലിത്തന്നിരുന്നുവോ ആ നല്ല അമ്മ.

സ്വീകരിച്ചുവോ കർത്താവിന്നമ്മയെ
സ്വന്തം അമ്മയാക്കിയങ്ങു പിതാവേ
സ്നേഹിച്ചിരുന്നുവോ അങ്ങ് എന്നും നിത്യവും
ആ അമ്മയെ തന്നമ്മതന്നായി

കളരിയിലാരംഭിച്ചങ്ങേ വിദ്യകൾ
തുടരുവാനാഗ്രഹിച്ചിരുന്നുവോ നിരന്തരം
വിശുദ്ധ വൈദീക ശുശ്രൂഷ ചെയ്തപ്പോൾ
മോഹിച്ചിരുന്നുവോ യങ്ങേയന്തരമാപദവിക്കായ്

അറിയാതെ തപിച്ചുതുടങ്ങിയിന്നങ്ങേ
ചെറുമനവുമനന്തമാം പരമ നന്മയിലേയ്ക്ക്
മാറ്റീടേണമേ ചാവറ പിതാവേ എന്നെയും
അങ്ങേ ദിവ്യ സൂക്തങ്ങൾ പിൻതുടരുവാൻ.......

---

*N.B ചാവറ ജയന്തിയോടനുബന്ധിച്ച് ഹോളിക്വീൻസ് പ്രോവിൻസ് സംഘടിപ്പിച്ച കവിതാരചന മത്സരത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കവിത.*

# കൈനകരിയ്ക്കൊരു തിലകം

(കഥാപ്രസംഗം)

**പോസ്റ്റുലൻസ്**

വാ. ചാവറപിതാവ്! യേശുവിന്റെ മാതൃക അനുപദം ജീവിതത്തിൽ പകർത്തിയ മഹാത്മാവ്! പൂക്കളേയും പൂവുപോലെ മനസ്സുള്ള കുഞ്ഞുങ്ങളേയും തോഴരാക്കി ഈശോയുടെ പൂന്തോപ്പിൽ പിതാവിന്റെ കരം ഗ്രഹിച്ച് നടന്ന കർമ്മയോഗി അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നമുക്ക് ഒരു ജൈത്രയാത്ര നടത്താം.

കൈനകരിക്കരയിലെ ചാവറ കുടുംബമതിൽ
കേരള സഭയിലെ പൊൻ താരകം വന്നു.
(വഞ്ചിപ്പാട്ട്) പാതിരാവിൻ പ്രാർത്ഥനയും
അമ്മ തന്റെ ശാസനയും
ആ താരകം വിളങ്ങിടാൻ കാരണമായി.

കേരളത്തിലെ തുറമുഖ പട്ടണമായ ആലപ്പുഴയ്ക്ക് 5 മൈൽ മാറി കൈനകരി എന്ന കായലോര ഗ്രാമം. അവിടെയാണ് നമ്മുടെ കൊച്ചു കുര്യാക്കോസ് ഭൂജാതനായത്. 1805 ഫെബ്രുവരി 10-ന് കുറിയാക്കോസ് - മറിയം ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി പിറന്നുവീണു. അനാദികാലം മുതല്ക്കേ തന്റെ കൈയ്യിലെ വലിയ ഒരു ഉപകരണമാക്കാൻ ദൈവം നിശ്ചയിച്ചതല്ലേ! അതിൻ പ്രകാരമായിരുന്നു കൊച്ചു കുര്യാക്കോസിന്റെ ഓരോ ചലനവും.

നാട്ടിലും വീട്ടിലും എല്ലായിടത്തുമാ
സൽഗുണസമ്പന്ന ചിത്തനായി
(മഞ്ജരി) ആർക്കുമേ യാതൊരു ദോഷവുമില്ലാതെ
ദൈവപിതാവിന്റെ മുമ്പിൽ വന്നു.

അതേ മുലപ്പാലിനോടൊപ്പം അമ്മയിൽനിന്ന് പ്രാർത്ഥനയുടെ ബാലപാഠങ്ങളും പഠിച്ചുവളർന്ന കൊച്ചു

കുര്യാക്കോസ് നാട്ടുകാരുടേയും വീട്ടുകാരുടേയു കണ്ണിലുണ്ണിയായിരുന്നു.

അങ്ങനെയിരിക്കെ:

(ഗാഥ)
പാലയ്ക്കൽ മല്പാന്റെ ആഗ്രഹപൂർത്തിക്കായ്
ദൈവപിതാവിന്റെ പദ്ധതിയായ്
കൊച്ചു കുര്യാക്കോ തൻ ഭവനത്തെ വിട്ടങ്ങ്
നാഥന്റെ വയലിലേയ്ക്കിറങ്ങിച്ചെന്നു.

മകൻ പുരോഹിതനാകുന്നതിൽ മാതാപിതാക്കൾക്ക് വിസമ്മതം ഉണ്ടായിരുന്നില്ലെങ്കിലും കണ്ടു തീരാത്ത ഓമനയെ വേർപിരിയുന്നതിൽ അവർക്ക് വിഷമം ഉണ്ടായിരുന്നു. മനുഷ്യൻ എന്തൊക്കെ വിഭാവനം ചെയ്താലും ദൈവീക പദ്ധതിയല്ലേ നടപ്പിലാവുകയുള്ളൂ! ഇടവകപ്പള്ളിയായ ചേന്നങ്കരിയിലെ പ്രാഥമിക പഠനത്തിനുശേഷം പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കൽ തോമാ മല്പാന്റെ കീഴിൽ കുര്യാക്കോസ് പഠനം തുടർന്നു.

(കേക)
വിനയത്തിലും ദൈവഭക്തിതൻ സിദ്ധിയിലും
ഗുരുഭക്തിയിൽ തഥാ അധ്വാനത്തിലുമെന്നും
വളർന്നു കുര്യാക്കോസ് പ്രിയനായ് സതീർത്ഥ്യർക്ക്
ദൈവത്തിൻ അരികെ താൻ നടന്നുഎന്നുമെന്നും

അങ്ങനെ കുര്യാക്കോസിന്റെ വൈദീക പഠനം മുന്നോട്ടു നീങ്ങുന്നു. അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ ജന്മദേശത്തെങ്ങും ഒരു മാരകദീനം പടർന്നുപിടിച്ചു! കുതിർന്ന മണ്ണിലൂടെ സർപ്പത്തിന്റെ നിശബ്ദതയോടെ മരണം സഞ്ചരിച്ചു കൊണ്ടിരുന്നു.....

(സമയമാം രഥത്തിൽ)
മരണമാക്കരയാകെ വിജയക്കൊടി പാറിച്ചു
ഭവനങ്ങൾ ശൂന്യമായി
രോദനങ്ങൾ നിലച്ചു.

ദീനം പിടിപെട്ട് മരിച്ചവരെക്കുറിച്ച് വിലപിക്കാൻപോലും

ആരും അവശേഷിച്ചില്ല. നമ്മുടെ കുര്യാക്കോസിന്റെ പ്രിയപ്പെട്ട അപ്പനും ജ്യേഷ്ഠനും മരണത്തിന്റെ കരാള ഹസ്തത്തിൽ നിന്നും രക്ഷപെട്ടില്ല. തന്റെ പ്രിയ ഭർത്താവിന്റെയും മകന്റെയും വേർപാടിൽ ഉണരാനൊന്നാത കുര്യാക്കോസിന്റെ അമ്മയും താമസംവിനാ രോഗശയ്യയിലായി. തന്റെ കൊച്ചു കുര്യാക്കോസിനെ ഒരുനോക്കു കാണണമെന്ന അന്തിമാഭിലാഷം സാധ്യമാകാതെ ആ അമ്മ ഇഹലോകത്തോടു യാത്രപറഞ്ഞു.

(കകക) ഞെട്ടിക്കും വാർത്തയോതി ബന്ധുക്കൾ നില്ക്കുന്നേരം
ദുഃഖസാഗരമതിൽ കുര്യാക്കോസ് ആമഗ്നനായ്

എന്നാൽ-

മല്പാന്റെ സ്നേഹപൂർണ്ണ വാക്കുകൾ കേട്ടിട്ടവൻ
മോക്ഷത്തിൽ ഉറ്റവരെ കാണാമെന്നാശ്വസിച്ചു.

വിവരമറിയിക്കാൻ വന്ന ചിറ്റപ്പന്മാർ കുര്യാക്കോസിനെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. തെങ്ങോലകൾ ജീർണ്ണിച്ച മണൽത്തിട്ടയിൽ കാൽ കുത്തുമ്പോൾ അനേകം മൃദു നാവുകൾ പാദങ്ങളിൽ ഉരുമ്മുന്നതായി കുര്യാക്കോസിനു തോന്നി. ഓർമ്മകളാണ് മണൽത്തരികളായി ചിതറിക്കിടക്കുന്നത്. അവിടെ ചെന്നതിനുശേഷം കുര്യാക്കോസ് സെമിത്തേരിയിൽ പതിവായി പോകാറുണ്ടായിരുന്നു. സെമിത്തേരിയിൽ പോകുന്നത് കുടുംബത്തിൽ പോകുന്നതുപോലെയും കുടുംബത്തിൽ പോകുന്നത് സെമിത്തേരിയിൽ പോകുന്നതുപോലെയും കുര്യാക്കോസിന് അനുഭവപ്പെട്ടു. തന്റെ കുടുംബം നിലനിർത്താൻ അവൻ ഒരാൾ മാത്രമേ അവശേഷിച്ചിട്ടുള്ളൂ എന്നറിയാമായിരുന്നിട്ടും ഈശോനാഥന്റെ സ്നേഹപൂർണ്ണമായ ക്ഷണം നിരസിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

നാഥനായ് എന്നും ജീവിക്കാൻ
അവകാശങ്ങൾ വെടിയുന്നു.
സർവ്വവും മോദമോടെ നല്കുന്ന
കരുണാവാരിധി ഈശോയ്ക്കായ്.

ഇപ്രകാരം വീടുവിട്ടിറങ്ങാൻ തീരുമാനിച്ച കുര്യാക്കോസിനെ ചിറ്റപ്പൻ ഒരു മുറിയിലിട്ടു പൂട്ടി. എന്നാൽ മാതാവിന്റെ ഉദരത്തിൽവച്ചു തന്നെ തിരഞ്ഞെടുത്തദൈവം അവിടെയും കൈവിട്ടില്ല. തോപ്പിലമ്മാവന്റെ നിർദ്ദേശപ്രകാരം കുര്യാക്കോസ് സെമിനാരിയിലേയ്ക്ക് തിരികെപ്പോയി. പഠിത്തമില്ലാത്ത പട്ടക്കാരൻ ആർക്കും ഉപകാരമില്ലാത്തവനാണ് എന്നാണെന്റെ വിശ്വാസം എന്നു പറഞ്ഞുകൊണ്ട് തന്നാൽ കഴിയുന്നത്ര അറിവ് സമ്പാദിക്കുവാൻ ശ്രമിച്ചു. ഇതിനിടയ്ക്ക് ലത്തീൻ ഭാഷയും പോർച്ചുഗീസ് ഭാഷയും സ്വായത്തമാക്കി. 1827-ൽ ഡീക്കൻപട്ടം അദ്ദേഹത്തിനു ലഭിച്ചു. 1829-ൽ അർത്തുങ്കൽ വിശുദ്ധ അന്ത്രയോസിന്റെ ദൈവാലയത്തിൽവച്ച് പുരോഹിത പട്ടവും സ്വീകരിച്ചു. അങ്ങനെ നാളുകൾ പിന്നിടവേ,

(വഞ്ചിപ്പാട്ട്)

ഭാരതസഭാംബതന്റെ തിലകക്കുറിയായ് ശോഭിച്ചീടും
വിശുദ്ധരെ മെനഞ്ഞീടാൻ തുനിഞ്ഞിറങ്ങി (2)

പാലയ്ക്കൽ തോമ്മാമല്പാൻ, പോരൂക്കര തോമ്മാ മല്പാൻ, കണിയാന്തറ യാക്കോബ് എന്നിവരായിരുന്നു സന്യാസസഭയ്ക്കു ജന്മംകൊടുക്കാൻ ചാവറയച്ചനൊപ്പം ഉണ്ടായിരുന്നത്. ഈ സന്യാസസഭയാണ് അമലോത്ഭവ ദാസസംഘം, ഇപ്പോഴത്തെ സി. എം. ഐ. സഭയുടെ ഔദ്യോഗികാംഗീകാരം 1855-ൽ ആയിരുന്നു. പാലയ്ക്കൽ മല്പാന്റേയും, പോരൂക്കര മല്പാന്റേയും പരലോകപ്രാപ്തിയെ തുടർന്ന് സന്യാസ പ്രസ്ഥാനത്തിന്റെ മുഴുവൻ ചുമതലയും ചാവറയച്ചന്റെ ചുമലിലായി. സ്വന്തം വിശുദ്ധീകരണത്തിനുപുറമെ മറ്റ് ആത്മാക്കളുടെ വിശുദ്ധീകരണവും തന്റെ ലക്ഷ്യമായി കണ്ട ആ മഹാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്നോ?

പള്ളിക്കൂടങ്ങളും അച്ചടിശാലയും സ്നേഹനികേതനവും
(ഗാഥ) തുടങ്ങി
ഭക്തകർമ്മങ്ങൾ നവീനമാക്കി സഭയ്ക്കാത്മീയ ഭൗതീക
ശാന്തിയേകി.

ജനങ്ങൾക്ക് വിദ്യാഭ്യാസം ഉണ്ടായിരുന്നാൽ മാത്രമേ രാജ്യത്തിനു പുരോഗതി കൈവരികയുള്ളൂ എന്ന് നിശ്ചയമുണ്ടായിരുന്ന ചാവറയച്ചൻ വികാരിജനറാളായിരുന്ന സമയത്ത് ഓരോ പള്ളിയോടും അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ വേണമെന്ന് നിഷ്കർഷിച്ചു. കരഗതമായ അക്ഷരാഭ്യാസം നിലനിർത്താനും പുരോഗമിപ്പിക്കാനും പുസ്തകങ്ങളുടെ പ്രസക്തി മനസ്സിലാക്കിയ ചാവറയച്ചൻ 1846-ൽ മാന്നാനത്ത് അച്ചടിശാല തുടങ്ങി. ആരാലും പരിത്യജിക്കപ്പെട്ടവർക്ക് പ്രത്യേകിച്ച് വൃദ്ധരും ആലംബഹീനരുമായ അന്തേവാസികൾക്ക് സ്നേഹത്തിന്റെ കുളിർമ്മ പകരാൻ 1844-ൽ ചാവറയച്ചൻ ഒരു അനാഥശാല കൈനകരിയിൽ തുടങ്ങി. ഇവകൊണ്ടും തീർന്നില്ല-

(ഗാഥ) രോഗിക്കു നൽത്തുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തു കൊൾവിൻ

എന്ന് വിശ്വസിച്ച് ആതുരാലയങ്ങളും തുടങ്ങി. ഇപ്രകാരം സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ ചാവറയച്ചനെ പ്രേരിപ്പിച്ചതും സഹായിച്ചതും മറ്റൊന്നുമായിരുന്നില്ല, ആ പുണ്യാത്മാവിന്റെ ശിശുതുല്യമായ ദൈവാശ്രയബോധമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം എങ്ങനെയായിരുന്നെന്നോ?

(ഇസ്രായേലിൻ നാഥനായ് വാഴും.....)

ദൈവമാണെൻ താതനെന്ന് ഓതിയെന്നും
സർവ്വവും തൻ കരങ്ങളിൽ നല്കി(2)
അവിടുത്തെ കൂടെ നടപ്പാനും
അവിടുന്നിലെന്നും ചരിക്കാനും
എന്നും എന്നും മോദമായ്
തൻ മുന്നിലിരിക്കാനും യത്നിച്ചു.

അങ്ങനെ ദൈവത്തിനും ദൈവ ജനത്തിനുമായി തന്റെ ജീവിതം മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നപ്പോൾ പല പരീക്ഷണങ്ങളും ഉന്നതാധികാരികളിൽനിന്ന് കയ്പേറിയ അനുഭവങ്ങളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു.

അക്കാലത്ത്,

(ഗാഥ) സ്വന്തമായിട്ടൊരു മെത്രാനെ വേണമെ-
ന്നാശിച്ച സുറിയാനി ക്രൈസ്തവർക്കായ്
റോക്കോസ് മെത്രാന്റെ ആഗമനം ബഹു
സന്തോഷമേകി എന്നതു സത്യം.

റോമിൽ നിന്നുള്ള അനുവാദമില്ലാതെ എത്തിയ റോക്കോസ് മെത്രാന്റെ പക്കലേയ്ക്ക് നാടിന്റെ നാനാ ഭാഗത്തുനിന്നും അൽമായരും, വൈദീകരും, മല്പാന്മാരും മടവീണ കായൽ ജലത്തിന്റെ പ്രവാഹംപോലെ, പാഞ്ഞടുത്തുകൊണ്ടിരുന്നു. അങ്ങനെ സഭയെ കാർന്നു തിന്നാൻ തുടങ്ങിയ റോക്കോസ് ശീശ്മയെ നിർമ്മാർജ്ജനം ചെയ്യാൻ ചാവറയച്ചൻ തന്നാലാവുംവിധം ശ്രമിച്ചു. അതിന് ഫലപ്രാപ്തിയുണ്ടാവുകയും ചെയ്തു. അദ്ദേഹം ഹൃദയം നിറഞ്ഞ് ദൈവത്തെ സ്തുതിച്ചു. പ്രശ്നങ്ങളുടെ എത്ര വലിയ കരിമ്പാറക്കെട്ടുകളും ഒരു മധുര നാരങ്ങയുടെ തൊലി പൊളിക്കുന്നതുപോലെ ദൈവം ചീന്തിക്കളയുന്നു. ചാവറയച്ചൻ തന്റെ കാവ്യ ഗ്രന്ഥത്തിൽ കുറിച്ചു.

(കേക) ശ്വാസവുമെനിക്കു നീ ഭക്ഷണ പാനീയവും
ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ.

ദൈവാശ്രയബോധം ഒന്നിൽമാത്രം വേരൂന്നിയ അദ്ദേഹം സമൂഹത്തിലെ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയും എന്തെങ്കിലും ചെയ്യണമെന്നാശിച്ചു. തന്റെ ആത്മപിതാവായ ലെയോപോൾദ് മിഷനറിയുമൊത്ത് അദ്ദേഹം സ്ത്രീകൾക്കായി 1866 ഫെബ്രുവരിയിൽ കൂനമ്മാവിൽ പുണ്യസങ്കേതം ആരംഭിച്ചു. പ്രസവിക്കുകയും, ഭർത്താവിനെ അനുസരിക്കുകയും, മക്കളെ വളർത്തുകയും മാത്രമല്ല സ്ത്രീയുടെ കർത്തവ്യമെന്നും ഐശ്വര്യസുരഭിലമായ രാഷ്ട്രനിർമ്മിതിയിൽ മഹിളകൾക്ക് അനല്പമായ സംഭാവന നല്കാൻ കഴിയുമെന്നും മനസ്സിലാക്കിയാണ് അദ്ദേഹം ഈ രംഗത്ത് പ്രവർത്തിച്ചത്. അത് വളർന്ന് പടർന്ന് പന്തലിച്ച് സി. എം. സി. എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നു.

കൂനമ്മാവിൽ മഠം സ്ഥാപിക്കുവാനുള്ള പണത്തിനായി ചാവറയച്ചനും ലെയോപ്പോൾദച്ചനും നന്നേ കഷ്ടപ്പെടേണ്ടിവന്നു. പണം പിരിച്ച് നടക്കുന്നതിനിടയിൽ ചാവറയച്ചൻ രോഗബാധിതനായി. എങ്കിലും തന്നാലാവുന്നത്ര കഷ്ടപ്പെട്ട് അദ്ദേഹം മഠത്തിന്റെ പണി പൂർത്തിയാക്കി. മാത്രമല്ല കൂടെക്കൂടെ വന്ന് തന്റെ പ്രിയ മക്കളുടെ ആത്മത്തിനായുള്ള കാര്യങ്ങളും ഉപദേശിച്ചുകൊടുത്തുകൊണ്ടിരുന്നു. അങ്ങനെ വർഷങ്ങൾ പിന്നിട്ടു. 1871 ജനുവരി 3 പ്രഭാതം; തന്റെ 65 വർഷവും 10 മാസവും നീണ്ട ലോകവാസം വെടിഞ്ഞ്, തന്റെ ഉറ്റവരുടെ അടുക്കലേയ്ക്ക് മടങ്ങിപ്പോയി.

സ്നേഹനാഥനായ് തപം ചെയ്തോരാ
പുണ്യാത്മാവിന്ന് സ്നേഹനാഥന്നരികിലെത്തി.
നാഥനോടൊന്നായി വസിക്കാനിച്ഛിച്ച്
ശേഷിച്ചകാലം കഴിപ്പാനായ്

മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം തെല്ലും നഷ്ടപ്പെടുത്താതെ സ്വന്തം വിശുദ്ധീകരണവും മറ്റ് ആത്മാക്കളുടെ രക്ഷയും ലക്ഷ്യമായ് കണ്ട്, എളിമ എന്ന പുണ്യത്തിൽ തഴച്ചുവളർന്ന്, ദൈവപിതാവിന്റെ മുമ്പിൽ ധ്യാന ലീലകളിലേർപ്പെട്ടിരുന്ന ആ പുണ്യാത്മാവിന്റെ മുമ്പിൽ നമുക്ക് നമ്രശിരസ്കരാകാം.

ഗാനം: (ഭാരതനാടിൻ പ്രേഷിത താതാ......)

ഭാരതമണ്ണിൽ സന്യാസദീപം
തെളിച്ച ചാവറതാതാ
നിൻ സുതർ ഞങ്ങൾ
വിശുദ്ധരാകാൻ
പ്രാർത്ഥിക്കണമേയെന്നും.

കേരള കർമ്മല താതാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ധ്യാനകർമ്മങ്ങളിൽ മുന്നേറിടുവാൻ
ഞങ്ങൾക്കായ് മദ്ധ്യസ്ഥനാകൂ.

# വാ. ചാവറപിതാവ് - ബഹുമുഖ പ്രതിഭ

സി. സീയന്നാ സി. എം. സി.

രാത്രിയുടെ നിശബ്ദതയിൽ രണ്ടു വിശുദ്ധാത്മാക്കൾ കണ്ടുമുട്ടുകയും സംസാരിക്കുകയും രോഗശാന്തി വാഗ്ദാനം ചെയ്യുകയും ചെയ്ത വിശുദ്ധസ്ഥലത്തിരിക്കുമ്പോൾ (ചങ്ങനാശ്ശേരി ക്ലാരമഠത്തിന്റെ രണ്ടാം നിലയിൽ വാ. അൽഫോൻസാമ്മയ്ക്ക് വാ. ചാവറപിതാവ് രോഗശാന്തി വാഗ്ദാനംചെയ്ത മുറി) എന്തോ ദൈവീകമായ ഒരനുഭവം! എനിക്ക് ജന്മവും സിദ്ധികളും പ്രദാനംചെയ്ത എന്റെ പ്രിയ പിതാവിനെ ഓർത്ത് ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് വാ. ചാവറപിതാവിനെക്കുറിച്ച് രണ്ടു വരികൾ കുറിക്കട്ടെ!

കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ചില പ്രത്യേക 'നക്ഷത്രങ്ങൾ' ഉദയം ചെയ്യാറുണ്ട്. സാമൂഹിക, സാമുദായിക, ആദ്ധ്യാത്മിക, വിദ്യാഭ്യാസ, സാഹിത്യ, രാഷ്ട്രീയ, മാദ്ധ്യമരംഗങ്ങളിൽ ശുദ്ധീകരണവും, പരിഷ്കരണവും നടപ്പിലാക്കിയ ഒരു യുഗപ്രഭാവനായിരുന്നു വാ. ചാവറപിതാവ്. വിശുദ്ധി, വിജ്ഞാനം, വിവേകം, വിനയം എന്നീ ഗുണങ്ങളുടെ വിളനിലമായിരുന്ന അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയായിരുന്നു. അദ്ദേഹം കൈവയ്ക്കാത്ത മണ്ഡലങ്ങളില്ല.

മഹാന്മാർ വിരളം! വിശുദ്ധാത്മാക്കൾ അതിലും വിരളം കാലത്തിനു മുമ്പേ നടന്നുനീങ്ങിയ ആ നവോത്ഥാന നായകൻ പുണ്യാത്മാവായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ വസിച്ചിരുന്ന ദൈവീക ശക്തിയാണ് ഇത്രയേറെ മഹത്തായ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിന് പ്രചോദനവും ശക്തിയും ധൈര്യവും പ്രദാനം ചെയ്തത്. ക്രാന്തദർശിയായിരുന്ന ആ ആദ്ധ്യാത്മിക നേതാവ് രണ്ടു സഭാ സ്ഥാപനത്തിലൂടെ കേരളത്തെ ലോക പ്രശസ്തമാക്കിത്തീർത്തു.

വിദ്യാഭ്യാസരംഗം പരിഷ്കരിച്ചാൽ മാത്രമേ അന്ധതയിലും, തൊട്ടുകൂടായ്മയിലും, ജാതിവ്യവസ്ഥയിലും ആണ്ടിരുന്ന കേരളജനതയെ പ്രബുദ്ധമാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കിയ അദ്ദേഹം ''അക്ഷരങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ'' ജനത്തിനു കാണിച്ചുകൊടുത്തു. മാന്നാനത്തെ സംസ്കൃത പാഠശാല, ദളിതർക്കുവേണ്ടിയുള്ള വിദ്യാഭ്യാസ സംരംഭം എന്നിവ അതിനു മകുടോദാഹരണങ്ങളാണ്.

''സ്ത്രീശക്തി'' ശരിക്കും മനസ്സിലാക്കിയിരുന്ന അദ്ദേഹത്തിന് തന്റെ പ്രിയ മാതാവിൽനിന്നും സമ്പാദിച്ച പ്രാർത്ഥനാചൈതന്യമല്ലേ സ്ത്രീ സമുദ്ധാരണത്തിന് പ്രചോദനമായത് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രവിമോചനത്തിനുംവേണ്ടി അദ്ദേഹം സി. എം. സി. സഭ സ്ഥാപിച്ചു.

സ്ത്രീപീഠനം അന്നേ അദ്ദേഹത്തിന്റെ ചിന്തയിലുണ്ടായിരുന്നു. നല്ല അപ്പൻ നല്കുന്ന 'ചാവരുളിൽ' അദ്ദേഹം കുറിച്ചുവച്ചു. 'പെൺകുട്ടികളെ ബന്ധുവീട്ടിൽ വിടരുത്. രാത്രിയിൽ അവിടെ ഉറങ്ങാൻ അനുവദിക്കരുത്'.

ബഹുമുഖ ഭാഷാജ്ഞാനിയായിരുന്നു അദ്ദേഹം. മലയാളം, തമിഴ്, സംസ്കൃതം, ലത്തീൻ, പോർച്ചുഗീസ്, സുറിയാനി ഭാഷകളിൽ പുസ്തകങ്ങൾ എഴുതുകയും ചെയ്തിരുന്നു.

ഇന്നിന്റെ പ്രത്യേക കർമ്മ പരിപാടിക്ക് അദ്ദേഹം പണ്ടേ ഊന്നൽ നൽകിയിരുന്നു. ഉദാ: സ്ക്കൂളുകളിൽ ഉച്ചക്കഞ്ഞി, അഗതിമന്ദിരം (ചാവറ)

'ഇടക്കെട്ടും, തൊപ്പിയും' സ്വീകരിച്ചില്ലെങ്കിലും ഒരു മതാദ്ധ്യക്ഷന്റെ ധീരതയോടെ റോക്കോസ് ശീശ്മയിൽനിന്ന് കേരളസഭയെ അദ്ദേഹം രക്ഷിച്ചു. പള്ളിക്രമങ്ങളും ഗാനങ്ങളും പരിഷ്കരിച്ചു. പള്ളിയോട്ചേർന്ന് 'പള്ളിക്കൂടം' എന്ന ആശയം എത്ര ശക്തമായി അദ്ദേഹം നടപ്പിലാക്കി.

'ഇസ്ക്കോളാ' 'എദുക്കന്താത്ത്' എന്നാശയങ്ങൾ അദ്ദേഹത്തിന്റെ ബുദ്ധിയുടെ പ്രകാശനങ്ങളായി ഇന്നും

നിലനില്ക്കുന്നു. വിദ്യാഭ്യാസ രംഗത്ത് അദ്ദേഹം ചെയ്ത ത്യാഗത്തിന്റേയും ധീരതയുടേയും പുതിയ കാൽവയ്പുകളാണ് ഇന്നു ലോകമാസകലം സി. എം. ഐ., സി. എം. സി. സഭകൾ ചെയ്തുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സേവനം.

ദീപിക ഇന്ന് ലോകപ്രസിദ്ധമായിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലെ ചാലകശക്തി വാഴ്ത്തപ്പെട്ട കുറിയാക്കോസ് ഏലിയാസച്ചനായിരുന്നു. പ്രതിബന്ധങ്ങൾ തരണം ചെയ്ത് സ്വന്തമായി അച്ചുകൂടം ഉണ്ടാക്കി മാന്നാനത്തുനിന്നും പുറപ്പെട്ട ആദ്യകാല കാവ്യ, സാഹിത്യ, പത്ര പ്രസിദ്ധീകരണങ്ങൾ നമുക്ക് അനുസ്മരിക്കാം.

കേരളീയർക്ക് പൊതുവേ ഇല്ലാത്ത ഒരു ഗുണം അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാം കുറിച്ചുവയ്ക്കുന്ന സ്വഭാവവിശേഷം. നാളാഗമം, കൃതികൾ, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ 1829 മുതൽ 1870 വരെയുള്ള ദേശീയ രാഷ്ട്രീയ മതപര ആദ്ധ്യാത്മിക പാരമ്പര്യം ലഭിച്ചു.

അദ്ദേഹത്തിന്റെ മത സഹിഷ്ണുതയ്ക്കുദാഹരണമാണ് ചില മതക്കാർക്ക് എതിർപ്പ് ഉണ്ടെന്ന് മനസ്സിലായപ്പോൾ ആ സ്ഥലം വിട്ട് മാന്നാനത്ത് ആശ്രമം സ്ഥാപിച്ചത്.

വിശുദ്ധിയോടൊപ്പം ദൈവം നല്കുകയും വിലമതിക്കുകയും ചെയ്യുന്ന ഒന്നാണ് സഹനം. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം മരണംവരെ മങ്ങലേല്ക്കാതെ കാത്തുസൂക്ഷിച്ച വാ. ചാവറപിതാവ്, കൊച്ചു കുരിയാക്കോസ് ആയിരുന്നപ്പോൾതന്നെ സഹനം ഏറ്റുവാങ്ങേണ്ടിവന്നു. പ്രിയപ്പെട്ട മാതാപിതാക്കളുടേയും, ഏക സഹോദരന്റേയും മരണം, ദൈവവിളി ഉറപ്പിക്കൽ, ഏഴുവ്യാകുലങ്ങൾ എന്നപേരിൽ അനുഭവിച്ച സഹനം, സഭാസ്ഥാപനം, സാമ്പത്തിക ക്ലേശങ്ങൾ, അധികാര സ്ഥാനത്തുനിന്നുണ്ടായ തെറ്റിദ്ധാരണകൾ, കോടതികയറ്റം, എല്ലാം സ്വർഗ്ഗീയരമ്യം പടുത്തുയർത്താനുള്ള വിലയേറിയ രത്ന കല്ലുകളായി അദ്ദേഹം സ്വീകരിച്ചു.

തിരുക്കുർബാനഭക്തനും, ദൈവമാതൃഭക്തനുമായിരുന്ന ചാവറപിതാവിന്റെ ജന്മദിനശതാബ്ദി, ജപമാല - ദിവ്യകാരുണ്യ

ജൂബിലിവർഷത്തിൽതന്നെ ഘോഷിക്കുവാൻ അനുവദിച്ച ദൈവത്തിന് പ്രത്യേകമായി നന്ദി പറയാം. ചാവറപിതാവ് സി. എം. സി. മക്കളെ ഏല്പിച്ച ദീപശിഖ ഉയർത്തിപ്പിടിക്കാം.

അനതിവിദൂരഭാവിയിൽ ബഹുമുഖ പ്രതിഭയായിരുന്ന ചാവറപിതാവ് അൾത്താരയിൽ വണങ്ങപ്പെടുവാൻ ഇടവരുവാൻ പ്രാർത്ഥിക്കാം. ചാവറയച്ചന്റെ ചരമപ്രസംഗകനായ ബഹു. കാപ്പിൽ ആയി അച്ചൻ പ്രസംഗാരംഭത്തിൽ ഇങ്ങനെപറഞ്ഞു. 'ഇന്ന് മലയാളത്തിന്റെ കൊടി വീണിരിക്കുന്നു'.

ഇല്ല, കൊടി വീണിട്ടില്ല. സി. എം. സി. സഭാസ്ഥാപന ദിനമായ ഫെബ്രുവരി 13-ന് കൂനമ്മാവിൽനിന്ന് കൊണ്ടുവന്ന ദീപശിഖയും കൈനകരി കൊവേന്തയുടെ മുന്നിൽ പമ്പയാറ്റിൽ സ്ഥാപിച്ചിരുന്ന 'ചാവറ വീടിന്റെ മോഡലും' രണ്ടു പ്രതീകങ്ങളായിരുന്നു. കൊച്ചുവീടിന്റെ വരാന്തയിൽ കത്തിനിന്ന റാന്തലും, ദീപശിഖയും പഞ്ചഭൂഖണ്ഡങ്ങളിൽ പ്രകാശഗോപുരങ്ങളായി നില്ക്കുന്ന സി. എം. ഐ., സി. എം. സി. സ്ഥാപനങ്ങൾ പ്രതിനിധീകരിക്കുന്നു.

എല്ലാത്തിനും ദൈവത്തിനും പരി. അമ്മയ്ക്കും (കർമ്മലനാഥ) നന്ദി പറഞ്ഞുകൊണ്ട് സി. എം. ഐ. സി. എം. സി. പതാക പാറിപറക്കട്ടെ! എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# ചാവറപിതാവ് - സാമൂഹിക പരിഷ്കർത്താവ്

അന്നമ്മ തോമസ് X. B (H.S വിഭാഗം)

മനുഷ്യത്വമില്ലാത്ത ക്രസ്തീയത്വമോ സന്യാസിത്വമോ ദൈവീകത്വമോ ഒന്നും ദൈവത്തിന്റെ മുമ്പിൽ വിലപ്പോവുകയില്ല എന്ന തത്വം അരക്കിട്ടുറപ്പിക്കുന്നതാണല്ലോ അന്ത്യ ദിനത്തിൽ നാം കേൾക്കുവാൻ പോകുന്ന വിധി വാചകം. അതെ, ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്. ചെയ്യാതിരുന്നപ്പോൾ എനിക്ക് ചെയ്തില്ല. എന്ന വിധിയാളന്റെ അപ്പീലില്ലാത്ത വാക്കുകൾ. ബൈബിൾ എഴുതപ്പെട്ടിട്ട് നൂറ്റാണ്ടുകൾ പലതുകഴിഞ്ഞു. എങ്കിലും സ്വാർത്ഥതയുടെ മൂർത്തീഭാവമായി ജീവിക്കുകയാണ് മനുഷ്യർ.

എന്നാൽ ഈ കൊച്ചു കേരളത്തിൽ ഇതിനൊരപവാദം വലിയ സാമ്പത്തിക ശേഷിയോ വിദ്യാഭ്യാസയോഗ്യതയോ ഇല്ലാത്ത ഒരു അപരിഷ്കൃത അന്തരീക്ഷത്തിൽ വളർന്നുവന്നവൻ വാ. ചാവറയച്ചന് അയല്ക്കാരൻ സ്വന്തം സഹോദരനായിരുന്നു. തന്റെ ഉള്ളായ്മയുടെ പങ്ക് അനുഭവിക്കേണ്ടവനായിരുന്നു. ഈ ഉൾക്കാഴ്ചയുടെ ഫലമായിരുന്നു വാ. ചാവറയച്ചന്റെ സന്യാസജീവിതം. അത് അദ്ദേഹം തന്റേയോ തന്റെ സമുദായത്തിന്റേയോ മാത്രം ഉയർച്ചയ്ക്കുവേണ്ടി ആയിരുന്നില്ല. മറിച്ച് ക്രിസ്തുവിന്റെ നേതൃത്വമാതൃക കൈവിളക്കായി സ്വീകരിച്ചുകൊണ്ട് പ്രാർത്ഥന മാത്രമായി സെമിനാരിയിൽ കഴിഞ്ഞുകൂടുവാനുള്ളതല്ല തന്റെ ജീവിതമെന്ന് ചിന്തിച്ചുകൊണ്ട് അദ്ദേഹം കർമ്മഭൂവിലിറങ്ങി. സമുദായോദ്ധാരണം മനസ്സിൽ വച്ചുപുലർത്താതെ അത് ഏത് വിധേന പ്രാവർത്തികമാക്കാം എന്ന് അദ്ദേഹം ചിന്തിച്ചു. വിദ്യാഭ്യാസ രംഗത്തെ പുരോഗതിയിലൂടെ ചാവറയച്ചനതു നേടിയെടുത്തു. കേവലം അടുക്കളക്കോണിൽ കഴിഞ്ഞുകൂടിയ സ്ത്രീകളുടെ ഉന്നമനത്തിനായി അദ്ദേഹം സി. എം. സി. സഭ സ്ഥാപിക്കുകയും അവരെ കൊന്തകെട്ട്, പാചകവിദ്യാ,

ഊന്നൽ തുടങ്ങിയവ പരിശീലിപ്പിച്ചു. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് സർവ്വജാതിയിലുമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തി.

ധ്യാനപ്രസംഗങ്ങളിലൂടെ വാ. ചാവറയച്ചൻ സാമൂഹിക പരിഷ്കരണത്തിന്റെ ചുവടുവയ്പ് നടത്തിയിരുന്നു. അനാഥർക്കായി അദ്ദേഹം തന്റെ ജന്മനാടായ കൈനകരിയിൽ ആദ്യത്തെ ഉപവിശാല പണികഴിപ്പിച്ചു. സമുദായത്തിന്റെ അല്ല രാഷ്ട്രത്തിന്റെതന്നെ ആദ്യത്തെ ഉപവിശാല. ഇത് അദ്ദേഹത്തിന്റെ സേവനരംഗത്തെ ഏറ്റവും വലിയ ഒരു വഴിത്തിരുവായിരുന്നു. മാന്നാനത്തും ആർപ്പൂക്കരയിലുമായി പണികഴിപ്പിച്ച വിദ്യാലയങ്ങളിൽ നല്ല അദ്ധ്യാപകർ അവർക്കുള്ള ശമ്പളം, കുട്ടികൾക്കുള്ള ഉച്ചഭക്ഷണം എന്നിവയ്ക്ക് അദ്ദേഹം വക കണ്ടെത്തി. ഇത് വിദേശിയരിൽനിന്നായിരുന്നില്ല. മാന്നാനത്ത് പ്രസ് സ്ഥാപിച്ചുകൊണ്ട് കൂടുതൽ അച്ചടിവിദ്യാ സൗകര്യങ്ങളൊരുക്കി.

ആർഷഭാരത സംസ്ക്കാരത്തിന്റെ പിള്ളത്തൊട്ടിലായ ഭാരതത്തിൽ ഋഷിമാർക്ക് സാമൂഹ്യസേവന നവോത്ഥാന രംഗത്ത് വളരെയധികം പ്രാധാന്യം ഉണ്ടെങ്കിലും അത് ക്രിസ്തുശിഷ്യനായ മാർതോമ്മാവഴി കൈമാറ്റം ചെയ്യപ്പെട്ടു. ഈ ദീപശിഖ ഒരിക്കലും അണയാതെ ചാവറയച്ചൻവഴി, നിലനില്ക്കുന്നു. കർമ്മരംഗത്തിന ശേഷം വാ. ചാവറയച്ചൻ തിരശ്ശീലയ്ക്ക് പിന്നിൽ മറഞ്ഞുപോകാൻ കാലം അനുവദിച്ചില്ല. അതിനുകാരണം അദ്ദേഹത്തിന്റെ സേവനരംഗത്തെ ശോഭയായിരുന്നു. മാറ്റത്തിന്റെ കാറ്റുവീശിയിട്ടും അതിനെ തരണംചെയ്ത് കടപുഴകാത്ത വടവൃക്ഷംപോലെ വാ. ചാവറയച്ചൻ അനേകർക്ക് തണലേകി. വിദ്യാഭ്യാസ രംഗത്തും, ആതുരസേവന രംഗത്തും, അദ്ദേഹം കൂടുതൽ ശ്രദ്ധ പതിപ്പിച്ചതോടൊപ്പം തൂലികതുമ്പിലൂടെ അദ്ദേഹം സമൂഹത്തെ കൂടുതൽ വിജ്ഞാനികളാക്കിമാറ്റി. ''ഒരു നല്ല അപ്പന്റെ ചാവരുൾ, അനസ്താസ്യായുടെ രക്തസാക്ഷിത്വം, ആത്മാനുതാപം'' എന്നിവയാണ് പ്രധാന കൃതികൾ.

ചെറുപ്പത്തിൽ അമ്മയിൽനിന്നും, തിരുക്കുടുംബഭക്ത വഴിയും ലഭിച്ച സത്ഗുണങ്ങൾ വാ. ചാവറയച്ചൻ തന്റെ സഹപാഠികളോടൊത്ത് പങ്കുവച്ചിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിനും അദ്ദേഹം തല്പരനായിരുന്നു. ഒരുപക്ഷെ അത് തന്റെ ഭാവിയിലെ കർമ്മരംഗത്തേയ്ക്കുള്ള ഒരു പരിശീലന ചുവടുവയ്പാകാം. വിദ്യാഭ്യാസ പുരോഗതിയിലൂടെ ഒരു നല്ല ഭാവി തലമുറയുണ്ടാകുമെന്ന് അദ്ദേഹം ദീർഘദൃഷ്ടിയിലൂടെ ദർശിച്ചിരുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസരംഗത്ത് അദ്ദേഹം കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. അദ്ദേഹം പള്ളികളോട് ചേർത്ത് വിവിധ സംസ്കൃത - മലയാള സ്ക്കൂളുകൾ സ്ഥാപിച്ചു. ഇങ്ങനെയാണ് സമൂഹത്തിൽ 'പള്ളിക്കൂടം' എന്ന വാക്കുതന്നെയുണ്ടായത് എന്നു പറയാം. ജനങ്ങളുടെ ഇടയിൽ ജനിച്ചുവളർന്ന് അവരുടെകൂടെ കടന്നുപോയ യേശുവായിരുന്നു ചാവറയച്ചന്റെ മാതൃക. യേശുവിന്റെ മാതാപിതാക്കളോടുള്ള സ്നേഹ - സേവന മനോഭാവമാകാം ആതുരസേവനത്തിലേയ്ക്ക് അദ്ദേഹത്തെ ചിന്തിപ്പിച്ചത്. സ്ത്രീകൾ നന്നായാൽ സമൂഹം നന്നാകും എന്ന അവബോധമാണ് സന്യാസസമൂഹത്തെ വളർത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. (സി. എം. സി. സ്ഥാപനം) അതിലൂടെ സ്ത്രീകൾക്ക് കർമ്മരംഗം അദ്ദേഹം കാട്ടിക്കൊടുത്തു.

ജാതിചിന്ത, അയിത്തം, വർഗ്ഗീയത എന്നിവ അക്കാലത്ത് സമൂഹത്തിൽ വളർന്നിരുന്നു. ഇവയ്ക്കെതിരെ, ക്ഷേത്രപ്രവേശന വിളംബരത്തിനും എത്രയോ ദശകങ്ങൾക്ക് മുമ്പേ അദ്ദേഹം നിവാരണമാർഗ്ഗം കണ്ടെത്തിയിരുന്നു. എല്ലാ മനുഷ്യന്റേയും ഉൾക്കാഴ്ച ഒരേ മുനമ്പിലേയ്ക്കെത്തിക്കുവാൻ ചാവറയച്ചനു കഴിഞ്ഞു. നാല്പതു രാവും നാല്പതു പകലും ഉപവസിച്ച ഈശോയ്ക്കും സാത്താനിൽനിന്നും ധാരാളം പ്രതിസന്ധി നേരിടേണ്ടിവന്നു. എന്നിരുന്നാൽപോലും അതിനെ കീഴടക്കുവാൻ പോലും ഈശോയ്ക്ക് കഴിഞ്ഞു. ഇതുപോലെ ചാവറയച്ചന്റെ കർമ്മരംഗത്തും തനിക്കെതിരേ കള്ളക്കേസ് കൊടുത്ത പാട്ടക്കാരൻ, തൊണ്ടനാട്ട് അന്തോനി കത്തനാർ, സഭയിൽ ശീശ്മയുടെ കോളിളക്കം സൃഷ്ടിച്ച റോക്കോസ് തുടങ്ങിയ മാനുഷിക

[illegible]കളെ ചാവറയച്ചൻ പ്രാർത്ഥനയിലൂടെയും കർമ്മത്തി ലൂടെയും കീഴടക്കി.

സർവ്വവിധേനയും ഒരിക്കലും അണയാത്ത ദീപംപോലെ ചാവറയച്ചൻ 'സാമീഹ്യപരിഷ്കർത്താവ്' എന്ന നിലയിൽ പ്രകാശിക്കുന്നു. അദ്ദേഹത്തിന്റെ കാല്പാടുകൾ നാം പിന്തുടരേണ്ടിയിരിക്കുന്നു. സാമൂഹ്യപരിഷ്കർത്താവും, സ്മരിയ [illegible]നും, കർമ്മ യോഗിയും ആണ് വാ. ചാവറയച്ചൻ.



*ഒരു കുടുംബത്തിന്റെ യഥാർത്ഥ സമ്പത്ത് ആ കുടുംബത്തിൽ കെടാതെ തെളിയുന്ന ദൈവഭയവും ഭക്തിയും തന്നെ.*

# "ചാവറ തേനറ"

സി. മൈക്കിൾ

കേരള സഭയാം മലർവനി തന്നില്
വിരിഞ്ഞ സുനം ചാവറയച്ചൻ
അഴകും നിറവും മണവും മധുവും
വഴിഞ്ഞു നില്പൂ ചാരുതയോടെ.

ചാവറയിന്നൊരു തേനറ താനോ
പരിമളമൊഴുകും തെളിനീരുറവോ
ഇരുളല നീക്കും ഒളിതൻ നിറവോ
ഗുരുവരനിരയുടെ ഗരിമത്തികവോ.

ആര്യപുരാതന ഭാരത ഭൂവിൽ
ഋഷി പുംഗവരുടെ തപസിൻ ഭാസ്സോ
ചിന്താസരണികളൊഴുകിച്ചേർന്നതു-
കടഞ്ഞെടുത്തോരനർഘ സത്തോ.

ബുദ്ധൻ, ഗാന്ധിജി, ടാഗോർ കവിയും
ഒത്തുഭവിച്ചൊരു വ്യക്തിത്വത്തില്
ക്രൈസ്തവധർമ്മം പൊല്പ്രഭ ചാർത്തി
ദീപ്തിപരത്തിയൊരത്ഭുത ചരിതം!

ഉടയവരന്നേ നേടിയ പുണ്യം
ഉടലാർന്നിവിടെ കളിയാടിയതോ?
വടിവാളായിത് ശീശ്മയ്ക്കെല്ലാം
ശ്രീമജ് ജന്മം ശുഭദം, സഫലം.

വാങ്മധു തൂകിയ വാഗ്മി മഹാത്മൻ
വരദാനത്താലഭിഷേചിതനായ്
തിരുവചനങ്ങൾ വാരിവിതച്ചു
ജനകോടികളുടെ മനസ്സു കവർന്നു.

ബലവാന്മാരുടെ ഭൂഷണമാകും
ക്ഷമയാമായുധ മേന്തി നിതാന്തം
സമഭാവനയുടെ അങ്കിയണിഞ്ഞു
രിപുനിരയേയും സ്നേഹിതരാക്കി.

വിവേകമതിയായ് വിനയാന്വിതനായ്
വിശാലവീക്ഷണ പ്രഭാവമോടെ
വികാരി ജനറാളായി ഭരിച്ചു-
വിശിഷ്ട സേവനമേകിയതില്ലേ?

പള്ളിക്കൊപ്പം പള്ളിക്കൂടം
സംസ്കാരത്തിൻ പിള്ളത്തൊട്ടില്
നിർമ്മിച്ചീടാൻ നിർദ്ദേശിച്ചൊരു
ദീർഘദൃഷ്ടിയതെത്ര യുദാത്തം.

അനുതാപത്താലുരുകിയ ഹൃദയം
ഒഴുകിയിറങ്ങി മിഴിനീർ മഴയായ്
താഴ്മയ്ക്കതിരുകൾ കല്പിച്ചീലാ
ആഴ്ന്നു മുത്തുകൾ കോരിയെടുത്തു.

ചാവരുൾ നല്കിയ നല്ലൊരപ്പൻ
പാവനജീവിത മാതൃകയേകി
അരുളതു നമ്മൾ തലമുറതോറും
പാലിക്കേണം പതറീടാതെ.

ഈശ്വരഭക്തിയു മറിവും നെറിവും
വീശിവിളങ്ങും വീരാംഗനമാ-
രവരുടെ കരതലമേന്തും ഭദ്രം
ക്രൈസ്തവ സഭതൻ ശോഭനഭാവി.

വിൺപ്രഭ വീശും കന്യാമണിമാർ
പെൺമണിമാരുടെ അദ്ധ്യാപികമാർ
വളരണമവരീ കേരള മണ്ണില്
വിതറണമെങ്ങും പുണ്യസുഗന്ധം.

കന്യാലയമതു നിർമ്മിക്കേണം
ധന്യാത്മാവിനു വാഞ്ഛയതായി
മണ്ണും പണവും സമ്പാദിച്ചു
സുന്ദര സ്വപ്നം സാക്ഷാത്കൃതമായ്.

ഇഷ്ടപ്പെട്ടൊരു കർമ്മല സഭയെ
കഷ്ടപ്പെട്ടിഹ നട്ടുവളർത്തി
മന്നിനു ഫലവും തണലും നല്കി
ഇന്നതു സുരതരുവായി ലസിപ്പൂ!

''മഹിമാവൊഴുകും ഭാവം പുല്കി
മധുരിമയോലും ശീലവുമായി
മഹിതപ്രഭതൻ ഉറവിടമായി
മഹിയില് മരുവുക മണവാളന്നായ്.

നാഥനോടൊത്തു നടന്നീടേണം
തിരുസന്നിധിയിലിരുന്നീടേണം
തന്നൊടു പ്രിയമായ് ഭാഷിക്കേണം
തൻ സ്നേഹത്തില് പാർക്കുക നിങ്ങൾ.

തമ്മില് ത്തമ്മില് സ്നേഹിക്കേണം
ഒരൊറ്റ ജനനീ തനയർ പോലെ''
ഏവം തന്നിത് നല്ലുപദേശം
കൺമണിപോലെ കാത്തുനടത്തി.

സീഎംസീ തൻ മക്കൾ നമ്മൾ
ജാതാമോദം നന്ദിയുമായി
താതന്നുൾപ്രിയമേകും മട്ടില്
സേവനമരുളുക ധരയിൽ നിതരാം.

കന്യംബികതന്നുത്തമ ഭക്തൻ
സന്യാസത്തിനു പുതുമുഖമേകി
സ്ത്രീവംശത്തിന്നുദ്ധാരകനായ്
സമുദായത്തിൻ ശ്രേയസ്സുയർത്തി.

Kl. 626
6258.



ഗർവ്വമകന്നോൻ, മഹാനുഭാവൻ
സംഗമശേഷം ദൂരെവെടിഞ്ഞു
സർവ്വജനാഭൃത പൂജിത പാദൻ
ഉർവ്വീതലമിതു മനോജ്ഞമാക്കി.

തിന്മയ്ക്കെതിരെ പൊരുതി ജയിച്ചു
നന്മപൊഴിച്ചു വിൺമേഘംപോല്
മന്നിടമിതിലും വിണ്ടലമതിലും
വാഴ്ത്തപ്പെട്ടവനായിതു ഭാഗ്യം.

മലനാടിതിനുടെ വാടാമലരായ്
സജ്ജനനിരതൻ ചൂഡാമണിയായ്
തിരുസഭതന്നുരു കാന്തിപരത്തി
വിലസുക താതൻ! നവയുഗതാരം!!

CARMEL JYOTHI
ALWAYE
THAIKATTUKARA

---

N.B 85-ാമത്തെ വയസ്സിലും ദൈവം നല്കിയ താലന്തുകളെ ദൈവമഹത്വത്തിനായി നിർലോഭം വ്യയം ചെയ്യുന്ന ബ. മൈക്കളമ്മ ഇളം തലമുറയ്ക്ക് പ്രചോദനമാകട്ടെ.

# ചാവറയച്ചന്റെ വിദ്യാഭ്യാസ വീക്ഷണങ്ങളും ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥയും

ആൻ വർഷ വർഗീസ് നെടുംകുന്നം

വിവര സാങ്കേതിക വിദ്യയുടെ അത്ഭുത ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പലതും വെട്ടിപ്പിടിക്കുവാൻ മനുഷ്യൻ നെട്ടോട്ടമോടുന്നതിനിടയിൽ പലതും അവനിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലോകം ഇന്നൊരു ഗ്രാമമായി ചുരുങ്ങിയിരിക്കുന്നുവെന്നാണ് പ്രശസ്ത ആശയവിനിമയ ശാസ്ത്രജ്ഞനായ മാർഷൽ മാക് ലുഹാൻ അഭിപ്രായപ്പെടുന്നത്. കേരളത്തിലെ ഒരു ഗ്രാമത്തിലിരുന്നുകൊണ്ട് ചൊവ്വാഗ്രഹത്തിലെ സംഭവങ്ങൾപോലും തത്സമയം അറിയുവാൻ സാധിക്കുന്നു. ലോകം ചുരുങ്ങുകയും വ്യക്തികൾ തമ്മിൽ അകലുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ചാവറയച്ചന്റെ വീക്ഷണങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രസക്തിയേറെയാണ്.

സുവിശേഷദീപ്തമായ ഒരു ജീവിതമായിരുന്നു ചാവറയച്ചന്റേത്. അപാരമായ പാണ്ഡിത്യത്തിന്റേയും സവിശേഷമായ നേതൃത്വസിദ്ധികളുടേയും പിൻ ബലത്തോടുകൂടി അചഞ്ചലമായ ദൈവാശ്രയ ബോധത്തിലും സ്വയം പ്രേരിതമായ സുവിശേഷ പ്രേഷിതത്വത്തിലും അടിയുറച്ച് ആത്മത്യാഗഭരിതവും പരസ്നേഹ സുരഭിലവുമായ ജീവിതയജ്ഞംവഴി അസാധാരണവും കലാവർത്തിതവുമായ നിരവധി നേട്ടങ്ങൾക്ക് തുടക്കം കുറിച്ച ഒരു മഹത് വ്യക്തിത്വത്തിന്റെ ഉടമയാണ് ചാവറയച്ചൻ. അസാധാരണത്വത്തിന്റെ അത്ഭുത പരിവേഷം തുളുമ്പുന്ന ജീവിതം.

ദൈവത്തിന്റെ തിരുവചനങ്ങൾ അവിടുത്തെ ഭക്തരിലൂടെ, ദാസരിലൂടെ നിരന്തരം സാക്ഷാത്കൃതമായിക്കൊണ്ടിരിക്കുകയാണ്. നിയതമായ ഒരു ലക്ഷ്യത്തോടുകൂടി മനുഷ്യമക്കളെ ഭൂമിയിലേയ്ക്ക് അയയ്ക്കുന്ന ദൈവം അവരുടെ പ്രത്യാഗമനം

പത്യകമായ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഈ കടമ മനസ്സിലാക്കി അവിടുത്തേയ്ക്കുവേണ്ടി ആത്മാക്കളെ സമ്പാദിച്ച് അതുവഴി സ്വന്തം ജീവിതലക്ഷ്യം പൂർത്തീകരിച്ച് ദൈവത്തിന്റെ പ്രശംസയ്ക്ക് പാത്രീഭൂതനായി ചാവറയച്ചൻ.

കേരളത്തിലെ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങൾ ചാവറയച്ചൻ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസപരമായി ഒരു ധവളവിപ്ലവം നടക്കുന്ന കാലഘട്ടമാണിതെന്ന് രാഷ്ടീയ നേതാക്കൾ പ്രഖ്യാപിച്ചുകഴിഞ്ഞു. വിദ്യാഭ്യാസമെന്നത് ഒരു വ്യക്തിയുടെ ബൗദ്ധീകമായ വളർച്ച മാത്രമല്ല ആത്മീകവും മാനസീകവുമായ വളർച്ചകൂടിയാണ്. മത്സരിക്കുവാനാണ് പഠിക്കുന്നത് എന്ന് ചിന്തിക്കുന്ന കാലഘട്ടത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. കുട്ടികളുടെ ജീവശാസ്ത്രപരമായ ആവശ്യകതകൾ വരെ ഇന്ന് മാതാപിതാക്കളുടെ തീരുമാനപ്രകാരം നടക്കുന്നു. എന്നാൽ സ്വയം ബഹുമാനിക്കുവാനും ജീവിതം ആസ്വദിക്കുവാനും ഭയങ്ങളിൽനിന്ന് മോചനം നേടുവാനും വ്യക്തിത്വ വികസനം നേടുവാനുമുള്ള വേദിയാകണം വിദ്യാഭ്യാസം. അല്ലെങ്കിൽ ആത്മവിശ്വാസമില്ലാത്ത ഒരു തലമുറയാകും ഫലം. ചാവറയച്ചന്റെ വിദ്യാഭ്യാസ വീക്ഷണങ്ങൾ നൂതനങ്ങളായിരുന്നു. മാന്നാനത്ത് സംസ്കൃതസ്ക്കൂളിന്റെ സ്ഥാപനത്തോടുകൂടി കേരളത്തിൽ കത്തോലിക്കാ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. വിദ്യാഭ്യാസം സമൂഹത്തിന്റെ ഉയർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കിയ അദ്ദേഹം എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കണമെന്ന അഭിപ്രായത്തിൽ ഉറച്ചുനിന്നു. ദളിത് വിദ്യാർത്ഥികൾ സ്ക്കൂളിൽ ദിവസേന ഹാജരാകാത്തതിന്റെ കാരണം ഭക്ഷണപ്രശ്നമാണെന്നു മനസ്സിലാക്കിയപ്പോൾ പിടിയരിയിൽ നിന്നും ഉച്ചക്കഞ്ഞി നല്കുന്നതിന് അദ്ദേഹം ഉത്സാഹിച്ചു. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനും അദ്ദേഹം വിജയം കണ്ടെത്തി. സ്ത്രീ വിദ്യാഭ്യാസത്തിന് വളരെയേറെ ഉന്നൽ നല്കി. ഒറ്റവാക്കിൽ പറഞ്ഞാൽ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ നാഴികക്കല്ലാണ് ചാവറയച്ചൻ.

ബൃഹത്തായ പല ഭൗതീക നേട്ടങ്ങളും വെട്ടിപ്പിടി ലോകത്തെ കിടിലംകൊള്ളിച്ച പല മഹാരഥന്മാരുടേയു സ്മരണകൾ അവർക്കൊപ്പം കാലയവനികയ്ക്കുള്ളിൽ മറയുന്നു എന്നാൽ ദൈവത്തിന്റെ വഴികളിലൂടെ സഞ്ചരിച്ച് ജീവിതലക്ഷ്യ പൂർത്തിയാക്കിയവർ മൺമറഞ്ഞിട്ടും മനുഷ്യഹൃദയങ്ങളി ജീവിക്കുന്നു. അത്തരത്തിലൊരു വ്യക്തിയാണ് ചാവറയച്ച അദ്ദേഹം കൊളുത്തിയ ദീപത്തിന്റെ പ്രകാശം ലോകമെങ്ങും പ്ര ചൊരിയണം. ആ ദീപത്തിലെ പ്രകാശത്തിൽ അനേക അന്ധകാരത്തിൽനിന്നകലണം. അദ്ദേഹത്തിന്റെ ജന്മ ദ്വിശതാബ് ആഘോഷിക്കുന്ന ഈ വർഷം ഈ പുണ്യപുരുഷന്റെ ആദർശങ്ങൾക്കൊത്ത് നമുക്ക് ജീവിക്കാം.

### *'ക്വീൻസ് ഗാർമെന്റ്സ്'*

പാവപ്പെട്ടവരും തൊഴിൽ രഹിതരുമായ പെൺകുട്ടികളുടെ സമഗ്രവിമോചനം ലക്ഷ്യംവച്ചുകൊണ്ട് മാങ്ങാനം ജയാകാർമ്മലിൽ ആരംഭിച്ച ക്വീൻസ് ഗാർമെന്റ്സിന്റെ ഔപചാരികമായ ഉദ്ഘാടനവും ആശീർവ്വാദകർമ്മവും ഫെബ്രുവരി 14 -ാം തീയതി മൂന്നു മണിക്ക് അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബ. ഫാ. ഗ്രിഗരി ഓണംകുളം നിർവ്വഹിച്ചു.

# വാ. ചാവറപിതാവിന്റെ ആദ്ധ്യാത്മികത ജീവിതം

സി. ഫിലോ റ്റോം

നിറഞ്ഞു കവിഞ്ഞൊഴുകുമൊരു പാനപാത്രം
അതിൽ നുരയുന്നു "തിരുക്കുടുംബഭക്തി"
അമ്മ പകർന്നതാം അമ്മിഞ്ഞയോടൊപ്പം
'അമ്മ' മേരിതൻ അതുല്യ ഭക്തിയും!

പിച്ചവയ്ക്കേണ്ടും പ്രായമതിൽത്തന്നെ-
പ്രിയമാതാവൊപ്പം പ്രാർത്ഥനാനിരതനായ്-
പിഞ്ചിളം കൈകളിൽ താങ്ങി എടുത്തു-
ആ പ്രാർത്ഥനാപുസ്തകം അനുദിനം പുലർകാലേ

അറിയേണം, ദൈവത്തെ ആഴമായി സ്നേഹിപ്പാൻ-
അറിവുവേണം ഇരുൾ നീക്കിത്തെളിവേകുവാൻ
ഇരുളും വെളിച്ചവും ഇടതിങ്ങും ജീവിതം
ഇളം പ്രായത്തിൽ ഗ്രഹിച്ചു കുര്യാക്കോസ്

അറിവുനേടുവാൻ ആശാൻ കളരിയിൽ
ബാലനാം കുറിയാക്കോസ് ചെന്നനേരം
അജ്ഞാനിയാം ആശാൻ തൻ കയ്യാൽ-
എഴുതിച്ചു ഈശോ മിശിഹായേ നമഃ-

പന്തുകളിക്കേണ്ടും പൈതലിൻ പ്രായത്തിൽ
ഭാഷകളഞ്ചിലും നൈപുണ്യം നേടി താൻ
ജ്ഞാനത്തിൽ, ഭക്തിയിൽ, നീതിയിൽ ഏവർക്കും
ശാന്തി പകരുവാൻ കരുത്തുനേടി.

കേട്ടു ദൈവീക മൃദസ്വരം ഉൾകാമ്പിൽ
സെമിനാരിയിൽ ചേർന്നു 'വേദം പഠിക്കുവാൻ'
തൻ ഹിതം ദൈവഹിതമായിക്കണ്ടു
സർവ്വം ത്യജിച്ചു താൻ നാഥന്റെ സ്വന്തമായി

ഇരുന്നു, നാഥന്റെ ചാരെയഖിലവും
മറന്നു, തൻ ജീവിത ദുഃഖങ്ങളും;
പകർന്നു തൻ ഹൃദയ വികാര വിചാരങ്ങൾ-
എല്ലാം അവിടുന്നു ഏറ്റുകൊണ്ടു

ദിവ്യകാരുണ്യരൂപന്റെ മുമ്പിൽ തപസി-
രുന്നാത്മ ജ്ഞാനങ്ങൾ നേടിയവൻ
ആറുപുരുഷായുസിൻ വേലകൾ സർവ്വതും-
ചെയ്തു തീർത്തതാം ഈ ചെറു ജീവിതം.

ധ്യാനത്തിൽ മുഴുകിയ നേരമതൊക്കയും
ദർശിച്ചു ദിവ്യ ജനനിയും യൗസേപ്പും
ധ്യാനത്തിൻ പേച്ചുകൾ ചൊല്ലി പഠിപ്പിക്കും
അമ്മ തെരേസായും ഉണ്ണിമിശിഹായും

കാരുണ്യരൂപനാം താതാ തനയനായ്
ആ പാദപീഠത്തിൽ അർപ്പിച്ചു സർവ്വവും
'അപ്പാ' എന്നു വിളിച്ചു കേണു തൻ
ആത്മാവുമർപ്പിച്ചു മോദമോടെ!

# വരപ്രസാദ നിറവോടെ

## കഥാപ്രസംഗം

സി. കാരുണ്യ

*സഹൃദയരേ, കലാ സ്നേഹികളേ,*

ഘോര വനാന്തരങ്ങളിൽ ഏകാന്ത ധ്യാനത്തിൽ മുഴുകി ദൈവസായൂജ്യം നേടിയ മഹാ മുനിമാരുടെ നാടാണ് ഭാരതം.

'അസതോമാ സത്ഗമയാ
തമസോമാ ജ്യോതിർഗമയാ
മൃത്യോമാ അമൃതംഗമയാ

അസത്യത്തിൽനിന്നു സത്യത്തിലേയ്ക്കും ഇരുട്ടിൽനിന്നു വെളിച്ചത്തിലേയ്ക്കും മരണത്തിൽ നിന്നും ജീവനിലേയ്ക്കും ഞങ്ങളെ നയിക്കേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ലോകാസമസ്താ സുഖിനോഭവന്തു എന്നാശംസിച്ച ഋഷിമാരുടെ നാടാണ് ഭാരതം. പുണ്യംകൊണ്ടും കർമ്മം കൊണ്ടും അനുഗ്രഹപൂമഴ വിതറിയ ഈ ആർഷഭാരതമണ്ണിൽ

കാലത്തിനു മുമ്പേ ജന്മം കൊണ്ടൊരു
ദിവ്യതേജസ്സാം തപോധനൻ (3)

ആഴമേറിയ ആത്മീയ ജീവിതവും സ്നേഹപൂർണ്ണമായ കർമ്മജീവിതവും കോർത്തിണക്കിയ ഒരു ധന്യ തപോധനൻ, അതെ! ചാവറകുറിയാക്കോസ് ഏലിയാസച്ചൻ. യേശുവിൽ സ്നേഹവും ഭാഗ്യവും ദർശിച്ച്, ശ്വാസവും ആശ്വാസവും നിക്ഷേപിച്ച്, യാവനയും പാനീയവും ആസ്വദിച്ച് യേശുബദ്ധമായ ഒരു ജീവിതം നയിച്ച ആ പുണ്യ പുരുഷന്റെ കണ്ണുകളിലും ഹൃദയത്തിലും എന്നും നിറഞ്ഞുനിന്നത് തന്റെ ദിവ്യ നാഥന്റെ രൂപം മാത്രമായിരുന്നു. അതെ, അദ്ദേഹം ഇങ്ങനെ പാടി.

കാരുണ്യ നാഥനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകേണം.

അമ്മാനുവേലന്ന നാമാർത്ഥം പോൽ ദൈവം
നമ്മോട് ചേർന്നതും കാണാകേണം.
ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.

ജ്ഞാന - ഭക്തി മാർഗ്ഗങ്ങളെ സ്വകാര്യവ്യക്തിത്വത്തിൽ സുന്ദരമായി സമന്വയിപ്പിച്ച് സന്യാസികളുടെ ഇടയിൽ ഒരു സമുദായ സേവകനും സമുദായ സേവകരുടെ ഇടയിൽ ഒരു സന്യാസിവര്യനും ഇരുകൂട്ടരുടേയും ഇടയിൽ ഒരു ദൈവീക മഹാപുരുഷനുമായി ഉയർന്നു നില്ക്കുന്ന ആ പുണ്യാത്മാവിന്റെ കഥയാണ്,

## "വരപ്രസാദ നിറവോടെ"

ഇരു ശതവർഷത്തിൻ നാളിതിൽ
വാഴ്ത്തിപ്പാടാം അപദാനങ്ങൾ
ദൈവസ്നേഹപൂർണ്ണനായ താതന്റെ
കഥയിന്നു ചൊല്ലീടട്ടെ സ്നേഹാൽ
കഥയിന്നു ചൊല്ലീടട്ടെ.

പച്ചവിരിച്ച നെൽപ്പാടങ്ങളേയും ഓളങ്ങൾ അലയടിക്കുന്ന കായലിനേയും തഴുകിവരുന്ന കുളിർക്കാറ്റ്....... കാറ്റിന്റെ താളത്തിനൊത്ത് നൃത്തം വയ്ക്കുന്ന ഓളങ്ങൾ. . . . . . . . . . . ഹൊയാരേ... ഹൊയാരേ..... അതാ പളുങ്കുമണികൾ ചിതറിച്ച് മന്ദം മന്ദം തുഴഞ്ഞെത്തുന്ന കൊച്ചോളങ്ങൾ. അതെ! ദൈവത്തിന്റെ സ്വന്തം നാടായ കേരളം........ ഈ കൊച്ചു കേരളത്തിൽ വേമ്പനാട്ട് കായലിനോടും പമ്പാനദിയുടെ ചെറു ശാഖകളോടും തൊട്ടുരുമി കിടക്കുന്ന ഹരിത ഭൂമിയാണ് കൈനകരി. ശാന്ത ഗംഭീരമായ ആ കൈനകരി തീരത്ത് ഓലമേഞ്ഞ മേൽക്കൂരയോടുകൂടിയ തടികൊണ്ട് നിർമ്മിച്ച പുരാതനമായ ആ കൊച്ചു വീടു കണ്ടില്ലേ..... ആ കൊച്ചു വീടാണ്........

കൈനകരിക്കെന്നും അഭിമാനപാത്രമാം
ചാവറതാതന്റെ വീട്

പുണ്യമാം ജീവിതം എന്നും നയിച്ച
ധന്യനാം താതന്റെ വീട്
കാലത്തിനെല്ലാം മുമ്പേ ചരിച്ച
ധന്യതപോധനനായി ജന്മം
കൊടുത്തൊരു സുന്ദരവീട്.

നേരം പാതിരാ കഴിഞ്ഞു. സർവ്വ ജീവജാലങ്ങളും ഇരുട്ടിന്റെ മണിയറയിൽ സുഖനിദ്ര പ്രാപിച്ചുകഴിഞ്ഞു. അതാ ആ ചാവറ കുടുംബത്തിന്റെ ആ കൊച്ചു മുറിയിൽ മാത്രം മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചം കാണാം. ഒന്നു സൂക്ഷിച്ചു നോക്കൂ. മുഷിഞ്ഞ ഒരു വെള്ള ഷർട്ടും മുണ്ടുമണിഞ്ഞ് ക്ഷീണിച്ചതും വിളറിയതും ദുഃഖഭാരം തിങ്ങിനില്ക്കുന്നതുമായ ഹൃദയത്തോടുകൂടി തിരുക്കുടുംബ സ്വരൂപത്തിനുമുമ്പിൽ മുട്ടിന്മേൽ നിന്ന് കണ്ണീരൊഴുക്കുന്ന ആബാലനെ കണ്ടില്ലേ...... അവനാണ് നമ്മുടെ കഥാപാത്രം......... കൊച്ചു കുറിയാക്കോസ്....... എന്തിനാണവൻ കരയുന്നത്? എന്താണവന്റെ ദുഃഖം?

ജനനം മുതൽക്കേ കൊതിയൊന്നുമാത്രം
വൈദീകനാകാൻ അർപ്പണം ചെയ്യാൻ
സെമിനാരി നാളിൽ മാതാപിതാക്കൾ
മരണമടഞ്ഞതുമൂലം
ഭവനത്തിനേക ശരണമായ്.....

പകർച്ചവ്യാധിയുടെ പിടിയിൽപ്പെട്ട് മാതാപിതാക്കളും സഹോദരനും മരണമടഞ്ഞപ്പോൾ, വൈദീകനാകാനേറെ ആഗ്രഹിച്ച് സെമിനാരിയിൽ പഠനം നടത്തിവന്ന കൊച്ചു കുര്യാക്കോസിനെ ചിറ്റപ്പന്മാർ വീട്ടിലേയ്ക്ക് കൊണ്ടു വന്നിരിക്കുകയാണ്. തിരിച്ചു പോകാതിരിക്കാൻ അവനെ ആ കൊച്ചു മുറിയിൽ പൂട്ടിയിട്ടിരിക്കുകയാണ്...... അതാ..... ഒരു നിമിഷം... ഒന്നു കാതോർക്കൂ... അവന്റെ പ്രാർത്ഥനയല്ലേ ആ കേൾക്കുന്നത്.

എന്നെ കൈപിടിച്ചു നടത്തുന്ന അപ്പാ
എന്നെ കൈകളിൽ താങ്ങിടുന്ന അപ്പാ
എന്റെ മനസ്സിന്റെ വേദന കാണൂ നിന്റെ

തിരുഹിതം പോലെന്നെ നടത്തൂ.
എന്റെ അപ്പാ നല്ല അപ്പാ
കാരുണ്യം കാട്ടുന്ന അപ്പാ.

"എന്റെ നല്ല അപ്പാ ജനനം മുതൽ നിന്റെ നാമം എന്റെ അമ്മയുടെ അധരങ്ങളിൽനിന്ന് കേട്ടുവളർന്ന നാൾ മുതൽ മനസ്സിൽ താലോലിച്ച ആഗ്രഹം......... 10-ാം വയസ്സിൽ പലയ്ക്കൽ അച്ചനോടൊപ്പം ഈ പടികൾ ചവിട്ടിയിറങ്ങിയപ്പോൾ മനസ്സിൽ കുളിർമഴ പെയ്ത അനുഭവമായിരുന്നു........ അപ്പാ ഇന്നിവിടേയ്ക്ക് തിരിച്ചെത്തിയ എന്റെ മനസ്സിൽ ഒരു അഗ്നികുണ്ഡം എരിയുകയാണ്...... എന്റെ അപ്പാ എന്നെക്കുറിച്ചുള്ള അവിടുത്തെ പദ്ധതി അങ്ങ് നിറവേറ്റണമേ. അപ്പാ എനിക്ക്..... ഒരു വൈദീകനാകണം......."

ആ ദീന രോദനം ദിഗന്തങ്ങളിൽ മാറ്റൊലി കൊണ്ടു. ഉദയസൂര്യന്റെ പൊൻ കിരണങ്ങൾ നാനാ വർണ്ണങ്ങൾ വിതറിക്കൊണ്ട് ആ കൊച്ചു വീട്ടിലേയ്ക്ക് എത്തിനോക്കി. കൊച്ചു കുര്യാക്കോസിന്റെ ആഴമായ പ്രാർത്ഥനയുടേയും വിശ്വാസത്തിന്റേയും ഫലമായി അതാ സ്വത്തെല്ലാം പെങ്ങളുടെ പേരിൽ എഴുതിവച്ച് തോപ്പിൽ അച്ചനോടൊപ്പം അദ്ദേഹം ആ വീടു വിട്ടിറങ്ങി. 1829-ൽ വൈദീക പട്ടം സ്വീകരിച്ച നാൾ വരെ ആഴമായ പ്രാർത്ഥനയും പഠനവുമാണ് ആ പുണ്യധീരനെ നയിച്ചത്. 1831-ൽ പോരൂക്കരയച്ചനും പാലയ്ക്കലച്ചനും ചാവറയച്ചനും ചേർന്ന് സി. എം. ഐ. സന്യാസാശ്രമത്തിന് മാന്നാനത്ത് തുടക്കം ഇട്ടതോടുകൂടി ചാവറയച്ചന്റെ ചിരകാലാഭിലാഷം പൂവണിഞ്ഞു.

അർപ്പണം പൂജാർപ്പണം
സ്നേഹത്തിൻ യാഗാർപ്പണം
തിരുസന്നിധിയിൽ തിരുനാഥനൊത്ത്
തിരുമുൽക്കാഴ്ചയുമായ്

എന്തെല്ലാം ബുദ്ധിമുട്ടുകളും ജോലികളും ഉണ്ടായാലും ദിവ്യകാരുണ്യത്തിൽ കുടികൊള്ളുന്ന തന്റെ പ്രിയ നാഥനോടൊപ്പമായിരിക്കാൻ അവിടുത്തോട് സ്നേഹ സംഭാഷണം

നടത്താൻ ചാവറയച്ചൻ സമയം കണ്ടെത്തിയിരുന്നു. "സർവ്വ മാലാഖമാരാലും ഭൂവാസികളാലും ആരാധിക്കപ്പെടുന്ന നല്ല അപ്പാ അങ്ങ് ഈ ഗോതമ്പപ്പത്തിൽ വസിക്കാൻമാത്രം ശൂന്യനായത് ഓർക്കുമ്പോൾ ഈ മഹാ പാപിയായ ഞാൻ ലജ്ജിതനാകുന്നു. എനിക്കുവേണ്ടിയാണല്ലോ അങ്ങ് ഈ ശൂന്യത ഏറ്റെടുത്തത്..... നാഥാ അങ്ങേയ്ക്കാരാധന......."

ഇത്ര ചെറുതാകാനെത്ര വളരേണം
ഇത്ര സ്നേഹിക്കാനെന്തുവേണം.

ദിവ്യകാരുണ്യ സന്നിധിയിൽനിന്ന് പ്രകാശവും പ്രചോദനവും സ്വീകരിച്ച ആ ധന്യാത്മാവ് കാലത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അഗതിമന്ദിരവും പള്ളിക്കൂടങ്ങളും അച്ചടിശാലയും നാല്പതുമണി ആരാധനയുമെല്ലാം ആരംഭിച്ചു. ആ പുണ്യാത്മാവിന്റെ ചൈതന്യ ധാരയിൽ കേരളമാകെ മുങ്ങിക്കുളിക്കുന്ന സുന്ദരമായ കാലം. പെട്ടെന്നാണ്,

ശീശ്മതൻ വിത്തുമായ് കപ്പലിറങ്ങിയ
റോക്കോസെന്നൊരു കൊടുങ്കാറ്റ്
കേരളസഭയിൽ ഭിന്നിപ്പുളവാക്കി.
കോളിളക്കങ്ങൾ സൃഷ്ടിച്ചീടുന്നു.

മടവീണ കായൽ ജലത്തിന്റെ പ്രവാഹംപോലെ ആളുകൾ റോക്കോസ് മെത്രാന്റെ പക്കലേയ്ക്ക് പായുകയായിരുന്നു. ചാവറയച്ചന്റെ ഹൃദയം നൊന്തുള്ള പ്രാർത്ഥനയുടേയും പരിശ്രമങ്ങളുടേയും ഫലമായി ഒടുവിൽ റോക്കോസിന്റെ കള്ളി വെളിച്ചത്താവുകയും അദ്ദേഹം കേരളത്തിൽനിന്ന് യാത്രയാവുകയും ചെയ്തു.

ശാന്തിതീരങ്ങൾ തെളിഞ്ഞു സഭയിൽ
ശാന്തി സന്ദേശമുയർന്നു.
ചാവറതാതന്റെ ചൈതന്യ ധാരയിൽ
പുളകാഞ്ചിതയായി.

"കേരളസഭ മച്ചിയാണ് അവൾക്ക് വിശുദ്ധരില്ല" ഈ ചിന്ത

മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്ന നാളിൽ ഇവിടുത്തെ ഡലഗേറ്റായിരുന്ന ലെയോപ്പോൾദ് അച്ചനോട് ചാവറയച്ചൻ തന്റെ ചിരകാലാഗ്രഹം അറിയിച്ചു.

മച്ചിയാം കേരളസഭാംബികയ്ക്ക്
വിശുദ്ധരാം മക്കളെ നല്കീടാനായ്
പുണ്യസങ്കേതമാം സന്യാസഭവനമൊ-
ന്നാരംഭിച്ചീടുവാൻ ഉൾപ്രേരണയിതാ.

"പ്രിയോരച്ചാ ഞാനീക്കാര്യം അച്ചനോട് പറയാനിരിക്കുകയായിരുന്നു ഇത് ദൈവനിശ്ചയം തന്നെ" അങ്ങനെ 1866 ഫെബ്രുവരി 13-ന് കർമ്മലമാതാവിന്റെ സന്യാസിനി സമൂഹം കുനമ്മാവിൽ സ്ഥാപിതമായി. ഇന്നു കേരളത്തിലും തമിഴ്നാട്ടിലും മാത്രമല്ല ഭാരതമെമ്പാടും ആഫ്രിക്ക, അമേരിക്ക, യൂറോപ്പ്, എന്നീ ഭൂഖണ്ഡങ്ങളിലും സി. എം. സി വ്യാപിച്ചിരിക്കുന്നു.

ജയ ജയ കേരള കർമ്മല ജനനി
ജയ ജയ മാനവ വത്സല ജനനി
ജയ ജയ നീണാൾ (2)

കാലചക്രം കറങ്ങിനീങ്ങി വാതപ്പനിയും കണ്ണിന് വേദനയും ബാധിച്ച് ചാവറയച്ചൻ കിടപ്പിലായി. വേദനകൾക്കും ചികിത്സകൾക്കും ഇടയിലും ചാവറയച്ചൻ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. രോഗം വളരെ വഷളായി. ചാവറയച്ചൻ ലെയോപ്പോൾദച്ചനോട് പറഞ്ഞു. "സ്വ.... സ്വർഗ്ഗത്തിൽനിന്ന് പലരും എന്നെ കാണാൻ വരുന്നുണ്ട്. അപ്പൻ... അമ്മ..... ഇച്ചായൻ .... പാലയ്ക്കലച്ചൻ... പോരൂക്കരയച്ചൻ... അവരെന്നെ വിളിക്കുന്നു". 'പ്രിയോരച്ചനെ ഞങ്ങൾക്ക് വേണം...." ലെയോപോൾദച്ചന്റെ സ്വരമിടറി "തമ്പുരാനുണ്ടെങ്കിൽ ആരും വേണ്ട ദുഃഖിക്കരുത് അച്ചാ........" "ഞാൻ.... ശ്രമിക്കാം അച്ചാ....... നിറയുന്ന കണ്ണുകൾ പ്രിയോരച്ചനിൽനിന്നും വെട്ടിച്ചുമാറ്റി ലെയോപ്പോൾദ് മിഷനറി പെട്ടന്ന് മുറിക്ക് പുറത്തുകടന്നു.

1871 ജനുവരി 3-ന് രാവിലെ കുർബാനയ്ക്കുശേഷം

കൂനമ്മാവു കൊവേന്തയിൽ മരണമണി മുഴങ്ങി. വിറങ്ങലിച്ച പ്രഭാതത്തിലൂടെ ആ തേങ്ങൽ അകലങ്ങളിലേയ്ക്ക് പടർന്നു. കേരളത്തിന്റെ കൊടി ഇതാ വീണിരിക്കുന്നു. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്താത്ത ആ പുണ്യ തേജസ് സ്വർഗ്ഗത്തിലേയ്ക്ക് യാത്രയായി

സ്വർഗ്ഗീയ തുറമുഖം ലക്ഷ്യമാക്കി
ആഞ്ഞു തുഴഞ്ഞോരാ ഓടിവള്ളം
തീരമണഞ്ഞതാ ശാന്തമായി
സ്നേഹിക്കും ഹൃദയങ്ങൾ തേങ്ങിപ്പോയി.

ആയിരം അരുണന്റെ ശോഭ പരത്തിയ ആ ദിവ്യ തേജസ് ഇന്നും പ്രകാശം പരത്തിക്കൊണ്ട് വിണ്ണിൽ പരിലസിക്കുന്നു. 'ചാവറയച്ചന്റെ മക്കൾ ഞങ്ങൾ' എന്നഭിമാനിക്കുന്ന, ഇരുകരങ്ങളും ഉയർത്തി. ''കർമ്മല ചൈതന്യത്തിൻ നിർമ്മല ദർപ്പണമേ കുര്യാക്കോസ് ധന്യാത്മാവേ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ'' എന്ന് ചാവറയച്ചനോട് ഉറക്കെ പ്രാർത്ഥിക്കുന്ന നമ്മുടെ ജീവിതം ആ പിതാവിന്റെ 'മക്കൾ' എന്നഭിമാനിക്കാൻതക്ക വിധമാണോ എന്നു നാമൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

എല്ലാവർക്കും നന്മകൾ ചെയ്ത്
പാവങ്ങൾക്ക് താങ്ങായ് മാറാൻ
അക്ഷരദീപം തെളിച്ചു നല്കാനായ്
താതന്റെ തനയരാകും
നാമിന്ന് ഒന്നുചേർന്ന്
നീങ്ങേണം ധ്യാനകർമ്മ മാർഗ്ഗേ
സന്യാസ ഭവനത്തിൻ ഉൾക്കളമെന്നും
പുണ്യസങ്കേതങ്ങളായ് മാറി മാതൃകയാക്കാം.

ഈ ജൂബിലി വർഷത്തിൽ ആ പിതാവിന് ജൂബിലി സമ്മാനമായി സ്നേഹവും കരുണയും ആർദ്രതയും പ്രാർത്ഥനാചൈതന്യവും നിറഞ്ഞുനില്ക്കുന്ന നമ്മുടെ സന്യാസ ഭവനങ്ങൾ നമുക്ക് നല്കാം. അങ്ങനെ സ്നേഹോഷ്മളമായ ജീവിതത്തിലൂടെ സ്വർഗ്ഗം ഭൂമിയിലവതരിപ്പിക്കാം. നന്ദി നമസ്ക്കാരം


കാലത്തിനു മുമ്പേ
ജനിച്ച മഹാപ്രഭോ
കർമ്മം കൊണ്ടിധരയെ
പുളകിതമാക്കിയ മഹാപ്രഭോ
ചാവറപ്പിതാവേ (2)
സ്വർഗ്ഗത്തിൽ ഈ
ശരണാർത്ഥികളുടെ പ്രാർത്ഥന
കേൾക്കണേ

## ആയിരമായിരം നന്ദി.......

നിരന്തരമായ അദ്ധ്വാനവും കർമ്മകുശലതയും കൈമുതലാക്കി ക്വീൻസിന്റെ വിദ്യാഭ്യാസ മണ്ഡലത്തെ പ്രകാശമാനമാക്കി ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിക്കുന്ന സി. ജോയിസ്, സി. ഫ്ളവർലെറ്റ്, സി. വിൻസി, സി. ബെറ്റ്സി, സി. ഫിലോറോസ് എന്നിവർക്ക് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സമുചിതമായ യാത്രയയപ്പ് നല്കി. പ്രിയ സഹോദരിമാരേ നിങ്ങൾക്കേവർക്കും ക്വീൻസിൻ തനയരുടെ ആത്മാർത്ഥമായ പ്രാർത്ഥനാശംസകൾ.... നന്ദി....



സി. ജോയിസ്




സി. ഫ്ളവർലെറ്റ്



സി. വിൻസി



സി. ബെറ്റ്സി



സി. ഫിലോറോസ്

ദീർഘകാലത്തെ വിദ്യാഭ്യാസ പ്രേഷിതപ്രവർത്തനത്തിലൂടെ അനേകായിരങ്ങളെ വളർത്തി വലുതാക്കി നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ ഔദ്യോഗിക ജീവിതത്തോട് വിടപറയുന്ന പ്രിയ സോദരിമാരേ, നിങ്ങൾക്ക് ഒരായിരം നന്ദി. തുടർന്നും നിങ്ങളുടെ ജീവിതങ്ങൾ അനേകർക്ക് മാർഗ്ഗദീപമാകുവാൻ ആയുരാരോഗ്യങ്ങൾ നല്കി ജഗദീശൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ചാവറജയന്തി ആഘോഷങ്ങൾ ഹോളിക്വീൻസ് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ........

സി. ലിലി തെരേസ്

വാ. ചാവറയച്ചന്റെ പുണ്യജന്മത്താൽ ധന്യയായ ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ഹോളിക്വീൻസ് പ്രോവിൻസിലെ സി. എം. സി. മക്കൾ ഒന്നുചേർന്ന് തങ്ങളുടെ സ്ഥാപക പിതാവിന്റെ ജയന്തി ആഘോഷങ്ങൾ അത്യാഹ്ലാദപൂർവ്വം കൊണ്ടാടി.

ഡിസംബർ 28-ന് ഹോളിക്വീൻസ് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ അസംപ്ഷൻ ഓഡിറ്റോറിയത്തിൽവച്ച് നടന്ന ഏകദിന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സിസി സ്വാഗതം ആശംസിച്ചു. സി. എം. ഐ. വികാരി ജനറൽ റവ. ഫാ. മാത്യു കണിയാംപറമ്പിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഡോ. സി. സോഫി റോസ് -"ചാവറയച്ചൻ സാമൂഹ്യ പരിഷ്കർത്താവ്" "എന്ന വിഷയത്തെക്കുറിച്ചും ഫാ. Z. M. മൂഴൂർ 'ചാവറ കൃതികൾ ഒരവലോകനം' എന്ന വിഷയത്തെക്കുറിച്ചും പ്രബന്ധാവതരണം നടത്തി. തുടർന്ന് 'ചാവറയച്ചൻ ദൈവസ്നേഹത്തിന്റെ നിലയ്ക്കാത്ത പ്രവാഹം' എന്ന നൃത്തസംഗീത നാടകവും, നൂറനാട് കെ. സി. എം. നേഴ്സിംഗ് വിദ്യാർത്ഥിനി കുമാരി ധന്യയുടെ സിംഗിൾ ഡാൻസ്, സെന്റ് ജോസഫ്സ് എൽ. പി. സ്ക്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗ്രൂപ്പ് ഡാൻസ്, നോവിസസിന്റെ ജൂബിലിഗാനം എന്നിവയും ഉണ്ടായിരുന്നു. വിവിധ സന്യാസിനി സമൂഹങ്ങളിൽ നിന്നായി മുന്നൂറിലേറെപ്പേർ ആഘോഷ പരിപാടികളിൽ പങ്കുചേർന്നുകൊണ്ട് പരിപാടികൾ കൂടുതൽ മോടി പിടിപ്പിച്ചു.

സി. എം. ഐ., സി. എം. സി. സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട എല്ലാ ആഘോഷ പരിപാടികളിലും സിസ്റ്റേഴ്സ് പങ്കെടുത്തുകൊണ്ട് ചാവറജയന്തി ആഘോഷങ്ങളിൽ സഹകരിച്ചു.

ഫെബ്രുവരി 5, കർമ്മല മക്കൾക്ക് ഓർമ്മയുടെ മണിച്ചെപ്പിൽ സൂക്ഷിക്കാൻ ഒരു സുന്ദര സുദിനം. മാന്നാനം ദൈവാലയത്തിൽവച്ച് ഫെബ്രുവരി 5, 2. 30 P.M. ന് സി. എം. സി. യുടെ വിവിധ പ്രോവിൻസുകളിൽ നിന്നുള്ള 74 നോവിസസിന്റെ സഭാവസ്ത്ര സ്വീകരണവും ആദ്യവ്രതാനുഷ്ഠാനവും നടത്തപ്പെട്ടു. ആറായിരത്തിലധികം വിശ്വാസികളുടെ മദ്ധ്യത്തിൽ വച്ച് 74 നവ കന്യകമാർ തങ്ങളെത്തന്നെ ആത്മമണവാളനായ ഈശോയ്ക്ക് സമർപ്പിച്ചു. ഈ പാവന കർമ്മത്തിനു വേദിയൊരുക്കാൻ, സൗകര്യങ്ങൾ ഒരുക്കാൻ ക്വീൻസ് തനയർ ഒന്നായി അദ്ധ്വാനിച്ചു.

2005 ഫെബ്രുവരി 13 കായലോരങ്ങളാൽ അലംകൃതമായ പച്ചപ്പുതപ്പിനാൽ മൂടിയ പ്രകൃതി രമണീയമായ കൈനകരിക്കിത് ധന്യ മുഹൂർത്തം 9. 30 A. M.ന് കൂനമ്മാവിൽനിന്നുള്ള ദീപശിഖാ പ്രയാണവും അഭിവന്ദ്യ ഇടയന്ത്രത്ത് പിതാവിന്റെ സ്വീകരണവും ഉണ്ടായിരുന്നു. തുടർന്ന് ആഘോഷമായ ദിവ്യബലിയും പ്രദക്ഷിണവും നടത്തി. ചാവറപിതാവ് മാമ്മോദീസാ സ്വീകരിക്കുകയും നവപൂജ അർപ്പിക്കുകയും ചെയ്ത ചേന്നങ്കരി പള്ളിയിലേയ്ക്ക് കളിവള്ളങ്ങൾ, ഫ്ലോട്ടുകൾ, സ്പെഷ്യൽ ബോട്ടുകൾ, ഹൗസ്ബോട്ടുകൾ എന്നിവയുടെ അകമ്പടിയോടെ ജലഘോഷയാത്ര നടത്തി. ജലഘോഷയാത്രയുടെ ഉദ്ഘാടനം ഡോ. കെ. എസ്. മനോജ് എം. പി. യും, സന്ദേശം അഡ്വ. സുഗതൻ എം. എൽ. എ.യും നല്കി. സമാപന സന്ദേശം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത് അഭിവന്ദ്യ മാർ. ജോസഫ് പൗവ്വത്തിൽ നല്കുകയുണ്ടായി. കെ. സി. എസ്. എൽ. ന്റെ ആഭിമുഖ്യത്തിൽ ചാവറയച്ചന്റെ ചരമദിനത്തോടനുബന്ധിച്ച് ഹോളിക്വീൻസ് പ്രോവിൻസ് കഴിഞ്ഞ അഞ്ച് വർഷമായി സംഘടിപ്പിച്ചുവരുന്ന പ്രസംഗ മത്സരം ഈ വർഷം വളരെ ആഘോഷപൂർവ്വം ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് എച്ച്. എസ്. എസിൽ വച്ച് നടത്തപ്പെട്ടു. ചങ്ങനാശ്ശേരി വികാരി ജനറാൾ ഫാ. ജോസ് പി. കൊട്ടാരം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 1001, 701, 501 രൂപയുടെ ക്യാഷ് അവാർഡ് ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് നല്കപ്പെട്ടു.

# ബാല്യകാലസ്മരണകൾ

**അഖില പി. ഗോപാൽ**

(കുറിയാക്കോസ് ചാവറ മെമ്മോറിയൽ നേഴ്സിംഗ് സ്ക്കൂൾ, നൂറനാട്)

ഉൾക്കണ്ണിലെരിയുന്നൊരി ദൈവദീപവും
തൃക്കണ്ണിൽ ആർദ്രമാം സ്നേഹവായ്പും
തിരുനാവിലോ നന്മ മൊഴികളും- അതിൻ
മൂർത്തീമത് ഭാവമല്ലോ നീ.

അകതാരിലെ ദൈവസ്നേഹ വഴിയിൽ
ദയയും പരസ്നേഹവും കൂട്ടുകൂടി
എന്തൊരു മഹാനുഭാവൻ നീ
കേവലമെരു ബാലനോ നേതിയോ?

കണ്ണിനു പീയൂഷമാകും നിൻ രൂപം
ചുറുചുറുക്കും ദൈവഭയവും
ദൈവത്തിൻ ദീപ്തമാം തന്ത്രിയിൽ
സ്വച്ഛന്ദ ഗാനം പൊഴിക്കുന്നവൻ നീ

വാണിമാതാവിനെ കൃപയായ് കരുതി
ദൈവമാതാവിനെ ജനനിയുമാക്കി - നീ
നസ്രായനാകാൻ പഠിക്കുന്നുവോ കുഞ്ഞേ?
നിൻ വഴിത്താരയിൽ ജപമാല പാഥേയം

നാടിനു നന്മ വീടിനു നന്മ - നിൻ
ജീവിതം പരിമള പാരിജാതമോ
അടുക്കുന്നതിനെല്ലാം വെളിച്ചം പകരും
അമൂല്യപ്രകാശത്തിന്നമരസങ്കേതമോ?

അനുസരണമെന്നതോ ജീവിത ലക്ഷ്യം
ക്ഷമയോ തോണിക്കു തുഴ
ദൈവഭയമാണറിയാം നിൻ
തീർച്ച കുട്ടീ; നിൻ ജീവിത പങ്കായം

ഉത്സാഹമേലുന്നൊരു ദിന ചര്യകൾ
മടുപ്പില്ല പ്രാർത്ഥനകൾക്കൊന്നുമേ
ജീവിതം നിത്യ തപസ്യയാക്കുവാൻ
ചെറുതിലേ ശീലിച്ചുവോ നീയെൻ കുഞ്ഞേ.

ദൈവമാതാവിന്നരുമക്കിടാവായ്
ലോകസുഖമോഹങ്ങളെ ത്യജിച്ച്
ദൈവവിളിതൻ അചഞ്ചല പാതയിൽ
സധൈര്യം മുന്നേറിയ പോരാളി നീ.

നിന്റെ ബാല്യം ആനന്ദ ദായകം
നിന്റെ വേർപാടോ വേദനാജനകം
നിന്റെ സാമർത്ഥ്യവും വാക് വൈഭവവും
സ്വപർണ്ണത്തിനു സുഗന്ധംപോലെതന്നെ.

തന്റെ കുഞ്ഞിനെ മാതാവിനെ
ഭരമേല്പിച്ചവൾ നിന്റെ മാതാവ്
അന്നേ സമർപ്പിതം നിൻ ജീവിതം
ശ്രേഷ്ഠമാം വൈദീക ലോകത്തിന്

കർമ്മപദം;- അചഞ്ചലം ബുദ്ധിപാടവം
സുധീരനായ് നീ കർമ്മവീരനായ് നീ പിന്നാലെ
നിൻ ബാല്യ കൗതുകകൾ - ഇതിനൊക്കെ
വിത്തുപാകിയത് നിന്റെ വീട്ടിലല്ലേ.

മാതാവിനു പ്രിയ കുമാരൻ നീ
അച്ചനോ വത്സല പുത്രൻ തന്നെ
ഏറ്റംകൗതുക വാത്സല്യ ഭാജനമാകു-
മൊരു മിന്നാമിനുങ്ങാണ് സോദരർക്ക്

ശാന്തമേറുമൊരു ഭാവം പക്ഷെ
ഉദ്ദേശശുദ്ധി കർമ്മശുദ്ധി ഇവ
രണ്ടും മുമ്പേ വിളങ്ങി
നിൻ ബാല്യത്തിൻ ദിനത്തിലും

K1·626
6258


ഇതൊരത്ഭുത ശിശുവോ
സ്വജീവിതം നിത്യ ബലിയായ്
തിരുസവിധത്തിൽ സമർപ്പിച്ചോൻ
എന്നും കള്ളമില്ലാ പിള്ളമനമായ്

ശുദ്ധിയെഴും ആ ബാല്യകുസുമത്തിൻ
ആരാധനാപാത്രമാണിന്നുഞാൻ
ജീവിതപാതയിൽ ഒരു നുറുങ്ങു വെളിച്ചമാ-
ണു താങ്ങാണത്; അദ്ദേഹമെൻ ജീവിതലക്ഷ്യ സാരഥിയാണ്

എത്ര മഹനീയമീ ബാല്യം എത്ര!
ചൈതന്യസമ്പുഷ്ടമാണിത്.
ഈ ബാലൻ ദൈവപരിപാലിതൻ
ഈ തിരിച്ചറിവുള്ള എൻ ബാല്യമെത്രധന്യം.

ജൂബിലി ക്വിസ്

## ജൂബിലി ക്വിസ്

ഹോളിക്വീൻസ് ഇന്നലകളിലൂടെ എന്ന ചരിത്രഗ്രന്ഥത്തെ ആസ്പദമാക്കി മേയ് 22-ാം തീയതി ഞായറാഴ്ച നടക്കുന്ന ജൂബിലി ക്വിസിലേയ്ക്ക് എല്ലാവർക്കും സ്വാഗതം!!!

# ചാവറയച്ചന്റെ സന്ന്യാസ ദർശനം

സി. ആലിസ് ജയ്നി

### *ആമുഖം*

തന്നേയും ലോകത്തേയും സഹജീവികളേയും കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് ചാവറയച്ചനുണ്ടായിരുന്നു. അദ്ദേഹത്തിന് തപസിൽനിന്ന് ദർശനം വിരിഞ്ഞു. 'മച്ചിയായ കേരളസഭയെ' സുകൃതങ്ങൾ കൊണ്ടും വിശുദ്ധികൊണ്ടും സമ്പന്നമാക്കണം, ഉയിരുള്ള വിശ്വാസവും പട്ടാംഗയുള്ള ഉപവിയും ഉള്ളവർക്ക് ജന്മമേകുന്ന മാതൃകാഭവനങ്ങളായിരിക്കണം സന്ന്യാസഭവനങ്ങൾ എന്നദ്ദേഹം സ്വപ്നം കണ്ടു. മാന്നാനത്ത് ദർശനഭവനം സ്ഥാപിക്കലും അതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള തീവ്രശ്രമങ്ങളും വളരെയധികം ഉൾക്കാഴ്ചയുള്ള മൂന്നു പിതാക്കന്മാരുടെ - പാലയ്ക്കൽ തോമാച്ചൻ, പോരൂക്കര തോമാച്ചൻ, ചാവറയച്ചൻ - ജീവിതദർശനം വ്യക്തമാക്കുന്നു. ഏദദ്ദേശിയ സന്ന്യാസ സമൂഹങ്ങൾക്ക് ഈ മണ്ണിൽ രൂപം കൊടുക്കുവാനുള്ള സാദ്ധ്യതകളെ കണ്ടറിഞ്ഞ് മേലധികാരികളുടെ അനുവാദവും ആശിർവ്വാദവും സ്വീകരിക്കുന്ന ചാവറ ദർശനം ഒരു 'തപസ് ഭവന'ത്തിൽ ഒതുങ്ങി നിന്നില്ല. കേരളസഭയുടെ സമ്പന്നതകളും സാദ്ധ്യതകളും വേണ്ട വിധത്തിൽ വിനിയോഗിക്കപ്പെടാത്തതിനാൽ ''ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കുന്നു'' എന്ന സത്യം അദ്ദേഹം കണ്ടറിഞ്ഞു. പുണ്യസങ്കേതമായി പുണ്യ കണ്ടുപഠിത്തത്തിന് വിശ്വാസികൾക്ക് പ്രേരണ നല്കുന്ന സന്ന്യാസിനീ 'ഭവനങ്ങളിലൂടെ സ്ത്രീ വിദ്യാഭ്യാസവും സമുദായോദ്ധാരണവും നേടിയെടുക്കാമെന്ന് കണ്ടെത്തിയ ക്രാന്തദർശിയായിരുന്നു ചാവറയച്ചൻ.

### *സന്ന്യാസദർശനം*

സഭാംഗങ്ങൾക്കായി ചാവറയച്ചൻഎഴുതിയ കത്തിൽ സന്ന്യാസ ദൈവവിളിയെക്കുറിച്ച് ഇപ്രകാരം കാണുന്നു. ഈ നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യനുണ്ടാക്കിയതല്ലാ പിന്നെയോ

തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിനെ നിങ്ങളെല്ലാവരും സാക്ഷ്യക്കാരായിരിക്കുന്നു. (കത്തു VI/1). ദൈവത്തിന്റെ അരികെ വ്യാപരിച്ചുകൊണ്ട് എപ്പോഴും ദൈവത്തെ ദർശിക്കുവാനും ചാവറയച്ചൻ ആവശ്യപ്പെടുന്നു. ദൈവമാണ് എന്റെ ഓഹരിയും പാനപാത്രവുമെന്ന ആദർശമായിരുന്നു അന്ത്യ നിമിഷംവരെ അദ്ദേഹത്തെ നയിച്ചത്. ദൈവദർശനത്തോടുകൂടി സംഭാഷണവും നടത്തുന്ന അനുതാപ ചൈതന്യമാണ് വാ. ചാവറയച്ചൻ പങ്കുവയ്ക്കുന്നത്.

## *സന്യാസ സഭാ സ്ഥാപനം*

ചാവറ ശെമ്മാശൻ ആദ്യകുർബാന അർപ്പണവേളയിൽ പ്രാർത്ഥിച്ച ഒരു പ്രധാന കാര്യം സന്യാസസഭയുടെ സ്ഥാപനമായിരുന്നു. ദർശനവീടിന്റെ ആശയം മൗറീലിയൂസ് മെത്രാന്റേതായിരുന്നു. ദർശനവീടിനായി മാന്നാനം കുന്ന് തെരഞ്ഞെടുത്തു. മാന്നാനത്തെ സന്യാസസഭയുടെ ചൈതന്യം ഇപ്രകാരമായിരുന്നു. ജപധ്യാനങ്ങൾ കൊണ്ടും ഏകാന്ത ജീവിതം കൊണ്ടും ആത്മവിശുദ്ധി വരുത്തി ദൈവവുമായി സംയോജിച്ച് ജീവിക്കുക, പരജനങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടി വേദപാഠവും ധ്യാനയോഗങ്ങളും നടത്തുക.

> **"ഇതാ ഇപ്പോൾ ഏറിയകാലം മുതലായി അപേക്ഷിച്ച് വന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യമായ കന്യാസ്ത്രീമഠം നടത്തുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു".**

കൂനമ്മാവിലെ സെന്റ് തെരേസാസ് കന്യകാമഠമാണ് ഇന്ന് കേരളത്തിലുള്ള കന്യകാമഠങ്ങളുടെയെല്ലാം മാതൃഭവനം. മാന്നാനം നാളാഗമത്തിൽ കന്യാസ്ത്രീ മഠത്തിന്റെ ആരംഭത്തെക്കുറിച്ചുള്ള വിവരണത്തിൽ പറയുന്നു. ''ഇതാ ഇപ്പോൾ ഏറിയകാലം

മുതലായി അപേക്ഷിച്ച് വന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യമായ കന്യാസ്ത്രീമഠം നടത്തുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു''. കന്യകാമഠത്തെപ്പറ്റിയുള്ള ദർശനവും അതിന്റെ ഭാവിഭാഗധേയവും നിർണ്ണയിച്ചത് ചാവറയച്ചനായിരുന്നു. തന്റെ മക്കളായ കൊവേന്ത വൈദീകരെയാണ് കന്യകാമഠത്തെ വളർത്തുന്ന ചുമതല അദ്ദേഹം ഭരമേല്പിച്ചത്.

''അപ്പോഴോ, തിരുമനസ്സ് നടക്കും നടത്തും.'' എന്ന ശക്തമായ ശുഭാപ്തിവിശ്വാസമായിരുന്നു ദർശനവീടും, മഠവും, എദുക്കന്തൊരത്തും പണിയുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

## *സഭാസ്ഥാപന ലക്ഷ്യം*

സെമിനാരി പ്രസ്ഥാനത്തിലേയ്ക്ക് ചാവറയച്ചൻ കൈവയ്ക്കുന്നത് വലിയ ഉദ്ദേശ്യത്തോടെയായിരുന്നു. സാധാരണ ജനങ്ങളെ നയിക്കുവാൻ നല്ല അറിവും വിവേകവും വിശുദ്ധിയുമുള്ള വൈദീകർ ഉണ്ടാകണമെന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. യഥാർത്ഥ ജീവിതത്തിൽ ദൈവചൈതന്യം പരത്തിക്കൊണ്ട് ദൈവജനത്തിന് മാതൃകയാകണമെന്നായിരുന്നു ചാവറയച്ചന്റെ ആഗ്രഹം.

സി. എം. സി. യുടെ സ്ഥാപന ലക്ഷ്യമായി ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു: ''അവരുടെ ആത്മകാര്യങ്ങൾ വെടിപ്പായിട്ട് നടക്കുന്നതുമല്ലാതെ പെൺ പൈതങ്ങളെ നമസ്ക്കാരം മുതലായ പുണ്യങ്ങളും കസ്തൂര മുതലായ കൈവേലകളും പഠിപ്പിക്ക എന്നുള്ള ഒരു വേലയിൽ അവരെ ഏർപ്പെടുത്താമെന്നും നിശ്ചയിച്ചു''. സി. എം. സി. യുടെ കാമ്പും കാതലുമായി കണക്കാക്കപ്പെടുന്ന ഈ ദർശനവാക്യത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളുണ്ട്.

1 ദൈവത്തിനുള്ള ആത്മസമർപ്പണം

2 ദൈവജനത്തിന് പ്രാർത്ഥനാനേതൃത്വം

3 സ്ത്രീകളുടെ സമഗ്ര വികസനം.

സ്ത്രീകളിൽ അദ്ധ്വാന - സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും സമഗ്രവികസനത്തിന് സഹായകമായ മാർഗ്ഗങ്ങളിലേയ്ക്ക് അവരെ നയിക്കുന്നതിനും ഈ ദർശനവാക്യം സിസ്റ്റേഴ്സിന് പ്രചോദനം നൽകുന്നു.

## *ചാവറയച്ചനിൽ മിഴിവാർന്നുനിന്ന സന്യാസ ദർശനം*

1 ***കുടുംബദർശനം:-*** മാനുഷിക ഭാവം നിറഞ്ഞുതുളുമ്പുന്ന കുടുംബം അതാണ് സന്യാസഭവനം. വൈകാരികത നഷ്ടപ്പെട്ട ഒരു സമൂഹമല്ല ചുറുചുറുക്കുള്ള വൈയക്തിക ബന്ധങ്ങളുടെ ഇരിപ്പിടമാണ് അദ്ദേഹത്തിന് സന്യാസഭവനങ്ങൾ. ചാവരുളിൽ പറയുന്നു. എത്ര കൊവേന്തകളുണ്ടായാലും ഒരു വീട് ഒരമ്മയുടെ ഉദരത്തിൽ നിന്ന് പിറന്നു, ആ തള്ളയുടെ പാൽ കുടിച്ച് വളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്തരുത്. സന്യാസജീവിതത്തിന്റെ അടിസ്ഥാനമായി അദ്ദേഹം കാണുന്നത് ഈ ബന്ധമാണ്.

''എന്റെ പ്രിയമുള്ള കുഞ്ഞുങ്ങളേ, കൂടപ്പിറപ്പുകളേ'' എന്ന അഭിസംബോധന അദ്ദേഹത്തിന്റെ പിതൃവാത്സല്യത്തെ സൂചിപ്പിക്കുന്നു. സാർവ്വത്രിക സ്നേഹത്തിന്റെ അഥവാ അരൂപിയിൽ ഒന്നുചേർക്കപ്പെടുന്ന ഒരു കുടുംബത്തിന്റെ അനുഭവമാണ് ഈ പുണ്യസങ്കേതത്തിലുള്ളത്. ഉപവി ആറിപ്പോകാതിരിക്കാൻ പങ്കുവയ്ക്കണമെന്ന തത്വമാണ് അദ്ദേഹം പഠിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു, ''എന്റെ സ്വന്തം വീടും മക്കളും എന്നതിനേക്കാൾ അധിക സ്നേഹമുള്ള കൂടപ്പിറപ്പുകൾ ഇന്ന് ഇവിടെയുണ്ട്. എവിടെ ചെന്നാലും ഒരുപോലെ സ്നേഹം കാട്ടുന്നു'' (കത്ത് IX 7).

2 ***സന്യാസം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിൽ വളരുകയാണ്.***

സന്യാസത്തിലൂടെ ഈശോയുടെ സ്നേഹത്തിൽ വളരാൻ ചാവറയച്ചൻ ഉപദേശിച്ചുതരുന്നു. ''ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ'' (കത്ത് VII 6)

പുണ്യസങ്കേതത്തിൽ ഉള്ളവർ മാനസിക പ്രാർത്ഥനയിലൂടെ താദാത്മ്യപ്പെടണമെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. മിശിഹായുടെ സ്നേഹം നല്ലവണ്ണം ധ്യാനിക്കണമെന്നദ്ദേഹം ഉപദേശിക്കുന്നു. കൂടാതെ തന്നെ അല്ലാതെ മറ്റ് സ്നേഹം നിങ്ങൾക്കുണ്ടോ എന്നും എപ്പോഴും നിങ്ങളുടെ കൂടെ അകത്തും പുറത്തും സൂക്ഷിച്ച് നടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ എന്നും അദ്ദേഹം ഉപദേശിക്കുന്നു. (കത്ത് VII 7)

3 **സന്യാസം മാറ്റിനിർത്തപ്പെട്ടവരുടെ സമൂഹം:-** സന്യാസ ദൈവവിളി ഏറ്റവും വലിയ ദാനമാണ് എന്ന അനുഭവമാണ് ചാവറയച്ചനുണ്ടായിരുന്നത്. ദൈവം തന്നെ പ്രതിഷ്ഠിച്ച് മാറ്റി നിറുത്തിയിരിക്കുന്നുവെന്നും ആ പ്രതിഷ്ഠ മറ്റുള്ളവർക്കു വേണ്ടിയാണെന്നുമുള്ള ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇങ്ങനെ ദൈവം നമ്മെ ഓർക്കുന്നതിന്റേയും നാം ദൈവത്തെ ഓർക്കുന്നതിന്റേയും ജീവിതമാണ് സന്യാസജീവിതമെങ്കിൽ അത് അവശ്യം സഹോദരങ്ങളിലേയ്ക്കും തിരിയുന്നു. കൂടെപ്പിറപ്പുകളെ ഓർക്കുന്ന ജീവിതമാണിത്.

4 ***ക്ഷമയുടെ മാതൃകകൾ:-*** ക്ഷമിക്കുന്ന സ്നേഹത്തിലൂടെ എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു കുടുംബമാണ് സന്യാസ ഭവനങ്ങൾ. തന്നെ കള്ളക്കേസിൽ കുടുക്കിയവരേയും അപമാനിച്ചവരേയും ക്ഷമയുടെ മാതൃക നല്കി അദ്ദേഹം സ്നേഹിച്ചു. കേരളസഭയിൽ കോളിളക്കം സൃഷ്ടിച്ച റോക്കോസിന് തിരിച്ചുപോകാനുള്ള എല്ലാ ക്രമീകരണങ്ങളും സംരക്ഷണവും നല്കിയത് അദ്ദേഹത്തിന്റെ ക്ഷമയുടെ തെളിവാണ്.

5 ***പഠനനിഷ്ഠയുള്ള ജീവിതശൈലി-*** പ്രാർത്ഥന ജീവിതബന്ധിയും സജീവവും ആകണമെങ്കിൽ അത് അറിവിലും ജ്ഞാനത്തിലും പ്രബുദ്ധതയിലും വേരുറച്ചതാകണമെന്ന് ചാവറയച്ചൻ നിഷ്കർഷിച്ചു. സിസ്റ്റേഴ്സിന്റെ ജ്ഞാനവായനയ്ക്ക് സഹായകമായ ഗ്രന്ഥങ്ങൾ അവർക്കായി ശേഖരിക്കുന്നതിലും ചാവറയച്ചനുണ്ടായിരുന്ന ശ്രദ്ധയുടെ ഫലമായി തമിഴിലുണ്ടായിരുന്ന

അനേക ഗ്രന്ഥങ്ങൾ സിസ്റ്റേഴ്സിന് ലഭിച്ചു. ''പഴുതെയുള്ള സംസാരത്തിനും മറ്റും അല്പ നേരവും കളയാതെ മുറപോലെയുള്ള ഉല്ലാസം കഴിഞ്ഞ് കിട്ടുന്ന നേരം ജ്ഞാനവായനയിൽ ചിലവഴിക്കണം'' എന്നാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്.

അവരുടെ സന്യാസജീവിതത്തിന്റെ ആരംഭംമുതലേ കന്യാസ്ത്രീകൾ പല ഭാഷകളിൽ പരിജ്ഞാനമുള്ളവരും നല്ല 'അറിവും ഭക്തിയു'മുള്ളവരുമായി വളരണമെന്നും അത്തരം പഠനനിഷ്ഠ അവരുടെ ആദ്ധ്യാത്മിക സാധനയായി കാണണമെന്നും അദ്ദേഹം അഭിലഷിച്ചു.

6 ***ഏകാന്തതയ്ക്കും മൗനത്തിനും പ്രാധാന്യം നല്കുന്ന പുണ്യസങ്കേതം:-*** ''കർത്താവിന്റെ മണവാട്ടികളായ കന്യാസ്ത്രീകൾ ഏകാന്തതയിലിരുന്ന് പ്രാർത്ഥിക്കുന്നത് മണവാളനായ ഈശോ കേൾക്കുന്നു. അവർക്ക് വിലതീരാത്ത സമ്മാനം കൊടുക്കാൻ അവിടുന്ന് തയ്യാറായിരിക്കുന്നു''. അദ്ദേഹം തുടരുന്നു ''ഓ, എന്റെ തമ്പുരാനായ കർത്താവിന്റെ മണവാട്ടികളായ മഹാരാജ സ്ത്രീകളേ, നിങ്ങൾ സ്വീകരിച്ചിട്ടുള്ള അന്തസ് എത്രയും ഉന്നതവും സ്തുത്യർഹവും ആകുന്നു. ലോകത്തിലെ പ്രസിദ്ധരായ മഹാരാജ്ഞിമാർ നിങ്ങളുടെ സൗഭാഗ്യത്തിൽ അസൂയപ്പെടുന്നു'' (കത്ത് VII/2).

ഏകാന്തതയുടെ പ്രധാന്യത്തെക്കുറിച്ച് ചാവറയച്ചൻ പറയുന്നതിപ്രകാരമാണ്. ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വെച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി ആത്മാവിനോടുകൂടെ സംസാരിച്ച് തുടങ്ങും. (കത്ത് VII/8)

7 ***ദർശനഭവനം പുണ്യസങ്കേതവും വേദകാര്യങ്ങൾ പഠിപ്പിക്കുന്ന സ്ഥലവുമാണ്:-*** സ്വർഗ്ഗീയ പിതാവിന്റെ മുഖവും സ്വരവും എല്ലാവരിലും എല്ലാറ്റിലും ദർശിക്കാൻ സാധിക്കുന്ന ത്രിത്വകുടുംബ മാതൃകയിലുള്ള ജീവിതം നയിക്കുന്ന വ്യക്തികൾ താമസിക്കുന്ന സ്ഥലമാണ് പുണ്യസങ്കേതം. സഹനങ്ങളെ

മഹത്വമാക്കി മാറ്റുന്ന സ്നേഹഭവനമാണിത്. പെൺപൈതങ്ങൾക്കുള്ള പുണ്യ സങ്കേതമായിരിക്കണം നമ്മുടെ ഭവനങ്ങൾ.

*8 ക്രമവും വെടിപ്പുമുള്ള പുണ്യ സങ്കേതം:-* ഉപവി, എളിമ, വെടിപ്പ്, ശുറുശുറുപ്പ് ഇവ നാലും സുഖമായാൽ ലോകമൊക്കയും സുഖമായതിൻ വണ്ണം ആകുകയും ചെയ്യും. (കത്ത് VII/2) എന്നായിരുന്നു ചാവറയച്ചന്റെ സ്വപ്നം. ''ഓരോരുത്തരും അവനവന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കണം; യാതൊരുത്തരും അല്പനേരവും കളയായ്‌വാൻ ഉത്സാഹിക്ക (കത്ത് VII/ 5) എന്നീ ഉപദേശങ്ങളിലൂടെ കൃത്യനിഷ്ഠ, വെടിപ്പ് മുതലായ പുണ്യങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നല്കുന്നു.

*9 എളിമ, ചൊൽവിളി, ഉപവി എന്നിവയ്ക്കായി ഉത്സാഹിക്കുന്ന സമൂഹം:-* കൊവേന്തകളുടെ ഉറപ്പ് ചുവരുകളുടെ കനമല്ല, പിന്നയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു. മക്കളേ, എളിമ, ചൊൽവിളി, ഉപവി (കത്ത് VII) എന്ന് ആവർത്തിച്ചു പറയുന്ന ചാവറയച്ചൻ വ്യക്തമാക്കുന്ന ഒരു കാര്യമിതാണ്. ഈ മൂന്നു പുണ്യങ്ങളിലും ആഴപ്പെടുന്ന തോതിലേ സന്യാസ ജീവിതം അർത്ഥവത്താകുകയുള്ളൂ.

*10 പരസ്പരം ഉണർത്തുന്നവരുടെ സങ്കേതം:-* നല്ല കണ്ടുപഠിത്വം നല്കുക എന്നത് മറ്റുള്ളവരെ ഉണരപ്പെട്ടവരാക്കാനുള്ള മാർഗ്ഗമാണ്. നാളാഗമം എഴുതുവാൻ സഹോദരി അന്നായെ ഉണർത്തണം. (കത്ത് VII/1) എന്നു പറയുന്നു. പരസ്പരം ഉണർത്തുമ്പോൾ സന്യാസജീവിതം കുറച്ചുകൂടി ചലനാത്മകതയും ഭാവനാത്മകതയുമുള്ളതായിത്തീരും.

*11 തിരുസഭാത്മകത:-* തിരുസഭയാകുന്ന കുടുംബത്തെക്കുറിച്ചുള്ള ചാവറപിതാവിന്റെ കാഴ്ചപ്പാട് വളരെ ഉന്നതമാണ്. ഈശോ തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വജീവൻ അർപ്പിച്ചതുപോലെ സഭയാകുന്ന കുടുംബത്തിനുവേണ്ടി ചാവറപിതാവും ജീവിതം ഉഴിഞ്ഞുവച്ചു. ആരാധനക്രമം, ഇടയധർമ്മം, വചനപ്രഘോഷണം, സാമൂഹ്യപ്രവർത്തനം

എന്നിങ്ങനെ പല തുറകളിലുമുള്ള തിരുസഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ അദ്ദേഹം പങ്കുചേർന്നു. ശുദ്ധമാന പള്ളിക്കായി പ്രാർത്ഥിക്കുവിൻ എന്ന ഉൽബോധനത്തിലൂടെ സഭയുടെ ഐക്യമാണ് അദ്ദേഹം ആഗ്രഹിച്ചത്.

12 ***പ്രേഷിതതീക്ഷ്ണത:-*** ചാവറപിതാവിന്റെ തിരുസഭാത്മകതയിൽ നിന്നാണ് പ്രേഷിത തീക്ഷ്ണത ഉടലെടുത്തത്. ''കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായി''. നിങ്ങൾ നല്ല കണ്ടുപഠിത്വം നല്കണം. എരിവുകാരാകണം എന്നീ ഉദ്ധരണികളിലൂടെ സഭയുടെ വളർച്ചയിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യവും ശ്രദ്ധയുമാണ് കാണാനാവുന്നത്.

**ഉപസംഹാരം:-**

കർമ്മല ചൈതന്യം കാത്തുസൂക്ഷിക്കണമെന്നും, ആദ്യ ചൈതന്യം വീണ്ടെടുക്കണമെന്നും, കൊവേന്തകൾ തമ്മിൽ പരസ്പര ഉത്തേജിപ്പിക്കൽ ഉണ്ടാകണമെന്നും, മാന്നാനത്ത് ഒരു നൊവിഷ്യേറ്റ്കൂടി സ്ഥാപിക്കണമെന്നും, പുണ്യത്തിൽ എരിവുകാരായിത്തീരണമെന്നും ചാവറയച്ചൻ മരണ പത്രികയിലൂടെ ഉപദേശിക്കുന്നു. ഒരു അമ്മയുടെ മക്കൾ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹം അഭ്യസിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. സന്യാസിയുടെ ഏക അടയാളം സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രെ. (കത്ത് VI/4)മായം ചേർക്കാത്ത സന്യാസമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചന്റേത്. സന്യാസ വ്രതങ്ങളോടുള്ള അദ്ദേഹത്തിന്റെ ഉത്തരവാദിത്വവും വിശ്വസ്തതയും ഏവർക്കും മാതൃകയാണ്. വാ. ചാവറയച്ചന്റെ കുടുംബാരൂപിയും, തിരുസഭാത്മകതയും പ്രേഷിത തീക്ഷ്ണതയും നമുക്കും പ്രചോദനമാകട്ടെ.

# "ഞാൻ" എന്റെ അപ്പന്റെ മകളോ?

സി. എൽസിറ്റാ തെരേസ്

സ്നേഹത്തിന്റെ വീണയിൽ ത്യാഗത്തിന്റെ ഗാനങ്ങൾ ഇമ്പമായ് മീട്ടിയ കർമ്മയോഗി. തിരുസഭയിലെ വെള്ളിനക്ഷത്രം. കർമ്മലയിലെ കെടാവിളക്ക്. ചാവറയിലെ പുണ്യപുഷ്പം. ജീവനും ജീവിതവും മറ്റുള്ളവർക്കായി വ്യയം ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തിയ ആത്മത്യാഗി. അപരൻ അർഹിക്കുന്നത് അണുവിട വ്യതിചലിക്കാതെ നല്കുന്നതിൽ ആനന്ദം കണ്ടെത്തിയ മനുഷ്യസ്നേഹി. പ്രതിസന്ധിയിലും പ്രതിബദ്ധതയിലും പതറാതെ ധീരതയോടെ മുന്നേറിയ ശക്തിമാൻ. സർവ്വതിലും സർവ്വേശ്വരനെ ദർശിച്ച് അവനുവേണ്ടി, അവനോടൊപ്പം, അവനോട് ആലോചന ചോദിച്ച്, ആത്മത്യാഗത്തോടെ നടന്നുനീങ്ങിയ നല്ല ശുശ്രൂഷകൻ. തിരുസഭാ നൗകയെ ഗ്രസിക്കുവാനൊരുമ്പെട്ട പൈശാചിക ശക്തികളോട് ധീരതയോടെ പൊരുതിനിന്ന യോദ്ധാവ്. അതെ തിരിഞ്ഞ് ചിന്തിക്കുമ്പോൾ മട്ടിലും, ഭാവത്തിലും, പെരുമാറ്റത്തിലുമെല്ലാം സംതൃപ്തി നല്കുന്ന ഒരു വ്യക്തിത്വമാണ് ചാവറപിതാവിന്റേത്.

ദൈവം തന്നെ, തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതിന്റെ പൊരുൾ മനസ്സിലാക്കി നശ്വരമായ ഈ ലോകത്തിന്റെ നൈമഷികത തിരിച്ചറിഞ്ഞുകൊണ്ട് അനശ്വരമായ നിധിയെ ലക്ഷ്യംവച്ച് മുന്നേറിയ നല്ല അപ്പനാണ് എന്റെ ചാവറപിതാവ്. സർവ്വതും മായയാണെന്നും ദൈവം മാത്രമാണ് നിലനില്ക്കുന്ന പരമ സത്യം എന്നും മനസ്സിലാക്കാനുള്ള ഉൾക്കാഴ്ച നേടുവാൻ വളരെ ചെറുപ്പത്തിലേ സാധിച്ചതുകൊണ്ടാണല്ലോ ജീവിതത്തിന്റെ പ്രഭാതത്തിൽതന്നെ സർവ്വതും പരിത്യജിക്കുന്നതിനും പ്രദോഷത്തിൽ "മാമ്മോദീസായിൽ എനിക്കു ലഭിച്ച പ്രസാദവരം ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ലാ" എന്ന് ധൈര്യപൂർവ്വം പ്രഖ്യാപിക്കുവാനും അവിടുത്തേയ്ക്ക് സാധിച്ചത്.

കർമ്മകുശലതയും സേവന സന്നദ്ധതയും നിഴലിച്ച ആ പാവന ജീവിതത്തിന്റെ ദീർഘവീക്ഷണം ഇന്നത്തെ ഇളം

തലമുറയ്ക്ക് ദീപമായി നിലകൊള്ളുന്നു. പക്ഷേ അതു മനസ്സിലാക്കുവാനോ, മനസ്സിലാക്കിയിട്ടും അംഗീകരിക്കുവാനോ പുതിയ യുഗം മറന്നുപോകുന്നുവോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്നേഹം മുരടിച്ച ഈ യുഗത്തിൽ ശിഥിലമാകുന്ന കുടുംബബന്ധങ്ങളും നാമാവശേഷമാകുന്ന പാരമ്പര്യങ്ങളും കൈചൂണ്ടുന്നത് പലപല ഇലക്ട്രോണിക് യന്ത്രങ്ങളിലേയ്ക്കുമാണ്. കുടുംബപ്രാർത്ഥനയും കുടുംബ പാട്ടങ്ങളും ഇന്ന് പഴമയിലേയ്ക്ക് വഴിമാറുമ്പോൾ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഈ - മെയിൽ ഇവ തലയുയർത്തുകയും ചെയ്യുന്നു. പഴമയുടെ പാവനതയും മൂല്യവും പുതു തലമുറയെ മനസ്സിലാക്കികൊടുക്കുവാനും പരിശീലിപ്പിക്കുവാനും പിതാവിന്റെ മക്കൾ എന്നഭിമാനിക്കുന്ന നമ്മൾക്ക് കടമയുണ്ട്.

പിതാവ് തന്റെ ചങ്കുപോലെ സ്നേഹിച്ച് ബീജാവാപം ചെയ്ത് പരിപാലിച്ച് വളർത്തിയ കർമ്മലമക്കളായ നാം ഓരോരുത്തരും പിതാവിന്റെ ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും വില മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ടോ? വി. കുർബാനയുടെ സന്നിധിയിൽ നീണ്ട മണിക്കൂറുകൾ ധ്യാനനിർലീനനായി മുട്ടുകുത്തിനിന്ന് ശക്തി സംഭരിച്ച നമ്മുടെ അപ്പന്റെ ചൈതന്യത്തിന്റെ ഒരംശമെങ്കിലും എന്നിലുണ്ടോ?......... ജോലിഭാരവും ശാരീരിക ക്ഷീണവും എന്നെ തളർത്തുമ്പോൾ പ്രാർത്ഥനയെന്നതും, ദിവ്യകാരുണ്യസന്നിധി എന്നതും ക്ഷീണം തീർക്കാനുള്ള ഒരു വേദിയായിപ്പോകുന്ന അവസ്ഥാവിശേഷം ചെറുതായെങ്കിലും വന്നു ഭവിക്കുന്നത് അറിഞ്ഞോ അറിയാതയോ?

ചുട്ടുപഴുത്ത ഇരുമ്പുദണ്ഡിൽ പതിക്കുന്ന വെള്ളത്തുള്ളിക്ക് സമാനമായ ഈ ജീവിതത്തിൽ നീ നേടിയ നേട്ടങ്ങൾ, നീ സ്വപ്നം കാണുന്ന ലക്ഷ്യങ്ങൾ നിന്റെ ആത്മരക്ഷയ്ക്കുപകരിച്ചോ? ഉപകരിക്കുമോ? ഇത് മറ്റാരുടേയും ശബ്ദമല്ല അങ്ങ് അകലെ നിന്നുകൊണ്ട് നിന്റെ വ്യഗ്രതകളും, ചെയ്തികളും, പെടാപ്പാടുകളും നോക്കി വീക്ഷിക്കുന്ന പിതാവിന്റെ സ്വരമാണ്........ ഒന്നു ചിന്തിക്കൂ........ ഇനിയും നഷ്ടമാക്കരുതീ പാവന ജീവിതം.

# ചാവറജയന്തി ആഘോഷങ്ങളിലൂടെ

സി. ലിലി തെരേസ്

ചരിത്രമെഴുതാനും ചരിത്രം തിരുത്തിക്കുറിക്കാനുമുള്ള അനശ്വരദൗത്യവുമായി ദൈവപരിപാലനയാൽ ഒരു പുതുജീവൻ നാമ്പെടുത്തിട്ട് 200 വർഷം പൂർത്തിയാകുന്നതിന്റെ, അതേ ദൈവത്തിന്റെ സ്വന്തം നാട്ടിൽ സന്യാസജീവിതത്തിന്റെ സമാരംഭകനും 19-ാം നൂറ്റാണ്ടിൽ കേരളസഭയുടെ നവോത്ഥാരകനും അനിഷേധ്യനേതാവും, സി. എം. ഐ., സി. എം. സി. സഭകളുടെ സ്ഥാപകനുമായ വാ. ചാവറപിതാവിന്റെ 200-ാം ജന്മവാർഷികം, ചാവറജയന്തി, നാടെങ്ങും അത്യാഹ്ലാദപൂർവ്വം ആഘോഷിക്കപ്പെടുന്നു. വാ. ചാവറയച്ചന്റെ ജന്മ ദ്വിശതാബ്ദി ആഘോഷങ്ങളിലേയ്ക്ക് ഒരെത്തിനോട്ടം..........

## *ചാവറജയന്തി സമാരംഭം*

2004 ജനുവരി 3 -ന് മാന്നാനത്ത് ചാവറജയന്തിക്ക് സമാരംഭം കുറിച്ചു. സീറോമലബാർ സഭാ തലവനായ കർദ്ദിനാൾ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപ്പോലീത്താ മുഖ്യ കാർമ്മീകനായിരുന്ന സമൂഹബലിയിലും അതേത്തുടർന്നുള്ള പൊതു സമ്മേളനത്തിലും 10 അഭിവന്ദ്യ പിതാക്കന്മാരും, 150 വൈദീകരും 500സിസ്റ്റേഴ്സും പതിനായിരത്തോളം വിശ്വാസികളും പങ്കെടുത്തു. അഭിവന്ദ്യ കോട്ടയം ബിഷപ്പ് കുരിയാക്കോസ് കുന്നശ്ശേരി പിതാവ് സുവിശേഷ പ്രസംഗം നടത്തി. പൊതുസമ്മേളനത്തിൽ മന്ത്രി. ശ്രീ. കെ. എം. മാണി, സി. എം. സി. സുപ്പീരിയർ ജനറൽ മദർ എഡ്വേർഡ്, എം. ജി. യുണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, ശ്രീ. തോമസ് ചാഴിക്കാടൻ എം. എൽ. എ. തുടങ്ങിയവർ പ്രസംഗിച്ചു. പ്രിയോർ ജനറൽ ഫാ. ആന്റണി കരിയിൽ സ്വാഗതവും, തിരുവനന്തപുരം പ്രൊവിൻഷ്യൽ ഫാ. തോമസ് മാമ്പ്ര കൃതജ്ഞതയും അർപ്പിച്ചു. പുണ്യശ്ലോകനായ വാ. ചാവറയച്ചന്റെ വ്യക്തിമാഹാത്മ്യവും ആദ്ധ്യാത്മിക ചൈതന്യവും എല്ലാവരും പ്രസംഗത്തിൽ അനുസ്മരിച്ചു.

# CHAVARA DAY CELEBRATIONS

## 28th DECEMBER 2004



Provincial Superior Sr. Cicy welcomes the audience



Inaugural Address by
Rev. Fr. Mathew Kaniyamparambil CMI



Talk on 'Bl. Chavara-The Man of Letters'
by Rev. Dr. Z.M. Muzhoor CMI



Talk on 'Bl. Chavara, The Socio-Religious
Reformer' by Dr. Sr. Sophy Rose CMC



Listening Attentively...

## SCENES FROM THE LIFE OF Bl. CHAVARA









## *Variety Entertainments*



St. Joseph's L.P. School, Chry



Ms. Dhanya - Nursing Student



'Queen's Sargavedi'

## 2004 നവംബർ 29

1829 നവംബർ 29-ന് അർത്തുങ്കൽ പള്ളിയിൽവച്ച് പൗരോഹിത്യം സ്വീകരിച്ച ചാവറയച്ചന്റെ തിരുപ്പട്ട സ്വീകരണത്തിന്റെ 175-ാം വാർഷികം അർത്തുങ്കൽ പള്ളിയിൽവച്ചുതന്നെ ദൈവവിളിദിനമായി ആചരിച്ചു. അന്നത്തെ തിരുക്കർമ്മങ്ങളിൽ സി. എം. ഐ. വികാരി ജനറാൾ ഫാ. മാത്യു കണിയാംപറമ്പിൽ മുഖ്യകാർമ്മികനും 45 വൈദികർ സഹകാർമ്മികരുമായിരുന്നു. നൂറ്റമ്പതോളം സി. എം. സി. സിസ്റ്റേഴ്സും, മുന്നൂറിലധികം വിശ്വാസികളും പങ്കെടുത്ത ഈ ആഘോഷ പരിപാടി ദൈവവിളി പ്രോത്സാഹനത്തിന് വേദിയായി.

## 2004 ഡിസംബർ 8

സി. എം. ഐ. സഭയുടെ കാനോനിക സ്ഥാപനത്തിന്റേയും, ആദ്യ അംഗവും ആദ്യ പ്രിയോർ ജനറലുമായ വാ. ചാവറയച്ചന്റെ ആദ്യവ്രതാനുഷ്ഠാനത്തിന്റേയും 15-ാം ജൂബിലി വത്സര പ്രവേശനം മാന്നാനത്ത് ഭക്തിസാന്ദ്രമായി നടത്തപ്പെട്ടു.

## 2004 ഡിസംബർ 28

ഡിസംബർ 28-ന് ഹോളിക്വീൻസ് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ സ്ഥാപക പിതാവിന്റെ ജയന്തി ആഘോഷങ്ങൾ അസംപ്ഷൻ ഓഡിറ്റോറിയത്തിൽവച്ച് സമുചിതമായി ആഘോഷിച്ചു. ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സ്വാഗതം ആശംസിച്ച യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് സി. എം. ഐ. വികാരി ജനറൽ റവ. ഫാ. മാത്യു കണിയാംപറമ്പിൽ ആയിരുന്നു. സി. സോഫി റോസ് - 'ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവ്' എന്ന വിഷയവും, ഫാ. Z.M. മൂഴൂർ 'ചാവറകൃതികൾ ഒരവലോകനം' എന്ന വിഷയവുമവതരിപ്പിച്ചു.

ഉച്ചകഴിഞ്ഞ് 'ചാവറയച്ചൻ ദൈവസ്നേഹത്തിന്റെ നിലയ്ക്കാത്തപ്രവാഹം' എന്ന ബാലയും നൂറനാട് നേഴ്സിംഗ് സ്ക്കൂൾ വിദ്യാർത്ഥിനി കുമാരി ധന്യയുടെ സിംഗിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്, ജൂബിലിഗാനം എന്നിവയും ഉണ്ടായിരുന്നു.

ഈസമ്മേളനത്തിൽ വിവിധ സന്യാസിനീ സമൂഹങ്ങളിൽ നിന്നായി മുന്നൂറോളം പേർ പങ്കെടുത്തു.

***2005 ജനുവരി 2***

ചാവറജയന്തി ദേശീയ ആഘോഷങ്ങൾ തൃശൂരിനടുത്ത് തലോർ ജറുസലേം വചനകൂടാരത്തിൽവച്ച് നടന്നു. അന്നേദിവസം കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷപൂർവ്വമായ ദിവ്യബലി മദ്ധ്യേ 45 സി. എം. ഐ. ഡീക്കന്മാർ പൗരോഹിത്യ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. തദവസരത്തിൽ അഭിവന്ദ്യ മെത്രാന്മാർ മാർ ജയിംസ് പഴയാറ്റിൽ, മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ, മാർ പാസ്റ്റർ നീലങ്കാവിൽ, മാർ സൈമൺസ്റ്റോക്ക് പാലാത്തറ, മാർ ജോസഫ് കുന്നത്ത്, മാർ വിജയാനന്ദ് നെടുംമ്പുറം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പൊരുന്നേടം, മാർ ആൻഡ്രൂസ് താഴത്ത് തുടങ്ങിയ 10 മെത്രാന്മാർ സഹകാർമ്മികരായിരുന്നു. ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ സുവിശേഷ പ്രസംഗം നടത്തി. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ വെരി. റവ. ഫാ. ആന്റണി കരിയിൽ പ്രിയോർ ജനറാൾ, സ്വാഗതവും സി. എം. സി. സുപ്പീരിയർ ജനറൽ മദർ എഡ്വേർഡ് കൃതജ്ഞതയും അർപ്പിച്ചു. പൊതുസമ്മേളനത്തിൽ അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ശ്രേഷ്ഠമെത്രാപ്പോലീത്താ, കേരളമുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി, മാർ ജേക്കബ് തൂങ്കുഴി, മാർ ജോൺ തട്ടുങ്കൽ, ഐസക് മാർ ക്ലീമീസ് മെത്രാൻ, ശ്രീ തേറമ്പിൽ രാമകൃഷ്ണൻ നിയമ സഭാ സ്പീക്കർ, ശ്രീ കെ. പി. വിശ്വനാഥൻ, ഡൊമിനിക് പ്രസന്റേഷൻ തുടങ്ങിയവരും മറ്റു വിശിഷ്ഠാതിഥികളും പങ്കെടുത്തുകൊണ്ട് ജൂബിലിയാഘോഷങ്ങൾ മോടിപിടിപ്പിച്ചു.

***2005 ജനുവരി 3***

വാ. ചാവറപിതാവിന്റെ പൂജ്യമായ കബറിടം സ്ഥിതിചെയ്യുന്ന വിഖ്യാതമായ മാന്നാനം പള്ളിയിൽ ഡിസംബർ 26 മുതൽ ജനുവരി 3 വരെ നവനാൾ പ്രാർത്ഥനയും അഭിവന്ദ്യ

പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ ഭക്തിസാന്ദ്രമായ വി. ബലിയർപ്പണവും മറ്റ് ആഘോഷ പരിപാടികളും ഉണ്ടായിരുന്നു. തിരുനാൾ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ട് ചാവറയച്ചന്റെ മദ്ധ്യസ്ഥതാൽ ധാരാളം അനുഗ്രഹങ്ങൾ ഏറ്റുവാങ്ങാൻ വാഴ്ത്തപ്പെട്ടവന്റെ ശരീരം ഉറങ്ങുകയും ആത്മാവ് ദൈവീക അനുഭവമായി നിറഞ്ഞു നില്ക്കുകയും ചെയ്യുന്ന മാന്നാനം കുന്നിലേയ്ക്കുള്ള ഭക്തജനപ്രവാഹം ഈ ആഘോഷ പരിപാടികളെ ഒരു ചരിത്രസംഭവമാക്കി.

കേരളസഭയുടെ ഈറ്റില്ലമായ കൂനമ്മാവിൽ ചരിത്ര പ്രസിദ്ധമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദൈവാലയത്തിൽ ആദ്ധ്യാത്മിക നവോത്ഥാനത്തിന് തുടക്കം കുറിച്ച മഹാത്മാക്കളിൽ അഗ്രഗണ്യനായ വാ. ചാവറപിതാവിന്റെ 200-ാം ചരമദിനം 200-ാം ജന്മദിനത്തിന്റെ നിറവിൽ ആഘോഷിച്ചു. അദ്ദേഹത്തിന്റെ ജന്മനാടായ കൈനകരിയിൽനിന്നും ദീപശിഖയേന്തി കൂനമ്മാവിൽ എത്തിച്ചേർന്നുകൊണ്ട് ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. ഒരാഴ്ച നീണ്ടുനിന്ന തുടർന്നുള്ള കർമ്മപരിപാടികളിൽ വൈദീക മേലദ്ധ്യക്ഷന്മാരും സമുദായ നേതാക്കളും രാഷ്ട്രീയ നേതാക്കളും ധാരാളം ഭക്തജനങ്ങളും പങ്കെടുത്തുകൊണ്ട് ഇതിനെ അവിസ്മരണീയമാക്കി.

***2005 ജനുവരി 4***

ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചൂഴ്ന്നുയർന്നപ്പോഴും പ്രശാന്ത മനസ്കനായ ഒരു യാമിനിയായി നിലകൊണ്ട ചാവറയച്ചന്റെ ആറര ശതാബ്ദം നീണ്ടുനിന്ന സുകൃതചര്യകൾ ഈ മർത്ത്യലോകത്ത് അമർത്ത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിക്കാൻ കാരണമായി. സീറോ മലബാർ സഭ ഈ തിരുസഭാ സ്നേഹിയുടെ ജയന്തി സമുചിതമായി ആഘോഷിച്ചു. ഇതിൽ സീറോ മലബാർ സഭയുടെ മെത്രാന്മാരും ഓരോ രൂപതയിൽനിന്നുള്ള പ്രതിനിധികളും എറണാകുളം റിന്യൂവൽ സെന്ററിൽ ഒരുമിച്ചുകൂടി. അഭിവന്ദ്യ മാർ എടയന്ത്രത്ത് ചെയർമാനായി നടത്തപ്പെട്ട ആഘോഷങ്ങളിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപ്പോലീത്ത, മാർ ഗ്രേഷ്യൻ

മുണ്ടാടൻ, സി. എം. ഐ. പ്രിയോർ ജനറൽ റവ. ഡോ. ആന്റണി കരിയിൽ, സി. എം. സി. സുപ്പീരിയർ ജനറൽ മദർ എഡ്വേർഡ്, കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ, ഡോ. പി. ഗോപകുമാർ, ഡോ. തോമസ് മാത്യു, ശ്രീമതി മോനമ്മ കോക്കാട്ട് തുടങ്ങിയ പല പ്രമുഖ വ്യക്തികളും പങ്കെടുത്തു. ഈ സമ്മേളനത്തിൽ ഡോ. സി. സോഫി റോസ് 'ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവ്' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധാവതരണം നടത്തി.

### *2005 ജനുവരി 19*

ചരിത്രമുറങ്ങുന്ന കൂനമ്മാവിൽവച്ച് സി. എം. സി., സി. എം. ഐ., സെന്റ് ഫിലോമിനാസ് ചർച്ച് എന്നിവയുടെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടുനിന്ന ചാവറജയന്തി ആഘോഷം നടത്തി.

19-ാം നൂറ്റാണ്ട് മാനവ സമൂഹത്തിന് സമ്മാനിച്ച ദീർഘദർശിയായ പുണ്യതേജസ്സെന്ന് വിശേഷിപ്പിക്കപ്പെടുന്ന വാ. ചാവറയച്ചന്റെ ജയന്തി മാതൃഭവനമായ കൂനമ്മാവ് മഠത്തോട് ചേർന്നുള്ള ചാവറ സ്പെഷ്യൽസ്ക്കൂൾ ഗ്രൗണ്ടിൽവച്ച് നടത്തപ്പെട്ടു. തദവസരത്തിൽ വിവിധ പ്രോവിൻസുകളിൽനിന്നുള്ള 72 സി. എം. സി. സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷം, പൊതുസമ്മേളനം, 'കൈനകരിയിലെ കനകതാരം' എന്ന നൃത്തസംഗീത നാടകാവതരണം എന്നിവയും ഉണ്ടായിരുന്നു. അന്നേദിവസം ചാവറമ്യൂസിയത്തിന്റെ ശില ആശീർവ്വാദകർമ്മവും നടന്നു. ആഘോഷമായ സമൂഹബലിയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യ കാർമ്മികനായിരുന്നു. തുടർന്നുനടന്ന പൊതു സമ്മേളനത്തിൽവച്ച് ജൂബിലേറിയൻസിന് ആശംസകൾ നേർന്നു. നിരവധി വിശിഷ്ട വ്യക്തികൾ ഈ ചടങ്ങിൽ സംബന്ധിച്ചു.

### *2005 ഫെബ്രുവരി 1-10*

യുഗപുരുഷനായ ചാവറ കുറിയാക്കോസ് ഏലിയാസ് എന്ന സുന്ദരസൂനം പാരിൽ വിരിഞ്ഞതിന്റെ 200 വർഷം

പൂർത്തിയാകുന്നതിന്റെ ആഘോഷം അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കുടികൊള്ളുന്ന മാന്നാനം ദൈവാലയത്തിൽ ഭക്തിനിർഭരവും ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുന്നതുമായ വിവിധ പരിപാടികളിലൂടെ സഹർഷം കൊണ്ടാടി.

### *2005 ഫെബ്രുവരി 5*

സി. എം. സി. സഭയ്ക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ ഒരു സുന്ദര സുദിനം. ആർപ്പൂക്കര പഞ്ചായത്തിന്റെ വിരിമാറിൽ ഒരു തിലകക്കുറിയായി തലയുയർത്തി നില്ക്കുന്ന പ്രസിദ്ധമായ മാന്നാനം ദൈവാലയത്തിൽ ഫെബ്രുവരി 5-ാം തീയതി 2 P.M.ന് സി. എം. സി. സഭയിലെ എല്ലാ പ്രോവിൻസുകളിൽനിന്നുമുള്ള 74 നോവിസസിന്റെ സഭാവസ്ത്ര സ്വീകരണവും ആദ്യ വ്രതാനുഷ്ഠാനവും ആറായിരത്തിലധികം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. വി. കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും അഭിവന്ദ്യ ശ്രേഷ്ഠ മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനും മാർ ജോസഫ് പൗവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം, മാർ സൈമൺസ്റ്റോക്ക് പാലാത്തറ മാർ ജറാൾഡ് അൾമെയ്ഡാ, റവ. ഡോ. ആന്റണി കരിയിൽ എന്നിവർ സഹകാർമ്മികരുമായിരുന്നു. ഈ പുണ്യ കർമ്മങ്ങളിൽ അനേകായിരങ്ങൾ പങ്കെടുത്തുകൊണ്ട് ഈ മഹത്സംഭവം അവിസ്മരണീയമാക്കിമാറ്റി.

### *ചാവറജയന്തി - ചാവറഭവനിൽ*

കേരളസമുദ്ധാരകൻ, വിശ്വാസസംരക്ഷകൻ, വിദ്യാഭ്യാസ വിചക്ഷണൻ, സാമൂഹിക പരിഷ്കർത്താവ്, ദൈവമനുഷ്യൻ എന്നിങ്ങനെ വിശ്രുതനായ വാ. ചാവറയച്ചന്റെ തിരുനാളും 200-ാം ജന്മദിന ആഘോഷങ്ങളും അദ്ദേഹം ജനിച്ചുവളർന്ന കൈനകരി ചാവറഭവനിൽ 2005 ഫെബ്രുവരി 3 മുതൽ ഫെബ്രുവരി 13 വരെ നടത്തപ്പെട്ടു. ഈ ദിവസങ്ങളിൽ തിരുക്കർമ്മങ്ങൾ നവനാൾ പ്രാർത്ഥന, തീർത്ഥാടനം, ജലഘോഷയാത്ര എന്നിവ നടത്തപ്പെട്ടു. ഫെബ്രുവരി 3 വ്യാഴാഴ്ച 3 P.Mന് സി. എം. ഐ. വികാരി ജനറൽ ഫാ. മാത്യു കണിയാംപറമ്പിൽ കൊടിയേറ്റിക്കൊണ്ട് ചാവറയിലെ

ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. ബലി അർപ്പിക്കപ്പെട്ടു. കൂടാതെ കലാ സദ്യയും നടത്തി.

ഫെബ്രുവരി 3-12 വരെയുള്ള ദിവസങ്ങളിൽ ഭക്തി നിർഭരമായ വി. ബലിയും നവനാൾ പ്രാർത്ഥനയും പ്രദക്ഷിണവും നടത്തപ്പെട്ടു. കൂടാതെ ഫെബ്രുവരി 5 മുതൽ 9 വരെയുള്ള ദിനങ്ങളിൽ ബ്രദർ പള്ളത്ത് പാപ്പച്ചൻ & ടീം നയിച്ച ബൈബിൾ കൺവെൻഷൻ നടത്തി. ഫെബ്രുവരി 10 വ്യാഴാഴ്ച ബാലസംഗമം, കൈനകരി ഇടവക സമർപ്പിത സംഗമം, ചാവറപ്രസംഗ മത്സരം, ഇവയും ഉണ്ടായിരുന്നു. ഫെബ്രുവരി 11 വെള്ളിയാഴ്ച ദിവ്യകാരുണ്യവർഷം ഉദ്ഘാടനം ചെയ്തതിനുശേഷം ദിവ്യകാരുണ്യ സന്നിധിയിൽ തിരുമണിക്കൂർ നടത്തി. അതേത്തുടർന്ന് വി. കുർബാനയുടെ പ്രദക്ഷിണവും ഉണ്ടായിരുന്നു. 'അനസ്താസ്യായുടെ രക്തസാക്ഷിത്വം' കാഥികൻ ദാസ് അവതരിപ്പിച്ചത് ഏവരേയും ആകർഷിച്ചു. ഫെബ്രുവരി 12 മിഷൻ ദിനമായി ആചരിച്ചു. ചങ്ങനാശ്ശേരി അതിരൂപത മിഷൻലീഗ് റാലി കൈനകരി സെന്റ് ഏലിയാസ് ആശ്രമത്തിൽനിന്ന് ആരംഭിച്ച് ചാവറഭവനിൽ അവസാനിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ മിഷൻലീഗ് ഡയറക്ടർ ഡോ. ജോസഫ് മണക്കളത്തിന്റെ അർത്ഥസംപുഷ്ടമായ പ്രഭാഷണവും ഉണ്ടായിരുന്നു. തുടർന്ന് ചാവറ കുടുംബ സംഗമവും ദിവ്യബലി അർപ്പണവും ഭക്തിനിർഭരമായ പ്രദക്ഷിണവും നടത്തി.

### *2005 ഫെബ്രുവരി 13*


സി. എം. സി. സന്യാസിനി സഭയുടെ സ്ഥാപകദിനമായ ഫെബ്രുവരി 13, 9.30 A.M.ന് കൂനമ്മാവിൽനിന്നുള്ള ദീപശിഖാ പ്രയാണവും അഭിവന്ദ്യ ഇടയന്ത്രത്ത് പിതാവിന്റെ സ്വീകരണവും ഉണ്ടായിരുന്നു. തുടർന്ന് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിക്കപ്പെട്ടു. റവ. ഡോ. അന്റണി കരിയിൽ (പ്രിയോർ ജനറൽ), റവ. തോമസ് മാമ്പ്രാ എന്നിവർ സഹകാർമ്മികരുമായിരുന്നു. അതേത്തുടർന്ന് റവ. ഫാ. ജേക്കബ്

കൊച്ചുപുരയ്ക്കലിന്റെ കാർമ്മികത്വത്തിൽ സെന്റ് ഏലിയാസ് ആശ്രമത്തിലേയ്ക്ക് പ്രദക്ഷിണവും നടത്തി. പിന്നീട് ചാവറജയന്തി ഉപഹാരമായി നിർമ്മിക്കുന്ന ചാവറബ്രിഡ്ജിന്റെ ശിലാ വെഞ്ചരിപ്പ് റവ. ഡോ. ആന്റണി കരിയിൽ നടത്തി. തുടർന്ന് വിശ്വാസികൾക്ക് ആത്മീയ ശക്തി കിട്ടുന്നതിനായി നേർച്ചഭക്ഷണം വിതരണം ചെയ്തു. 1. 30 P.M.ന് ചാവറപിതാവ് മാമ്മോദീസാ മുങ്ങുകയും നവപൂജ അർപ്പിക്കുകയും ചെയ്ത ചേന്നങ്കരി പള്ളിയിലേയ്ക്ക് കളിവള്ളങ്ങൾ, ബ്ലോട്ടുകൾ, സ്പെഷ്യൽ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ അകമ്പടിയോടെ ജലഘോഷയാത്ര നടത്തി. ജലഘോഷയാത്രയുടെ ഉദ്ഘാടനം ഡോ. കെ. എസ്. മനോജ് എം. പി.യും സന്ദേശം അഡ്വ. സുഗതൻ എം. എൽ. എ. യും നല്കി. സമാപന സന്ദേശം ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ നല്കിയതോടെ ചാവറജയന്തി പരിപാടികൾ സമംഗളം പര്യവസാനിച്ചു.

വിവിധ പ്രോവിൻസുകളിൽനിന്ന് നൂറുകണക്കിന് സി. എം. സി. സിസ്റ്റേഴ്സും സി. എം. ഐ. വൈദീകരും ധാരാളം വിശ്വാസികളും ഭക്ത്യാദരപൂർവ്വം തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് ഈ പുണ്യപുരുഷന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം പ്രാപിച്ചു.

### *ഫെബ്രുവരി 13 ആഫ്രിക്കൻ മണ്ണിൽ കർമ്മലയുടെ ജയനാദം*

ആഫ്രിക്കയിൽ നിന്നുള്ള മൂന്നു നോവിസസിന്റെ എലിസബത്ത് ലെയോനാർഡ് കാസീഗേ, മാർഗരറ്റ് ആൻഡ്രിയാ സ്വായ്, എസ്തേർ ഡാനിയേൽ എന്നിവരുടെ ആദ്യവ്രതാനുഷ്ഠാനവും സഭാവസ്ത്രസ്വീകരണവും ഫെബ്രുവരി 13-ാം തീയതി 10 A.M. -ന് നടത്തപ്പെട്ടു. കിഗോമാ ബിഷപ് റവ. ഡോ. പോൾ റൂസോകായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട ദി. ബലിയിൽ ആഫ്രിക്കയിലെ കർമ്മലമക്കൾ ഒന്നുചേർന്ന് പരമപിതാവിന് സ്തുതികൾ അർപ്പിച്ചു. ചാവറജയന്തി വർഷത്തിൽ ദൈവം കനിഞ്ഞു നല്കിയ ദാനത്തിന് കർമ്മലമക്കൾ ആത്മനാ ഒന്നുചേർന്ന് ദൈവത്തെ പുകഴ്ത്തി.



# സയാമീസ് കളിയോടങ്ങൾ

സി. യൂക്കരിസ്റ്റ്

കോറസ് (ഓ....... തിത്തിതാരാ തിത്തൈ തിത്തൈ
തകതെയ് തെയ് തെയിതോ........)

കേരളത്തിലാദ്യമായി ജന്മം കൊണ്ടു രണ്ടു സഭ
സി. എം. ഐ. യും, സി. എം. സി. യും സഭകളെത്രേ

കോറസ് ഓ.......

തിരുസഭാമാതാവിനെ ശുശ്രൂഷിക്കാൻ വളർത്തുവാൻ
സ്ഥാപിച്ചല്ലോ രണ്ടു സഭ ചാവറയച്ചൻ.
വന്ദ്യനാകും ബഹുമാന അച്ചന്റേതാം പൂർണ്ണനാമം
ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ.

കോറസ് ഓ.......

കുട്ടനാടിൻ മദ്ധ്യഭാഗേ വിലസീടും കൈനകരി
ഭാഗ്യവതി ആകുന്നതിൽ സംശയമില്ല.
കേരളത്തിലാദ്യമായി ജന്മംകൊണ്ട സന്ന്യസ്തരാം
കേരള കർമ്മലീത്തരും സൗഭാഗ്യരത്രെ

കോറസ് ഓ.......

അടുക്കള മുറിക്കുള്ളിൽ കഴിഞ്ഞവർ മഹിളകൾ
ഉണരട്ടെ ഉയരട്ടെ എന്നോർത്തു വന്ദ്യൻ
സ്ത്രീജനത്തെ ഉദ്ധരിക്കാൻ സ്വാതന്ത്ര്യമവർക്കു കിട്ടാൻ
ക്രാന്തദർശി ആയോൻ പൂജ്യൻ ഏറെ ചിന്തിച്ചു.

കോറസ് ഓ.....

ഉച്ചനീച തത്വങ്ങളെ അകറ്റുവാൻ ശ്രമിച്ചവൻ
വിദ്യാഭ്യാസം സകലർക്കും നടപ്പിലാക്കി.
സാക്ഷരത പ്രേഷിതത്വം ആത്മീയത കേരളത്തിൽ
വളർത്തുവാൻ സന്യസ്തർക്ക് അഭ്യാസം നല്കി.

കോറസ് ഓ.......

മന്നിൽ വാഴും മാനവർക്ക് നന്മയേറെലഭിച്ചീടാൻ
ചാവറയച്ചൻ തുടങ്ങി മാന്നാനം പ്രസ്സും
ആദ്യമായ പ്രസിതിലോ ആദ്യമായിട്ടച്ചടിച്ചു
നാല്പതുമണിയാരാധന പ്പുസ്തകവും

കോറസ് ഓ.........

പള്ളിയോടനുബന്ധിച്ചു പള്ളിക്കൂടം സ്ഥാപിച്ചല്ലോ
കാലാന്തരത്തിൽ കേരളം സാക്ഷരയായി
അവർണ്ണ സവർണ്ണഭേദം ലേശം പോലുമേശിടാതെ
സകലരും പഠിക്കുന്നു പഠിപ്പിക്കുന്നു.

കോറസ് ഓ.......

കേരളത്തിൻ വികാസത്തിന്നാരംഭത്തെ തുടങ്ങിയോൻ
മാനവമനസ്സുകളിൽ ശോഭിച്ചീടട്ടെ.
നമുക്കിന്ന് ഒന്നുചേർന്ന് നന്ദിയോടെ ഘോഷിച്ചീടാം
ചാവറതൻ ഇരുന്നൂറാം ജന്മദിനമത്ത

കോറസ്......

വന്ദ്യനായ ചാവറയ്ക്കും സ്വർഗ്ഗരാജ്ഞി മദ്ധ്യസ്ഥയ്ക്കും
മംഗളങ്ങളാശംസിക്കാം ആദരപൂർവ്വം
കേരളത്തിൽ മാത്രമല്ല വിദേശത്തും സ്വദേശത്തും
കർമ്മലീത്തർ ക്രിസ്തുമാർഗ്ഗം നല്കീടുന്നിപ്പോൾ.

കോറസ്.....

കർമ്മലതൻ ശാഖിയുടെ മനോഹര ശാഖയാകും

ഹോളിക്വീൻസ് പ്രോവിൻസിനു ജൂബിലിയായി
പരിശുദ്ധ രാജ്ഞിയുടെ മദ്ധ്യസ്ഥത്താൽ മുന്നേറുന്ന
ക്വീൻസിന്റേതാം സുവർണ്ണമാം സുദിനം വന്നു.

കോറസ്.....

വന്ദ്യനായ ചാവറതൻ ഇരുന്നൂറാം ജന്മദിനം
ഹോളിക്വീൻസ് പ്രോവിൻസിന്റെ അര നൂറ്റാണ്ടും.
ഒരുമിച്ചു ഘോഷിച്ചീടാം ആഹ്ലാദത്തെ പങ്കുവയ്ക്കാം
ഭക്തിമാർഗ്ഗം പുതുക്കീടാം ആനന്ദവായ്പാൽ.


കോറസ്.....

ഏലിയാസ് പ്രവാചകന്റെ ദൈവസ്നേഹം സമ്പാദിച്ചു
സൈമൺ സ്റ്റോക്കിന്റേതാകും യജ്ഞവുമായി.
അമ്മത്രേസ്യാ പുണ്യവതി തന്നാദർശം സ്വീകരിച്ചു
കർമ്മലമാതാവുനല്കും ഭാഗ്യം നുകരാം.

കോറസ്.....

മദ്ധ്യസ്ഥയാം പരിശുദ്ധ സ്വർഗ്ഗരാജ്ഞീ മറിയമേ
സ്ഥാപകനേ വന്ദ്യതാതാ നമസ്കാരം തേ.......

കോറസ്..... ,



നല്ല പുസ്തകം ധാരാളം വായിക്കുക
ചീത്ത പുസ്തകം സൂക്ഷിക്കുന്നവൻ
വൈയ്ക്കോലിൽ തീ സൂക്ഷിക്കുകയാണ്.

# ചാവറ ദൈവമനുഷ്യൻ

സി. ജോളി തെരേസ്

കേരളക്കരയിൽ വിശുദ്ധിയുടെ സുഗന്ധം പരത്തി കാലത്തിനും ദേശത്തിനും സമുദായത്തിനും അതീതനായി ജീവിച്ച ഒരു മഹത് വ്യക്തിയാണല്ലോ ചാവറയച്ചൻ. തിരുസഭയും സഭാമക്കളും അദ്ദേഹത്തിന്റെ വിശുദ്ധിയെ ഇന്ന് ദൈവമനുഷ്യൻ എന്ന സംജ്ഞയിൽ ചേർത്തു വായിക്കുന്നു. വി. കൊച്ചുത്രേസ്യാ ആദ്ധ്യാത്മിക ശിശുത്വത്തിലൂടെയും വി. അമ്മത്രേസ്യാ പ്രാർത്ഥനയിലൂടെയും വി. യോഹന്നാൻ ക്രൂസ് ധീരസഹന സമരത്തിലൂടെയും വിശുദ്ധി എങ്ങനെ കൈവരിക്കാം എന്നു കാട്ടിത്തന്നപ്പോൾ ഭക്തികർമ്മയോഗത്തിലൂടെ വിശുദ്ധരാകുവാനുള്ള മാർഗ്ഗം ഓതിത്തരുന്നു ചാവറയച്ചൻ. ചാവറയെന്ന ദൈവമനുഷ്യൻ ഭക്തികർമ്മയോഗിയാണ്. ഓം കാരവും ഓം മന്ത്രവും താളലയങ്ങളോടെ ഉയർന്നിരുന്ന ഭാരതമണ്ണിന്റെ ഭക്തിയേയും കർമ്മത്തേയും സ്വന്തമാക്കി സമന്വയിപ്പിച്ച ദൈവമനുഷ്യൻ.

ചാവറയിലെ ദൈവമനുഷ്യനെ ഞാനും നിങ്ങളുമൊക്കെ തിരിച്ചറിയുന്നത് അദ്ദേഹത്തിന്റെ ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിന്റേയും ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസ ജീവിതത്തിന്റേയും അരൂപിയുടെ നിറവാലുള്ള കർമ്മ പ്രബുദ്ധതയുടേയും പശ്ചാത്തലത്തിലാണ്.

ദൈവത്തോടുള്ള ചാവറയച്ചന്റെ ബന്ധം പിതൃപുത്ര ഭാവത്തിന്റേതാണ്. ആ ബന്ധത്തിന്റെ ഇഴയടുപ്പം നാം കാണുന്നത് അദ്ദേഹത്തിന്റെ നിഷ്കളങ്കതയിലൂടെയും ''കാണാകേണമെന്ന'' നിരന്തരമായ ആത്മീയ ദാഹത്തിലൂടെയുമാണ്. അതുകൊണ്ടു തന്നെ സ്നേഹിതനോട് ഒന്നിച്ചുള്ള ഒരു സംഭാഷണമായി പ്രാർത്ഥനയെ മാറ്റുവാൻ അദ്ദേഹത്തിനു സാധിച്ചു. നിരന്തരമായി തപിക്കുവാനും ജപിക്കുവാനും തിരുമുഖം ദർശിക്കുവാനും അരികെയിരുന്ന് ആസ്വദിക്കുകയെന്നത് തന്റെ ആദർശമായി

സ്വീകരിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അന്തഃകരണത്തെ അനുതാപത്തിലേയ്ക്കു നയിക്കുന്ന അഭിനിവേശങ്ങൾകൊണ്ട് നിറയ്ക്കുവാനും പൂവിലും പുല്ക്കൊടിയിലുമുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം മനസ്സിലാക്കി ദൈവത്തിന്റെ വിസ്മയകര പ്രവർത്തികളിൽ ആമഗ്നനാകുവാനും പിതാവിനു കഴിഞ്ഞു. ത്രിത്വാത്മക സ്നേഹരഹസ്യത്തിൽ ലയിച്ച് താനും തനിക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്നും തന്റെ ജീവിതം മറ്റുള്ളവരുടെ നന്മയ്ക്കായി ചെലവഴിക്കപ്പെടേണ്ടതാണെന്നുമുള്ള അവബോധത്തിൽ ജീവിക്കുവാൻ പ്രാർത്ഥനാജീവിതം അദ്ദേഹത്തെ പ്രാപ്തനാക്കി. ത്രിത്വാത്മക സ്നേഹത്തിന്റെ സ്വയം ദാനം സ്വന്തമാക്കി അനേകർക്കായി വാഴ്ത്തി മുറിച്ച് വിളമ്പിയതുകൊണ്ട് ഇന്ന് സ്ഥലകാലങ്ങളുടെ പരിധിയെ ഉല്ലംഘിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിത്വം മായാത്തമുദ്ര മനുഷ്യഹൃദയങ്ങളിൽ നിറയ്ക്കുന്നു.

വിളിയുടെ പൊരുൾതേടി തറവാടിന്റെ പടിയിറങ്ങുമ്പോൾ മുതൽ മരണവിനാഴികവരെ ദൈവപരിപാലനയെ തിരിച്ചറിഞ്ഞ് അതനുഭവമാക്കിത്തീർക്കുന്ന ചാവറയച്ചനെ നമുക്ക് കാണുവാൻ സാധിക്കും. സ്തുതിയും ബഹുമാനവും പേരും പ്രശസ്തിയും സ്ഥാനമാനങ്ങളും ഒന്നും കർമ്മപഥത്തിൽ അദ്ദേഹത്തിന് ബന്ധനമായി ഭവിച്ചില്ല. സ്നേഹിക്കുമ്പോഴും നല്വഴി പറഞ്ഞുകൊടുക്കുമ്പോഴും ഉപദേശിക്കുമ്പോഴും കെട്ടിട പണിയുമ്പോഴും പണം കൈകാര്യം ചെയ്യുമ്പോഴും യൗവ്വനത്തിലും വാർദ്ധക്യത്തിലും അദ്ദേഹത്തെ നയിച്ചത് ദൈവീകമായ ലക്ഷ്യമായിരുന്നു. അതുകൊണ്ടുതന്നെയാണ് സങ്കീർത്തകനെ പ്പോലെ ''കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും'' മെന്ന്നിരന്തരം ഏറ്റുപറയുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

അരൂപിയുടെ നിറവാണ് ചാവറയച്ചനെ ദൈവ മനുഷ്യനാക്കുന്ന മൂന്നാമത്തെ ഘടകം. ആനുകാലിക പ്രശ്നങ്ങളേയും സാംസ്ക്കാരിക പ്രവണതകളെയും വിവേചിച്ചറിയുവാനും അവയോട് ക്രിയാത്മകമായി സഹകരിക്കുവാനും ചാവറയച്ചന് കഴിഞ്ഞുവെന്നത് കാലം തെളിച്ച വസ്തുതയാണ്. വിസ്മയമൂറുന്ന മിഴികളോടെ മാത്രമേ

നൂറ്റാണ്ടുകൾക്കപ്പുറത്ത് കേരളക്കരയിൽ സന്യാസജീവിതത്തിന് ആരംഭം കുറിച്ച ചാവറയച്ചനെ നമുക്ക് കാണുവാൻ സാധിക്കൂ. ഇതിലുമെല്ലാമുപരി തനിമയുള്ള ആരാധനക്രമമോ പക്വമായ ദൈവവിജ്ഞാനീയമോ സ്വന്തമായി ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ കേരളമക്കളെ ദൈവീകതയിലേയ്ക്ക് ഉയർത്താൻ, പാരമ്പര്യമായി കിട്ടിയ വിശ്വാസവെളിച്ചം നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ അരൂപിയുടെ നിറവുള്ള ഒരാൾക്കു മാത്രമേ സാധിക്കൂ.

നസ്രസ്സിലെ ദൈവപുത്രനെപ്പോലെ മനുഷ്യനായിരിക്കെ ദൈവീകതയുടെ പൂർണ്ണതയ്ക്കായി സ്വയം സമർപ്പിച്ചവനാണ് ചാവറയച്ചൻ. അതുകൊണ്ടുതന്നെ ഭക്തിയുടെ പാരവശ്യത്തിൽ മാനുഷികത അദ്ദേഹത്തിന് നഷ്ടമായില്ല. എല്ലാ വൈയക്തിക ബന്ധങ്ങളിലും മാനുഷികതയുടെ ഊഷ്മളഭാവത്തിൽ ദൈവീകത പകർന്നു നല്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. മനുഷ്യരെല്ലാം ദൈവമക്കളെന്ന മഹനീയ ദർശനം സ്വന്തമാക്കുവാനും അതു മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കി തീർക്കുവാനും അദ്ദേഹത്തിന് സാധിച്ചു. അന്യന്റെ മാനുഷികതയെ ബഹുമാനപുരസരം അംഗീകരിക്കാൻ കഴിഞ്ഞതുകൊണ്ടുകൂടിയാണ് ചാവറയച്ചൻ മനുഷ്യമനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടുന്നത്. ചാവറയച്ചൻ എന്നു കേട്ടാൽ സുറിയാനിക്കാരായ വൈദീകർക്ക് ഒരു ദേവനെപ്പോലെ അനുഭവമുണ്ടായിരുന്നുവെന്ന് ദീർഘകാലം ചാവറയച്ചനോടൊപ്പം ജീവിച്ച ലൂയീസച്ചൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.' തപാൽ വകുപ്പിന്റെ ചാവറസ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ. ആർ. വെങ്കിട്ടരാമൻ നടത്തിയ പ്രസംഗം ഈ അവസരത്തിൽ ഏറെ ചിന്തനീയമാണ്. ''ദൈവീക ചിന്തയെയും മനുഷ്യസേവനത്തേയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. യഥാർത്ഥത്തിൽ ഈ മഹാനുഭവന്റെ മനസ്സിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതികളെ സമഞ്ജസമായി സമ്മേളിപ്പിച്ചു. ബാഹ്യപ്രവർത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രമായിരുന്നു

അദ്ദേഹം. അതേസമയം തന്റെ ഉള്ളിൽ കത്തി നിന്നിരുന്ന ദൈവീക ചൈതന്യം തന്നോട് ഇടപെട്ടവരിലെല്ലാം സംക്രമിപ്പിച്ചു''.

സാധാരണ മനുഷ്യനായി ജനിച്ച ചാവറയച്ചനെ അസാധാരണ മനുഷ്യനായി തീർത്തത് അദ്ദേഹം അനുഷ്ഠിച്ച വിശിഷ്ട ഗുണങ്ങളാണ്. വിശ്വാസം, ശരണം, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവീക പുണ്യങ്ങളും വിവേകം, നീതി, അടക്കം, ആത്മധൈര്യം എന്നീ വിശേഷ പുണ്യങ്ങളും അവയോടുചേർന്ന മറ്റുപുണ്യങ്ങളും വീരോചിതമായി അനുഷ്ഠിച്ചതുകൊണ്ടുതന്നെയാണ് അദ്ദേഹം ദൈവ മനുഷ്യനാകുന്നത്.

വിശുദ്ധിയിലേയ്ക്കുള്ള സാർവ്വത്രിക വിളി ലഭിച്ചിട്ടുള്ളവരാണ് നാമെല്ലാം. ഈ ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗങ്ങൾ പലതാണ്. കർമ്മങ്ങൾ പ്രബലാകാരം പൂണ്ട് ഭക്തിമാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതെ ജീവിക്കുവാൻ ചാവറപ്പിതാവിന്റെ മാതൃക നമുക്ക് അനുവർത്തിക്കാം. ദൈവീകതയുടെ പേരിൽ മാനുഷിക ഭാവങ്ങളെ നശിപ്പിക്കാതിരിക്കാനും മാനുഷികതയുടെ ഊഷ്മളതയിൽ സേവനങ്ങളെ ദൈവമഹത്വീകരണങ്ങളാക്കിത്തീർക്കാനും നമുക്ക് ശ്രമിക്കേണ്ടിയിരിക്കുന്നു. ചാവറപിതാവിനെപ്പോലെ നമ്മിലെ ദൈവീകതയെ ഉണർത്തി മാനുഷികതയിൽ പൊതിഞ്ഞ് നമുക്കും നന്മകൾ ചെയ്യുന്നവരാകാം.

# ചാവറയച്ചന്റെ ആഴമായ ആദ്ധ്യാത്മികത

സി. ജസി തെരേസ്

"Blessed chavara's success in all his many undertakings was undoubtedly due to the intense charity and prayer, which characterised his daily life, his close communication with christ and his love for the church as the visible body of christ on earth."

1986 Feb. ൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവൻ എന്നു പ്രഖ്യാപിച്ച വേളയിൽ പരി. പിതാവ് ജോൺ പോൾ II പറഞ്ഞ ഈ വാക്കുകളിൽനിന്നും അദ്ദേഹത്തിന്റെ ആഴമായ ആദ്ധ്യാത്മികതയും ജീവിത ദർശനവും നമുക്ക് മനസ്സിലാക്കാൻ കഴിയും. ആഴമായ പ്രാർത്ഥനയുടേയും നലംതികഞ്ഞ പ്രവർത്തനത്തിന്റേയും ഒരു മനുഷ്യനായിരുന്നു വാ. ചാവറയച്ചൻ.

1805 Feb. 10-ാം തീയതി നൈസർഗ്ഗിക നന്മകളുടെ നിർമ്മലവും നിഷ്ക്കളങ്കവുമായി വിശുദ്ധിയുടേയും ലളിത ജീവിതത്തിന്റേയും ഈറ്റില്ലമായ കൈനകരി എന്ന ഗ്രമത്തിൽ പിറന്ന് ആകാശത്തോളം ഉയർന്ന ആത്മിയതയുടേയും സാഗരത്തോളം ആഴമുള്ള വിശുദ്ധിയുടേയും ഉടമയായി 1971 ജനുവരി 3-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ് ഇന്നും നക്ഷത്രംപോലെ വിരാജിക്കുന്ന ഒരു പുണ്യവര്യന്റെ ആദ്ധ്യാത്മികതയുടെ ആഴങ്ങൾ ഇവിടെ വിശകലനം ചെയ്യുന്നു.

ചാവറയച്ചന്റെ ആദ്ധ്യാത്മികത പ്രധാന ചില സവിശേഷതകൾ അടിസ്ഥാനമായി കാണാം.

1 ദൈവാനുഭവവും ദൈവവചനവും

2 ആബാനുഭവവും യേശുദർശനവും

3 പ്രാർത്ഥനാനുഭവം മാതൃഭക്തി

4 കർമ്മലചൈതന്യം

5 പ്രേഷിതാത്മകത

## 1/ ദൈവാനുഭവവും ദൈവവചനവും

ദൈവത്തെ സ്വന്തം ജീവിതത്തിന്റെ ഭാഗമായല്ല ദൈവത്തിന്റെ ഭാഗമായിത്തന്നെ കണ്ട ദൈവാനുഭവം നിറഞ്ഞ ഒരു "ദൈവീക മനുഷ്യ"നായിരുന്നു ചാവറയച്ചൻ. ഇതിന് പ്രധാന വഴികാട്ടി ദൈവവചനവും. "പ്രകൃതിയിലൂടെയും അനുദിനാനുഭവങ്ങളിലൂടെയും ദൈവത്തിന്റെ പക്കലേയ്ക്ക് നിരന്തരം ഉയർന്ന ഒരു ജ്ഞാനി"[1] ദൈവവചനം ഹൃദയത്തിൽ സംവഹിച്ച് ആത്മാവിൽലയിപ്പിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കിയ ചാവറയച്ചന്റെ ആദ്ധ്യാത്മികത ഊറിഉറയുന്നത് ഈ വചനധാരയിൽ നിന്നുതന്നെ. അദ്ദേഹത്തിന്റെ കൃതികളത്രയും ദൈവവചനത്തോടുള്ള ഇഴുകിച്ചേരലിൽനിന്നും ഉരിത്തിരിഞ്ഞ ദൈവാനുഭവം വ്യക്തമാക്കുന്നു.

"മുന്നിലുള്ളവർക്കൊക്കെ മാതാവായിടും ഹവ്വാ
..........................................................................................
മന്നിൽ നീയിഴഞ്ഞീടും ധൂളിയെ ഭുജിച്ചിടും "[2]

"യൂദർക്കു രാജൻ ദേവൻ പിറന്നതിനാലേ
..........................................................................................
............നാമും പോകണമെന്നു കാട്ടി "[3] തുടങ്ങിയ വരികൾ ദൈവവചനത്തെ അദ്ദേഹം എത്രമാത്രം സ്വന്തമാക്കി എന്നു കാട്ടുന്നു.

## 2/ "ആബാ" അനുഭവവും യേശുദർശനവും

"എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ എനിക്ക് വിളിക്കുവാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല". [4] അതെ ക്രിസ്തു തന്റെ പിതാവിനെ വിളിച്ചിരുന്ന അതേ സ്നേഹവായ്പോടെ ചാവറയും വിളിക്കുന്നു.

"മാമകപിതാവുനീ ഭാഗ്യവുമെനിക്കുനീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നീ"[5] എന്നു പറയുമ്പോൾ ആ അനുഭവം നിറഞ്ഞു തുളുമ്പുന്നു. ഈ അനുഭവമാണ് അദ്ദേഹത്തിന്റെ യേശുദർശനത്തിലും കാണുക.

## 3 പ്രാർത്ഥനാനുഭവം:- മാതൃഭക്തി

ചാവറയച്ചന്റെ ആദ്ധ്യാത്മികത ഉറഞ്ഞുകൂടിയ മറ്റൊരു ഘടകമത്രേ പ്രാർത്ഥനാനുഭവം.

അന്നവളുടെ കാല്ക്കലിരുന്നു ഞാൻ
മന്ദ മന്ദ മറിഞ്ഞു ദൈവത്തേയും [6]

അതെ വാക്കുകൾ കൂട്ടിച്ചൊല്ലാൻ പ്രാപ്തിയില്ലാതിരുന്ന ഇളം പ്രായത്തിൽ തന്നെ ദൈവത്തെ തന്റെ അമ്മയിലൂടെ ആവഹിച്ചെടുത്ത് പ്രാർത്ഥനയുടെ ബാലപാഠങ്ങൾ പഠിച്ച ആ കുരുന്ന് കാലാന്തരത്തിൽ സക്രാരിയുടെ മുമ്പിൽ നീണ്ട മണിക്കൂറുകൾ ധ്യാനലീനനായി തന്നെക്കുറിച്ചും ദൈവ ജനത്തെക്കുറിച്ചും ഉള്ള തിരുമനസ്സ് വായിച്ചെടുത്തു. "ക്രിസ്തീയ വിശ്വാസം, തിരുക്കുടുംബഭക്തി, ദിവ്യകാരുണ്യഭക്തി തുടങ്ങിയവ അമ്മ അദ്ദേഹത്തിൽ ഉരുവാക്കി".[7] അങ്ങനെ പരി. അമ്മയോട് മകനടുത്ത വാത്സല്യവും നുകർന്നു. "കാരുണ്യത്തിന്റെ ഇരിപ്പിടവും നിറകുടവുമായി മാതാവിനെക്കണ്ട് ആ നാഥയിൽ ശരണം കണ്ടെത്തുന്ന ദാസനാണ് ചാവറ".[8] ഈ അനുഭവം മറിയത്തിലൂടെ ഈശോയിലേയ്ക്ക് യാത്ര ചെയ്യുവാൻ അദ്ദേഹത്തെ സഹായിച്ചു.

## 4 കർമ്മല ചൈതന്യം

ചാവറയുടെ ആദ്ധ്യാത്മികതയ്ക്ക് ഒരു യഥാർത്ഥ രൂപം നല്കിയത് കർമ്മല പൈതൃകമാണ്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ദൈവകാരുണ്യത്തിൽ ആശ്രയിച്ച് ആത്മാവിന്റെ പ്രവർത്തനങ്ങളോട് കർമ്മലയിലൂടെ പ്രത്യുത്തരിച്ച ഒരു സന്യാസിയായിരുന്നു അദ്ദേഹം. "1855 -ൽ വ്രതാർപ്പണത്തോടെ തന്റെ പേര് കുരിയാക്കോസ് ഏലിയാസ് എന്നു മാറ്റിക്കൊണ്ട് കർമ്മലയുടെ സ്വന്തമായി"[9] അമ്മത്രേസ്യായുടെ ഉത്തമ പുത്രനായ അദ്ദേഹം കർമ്മലയിലെ നിയമങ്ങളോട് ആദരവും അനുസരണവും പുലർത്തി. ഏകാന്തതയും പ്രാർത്ഥനയും ലളിതമായ, താപസീകത നിറഞ്ഞ

ജീവിത ശൈലിയും മൗനത്തിന്റെ പരിശുദ്ധിയും കാത്ത് ഒരു ഉത്തമ കർമ്മലീത്തായോഗിയായിതീർന്നു. കേരള കർമ്മലസഭയുടെ ആദ്ധ്യാത്മിക പിതാവായി

### 5 പ്രേഷിതാത്മകത

(ലൂക്കാ 17:10) എന്നു പറയത്തക്ക ഒരു നിഷ്കാമ കർമ്മിയായിരുന്നു ചാവറ. "യോഗസ്ഥാ കുരു കർമ്മിണി"[൩] എന്നു പറയുംപോലെ പ്രാർത്ഥനയിൽ ലയിച്ച് പ്രതിഫലേഛ കൂടാതെ കർമ്മം ചെയ്തവൻ. അതെ അക്ഷരാർത്ഥത്തിൽ ഒരു കർമ്മയോഗിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ ഔന്നൃത്യം വെളിവാക്കുന്നതും ഈ പ്രേഷിതത്വം തന്നെ. തന്റെ ജീവിതത്തിലെ പ്രവർത്തനങ്ങളിലുടനീളം ധ്യാനാത്മകത രൂപീകരിക്കുകയും നിലനിർത്തുകയും ചെയ്ത് സർവ്വവും തമ്പുരാന്റെ കൈകളിലർപ്പിച്ച് കർമ്മവര്യനായി അദ്ദേഹം. തന്റെ പ്രവർത്തനങ്ങളത്രയും ആദ്ധ്യാത്മിക ഉണർവ്വിന്റെ കാരണമായി. സഭാസ്ഥാപനം ആരാധനാമണിക്കൂർ വചനപ്രസംഗങ്ങൾ സാഹിത്യകൃതികൾ വിദ്യാഭ്യാസപ്രവർത്തനങ്ങേൾ തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം.

### ഉപസംഹാരം

ദൈവമാണെന്റെ ഓഹരിയും പാനപാത്രവും എന്റെ ഭാഗധേയവും അവിടുത്തെ കരങ്ങളിലാണ് (സങ്കീ. 16). അതെ ചാവറയച്ചന്റെ ആദ്ധ്യാത്മിക സമ്പത്ത് മുഴുവൻ നിറഞ്ഞുതുളുമ്പുന്ന വചനമാണ് തന്റെ Motto - യിൽ നാം ദർശിക്കുക. ദൈവത്തെ അനുഭവിച്ചറിഞ്ഞ് ജീവിത ചര്യയാക്കിയ അരൂപിയുടെ മനുഷ്യനായിരുന്നു അദ്ദേഹം. വാക്കും പ്രവർത്തിയും സമന്വയിപ്പിച്ച അദ്ദേഹം കാലങ്ങൾ കഴിഞ്ഞിട്ടും ഇന്നും ഒളിതൂകി പ്രകാശിക്കുന്നത് ഈ ആഴമായ ആദ്ധ്യാത്മികതയുടെ പ്രഭയിലാണ്. ആ വന്ദ്യ പ്രതിഭയ്ക്ക് വന്ദനം!

1 Fr. Romeo - ചാവറയച്ചന്റെ ആഴമായ ആദ്ധ്യാത്മികത P. 53

2 ആത്മാനുതാപം IV 3-7

3 ആത്മാനുതാപം VII 29-36

4 സമ്പൂർണ്ണകൃതികൾ III P. 17

5 ആത്മാനുതാപം II 141

6 ആത്മാനുതാപം P. 53

7 സമ്പൂർണ്ണകൃതികൾ Vol. II P. 3

8 ചാവറ : പ്രതിഭയും പ്രഭയും P. 71

9 Herald of the east P. 47 (Vol. VI Dec.2004)

10 ഭഗവത്ഗീത 2: 48

## അശ്രുപ്രണാമം

ലോകജനതയുടെ ഹൃദയങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാനും പ്രാർത്ഥിക്കുവാനുമായി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടന്ന ദിവ്യ ബലിയിലും പ്രാർത്ഥനാ ശുശ്രൂഷയിലും ജപമാല റാലിയിലും അനുശോചന സമ്മേളനത്തിലും നമ്മുടെ വിവിധ മഠങ്ങളിൽനിന്ന് ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

# നവസൂനങ്ങൾ



## സി. ലിസ് റ്റോം

(ലിസമ്മ തോമസ് മാനാംകുഴിയിൽ, കരിമ്പനക്കുളം)

'കർത്താവേ അവിടുന്നാണ് എന്റെ സഹായവും പരിചയും'

ലോകത്തിന്റെ മായാമോഹങ്ങളിൽപ്പെട്ട് നശിച്ചു പോകാമായിരുന്ന ഈ കുഞ്ഞാത്മാവിനെ തന്റെ ഉള്ളം കയ്യിൽ കാത്തുപരിപാലിച്ച് കർമ്മലയാകുന്ന ഈ മലർവാടിയിൽ നട്ട നല്ല ദൈവമേ അങ്ങയുടെ അനന്ത കാരുണ്യത്തിനു ഞാൻ നന്ദി പറയുന്നു. നാഥാ അങ്ങ് നട്ട ഈ ചെടി വളർന്ന് അങ്ങയുടെ സൗരഭ്യം ഏവർക്കും പകർന്നു നല്കുവാൻ ഇടയാക്കണമേ. നാഥാ കുരിശിന്റെ തണലിൽ വിരിയുവാനും സ്നേഹത്തിന്റെ ബലിയാകുവാനും എന്റെ ഈ ജീവിതം ഞാനിതാ അങ്ങേ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു.

അങ്ങിൽനിന്നും ഒരു നിമിഷം പോലും അകന്നു പോകാതെഎന്നും കാൽവരിയാകുന്ന വിവാഹ പന്തലിൽ കുരിശാകുന്ന മണവറയിൽ അങ്ങേ സ്നേഹമാധുര്യം അനുഭവിച്ചറിഞ്ഞ് അങ്ങയോടൊപ്പം ബലിയാകുവാൻ എന്നെ അനുഗ്രഹിക്കണമേ. പരി. അമ്മേ വി. യൗസേപ്പിതാവേ, വാ. ചാവറപിതാവേ, ഈ മകൾക്കുവേണ്ടി മദ്ധ്യസ്ഥം യാചിക്കണമേ.

ആത്മാവിൻ ആഴങ്ങളിൽ
അറിഞ്ഞു നിൻ ദിവ്യ സ്നേഹം
നിറഞ്ഞ തലോടലായ്
എന്നുമേശുവേ.......

# VESTTION AND FIRST PROFESSION OF OUR NOVICES



Concelebrated Mass lead by
His Eminence Cardinal Mar Varkey Vithayathil



Our 11 Novices with Provincial Superior and
Novice Mistress



Invoking the Blessing of Holy Spirit



Our newly Professed Sisters around the tomb of Bl. Chavara



## സി. എയ്ഞ്ചൽ മരിയ

(ആനി ജോസഫ് വെച്ചൂക്കണ്ടം ഐക്കരച്ചിറ )

'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും'.

ഈ ലോകത്തിൽ മറ്റ് ആരെക്കാൾ അധികമായി എന്നെ സ്നേഹിച്ച നല്ല ഈശോയേ, അങ്ങയുടെ സ്വന്തമായി തീരുവാനായി കർമ്മലയിലേയ്ക്ക് എന്നെ വിളിച്ചതിന് അങ്ങയോടു നന്ദി പറയുന്നു. നാഥാ ഈ അമൂല്യ ദാനത്തിന് ഈ മകൾ ഒട്ടും അർഹയല്ല. വിശുദ്ധിയുടെ പാതയിലൂടെ അങ്ങയെ വിശ്വസ്ഥയായി അനുധാവനം ചെയ്യുവാനുള്ള ഉന്നതമായ ആഗ്രഹങ്ങളും ഏറെ ബലഹീനതകളും നിറഞ്ഞ ഒരു കൊച്ചു ഹൃദയം മാത്രമാണ് ഈ മകൾക്ക് അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുവാനുള്ളത്. നാഥാ ഈ ജീവിതത്തിന്റെ വെളിച്ചം നീ ആയിരിക്കട്ടെ.

അർപ്പണം അർപ്പണം ആത്മാർപ്പണം
യേശുവേ നിൻ മുമ്പിൽ ഹൃദയാർപ്പണം
എന്നുമെന്നും നിന്റെമാത്രം സ്വന്തമാകുവാൻ
നിന്റെ ചിത്തം മാത്രമെന്നും അന്വേഷിക്കാൻ
നിൻ കുരിശിൽ മാത്രമെന്നും അഭിമാനിക്കാൻ
എന്നെയൊന്നായ് നിന്റെ മുമ്പിലർപ്പിക്കുന്നു.



## സി. ആൻസിറ്റ് മരിയ

(ആൻസിലിൻ ആന്റണി മുട്ടുങ്കൽ ചെല്ലാനം)

"അവിടുത്തെ വലതുകൈ എന്നെ താങ്ങിനിറുത്തി
അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി". (സങ്കീ. 18:35)

സ്നേഹംതന്നെയായ എന്റെ സ്വർഗ്ഗീയ പിതാവേ, അങ്ങയുടെ വത്സല പുത്രിയും തിരുക്കുമാരന്റെ സ്വന്തവുമായി എന്നെ തിരഞ്ഞെടുത്ത അങ്ങയുടെ അനന്ത കാരുണ്യത്തിന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. നല്ല പിതാവേ, അങ്ങേ കാരുണ്യത്തിന് ഞാൻ അർഹയല്ല. പരിധിയില്ലാത്ത നിന്റെ സ്നേഹം ഒന്നുമാത്രമാണ് എല്ലാറ്റിനും അടിസ്ഥാനം എന്നു ഞാൻ ഏറ്റുപറയുന്നു. അങ്ങേ സ്നേഹാധിരേകത്താൽ എനിക്ക് ദാനമായി നല്കിയവിശുദ്ധമായ ദൈവവിളിക്ക് മുമ്പിൽ പരി. അമ്മയോട് ചേർന്ന് ഞാനും എന്റെ സമർപ്പണം നടത്തുന്നു. "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"! ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും അങ്ങയുടെ ദാസിയായി ജീവിക്കുവാനും ദൈവഹിതത്തിനു കീഴ്വഴങ്ങുവാനും എല്ലാറ്റിലും അങ്ങേ സ്നേഹ പരിപാലന അനുഭവിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

എന്നുമെന്നും നിന്റെ മാത്രം സ്വന്തമാകുവാൻ
നിന്റെ ചിത്തം മാത്രമെന്നും അന്വേഷിക്കാൻ
നിൻ കുരിശിൽ മാത്രമെന്നും അഭിമാനിക്കാൻ
എന്നെയൊന്നായ് നിന്റെ മുമ്പിൽ അർപ്പിക്കുന്നു.



## സി. ജെനി തെരേസ്

(ജിനു സേവ്യർ മരങ്ങാട്ട് ആർപ്പൂക്കര)

''അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു.'' (ഹെബ്രാ. 10:9)

പരമ പരിശുദ്ധനും അനന്ത കാരുണ്യവാനുമായ എന്റെ നല്ല ഈശോയെ ഈ ലോകത്തിൽ മറ്റ് ആരെയുംകാൾ അധികമായി എന്നെ സ്നേഹിക്കുകയും എന്റെ അയോഗ്യതകളെ യോഗ്യതകളാക്കി മാറ്റുകയും ചെയ്തുകൊണ്ട് ലോകത്തിന്റെ സുഖത്തിൽ വീണടിയുന്നതിനുമുമ്പ് കർമ്മലയാകുന്ന പൂന്തോട്ടത്തിലേയ്ക്ക് എന്നെ പറിച്ചുനട്ട അങ്ങയുടെ അനന്ത കാരുണ്യത്തെയോർത്ത് അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. നല്ല തമ്പുരാനേ അങ്ങ് എന്നെ സ്വന്തമാക്കിയ ദിനത്തിൽ അങ്ങയോട് ഞാൻ ചെയ്ത എന്റെ വ്രതാർപ്പണം അതിന്റെ പൂർണ്ണതയിൽ നീ ആഗ്രഹിക്കുന്നതുപോലെ പൂർത്തിയാക്കാൻ ദുർബ്ബലയായ എന്നെ നീ അനുഗ്രഹിക്കണമേ. ജീവിതത്തിലേയ്ക്ക് കടന്നുവരുന്ന സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനും അവയിലൂടെ നിന്റെ സ്നേഹം അനുഭവിക്കുവാനുമുള്ള കൃപ അങ്ങ് എനിക്ക് പ്രദാനംചെയ്യണമേ. സ്നേഹംമാത്രമായ എന്റെ നല്ല ഈശോയെ എല്ലായ്പ്പോഴും നിന്റെ സ്നേഹം മാത്രം അന്വേഷിക്കാനും ആ സ്നേഹത്തിൽ നിലനില്ക്കാനും അശക്തയായ എന്നെ നീ ശക്തിപ്പെടുത്തണമേ. സ്നേഹ ഈശോയെ എന്നെ നിന്റെ സ്വന്തമാക്കുവാനായി സഹായിച്ച എല്ലാ കരങ്ങളേയും നീ ആശീർവ്വദിച്ച് അനുഗ്രഹിക്കണമേ.

നിന്നിൽ ഞാൻ മറയട്ടെ നിന്റേതായി മാറട്ടെ
സ്നേഹത്തിൻ തീവ്രതയിൽ
പാഴ്മണ്ണിൽ വീഴുന്ന പച്ചില ചില്ലപോൽ
അഴിഞ്ഞിടാം അഴിഞ്ഞിടാമങ്ങേയ്ക്കായ്
ആരാദ്ധ്യനാമെന്റെ യേശുനാഥാ



## സി. സാരൂപ്യാ തെരേസ്

(കൊച്ചുത്രേസ്യാ വർഗ്ഗീസ് പൊരിയംവേലിൽ ചേന്നങ്കരി)

''ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു നീ എന്റേതാണ്.'' (ഏശയ്യാ 43:1)

അമ്മയുടെ ഉദരത്തിൽവച്ച് എന്നെ നാമകരണം ചെയ്യുകയും പൈതൃകമായ സ്നേഹവാത്സല്യങ്ങൾ ഒഴുക്കിക്കൊണ്ട് എന്നെ സ്വന്തമാക്കുകയും ചെയ്ത എന്റെ സ്നേഹംനിറഞ്ഞ പിതാവേ, അവിടുത്തെ കാരുണ്യത്തിൻ മുമ്പിലേയ്ക്ക് എന്നെ ഞാൻ പൂർണ്ണമായി സമർപ്പിക്കുന്നു. എന്റെ ഹൃദയം കാത്തുകഴിയുന്ന ഏകസ്നേഹം അങ്ങ് മാത്രമാണെന്നും ഏക സമ്പത്ത് അങ്ങാണെന്നും അങ്ങയുടെ മനസ്സാണ് എന്റെ മനസ്സെന്നും ഏറ്റുപറഞ്ഞ് സമർപ്പിച്ച എനിക്ക് സമർപ്പണത്തിന്റെ ആഴത്തിലേയ്ക്ക് കടക്കുവാനുള്ള തീക്ഷ്ണതയും ദാഹവും നല്കണമേ. കുരിശുകളെ സ്നേഹത്തോടെ ആശ്ലേഷിക്കുവാനും നാഥന്റെ ചാരെ ആശ്വാസം കണ്ടെത്തുവാനും അങ്ങ് എന്നെ പഠിപ്പിക്കണമേ. നല്ല നാഥാ അങ്ങേയ്ക്കുവേണ്ടി ഓരോ നിമിഷവും സമ്പൂർണ്ണ സമർപ്പണം ചെയ്യുവാൻ എന്റെ ഹൃദയത്തേയും

അങ്ങേയ്ക്കുവേണ്ടി വ്യയം ചെയ്യുവാൻ എന്റെ മനസ്സിനേയും നീ ശക്തിപ്പെടുത്തണമേ. പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും അനേകം മക്കൾക്ക് ജീവൻ പകരുവാൻ ശക്തി പ്രദാനം ചെയ്യുവാൻ അങ്ങയുടെ ഈ പ്രിയപ്പെട്ട മകളെ അനുഗ്രഹിച്ചാലും.

ജീവിതം പൂത്താലമായേകാം
നിത്യം ജീവനാഥാ ദിവ്യ പാണികളിൽ
ജന്മമേകിയതങ്ങയെ വാഴ്ത്താൻ
മന്നിൽ ജ്വാലയായിനിന്നെരിയുവാൻ മുന്നിൽ.



## സി. സാൻജോ മരിയ

(സോജി സെബാസ്റ്റ്യൻ, ചെറുനിലത്ത് പാലൂർക്കാവ്)

കാരുണ്യവാനായ നല്ല ഈശോയേ, എന്നെ അങ്ങയുടെ സ്വന്തമാക്കിമാറ്റിയതിനെ ഓർത്ത് ഞാൻ നന്ദി പറയുന്നു. എന്റെ ജീവിതത്തെ പൂർണ്ണമായി ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ല നാഥാ ജീവിതത്തിലെ സന്തോഷത്തിലും ദുഃഖത്തിലും, വിജയത്തിലും പരാജയത്തിലും ഇരുളിലും വെളിച്ചത്തിലും നിന്നോട് ചേർന്നുനില്ക്കുവാൻ എനിക്ക് ശക്തിയേകണമേ. കർമ്മലയിൽ പരാതിയും പരിഭവവുമില്ലാതെ സംതൃപ്തിയോടെ, ആത്മാർത്ഥതയോടെ ജീവിക്കുവാൻ എന്നെ സഹായിക്കണമേ. പരി. അമ്മേ, വി. യൗസേപ്പിതാവേ എന്നെ അനുഗ്രഹിക്കണമേ, ആശീർവ്വദിക്കണമേ.

ഈശോയേ എന്റെ ഈശോയെ
എന്നെ ആരാരുമറിയേണ്ട ഈശോയെ
എന്നെ ആരാരുമോർക്കേണ്ട
ആരാരുമറിയേണ്ട
നീമാത്രം നീമാത്രം ഈശോ.



## സി. ഐറിൻ മരിയ

(റിനി എം. ജോസഫ് മുട്ടഞ്ചേരി, തുരുത്തി)

''ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു നീ എന്റേതാണ്.'' (ഏശയ്യാ 43:1)

ലോകത്തിന്റെ സ്വന്തമായിത്തീരാമായിരുന്ന എന്നെ നിന്റെ മണവാട്ടിസ്ഥാനത്തിന് അർഹയാക്കികൊണ്ട് എന്റെ ഈ കൊച്ചു ജീവിതത്തെ ധന്യമാക്കിയ അങ്ങയുടെ കാരുണ്യത്തിന് ഞാൻ നന്ദി പറയുന്നു. എന്റെ ഈശോയെ എന്റെ അയോഗ്യതകൾ നോക്കാതെ നീ എനിക്ക് ദാനമായിത്തന്ന ഈ സൗഭാഗ്യത്തിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കി ഏറ്റം വിശ്വസ്ഥതയോടെ അനുനിമിഷം നിന്നെ അനുധാവനം ചെയ്യാൻ എന്നെ അനുഗ്രഹിക്കണമേ.

എന്റെ പിന്നിൽ ലോകമാണ്
എന്റെ മുമ്പിൽ ക്രൂശതും
തീരുമാനം ചെയ്തുമേലിൽ
പിന്നിലേയ്ക്കില്ലല്പവും.



## സി. ഡെല്ലാ മരിയ

(ഹണി ട്രീസാ ജേക്കബ് വിലക്കോത്ത് - തട്ടാശ്ശേരി, മാമ്പുഴക്കരി)

''കരുണ തൻ അൾത്താരയിൽ എന്റെ
മോഹങ്ങൾ തിരി തെളിച്ചു.
കാറ്റിൽ കെടാതെ നീ കാത്തുകൊള്ളേണമേ.
കാറ്റിനെ ശാസിച്ച തമ്പുരാനേ''

എന്നെത്തേടിവന്ന് സ്വന്തമാക്കിയ എന്റെ സ്നേഹമേ, ഈശോയേ, നീ എന്റെ ആത്മാവിൽ കൊളുത്തിവച്ച സ്നേഹനാളം മങ്ങാതെ മറയാതെ പ്രകാശിക്കുവാൻ ഇടയാകട്ടെ. നാഥാ!! ഇനി അവിടുന്നാണ് എന്റെ എല്ലാം. ബലഹീനതയിൽ കൈവെള്ളയിൽ താങ്ങിയ പരമ കാരുണ്യമേ, തളർന്നുവീണ നിമിഷങ്ങളിൽ എന്റെ ഇല്ലായ്മയിലേയ്ക്ക് ഇറങ്ങിവന്ന് എന്റെ ശക്തിയായി മാറിയ ദിവ്യ സ്നേഹമേ, അങ്ങയെ കൂടാതെ എനിക്ക് ഒന്നും സാധ്യമല്ല!! ഒന്നും!!

ദിവ്യനാഥാ, ഇനി എന്റെ ഹൃദയവും അധരവും ഒരേയൊരു മന്ത്രം മാത്രം ഉരുവിടട്ടെ!! ''ദൈവമേ നിന്റെ തിരുവിഷ്ടം നിറവേറ്റുവാൻ ഇതാ ഞാൻ വരുന്നു''. ദിവ്യ ഗുരോ മമഹൃദയത്തിന്റെ അഭിലാഷങ്ങളെ അവഗണിച്ച് തവഹൃദയത്തിന്റെ അഭിലാഷങ്ങളെ നിവർത്തിതമാക്കുവാൻ ഈ ബലഹീനപാത്രത്തെ ശക്തയാക്കൂ; സമർപ്പണത്തിന്റെ സംപൂജ്യത നഷ്ടമാക്കാതെ ജീവിക്കുവാൻ നാഥാ എന്നെ അങ്ങ് അനുഗ്രഹിക്കൂ!! ആശീർവ്വദിക്കൂ!!

ഒന്നുമില്ല കാഴ്ചവയ്ക്കാൻ
ഈ കുഞ്ഞു ഹൃദയം മാത്രം
നാഥാ തളരുമ്പോൾ താങ്ങിടാൻ നിൻ കൈകൾ നീട്ടണേ......
നടുക്കടലിൽ തോണിയാകണേ
വിറയ്ക്കുമ്പോൾ എന്നരികിൽ തീയടുപ്പായ് ആളുകില്ലേ
ഇരുൾപ്പരപ്പിൽ ദീപമാകണേ



## സി. ദീപാ തെരേസ്

(റെനി പീറ്റർ വെള്ളിത്തറ, മാമ്പുഴക്കരി)

"അർപ്പണം അർപ്പണം ആത്മാർപ്പണം
യേശുവേ നിൻ മുമ്പിൽ ഹൃദയാർപ്പണം"

മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ എന്നെ പ്രത്യേകം തെരഞ്ഞെടുത്ത ദൈവമേ, "എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട് അത് നിന്റെ നാശത്തിനുള്ളതല്ല ക്ഷേമത്തിനുള്ളതാണ്" എന്നു പറഞ്ഞുകൊണ്ട് സമർപ്പിത ജീവിതമാകുന്ന അമൂല്യനിധി എനിക്ക് സമ്മാനിച്ചുകൊണ്ട് എന്നെ സ്വന്തമാക്കിയ നിന്റെ കാരുണ്യാതിരേകത്തിന് ഒരായിരം നന്ദി. എന്റെ സർവ്വസവുമായ ഈശോയെ നീ മാത്രമാണ് എന്റെ ഓഹരിയും പാനപാത്രവും എന്നു ഞാൻ ഏറ്റുപറയുന്നു. വ്രതബദ്ധമായ ജീവിതത്തിലൂടെ "ഇനി ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു" എന്നു വി. പൗലോശ്ലീഹായെപ്പോലെ ഏറ്റുപറയുവാൻ നിന്റെ കൃപ ധാരാളമായി എന്നിൽ ചൊരിയണമേ.

അനുദിന ജീവിതത്തിലുണ്ടാകുന്ന കുരിശുകളെ സന്തോഷത്തോടെ വാരിപ്പുണർന്നുകൊണ്ട് ക്രൂശിതനായവനോട് അനുരൂപയാകുവാൻ എന്നെ ശക്തിപ്പെടുത്തണമേ. കർമ്മലയാകുന്ന മുന്തിരിത്തോപ്പിലേയ്ക്ക് ധാരാളം ആത്മാക്കൾ കടന്നുവരുവാൻ തക്കവിധം എന്റെ വിശ്വാസജീവിതം ലോകത്തിനുമുമ്പിൽ എപ്പോഴും കത്തിജ്വലിക്കുന്ന ദീപമായിരിക്കുവാൻ നാഥാ എന്നെ സഹായിച്ചാലും.

സ്നേഹമായ് ഹൃത്തോടെ നീ അണയു
ദീപമായ് മാനസേ പ്രഭ ചൊരിയൂ
സത്യമായി നാവിൽ നിറഞ്ഞുനില്ക്കു
കർമ്മമായ് ജീവിതം ധന്യമാക്കൂ.



## സി. ആനി ജോസ്ലറ്റ്

(ജോസിലി എം. സ്കറിയ കടന്തോട്ട്, തൃക്കൊടിത്താനം)

''നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്'' (ഏശയ്യ 43:4).

തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധയും നിഷ്ക്കളങ്കയുമായിരിക്കാൻ ലോകസ്ഥാപനത്തിന് മുമ്പ്തന്നെ എന്നെ തെരഞ്ഞെടുത്ത എന്റെ ഈശോയേ അങ്ങയുടെ സ്വന്തമാക്കിത്തീർത്ത വലിയ സ്നേഹത്തിന് ഒരായിരം നന്ദി പറയുന്നു. ഒന്നുമില്ലായ്മയിൽനിന്ന് എന്നെ വിളിച്ച് എല്ലാമായ

അവിടുത്തെ മണവാട്ടിയായിത്തീരാൻ തെരഞ്ഞെടുത്ത എന്നെ എന്നെന്നും വിശ്വസ്ഥയായി ജീവിക്കാൻ അനുഗ്രഹിക്കണമേ. സഹനങ്ങളെ സ്നേഹത്തോടെ പുല്കുവാനും ദിവ്യകാരുണ്യത്തിൽനിന്ന് ശക്തിയും ചൈതന്യവും സ്വീകരിച്ച് അങ്ങയുടെ പ്രിയപ്പെട്ട മക്കൾക്ക് ജീവനും രക്ഷയുമാകുവാനും അങ്ങയുടെ ഈ എളിയ ദാസിയെ നീ ഉപകരണമാക്കണമേ. അങ്ങയുടെ പാവനമായ കരങ്ങളിൽ ആശ്രയിച്ച് എപ്പോഴും ജീവിക്കുവാനും എന്റെ ഹൃദയംകാക്കുന്ന പരമ സൗന്ദര്യം അങ്ങ് മാത്രമാണ് എന്ന് എപ്പോഴും പ്രഘോഷിക്കുവാനും എന്നെ അനുഗ്രഹിക്കണമേ. പരി. അമ്മേ എന്റെ ഈ സമർപ്പണം അതിന്റെ പൂർണ്ണതയിൽ ജീവിക്കാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

''ദിവ്യകാരുണ്യമായ് മാറ്റണെ ഈശോയേ
ദൈവസ്നേഹത്താൽ നിറച്ചീടേണമേ.''



## സി. പാവനാ മരിയ

(ജാസ്മിൻ എം. സ്കറിയ കടന്തോട്ട്, തൃക്കൊടിത്താനം)

''അവൻ മലമുകളിലേയ്ക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ തന്റെ അരികിലേയ്ക്ക് വിളിച്ചു'' (മർക്കോ. 3:13)

എന്റെ യോഗ്യതയോ അയോഗ്യതകളോ ഒന്നും നോക്കാതെ എന്നെ സ്നേഹിക്കുന്നതുകൊണ്ടുമാത്രം ഈ കർമ്മല വാടിയിലേയ്ക്ക് എന്നെ വിളിച്ച് തെരഞ്ഞെടുത്ത് സ്വന്തമാക്കിയ അനന്ത സ്നേഹമേ, പരമ കാരുണ്യമേ, അങ്ങേ തിരുമുമ്പിൽ അങ്ങേ

ദാസിയിതാ ശിരസ്സു നമിക്കുന്നു. അങ്ങ് ദാനമായി എനിക്ക് നല്കിയ ഈ ജീവിതത്തിന്, അങ്ങ് എന്റെ ജീവിതത്തിലേയ്ക്ക് വർഷിച്ച എണ്ണമറ്റ വ്യവസ്ഥയില്ലാത്ത അനുഗ്രഹങ്ങൾക്ക് എത്രമാത്രം നന്ദി അർപ്പിച്ചാലും മതിയാവുകയില്ല. സ്നേഹം മാത്രമായ ഈശോനാഥാ എന്റെ ജീവിതം മുഴുവനും പ്രതിനന്ദിയായി അങ്ങേ തൃപ്പാദത്തിങ്കൽ ഞാൻ അടിയറ വയ്ക്കുന്നു. സ്നേഹംകൊണ്ട് മാത്രം എന്നെ സ്വന്തമാക്കിയ നാഥാ അങ്ങേ സ്നേഹാകർഷണത്തിൽ അനുനിമിഷം ആയിരുന്നുകൊണ്ട് അങ്ങേ മക്കൾക്കായി ജീവിക്കുവാൻ എന്നെ അനുഗ്രഹിച്ചാലും. സ്നേഹനാഥാ എന്നെ ഈ വിശുദ്ധ പദവിയിലേയ്ക്ക് നയിച്ച എന്റെ ആദ്ധ്യാത്മിക ഗുരുഭൂതരെയെല്ലാം അനുഗ്രഹിക്കണമേ.

പ്രതിനന്ദിയോതുവാൻ പദങ്ങളില്ലേശുവേ
പദതാരിലായെന്നെ കാഴ്ചവയ്ക്കാം
നന്ദിയായ് ഞാൻ എന്നെ സമർപ്പിച്ചീടാം.

ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറി നീങ്ങുന്നു ക്ഷണേ ക്ഷണേ
ഇന്നുകാണുന്ന പച്ചപുല്ലത് നാളെത്തന്നെ
മന്ദിച്ചു വരളുന്നു, വാടുന്നു സൂര്യോഷ്ണത്താൽ

ആത്മാനുതാപം പേജ് 23

# കാരുണ്യതീർത്ഥം

(കവിത)

സോണിയാ മേരി അലക്സ്

അബ്ബാ എൻ ദൈവമേ എൻ സർവ്വസ്വവുമേ
നീ തന്നെ സർവ്വനന്മസ്വരൂപിയാം താതൻ
നമിക്കുന്നു നിൻ തൃപ്പാദ പങ്കജം, മമ
ജീവനേ എൻ കരുണാ മൂർത്തിതേ സ്തുതി.

ഒരിക്കലും വറ്റാത്ത സ്നേഹ നിർഝരി നീതരാം
ഒഴുക്കി നീ എൻ ജീവ വഴിത്താരയിൽ
എൻ ആധി, വ്യാധി, ഇല്ലായ്മകൾ പോലുമേ
നിൻ സ്നേഹാമൃതത്തിൻ പ്രവാഹമല്ലോ.

തമസ്സാം താഴ്വരയിൽ കേഴുന്നോരജമല്ലോ ഞാൻ
നല്ലിടയൻ നീയെൻ ചാരെ വരും നേരം
ഞാൻ നിൻ പൊൻ മാറിൽ സുഖമായി ശയിക്കും
നീ മാത്രമീശോ എൻ രക്ഷകൻ, എൻ നാഥൻ

സ്നേഹിച്ചു സ്നേഹിച്ചു കൊതിതീരാത ഹോ
സ്വന്തമാക്കി നീ എന്നെ തവ ഗേഹമിതിൽ
പാർപ്പിക്കും നിൻ കാരുണ്യമെത്ര സമുന്നതം
പാർപ്പിക്കും നിൻ കാരുണ്യമെത്ര സമുന്നതം

കാരുണ്യത്തിൻ നിറകുടമേ, ശാന്തിതൻ നികേതമേ
ഓ നിതാന്ത സ്നേഹമേ, നിത്യ പ്രകാശമേ
മമ ഹൃദയത്തിൻ നിറവാം നൂതന സൗന്ദര്യമേ
സ്തുതിപ്പൂ നിൻ മഹിമയും നന്മയും സദാ

നിത്യമാം പ്രകാശമേ നയിക്ക എന്നെ നീ
നിത്യമാം ജീവനേ ഉണർത്തുകെന്നെ നീ
നിത്യമാം സ്നേഹമേ ലയിക്കട്ടെ നിന്നിൽ ഞാൻ
ത്രിത്വമേ! എൻ ജീവ കേന്ദ്രമേ നമോ

# വാ. ചാവറയച്ചന്റെ തിരുസഭാ ദർശനം

സി. റാണി മരിയ

19-ാം നൂറ്റാണ്ടിന്റെ പ്രാരംഭദശയിൽ കേരളക്കരയുടെ വിരിമാറിൽ പിറന്നുവീണ് കേരളസഭയുടെ, ആഗോളസഭയുടെ ഉന്നമനത്തിനായി ആത്മാർപ്പണം ചെയ്ത്, ക്രൈസ്തവസഭയുടെ ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ട, പ്രകാശമാനമായ മുഖത്തിന്റെ പ്രതീകമാണ് വാ. ചാവറകുറിയാക്കോസ് ഏലിയാസച്ചൻ. ദൈവത്തിന്റെ മനുഷ്യൻ എന്ന് സമകാലീനർ വാഴ്ത്തിയിരുന്ന ചാവറയച്ചൻ യേശുവിനെ തന്റെ ഗുരുവായി സ്വീകരിക്കുകയും അതോടൊപ്പം ഗുരുപത്നിയായ സഭയെ സ്നേഹിക്കുകയും ചെയ്തുകൊണ്ട് യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ലക്ഷണങ്ങൾ തന്നിൽ സാക്ഷാത്കരിച്ചു. 2-ാം വത്തിക്കാൻ കൗൺസിലിന്റെ ഒരു നൂറ്റാണ്ട് മുമ്പുതന്നെ, തിരുസഭയുടെ ചിന്താധാരയെ മുറുകെപിടിച്ചുകൊണ്ട് 19-ാം നൂറ്റാണ്ടിന്റെ പ്രവാചക ശബ്ദമായ ചാവറപിതാവിന്റെ തിരുസഭാദർശനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ അറിയേണ്ടത് അറിയിക്കേണ്ടത് നമ്മുടെ കടമയാണ്.

' തിരുസഭയ്ക്ക് ശുശ്രൂഷചെയ്യുവാൻ വിളിക്കപ്പെട്ടവനാണ് ' താൻ എന്ന ബോധ്യത്തിൽനിന്ന് ഉടലെടുത്തതാണ് പിതാവിന്റെ സഭാവീക്ഷണവും അതിൽനിന്ന് ഉളവായ കർമ്മ പദ്ധതികളും. താൻ ജനിച്ചുവീണ കേരളസഭയിലേയ്ക്ക് തിരിഞ്ഞുനോക്കിയപ്പോൾ അവിടെ അദ്ദേഹം നിരവധി പരിമിതികൾ കണ്ടെത്തി.

- സ്വന്തമണ്ണിൽ പിറന്ന ഒരു മെത്രാനെക്കുറിച്ച് ആഗ്രഹിക്കപോലും, പാടില്ലാത്ത കാലം.

- സ്വന്ത റീത്തിലെ ആചാരാനുഷ്ഠാനങ്ങൾ ചുടുതീയിൽ വെന്തെരിഞ്ഞ് എല്ലാം ഓർമ്മകളിൽ മാത്രം സൂക്ഷിക്കുന്ന കാലം.

- കത്തോലിക്കാ സമൂഹം വിദ്യാഭ്യാസരംഗത്ത് വളരെ പിന്നിൽ നില്ക്കുന്ന കാലം.

- സുറിയാനി റീത്തിൽപ്പെട്ട വൈദീകവിദ്യാർത്ഥികൾക്ക് പഠിക്കാൻ ഇടവക സെമിനാരികൾക്കപ്പുറത്ത് ഒരു മേജർ സെമിനാരി ഇല്ലാത്ത കാലം.

- പ്രചാരണ മാദ്ധ്യമങ്ങളിലെ നായകസ്ഥാനം വഹിക്കുന്ന പുസ്തകങ്ങൾ അച്ചടിക്കുവാൻ ഒരു കത്തോലിക്കാ സ്ഥാപനംപോലും ഇല്ലാത്ത കാലം.

- യൂറോപ്പിൽ സഭ വിഭജിക്കപ്പെടുന്നതിന്റെ വാങ്ങലുകൾ പ്രൊട്ടസ്റ്റന്റ് മിഷനറിമാരിലൂടെയും മറ്റും ശക്തമായി അനുഭവപ്പെട്ടിരുന്ന കാലം.

-മനുഷ്യരെ നല്ല മരണത്തിന് ഒരുക്കുന്നതിന് സംഘടനകളോ പ്രസ്ഥാനങ്ങളോ ഇല്ലാത്ത കാലം.

ഈ രംഗങ്ങളിലെ ഇല്ലായ്മകളെ നികത്തുവാനായി അക്ഷീണം ശ്രമിക്കുകയും, വിജയംവരിക്കുകയും ചെയ്ത, ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയായ ചാവറ അച്ചന്റെ തിരുസഭാസ്നേഹം വിശ്വത്തോളം വിശാലമായിരുന്നു എന്നത് പിതാവിൽ നാം കാണുന്ന ഏറ്റവും വലിയ സന്മാതൃകയാണ്.

കേരളസഭയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ സുറിയാനിക്കാരുടെ നേതൃത്വത്തിൽ നാട്ടു മെത്രാനുവേണ്ടി ഉയർത്തിയ മുറവിളി, തോമാറോക്കോസ് എന്ന താല്ക്കാലിക റീത്തു മെത്രാന്റെ ആഗമനത്തിൽ കലാശിച്ചു. റോക്കോസിന്റെ പ്രവർത്തനങ്ങൾ സ്വാർത്ഥതാല്പര്യങ്ങളിൽ അധിഷ്ഠിതമായിരുന്നു എന്നത് താമസംവിനാ നമ്മുടെ അപ്പന്റെ അന്തരാത്മാവിൽ അലയടിച്ചുയർന്നു. തിരുസഭയുടെ പ്രവർത്തനങ്ങളോട് എതിർപ്പുളവാക്കിയ റോക്കോസിന്റെ ശീശ്മപടലത്തിൽനിന്ന് തന്റെ അമ്മയായ തിരുസഭയേയും, സഭാസന്താനങ്ങളേയും രക്ഷിക്കുവാനും അതിനുവേണ്ടി റോക്കോസിന്റെ ശീശ്മയെ നഖശിഖാന്തം എതിർക്കുവാനും, അദ്ദേഹം വീറോടെ പൊരുതി.

സമുചിതമായ പ്രവർത്തനങ്ങളാൽ അദ്ദേഹം റോക്കോസിനെ നാടുകടത്തുകയും ദൈവത്തിന്റെ ഇടപെടൽ എന്നപോലെ, തനിക്കുലഭിച്ച വികാരിജനറൽ സ്ഥാനംവഴി തന്റെ അമ്മയെ സ്നേഹിക്കുകയും, അകാലത്തിൽ മൊട്ടിട്ട റോക്കോസ് ശീശ്മയുടെ വിക്ഷോന്മത്തതയിലമർന്ന സഭാതനയരെ പുനരാകർഷിക്കുന്നതിനു വേണ്ടി തന്റെ ജീവിതം ഒഴിഞ്ഞു വയ്ക്കുകയും ചെയ്തു. അങ്ങനെ കേരളസഭയെ അപമാനത്തിലേയ്ക്ക് നയിച്ച റോക്കോസിന്റെ ഭരണത്തെ നിഷ്ക്കാസനം ചെയ്ത് സഭയെ പുനർജീവനിലേയ്ക്ക് നയിക്കുവാനും നവചൈതന്യം പകർന്നേകുവാനും ചാവറയച്ചന്റെ തീവ്രപ്രയത്നത്തിലൂടെ സാധിച്ചു.

സഭാദ്ധ്യക്ഷനായ മാർപ്പാപ്പയ്ക്കു കീഴ്വഴങ്ങിയും, മറ്റുള്ളവരെ അതിനു പ്രേരിപ്പിച്ചുകൊണ്ടും, തന്റെ മാതാവായ കത്തോലിക്കാ സഭയെ അദ്ദേഹം സ്നേഹിച്ചു. താൻ സ്ഥാപിച്ച സി. എം. ഐ, സി. എം. സി, സി. ടി. സി, എന്നീ സന്യാസ സഭകളെ സഭാശുശ്രൂഷയ്ക്കുള്ള കരുക്കളാക്കി അദ്ദേഹം മാറ്റി. സന്യാസ സഭകളുടെ സ്ഥാപനം, മാന്നാനത്തു സ്ഥാപിച്ച സംസ്കൃത സ്ക്കൂൾ, അച്ചടിശാല, കൈനകരിയിലെ അഗതിമന്ദിരം, സീറോമലബാർ ലിറ്റർജിയുടെ നവീകരണം ഇവയെല്ലാം വന്ദ്യനായ ചാവറ അച്ചന്റെ തിരുസ്സഭാദർശനത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് അദ്ദേഹം നടത്തിയ എല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളും തിരുസഭാമാതാവിന്റെ വളർച്ചയ്ക്കുള്ളതായിരുന്നു. ഈ വിധത്തിലെല്ലാം കേരള കത്തോലിക്കാ സഭയെ വളർത്തുകയും വിശ്വാസത്തെ സംരക്ഷിക്കുകയും ചെയ്ത ചാവറപിതാവിന്റെ ചരിത്രം കേരള ക്രൈസ്തവസമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമാണ്.

തിരുസഭയുടെ ആവശ്യങ്ങളിൽ സന്യാസസഭകൾ സഹായഹസ്തങ്ങൾ ആകണം എന്നത് സഭാസേവനരംഗത്തെ ചാവറയച്ചന്റെ തീവ്ര ആഗ്രഹമായിരുന്നു. ഇതുതന്നെയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിലെ നിർദ്ദേശവും. ക്രിസ്തീയ കുടുംബം തിരുസഭയുടെ ചെറിയ പതിപ്പാണ്. എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സ്ഥാപിച്ചപ്പോൾ വാ. ചാവറയച്ചനും ഒരു

നല്ല മാതൃകാ കുടുംബത്തെ ആകാശമോക്ഷസാദൃശ്യമാക്കിത്തീർക്കുകയായിരുന്നു. ദൈവതിരുമുമ്പിൽ വലിയ ഫലമുളവാക്കുന്ന സങ്കേതമായി മാറി അദ്ദേഹത്തിന്റെ ഉപവിശാല. അദ്ദേഹം കേരള സുറിയാനി സഭയുടെ വികാരിജനറാളായപ്പോൾ ഒരു പള്ളിക്ക് ഒരു പള്ളിക്കൂടമെന്ന നിയമവുമായി മുന്നോട്ടുവന്നുകൊണ്ട് വിദ്യാഭ്യാസത്തിലൂടെ സഭാസമൂഹത്തെ കൂടുതൽ അറിവുള്ളവരാക്കാൻ ശ്രമിക്കുകയായിരുന്നു. ക്രൈസ്തവ ജീവിതത്തിന് രൂപം കൊടുക്കുന്ന കുടുംബ ജീവിതത്തിനും, പൗരോഹിത്യ ജീവിതത്തിനും, സന്യാസ ജീവിതത്തിനും ഉത്തേജനം പകരുന്നതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകളും, പ്രവൃത്തികളും. തിരുസഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ മർമ്മപ്രധാനമായ വീക്ഷണങ്ങളിൽ ഒന്ന് പരി. പിതാവിനുള്ള സമുന്നത സ്ഥാനമാണ്. മിശിഹായോടുകൂടി സഹരക്ഷകയായിത്തീർന്ന മാതാവിനോടുള്ള ചാവറയച്ചന്റെ പുത്രനിർവിശേഷമായ ഭക്തി, തിരുസഭയോടുള്ള തന്റെ ഭക്തിയുടേയും, ആദരവിന്റേയും ബാഹ്യപ്രകടനമാണ്. ആരാധനക്രമകാര്യങ്ങളിൽ അദ്ദേഹത്തിന് അന്നുള്ള അറിവുവച്ച് രൂപം നല്കി. ഇന്നിന്റെ കണ്ണാടിയിലൂടെ നോക്കുമ്പോൾ പരിമിതികൾ കണ്ടേക്കാം. ആരാധനക്രമനവീകരണത്തെ ഉദ്ദേശിച്ച് ദിവ്യബലി, കാനോനനമസ്കാരം, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷ, കുർബാനക്രമം, തിരുക്കർമ്മപഞ്ചാംഗം മുതലായവയ്ക്ക് നിയതരൂപവും ഭാവവും നല്കി.

ചാവറയച്ചൻ ലത്തീനീകരണത്തിന്റെ വക്താവായിരുന്നു എന്നും തദ്ദേശിയ സഭയെ ഒറ്റുകൊടുത്തുവെന്നും ഒക്കെയുള്ള ചില ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മാർത്തോമാ സഭയുടെ ആചാര്യനും സുപ്രസിദ്ധ പണ്ഡിതനുമായ പ്ലാസിഡച്ചൻ പറഞ്ഞിരിക്കുന്നത് നൂറു ശതമാനം ഭാരതീയനും കേരളീയനുമായിരുന്നു ചാവറയച്ചൻ എന്നാണ്. ഇന്ത്യൻ ക്രൈസ്തവികതയുടെ ചൈതന്യത്തിന്റേയും മലബാർ സഭയുടെ പ്രകാശമാനമായ മുഖത്തിന്റേയും പ്രതീകമായ ചാവറയച്ചനും തദ്ദേശിയ സംസ്ക്കാരവും പാരമ്പര്യവും ഉയർത്തിപ്പിടിച്ചുകൊണ്ട് സമുദായത്തിന് പുതുജീവൻ പകരാൻ കഴിഞ്ഞുവെന്ന് ഇന്ത്യൻ

പ്രസിഡന്റ് ആയിരുന്ന ആർ. വെങ്കിട്ടരാമൻ ഒരിക്കൽ പറയുകയുണ്ടായി. ഈ രാജ്യസ്നേഹി തന്റെ രാജ്യത്ത് തോമ്മാശ്ലീഹാ കൊണ്ടുവന്ന ക്രൈസ്തവ വിശ്വാസത്തേയും അതിന്റെ തനിമയേയും ആഴത്തിൽ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ അന്നത്തെ അറിവിന്റെ വെളിച്ചത്തിൽ അതിനെ അഭംഗുരം കാത്തുപാലിക്കുകയും വളർത്തുകയും ചെയ്തു.

തികച്ചും അജപാലനോന്മുഖനായ വത്തിക്കാൻ സൂനഹദോസിന്റെ മഹത്തായ ലക്ഷ്യം ക്രൈസ്തവ സിദ്ധാന്തത്തിന്റെ ദിവ്യ നിക്ഷേപം സംരക്ഷിക്കുകയും കൂടുതൽ കാര്യക്ഷമമായി പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു നൂറ്റാണ്ടു മുമ്പുതന്നെ സഭയുടെ ചിന്താധാരയെ മുറുകെപിടിച്ചുകൊണ്ട് ജീവിതം സമർപ്പിച്ച ഒരു വലിയ മനുഷ്യനായിരുന്നു വാ. ചാവറയച്ചനെന്ന് ചരിത്രം പ്രഘോഷിക്കുന്നു. സഭയെ നയിക്കുന്ന അരൂപി എന്നും ഒന്നാണെന്നും ഈ അരൂപിയാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ കാലഘട്ടങ്ങളിലെ മാറ്റങ്ങളിലൂടെ കൂടുതൽ പൂർണ്ണതയിൽ മനസ്സിലാക്കുന്നു എന്നുമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി തെളിയിക്കുന്നതെങ്കിൽ സഭയുടെ അരൂപിയാൽ നയിക്കപ്പെട്ട വാ. ചാവറയച്ചനും ഇന്നിന്റെ വെളിപാടിനെ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയ ആളാണെന്നും സ്വജീവിതത്തിലൂടെ തെളിയിക്കുന്നു. കൗൺസിലിന്റെ 16 പ്രമാണരേഖകളുടേയും പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ സഭാദർശനം മിഴിവാർന്നു നില്ക്കുന്നതായി കാണാൻ കഴിയും.

CARMEL JYOTHI
ALWAYE
THAKKATTUKARA

# സുകൃതം സ്മര

ബാലെ

**ശ്രീ. ജോസഫ് പാണാടൻ**

രംഗമദ്ധ്യത്തിൽ വാ. ചാവറയച്ചന്റെ ഛായാചിത്രം ഒരു പീഠത്തിൽ ഉയർത്തിവച്ചിരിക്കുന്നു. മുഖത്തും ചുറ്റും വിശുദ്ധിയുടെ പ്രഭാപൂരം പടർന്ന പ്രകാശവിതാനം. പ്രണാമഗാനത്തിന്റെ ഈരടി പശ്ചാത്തലത്തിൽ ഉയരുന്നു.

സ്വർഗ്ഗീയാരാമത്തിൽ
സുസ്മിതം പരിലസിക്കും
കേരളസഭയുടെ സുന്ദര സൂനമേ
വാഴ്ത്തപ്പെട്ടവനേ നമിച്ചിടുന്നു.

(കോറസ് വോയ്സ്)

ദൈവാരൂപിതൻ മേലൊപ്പുള്ളൊരു
പുണ്യപുരുഷൻ......
ചാവറ കുറിയാക്കോസ് ഏലിയാസ്....... (2)

ജീവിതമാകെയും സത്കർമ്മ ചാരിയായ്
ദൈവജനത്തെ നയിച്ചവനേ..........
വാഴ്ത്തപ്പെട്ടവനേ ധന്യാത്മാവേ
പ്രാർത്ഥിക്കണേ ഞങ്ങൾക്കായ് നിത്യം......,

(കോറസ് വോയ്സ്)

ദൈവാരൂപിതൻ മേലൊപ്പുള്ളൊരു...........

........................................................................

നിൻ തിരു ദർശനം അണയാചിരതായ്
സഭയുടെ നവ ജ്യോതിസായി............
നിൻ തിരു മൊഴികൾ മക്കൾക്കെന്നും
മിഴിവേകും വഴികാട്ടിയായി.........

(കോറസ് വോയ്സ്)

ദൈവാരൂപിതൻ മേലൊപ്പുള്ളൊരു......................

കാലത്തിൻ മുൻപേ ചരിച്ചവനേ
കാലത്തിന്നപ്പുറം ജീവിക്കുന്നോനേ
കാതമനേകം അറിഞ്ഞിടട്ടെ
കർമ്മ പുണ്യമേ നിൻ തിരുഹിതങ്ങൾ
(കോറസ് വോയ്സ്)

ദൈവാരൂപിതൻ മേലൊപ്പുള്ളൊരു.........

ധന്യപുണ്യമേ പുണ്യാത്മാവേ........
വാഴ്ത്തപ്പെട്ട പിതാവേ..........
നമോവാകം....... നമോവാകം.......... നമോവാകം........

❖ ഗാനരംഗത്തിന്റെ അവതരണ വിവരണം.

കൈക്കുമ്പിളിൽ പ്രകാശിതമായ ചിരാതുകളുമായി ശുഭ്രവസ്ത്രധാരികളായ സന്യാസികൾ താളാത്മക ചലനഭാവങ്ങളോടെ കടന്നുവന്ന് ആദ്യനിരയായി നില്ക്കുന്നു. അടുത്ത സംഘം പൂച്ചെണ്ടുകളുമായി എത്തി പിൻനിര തീർക്കുന്നു. മൂന്നാം ഗ്രൂപ്പ് സി. എം. സി. യുടെ ഔദ്യോഗിക പതാകകളും, നാലാം ഗ്രൂപ്പ് കത്തോലിക്കാ സഭയുടെ പതാകകളുമായി രണ്ടു നിരകൾകൂടി പിന്നിൽ നിരക്കുന്നു.

ഗാനത്തിന്റെ ഒടുവിൽ പ്രകാശം മങ്ങുന്നു.

പ്രകാശം തെളിയുമ്പോൾ ചാവറയച്ചന്റെ പിത്രത്തിനുമുന്നിൽ (ഡ്രമാറ്റിക്കായ വലുപ്പം) കത്തിച്ച വലിയ മെഴുതിരിയും, വലിയൊരു പുസ്തകവും ദൃശ്യമാകുന്നു. സ്വർഗ്ഗീയ സംഗീതത്തിന്റെ നേർത്ത ശീലുകൾ ഉയരുന്നു. ചിറകുകൾ വിരിച്ച് മാലാഖ പുസ്തകത്തിന്റെ അരികിലേയ്ക്ക് പറന്നിറങ്ങുന്നു. മാലാഖ മെഴുതിരിക്ക് നേരെ കരമുയർത്തിയതോടെ അതു താനെ തെളിഞ്ഞു. മാലാഖ പുസ്തകം മലർക്കെ തുറന്ന് ശ്രദ്ധയോടെ വായിക്കുന്നു.

*പശ്ചാത്തലത്തിൽനിന്ന് ക്രിയാത്മകമായൊരു താളം. തുടർന്ന് ചാവറയച്ചനെകുറിച്ചുള്ള ഒരു ലഘു വിവരണം*

സുറിയാനി കത്തോലിക്കാ സഭയിലെ അത്യപൂർവ്വ നക്ഷത്രം. വാ. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. വിശേഷണങ്ങൾക്ക് വിവരിച്ചുതീർക്കാനാവാത്ത മഹാ വ്യക്തിത്വത്തിന്റെ ഉടമ. പത്തൊമ്പതാം നൂറ്റാണ്ടിൽ മലയാളനാടിന്റെ ചരിത്രത്തിന് തന്റെ കർമ്മോത്സുകതയും ആദ്ധ്യാത്മിക ചൈതന്യവും പകർന്ന് സുവർണ്ണ അദ്ധ്യായം വിരചിച്ച വന്ദ്യ പുരുഷൻ. കവി, ഗ്രന്ഥകാരൻ, ബഹുഭാഷാ പണ്ഡിതൻ, വിദ്യാഭ്യാസ വിചക്ഷണൻ, ജീവകാരുണ്യ പ്രവർത്തകൻ, സമ്പർക്ക മാദ്ധ്യമ സംവിധായകൻ, സന്യാസ സഭകളുടെ ആരംഭകൻ വിശിഷ്യാ സുറിയാനി കത്തോലിക്കാ സഭയുടെ സമരാദ്ധ്യനായ പടനായകൻ....... വാ. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ.

പ്രകാശം മങ്ങി തെളിയുന്നു.

പിൻ തിരശ്ശീലയിൽ Shadow Drama കാറ്റത്ത് ആടിനില്ക്കുന്ന തെങ്ങോലകൾ, ഓലമേഞ്ഞ കൊച്ചു പുര, കായൽ.... ഉയർന്നു കേൾക്കുന്ന കേവുവള്ളപ്പാട്ട്.....

കമന്ററി :- പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച കുട്ടനാട്. ഇളകിത്തുടിച്ചച് കുഞ്ഞോളങ്ങൾ ഉതിർത്ത് ചെറു പുഞ്ചിരി തൂകുന്ന വേമ്പനാട്ട് കായൽ. പുണ്യനദിയായ പമ്പയുടെ സംഗമസ്ഥാനം. വാ. ചാവറയച്ചന്റെ പുണ്യജന്മംകൊണ്ട് ധന്യമായ ഭൂപ്രദേശം.

(പശ്ചാത്തലത്തിൽ സംഗീതം താളാത്മകമായി. തലയിൽ കവണിചൂടി കടന്നുപോകുന്ന ഭക്തസ്ത്രീകൾ) മാർത്തോമ്മാശ്ലീഹായാൽ സ്നാനപ്പെട്ട പാലയൂർ പകലേമറ്റം കുടുംബത്തിന്റെ പിൻ തുടർച്ചയായി കൈനകരിയിൽ താമസമാക്കിയ ചാവറവീട്ടിൽ കുറിയാക്കോസിന്റേയും മറിയത്തിന്റേയും മകനായി 1805 ഫെബ്രുവരി 8-ന് ചാവറകുറിയാക്കോസ് ഏലിയാസച്ചൻ ഭൂജാതനായി. (തലയിൽ കറ്റയും കൊയ്ത്തരുവാളുമായി പോകുന്ന സ്ത്രീകൾ)

ആധുനിക കേരളത്തിന്റെ നവോത്ഥാന ചരിത്രം എഴുതിയവർഇപ്രകാരം രേഖപ്പെടുത്തി നീതിപുലർത്താത്ത സാമൂഹിക പരിഷ്കർത്താവായിരുന്നു ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, അയ്യങ്കാളി, തുടങ്ങിയ മഹത്തുക്കളുടെ സമകാലീകനും സമാനസ്മരണീയനുമാണ് ചാവറയച്ചൻ.

(ചാവറയച്ചൻ വള്ളത്തിൽ കടന്നുവരുന്നു.)

മലയാളക്കരയുടെ ചരിത്രപുരുഷനായ പുണ്യാത്മാവിനെ ആഗോള കത്തോലിക്കാസഭാദ്ധ്യക്ഷൻ പരി. പിതാവ് ജോൺ പോൾ രണ്ടാമൻ കോട്ടയം നെഹറു സ്റ്റേഡിയത്തിൽവച്ച് 1986 ഫെബ്രുവരി 8-ന് വാഴ്ത്തപ്പെട്ടവനായി നാമകരണം ചെയ്തു.

(ചാവറയച്ചന്റെ പൂർണ്ണകായരൂപം. ഭക്തജനങ്ങൾ കൈകളുയർത്തി അപേക്ഷിക്കുന്നതിന്റെ ആരവം) ചാവറയച്ചനൊപ്പം മലയാള നാട്ടിൽനിന്നും സിസ്റ്റർ അൽഫോൻസായേയും വാഴ്ത്തപ്പെട്ട പദവിയിലേയ്ക്ക് ഉയർത്തിയിരുന്നു.

(പ്രകാശം മങ്ങിത്തെളിയുന്നു.)

കൽമണ്ഡപത്തിൽ ചാവറയച്ചന്റെ പൂർണ്ണകായരൂപം. ആകാശത്തിൽനിന്ന് പുഷ്പങ്ങളും സ്തുതിഗീതങ്ങളും പൊഴിയുന്നു. ആളുകൾ നിരനിരയായി വാഴ്ത്തപ്പെട്ടവനെ വന്ദിച്ചു കടന്നുപോകുന്നു.

ജീവിതമാകും തോണിയാത്രയിൽ
തീരംതേടുന്ന മാനസങ്ങൾ......
രോഗങ്ങൾ, പീഢകൾ, മോഹഭംഗങ്ങൾ......
ആലംബം മിശിഹായിൽ പ്രാർത്ഥിക്കണേ.

തീരാവ്യാധിയാൽ വലയുവോരേറെ
ശിഥിലകുടുംബത്തിൻ കണ്ണീരുമേറെ
ആശകളറ്റ മനുഷ്യരുമേറെ
ആലംബം മിശിഹായിൽ, പ്രാർത്ഥിക്കണേ....

മക്കളേ കൈവിട്ട മാതാപിതാക്കൾ
മക്കൾ വേദനിപ്പിക്കും രക്ഷിതാക്കൾ
ജീവിതം ശ്യതിയും, താളവും തെറ്റിയോർക്ക്
ശാന്തിയേകും സുഗാനമായ് പൊഴിയണേ

വാഴ്ത്തപ്പെട്ട വിശുദ്ധാത്മാവേ.....
ചാവറയച്ചാ പ്രാർത്ഥിക്കണേ.......
വിളിച്ചപേക്ഷിക്കുന്നോർക്കരുകിലെത്തും
വന്ദ്യ പിതാവേ പ്രാർത്ഥിക്കണേ........

(പ്രകാശം മങ്ങി തെളിയുന്നു.)

(കിടക്കയിൽ രോഗപീഡയാൽ അവശയായ അൽഫോൻസാമ്മ. അരികിലെ മേശയിൽ ചാവറയച്ചന്റെ ഫോട്ടോ. പ്രാർത്ഥനാ പുസ്തകങ്ങൾ, മരുന്നുകുപ്പികൾ. പശ്ചാത്തലത്തിൽ ശോകാർദ്രമായൊരു ഫീമെയിൽ ഹമ്മിംഗ്)

കമന്ററി:- സഹനത്തിന്റെ പ്രതിരൂപമായ വാ. അൽഫോൻസാമ്മ തന്റെ അനുഭവ സാക്ഷ്യത്തിൽ ഇങ്ങനെ രേഖപ്പെടുത്തി. (സൗമ്യമായ സ്ത്രീ ശബ്ദം)

''എനിക്ക് വളരെ സുഖമില്ലാതായിട്ട് ആറ്..... ആറര കൊല്ലമായി നാട്ടുചികിത്സയും ഇംഗ്ലീഷ് ചികിത്സയും ഒക്കെ നടന്നു. അസുഖം വർദ്ധിച്ചതല്ലാതെ സുഖമൊന്നും കിട്ടിയില്ല. ഭക്ഷണം യാതൊന്നും കഴിക്കാൻ വയ്യ. രണ്ട് കയിൽ കാപ്പിയോ കഞ്ഞിയോ കുടിച്ചാൽ വയർ നെഞ്ചിനുമീതേ വീർത്തുവരും. (പരിചാരിക കൊണ്ടുവന്ന ഭക്ഷണം അമ്മ കഴിക്കാൻ ശ്രമിച്ചു സാധിക്കാതെ ഒഴിവാക്കുന്നു.) പരസഹായം കൂടാതെ എഴുന്നേല്ക്കാനും വയ്യ. ഉറക്കവും തീരെ ഇല്ല. ദിവസം എട്ടു പത്തു പ്രാവശ്യം ഛർദ്ദിക്കും. തലവേദന ശക്തിയായി ഉണ്ടാകുന്ന ദിവസം മൂക്കിൽനിന്ന് ധാരാളം രക്തം പോകും''.

(കമന്ററിക്ക് അനുസരിച്ച് ക്രിയേഷൻ ആകാം.)

ഇങ്ങനെ കഴിയുന്ന അവസരത്തിൽ പെരി. ബഹുമാനപ്പെട്ട ളൂയിസച്ചൻ എന്നെ കാണാൻ വന്നു. അദ്ദേഹം ചാവറയച്ചന്റെ പ്രാർത്ഥനാകടലാസ് എനിക്കുതന്നു. ആ നൊവേന എത്തിച്ചുതുടങ്ങിയതോടെ എന്റെ രോഗത്തിന് ആശ്വാസം കിട്ടി. ചാവറയച്ചന്റെ പടം എപ്പോഴും ചുംബിച്ച് അദ്ദേഹത്തോട് നമസ്കരിച്ച് കിടന്നുറങ്ങിയിരുന്നു.

വേദനയാലെ വാടിതളർന്നൊരു
പൂമൊട്ടിന്റെ വിലാപം കേട്ടു.
എത്തീ വിശുദ്ധൻ ചാവറയച്ചൻ
ഏകീ കർത്താവിൻ രോഗസൗഖ്യം

*ചാവറയച്ചൻ അൽഫോൻസാമ്മയുടെ കിടക്കയ്ക്കരികിൽ പ്രത്യക്ഷനായി.*

വേദനയാലെ വലയുന്നെങ്കിലും
അസ്വസ്ഥമാകേണ്ട നിൻ മാനസം
സൗഖ്യദായകൻ തമ്പുരാന്......
സാദ്ധ്യമല്ലാത്തതേതുമില്ല.

സഹനം കർത്താവിൻ മഹിമയ്ക്കായ് അർപ്പിക്ക
സദയം ദൈവം കരുണചെയ്യും
പ്രാർത്ഥനയാകും ദിവ്യൗഷധത്താൽ
പ്രാപിച്ചീടും രോഗസൗഖ്യം

(അൽഫോൻസാമ്മ ഉണർന്ന് ചാവറയച്ചന്റെ കരംപിടിച്ച് മുത്തമിട്ടു. അച്ചൻ വലതുകരമുയർത്തി അനുഗ്രഹിച്ചു. അൽഫോൻസാമ്മയ്ക്ക് പുഷ്പവൃഷ്ടി നടത്തി എത്തിയ മാലാഖാമാർ അമ്മയെ കൈപിടിച്ച് കട്ടിലിൽ നിന്നും ഇറക്കി. സൗഖ്യം ലഭിച്ച അമ്മ സന്തോഷിക്കുവാനും ഓടുവാനും, ചാടുവാനും, ചിരിക്കുവാനും തുടങ്ങി. അച്ചനും മാലാഖാമാരും അതുകണ്ട് ആനന്ദത്തോടെ നിഷ്ക്രമിച്ചു. ചിരികേട്ട് പരിചാരിക ഓടിയെത്തി.

പരിചാരിക: അമ്മേ എന്താണ് ഇങ്ങനെ ഉറക്കെ ചിരിക്കുന്നത്. എനിക്ക് ആകെ ഭയം തോന്നുന്നു.

അൽഫോൻസാ: സഹോദരി എന്റെ അസുഖങ്ങളൊക്കെ മാറി ഇപ്പോൾ നല്ല സുഖവും സന്തോഷവും തോന്നുന്നു. ഇതാ നോക്ക് എന്റെ കാലിൽ പൊട്ടി ഒലിച്ചിരുന്ന വ്രണം കരിഞ്ഞ് ഉണങ്ങിയിരിക്കുന്നു.

പരിചാരിക: എന്റെ ഈശോയെ........ ഇത്ര പെട്ടന്ന് ഇതൊക്കെ എങ്ങനെ സംഭവിച്ചു. എനിക്ക് വിശ്വസിക്കാനേ പറ്റുന്നില്ല

അൽഫോൻസാ വൈദ്യന്മാർ കയ്യൊഴിഞ്ഞ
എൻ കണ്ണീർ കണ്ടുവന്നു
രോഗികൾക്കെന്നും തുണയാം
ചാവറയച്ചൻ.........

പ്രാർത്ഥിച്ച നേരമെന്റെ
ചാരത്തണഞ്ഞു അച്ചൻ
ആ ദിവ്യ ദർശനത്താൽ
എൻ ദീനമാകെ മാറി.........

കർത്താവിൻ വലതുഭാഗെ
വിശുദ്ധഗണത്തിനോടൊപ്പം
വസിക്കും പുണ്യാത്മാവേ
നമിക്കുന്നു നിറഹൃദയത്താൽ........

(ചാവറയച്ചന്റെ ചിത്രത്തിനുമുന്നിൽ മുട്ടുകുത്തി നമിച്ചുനില്ക്കുന്ന അൽഫോൻസാമ്മയും പരിചാരികയും)

കമന്ററി: ആഗോള കത്തോലിക്കാസഭയിൽ മലയാള സഭയ്ക്കു സൗഭാഗ്യമായി മദ്ധ്യസ്ഥനും, പ്രാർത്ഥനാർത്ഥിയും ഒരേ ദിവസം വാഴ്ത്തപ്പെട്ടവരായി ഉയർത്തപ്പെട്ടു. സ്വർഗ്ഗത്തിൽ പുനഃസംഗമിച്ച ആ പുണ്യാത്മാക്കൾ പ്രാർത്ഥനാർത്ഥികൾക്കായി അനുഗ്രഹപൂമഴ പൊഴിച്ചു നില്ക്കുന്നു.

(പ്രകാശം മങ്ങി തെളിയുന്നു.)

(തലയിൽ വിറകുകെട്ടുമായി സ്ത്രീയും കയ്യിൽ പണി ആയുധവുമായിപുരുഷനും കടന്നുവന്ന് നാടോടി ശൈലിയിൽ നൃത്തച്ചുവടോടെ)

പുരുഷൻ: വെക്കം നടക്കടീ പെണ്ണേ
നേരം അന്തി ചേക്കാറായി.........
കൂരയിൽ ചെന്നെത്തീട്ടു വേണം
മൂരിയൊന്നു നിവർക്കാൻ.....

സ്ത്രീ: കാലുനീട്ടി ഞാൻ നടന്നാൽ
ഒപ്പമെത്തില്ല നീയണ്ണാ......
വാശിയാണേൽ ഞാൻ ശകലം
പെശകാണെന്നതു നീ മറന്നോ......

പുരുഷൻ: ഉം...... പിന്നെ.....പിന്നെ....... ഒന്നുപോടി

സ്ത്രീ: ദേ..... എങ്കി ഞാൻ കാണിച്ചുതരാം(ധൃതിയിൽ നടക്കുന്നു)

പുരുഷൻ: നില്ലുനില്ല് തിരക്കുവേണ്ട
വില്ലുവണ്ടി വരുന്നുണ്ടേ
തമ്പ്രാക്കന്മാരതിലിരുന്ന്
വഴിയേ നമ്മളെ കണ്ടാലോ.....?

സ്ത്രീ: അയ്യയ്യോ........
കണ്ടുകൂടാ....... തീണ്ടിക്കൂടാ.........
തൊട്ടുകൂടാ ഏടാകൂടം
പൊതുവഴി കാൽ നടയ്ക്ക്
താണജാതിക്ക് വിലക്കല്ലേ....?

പുരുഷൻ: പൂയ്........ വഴിയേ ഏങ്ങളുണ്ടേ... വെക്കം നീക്കണേ
ഒതുങ്ങി നിന്നോളാവേ..... (മാറി നില്ക്കുന്നു)

(ചാവറയച്ചൻ, പോരുക്കരയച്ചൻ, പാലയ്ക്കലച്ചൻ, കണിയാന്ത്ര യാക്കോബ് കത്തനാർ എന്നിവർ കടന്നുവരുന്നു)

ചാവറയച്ചൻ: എന്തിനാണിങ്ങനെ മാറി നില്ക്കുന്നത്. ഞങ്ങൾ, പാതിരിമാർക്ക് തീണ്ടലും തൊടീലുമൊന്നുമില്ല. നിങ്ങൾ ധൈര്യമായി ഇങ്ങ് അടുത്തുവന്നൊളു.

പുരുഷൻ: ഏയ് വിലക്കൊന്നും തെറ്റിച്ചൂടാ. പാതിരി അച്ചന്മാര് പോയിട്ടേ ഏങ്ങൾ വഴി നടക്കുന്നേള്ളേ......

ചാവറയച്ചൻ: ദൈവസന്നിധിയിൽ നാമെല്ലാം സമന്മാരാണ് സഹോദരാ നിങ്ങൾ ഞങ്ങളിൽനിന്ന് ഇങ്ങനെ ഒഴിഞ്ഞുനില്ക്കുന്നതാണ് തെറ്റ് ഇങ്ങോട്ടുപോന്നോളൂ

സ്ത്രീ: നല്ലമനുഷേരാന്ന് തോന്നണു ഇറങ്ങി അങ്ങോട്ട് ചെല്ലുന്ന

പുരുഷൻ: ഏങ്ങൾ ഈ പാതിരിയച്ചന്മാരെ മുമ്പിവിടെ കണ്ടിട്ടില്ല എങ്ങോട്ട് പോകാനേക്കൊണ്ട് വന്നതാണ്.

പോരൂക്കര: അത് ഞങ്ങൾക്കും നല്ല തിട്ടമില്ല. ആട്ടെ സഹോദരന്റെ പേരെന്താണ്?

പുരുഷൻ: പേരൊന്നൊണ്ടേലും അതാരും വിളിക്കത്തില്ല ഇട്ടനെന്നാ പേര്.

ചാവറയച്ചൻ: ഇട്ടാ..... ഞങ്ങൾ ഒരാശ്രമം കെട്ടാനുള്ള ശ്രമത്തിലാണ് അതിന് പറ്റിയ സ്ഥലം കണ്ടെത്തണം അതാണ് ഉദ്ദേശം. ഇട്ടന് ഈ പ്രദേശമൊക്കെ നല്ല പരിചയമുണ്ടാകുമല്ലോ.

പുരുഷൻ: പിന്നെ...... ഏങ്ങ പെറന്ന വളന്ന മണ്ണാണിത്. ഈ മണ്ണിന് ഏങ്ങളേയും ഏങ്ങൾക്ക് ഈ മണ്ണിനേയും നന്നായി അറിയാം.

ചാവറ: ഇട്ടന് വള്ളംതൊഴച്ചിൽ വശമുണ്ടെങ്കിൽ ഞങ്ങൾക്കൊപ്പം കൂടിക്കോ. സൗകര്യവും ശാന്തതയുമുള്ള കുറെ സ്ഥലങ്ങളും കാട്ടിത്താ....

പുരുഷൻ: തൊഴച്ചില് വശമുണ്ടാന്നാ. ക്ടാത്തി, നീ വെക്കം കുടീലാട്ട് പൊക്കോ. നുമ്മ ഈ പാതിരിയച്ചന്മാരുടെ കൂടെ കൂടുകാണ്.

സ്ത്രീ: വെക്കം വരട്ടം കേട്ടാ. കുടിയില് ക്ടാത്തി ഒറ്റക്കാണ് (പോകുന്നു)

പുരുഷൻ: അതിപ്പം നീ പറഞ്ഞിട്ടുവേണോ നുമ്മാ അറിയാൻ. പാതിരിയച്ചന്മാര് വള്ളത്തിലോട്ട് കേറ്. സൂക്ഷിച്ചുകേറണം കേട്ടാ. വള്ളം ചെരിഞ്ഞാ വെള്ളത്തിലാട്ട് വീഴും. വള്ളത്തിലാട്ട് വീണാൽ തല്ലിക്കൊല്ലുകാന്നാ പറച്ചില് അത്രയ്ക്ക് കേടും പറ്റും കേട്ടാ. (സംഘം വള്ളത്തിൽ കയറി യാത്ര)

ദർശനവീടെന്നൊരു സ്വപ്നം
സഫലമാക്കാനീ യാത്ര.......
സന്യസിക്കാൻ ശാന്തിതീരം
കാണുവോളം ഈ യാത്ര.......

പോരൂക്കര, പാലയ്ക്കൽ
തോമാ മല്പാന്മാരും.......
കണിയാന്ത്ര യാക്കോബും
ചാവറയച്ചനൊപ്പം.

പല പല ഇടങ്ങൾ കണ്ടു
പതിനാറു കരകൾ താണ്ടി
പകലും ഇരവും അലഞ്ഞു
പാതിരിമാരേറെ വലഞ്ഞു.

ഇട്ടൻ: നുമ്മാ കുടമാളൂരെത്തി കേട്ടാ. ഈ കാണുന്ന കുന്നുനോക്ക് പുല്ലരിക്കുന്നെന്നാ അറിയുന്നേ. കൃഷിക്ക് പറ്റിയ മണ്ണാ. വെള്ളത്തിനൊരുനാളും മുട്ടില്ല. വള്ളത്തിൽ എല്ലാ കാലത്തും വരികേം ചെയ്യാം.

ചാവറയച്ചൻ: പോരൂക്കരയച്ചൻ എന്തു പറയുന്നു?

പോരൂക്കര: ഒന്നു നടന്നു കാണാം.

പാലയ്ക്കൽ: നമ്മൾ ഇതുവരെ കണ്ടതിലും കൊള്ളാവുന്ന സ്ഥലം. ഇവിടം അങ്ങുറപ്പിച്ചാലോ?

ചാവറയച്ചൻ: അച്ചൻ തീരുമാനിക്കുന്ന പോലെയാകട്ടെ.

പാലയ്ക്കൽ: ആശ്രമത്തിന് സ്ഥലം അന്വേഷണം നമുക്ക് ഇവിടെ നിർത്താം. പുല്ലരിക്കുന്ന്. മതി. നമുക്ക് ഈ സ്ഥലം മതി.

പാലയ്ക്കലച്ചാ,വിവരം മെത്രാനച്ചനെ അറിയിക്കണം. പള്ളി പണിയാൻ സർക്കാർ അനുമതിയും വാങ്ങണം. അത് പാലയ്ക്കലച്ചൻതന്നെ ചെയ്യണം.

ചാവറ: സഹായത്തിന് കണിയാന്തറയെ കൂടി കൂട്ടിക്കോട്ടെ.

പാലയ്ക്കൽ: കണിയാന്തറയ്ക്ക് സന്യാസത്തിന് തന്നെയാണോ നിയോഗം?

കണിയാന്തറ: ഉവ്വച്ചോ പെണ്ണ് പണ്ടേ ഞാൻ വേണ്ടന്നു വച്ചച്ചോ. (എല്ലാവരും ചിരിക്കുന്നു.)

ഇട്ടൻ: സംഗതി ഉറപ്പിച്ചല്ലാ. പാതിരിയച്ചന്മാരു വള്ളത്തിലാട്ടു കേറിയാട്ട്. നുമ്മ ക്ടാത്തിയെ കണ്ടിട്ട് ദെവസം ഒത്തിരി ആയേ. (സംഘം ചിരിച്ച് വള്ളത്തിലേയ്ക്ക്)

(പ്രകാശം മങ്ങിതെളിയുന്നു. ഉഗ്രമുഖനായ തന്ത്രിയും പരിവാരങ്ങളും. തീവ്രമായ പിരിമുറുക്കം പശ്ചാത്തലത്തിൽ ചടുലതാളം കവടിനിരത്തിയ തന്ത്രി ഉറക്കെ അലറി)

സാദ്ധ്യമല്ല, സാദ്ധ്യമല്ല
പുല്ലരിക്കുന്നിൽ പള്ളി
അമാന്തം തെല്ലുമരുത്
പള്ളിപണി ഉടനെ തടയണം.

ആ കുന്നിൽ പള്ളി പണിതാൽ
ദോഷമത് എന്തുണ്ടാകും?
ദോഷങ്ങൾ മാറികിട്ടാൻ
പ്രതിവിധി എന്തുണ്ടു തന്ത്രി?

തെക്കേമഠം ഒന്നുപറഞ്ഞാൽ
ആ കാര്യം അച്ചട്ടാണ്
പുല്ലരിക്കുന്നിലെ പള്ളി
ദേവികോപമതു നിശ്ചയം

പള്ളിപണിക്കു ഭൂമി നല്കിയ
പാരമ്പര്യം നമ്മുടേത്

പഴക്കം മറന്നു എന്നാൽ
പഴമക്കാർ പഴിക്കുകില്ലേ?

പടുവിധിയെ വഴിയിൽ തടയാൻ
തെക്കേമഠം നില്ക്കില്ലിനിയം
ദേവികോപിക്കില്ലെന്നിൽ
ആ ദോഷം നിങ്ങളെടുത്തോ.

(തെക്കേമഠം കോപിച്ച് സാധനങ്ങൾ വാരിക്കൂട്ടി സ്ഥലംവിട്ടു)

നാരായണാ, കുട്ടികൃഷ്ണാ
ഗോപാലാ, ഭാസ്കര, വാടാ
പാതിരിമാരോട് വാതിന്
പടകൂട്ടി പണിയതു തടയാം.

(വലിയ ബഹളത്തിന്റെ ആരവം. കമ്പും വടികളും എടുത്ത് പുറത്തുനിന്ന് ഇളകിവന്നവരും ചേർന്ന് സംഘം പുറത്തേയ്ക്ക്) (പ്രകാശം മങ്ങിതെളിയുന്നു)

ആമീൻ (പെരുമ്പറകൊട്ടി) ബഹുമാനപ്പെട്ട ഏറ്റുമാനൂർ തഹസിൽദാർ സമക്ഷത്തുനിന്നും ഊരാൺമക്കാരായ ഹിന്ദുക്കളെ അറിയിക്കുന്നത്. എന്തെന്നാൽ.... കുടമാളൂർ ദേശത്ത് പുല്ലരിക്കുന്ന് ഭാഗത്ത് നസ്രാണികൾ പള്ളിയും ആശ്രമവും പണിയുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതാകുന്നു. ഈ പണികൾക്ക് ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ ആയതു സമക്ഷം ബോധിപ്പിച്ച് സങ്കടപരിഹാരം വരുത്തിക്കൊള്ളേണ്ടതാകുന്നു..... (പലയടത്തുനിന്നും ആളുകൾ വന്നുചേർന്നു)

പ്രമുഖൻ1 പുല്ലരിക്കുന്നിൽ നസ്രാണിപള്ളി പണിയുന്നതിൽ ഊരാൺമക്കാരായ ഞങ്ങൾ ഹിന്ദുക്കൾക്ക് എതിർപ്പുണ്ട്. (സംഘം പിറുപിറുക്കുന്നു.) പ്രസ്തുത സംവാദത്തിന്റെ കാരണം എന്താണെന്നു പറയണം.

തന്ത്രി: കാരണം നോം പറയാം അതു നസ്രാണികൾക്ക് മനസ്സിലാകാത്ത കാര്യമാണ്. കുമാരനല്ലൂർ ഭഗവതിയുടെ

സങ്കേതമാണ് പുല്ലരിക്കുന്ന് ആ നിലയ്ക്ക് അവിടെ മറ്റുജാതിക്കാരുടെ ആരാധനാലയം ഉണ്ടായാൽ ദേവീകോപം നിശ്ചയം. നാടും കുടിയും മുടിയും .

തഹസിൽദാർ: ആവലാതിക്കാരുടെ ആക്ഷേപം പരിശോധിച്ച് വഴിയേ തീരുമാനം അറിയിക്കുന്നതാണ്. അതുവരെ രണ്ടുകൂട്ടരും ഇക്കാര്യത്തിൽ യാതൊന്നും ചെയ്തുകൂടാത്തതാകുന്നു. സംഘം പിരിഞ്ഞുപോകുന്നു.

(പ്രകാശം മങ്ങി തെളിയുന്നു പള്ളിമേട, സന്ധ്യനേരം, അച്ചന്മാർ വിഷമസന്ധിയിൽ)

*(മാലാഖ പ്രത്യക്ഷയായി)*

കലുഷിതമാകേണ്ട ചിത്തം തെല്ലും
ക്ലേശമതേറെ സഹിച്ചെന്നാകിലും
ദോഷമതൊരല്പവും ഏശില്ലറിയുക
ആശിച്ചതിനായ് മുന്നേറുവിൻ

പുല്ലരിക്കുന്നിനെ മറന്നേക്കുക
നാഥൻ നൽഭൂവ് കാട്ടിത്തരും
ദൈവഹിതമതു് നിറവേറിടും
ദയാപരൻ നീതി നല്കുമെന്നും

ദൈവവചനം വിതയ്ക്കുവാനും
നൂറുമേനിയായി കൊയ്യുവാനും
ഉതകുന്ന മണ്ണതു തരമായ് വരും
ഉരുകാതെ ഉത്സുകരായിടുവിൻ.

ചാവറ: കലപ്പയിൽ കൈവച്ചവൻ തിരിഞ്ഞുനോക്കിക്കൂടാ. പുല്ലരിക്കുന്ന് അല്ലെങ്കിൽ മറ്റൊരിടം നമുക്കങ്ങനെ ശ്രമിച്ചാലോ പാലയ്ക്കലച്ചാ.

യാക്കോബ്: (പുറത്തുനിന്നും വന്ന്) അച്ചോ ഏറ്റുമാനൂരിൽ നിന്നും ഓജനാർ മേത്തർ എന്നൊരു മുസ്ലീം എത്തിയിരിക്കുന്നു. (ഓജനാർ തന്റെ പ്രൗഢിക്കൊത്ത വേഷഭാവങ്ങളോടെ കടന്നുവന്നു)

ഓജനാർ: പ്രശ്നം പരിഹരിക്കാനെകൊണ്ടാണ് നമ്മളെത്തീർക്കണേ. പള്ളിപണി തടയും എന്നു കേട്ടപ്പതൊടങ്ങി മ്മക്ക് ഇരിക്കപ്പൊറുതിയില്ലാന്നു. അല്ല പാലയ്ക്കലെച്ചോ, ങ്ങ്ള് മ്മടെ ബല്യ ശങ്ങാതി ആയിക്കൊണ്ട് ന്താണ് ഈ ബിഷയം മ്മളെ അറീക്കാഞ്ഞതീന്ന്. ആദ് ആദ്യം പറ.

പാലയ്ക്കൻ: എടോ മേത്തറേ താനറിഞ്ഞതുപോലെയുള്ള പ്രശ്നങ്ങളൊന്നുമില്ല. അതല്ലേ അറീക്കാഞ്ഞത്. ങാ എല്ലാവരും മേത്തറെ ഒന്നു പരിജയപ്പെട്ടോ. വല്യ വ്യാപാരിയും ഇത്തിരി തന്റേടിയുമാണ് ഈ കള്ള കാഫർ.

ഓജർ: ങ്ങ്ള് അങ്ങനെ മ്മളെ സുഖിപ്പിച്ച് ബർത്താനം പറയണ്ടാന്ന് മ്മടെ അച്ചന്മാര് പള്ളി ബെക്കുണെന് ആർക്കാണ്ടിക്കൊക്കെ ബല്യ എതിരൊണ്ടെന്ന് കേട്ടല്ലോ ശംഗതി നേരാണോ അല്ലെ ന്താ അച്ചന്മാര് മുണ്ടാത്തെ അപ്പ ശംഗതി നേരാണ് ബഴിങ്ങ്, മ്മള് ഏറ്റു. അച്ചന്മാര് പള്ളികെട്ടിത്തുടങ്ങീൻ തടയാൻ ബരണത് ആരാന്ന് മ്മള് ഒന്നു കാണട്ടെ. മലബാറീന്ന് നല്ല ഉശിരുള്ള മനിഷന്മാരെ മ്മള് ഇറക്കും ബെട്ടെങ്കി ബെട്ട് കുത്തെങ്കിൽ കുത്ത് ഇനി അതിനപ്പുറത്ത് എന്തെങ്കിലും ബേണ്ടിബന്നാൽ അത്. അല്ലാതെപിന്നെ...

ചാവറ: മേത്തറെ......, ഓരോ മതക്കാർക്കും അവരുടേതായ ആചാരങ്ങളും വിശ്വാസങ്ങളുമുണ്ട് അത് നമ്മളും മാനിക്കേണ്ടതുണ്ട്.

പോരൂക്കര: അതല്ലേ മേത്തറെ ശരി. ഒരു ഏറ്റുമുട്ടലെന്നൊക്കെ പറഞ്ഞാൽ അതും വർഗീയ പ്രശ്നത്തിൽ കാര്യങ്ങൾ നമ്മൾ പിടിക്കുന്നിടത്തെങ്ങും നില്ക്കില്ല.

ഓജർ: ങാ ങളി ങ്ങനെ സമാധാനം പറഞ്ഞോണ്ടിരുന്നാ. അതാണ് ബല്ലോരും തലയിന്മേല് കേറി നെരങ്ങുന്നേ മ്മളു പറയാനുള്ളത് പറഞ്ഞു മ്മളു പോണു.

പാലയ്ക്കൽ: ഇരിക്കടോ ചായ കുടിപ്പിച്ചു പോകാം

ഓജർ: ശായ ബേണ്ട. പിണങ്ങീട്ടല്ല കേട്ടാ. നോമ്പാണ്......... അള്ളാ, ബാങ്കു വിളിക്കണ് നിസ്ക്കാരത്തിന് നേരായീന്ന് (പോകുന്നു) പ്രകാശം മങ്ങി തെളിയുന്നു.

(വള്ളത്തിൽ യാത്ര ചെയ്യുന്ന അച്ചന്മാരുടെ സംഘം)

ദർശനവീടെന്നൊരു സ്വപ്നം
സഫലമാക്കാൻ ഇനിയും യാത്ര
പുല്ലരിക്കുന്നിലെ പള്ളി........(2)
ഒരുവനതിനെതിരാണെന്നാൽ
മാനസങ്ങൾ തമ്മിലകറ്റീട്ടൊരു
പള്ളിയാ മണ്ണിൽ വേണ്ട

പോരൂക്കര, പാലയ്ക്കൽ
ചാവറ അച്ചന്മാരവർ
മറ്റുമതങ്ങളെ മാനിച്ച്
മമലോക മാതൃക കാട്ടി

പുല്ലരിക്കുന്നിനെക്കാൾ
നല്ലൊരു ശാന്തിതീരം
തെല്ലും വൈകാതെയവർ
മാന്നാനം കുന്നിൽ കണ്ടു

(പ്രകാശം മങ്ങി തെളിഞ്ഞു)

(സംഘം കാളവണ്ടിയിൽ യാത്ര തുടരുന്നു)

കമന്ററി: കുരിയറ്റം കുന്ന് എന്ന് അന്ന് പേരുണ്ടായിരുന്ന മാന്നാനം ആദ്യാന്വേഷണത്തിൽ മൂവരും കണ്ടതാണ്, അതിനുമുമ്പ് കണ്ട പുല്ലരിക്കുന്ന് മതി എന്ന് തീരുമാനിച്ചിരുന്നതിനാൽ വിശദമായ ഒരു കാഴ്ചയ്ക്ക് സംഘം തുനിഞ്ഞിരുന്നില്ല. "മനുഷ്യർ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ദൈവം നടപ്പിലാക്കുന്നു". ആശ്രമദൈവാലയത്തിനായി ദൈവം ഒരുക്കിയത് മാന്നാനം കുന്ന് തന്നെയായിരുന്നു.

(സംഘം ഇറങ്ങി നടക്കുന്നു)

തെളിമാനതുല്യം മരുവുന്നൊരു
മാന്നാനം കുന്നിതു കാൺക
സ്വച്ഛന്ദ സാന്ദ്രം ചെറുകുളിരും
ഗദ്സമന്റേർമ്മ തെളിവായി വരും
വളമേറും മണ്ണിത് വചനത്തിന്
കൊയ്ത്തുകാരേറെ വന്നുപോകും
ലോകമാം വയലിൽ നൂറുമേനിക്ക്
മണ്ണൊരുക്കാനവർ സജ്ജരാകും (തെളിമാനതുല്യം)

കുന്നിൻ നെറുകയിൽ നിന്നാൽ
പശ്ചിമം വേമ്പനാട്ടു കായൽ
അതിനപ്പുറം പച്ചപട്ടുപാടം
ആ പട്ടിൽ കൈതോട് കസവ്

ചെറുതെന്നൽ വന്നു തലോടും
അറബികടലല വിശറിയാലേ
പാതിരിമാർക്കുള്ളിൽ പൂക്കാലമായി
ഹൃദയം ദൈവസ്തുതിപാടുന്നു

(അച്ചന്മാർ കുന്നിൽ നിന്ന് ഓരോ കാഴ്ചകൾ കാണുന്നത് വേദിയിൽ വിവിധ തലങ്ങൾ തരപ്പെടുത്തിയും, വ്യത്യസ്ഥ സംഗീത പ്രകാശ സംവിധാനത്തിലും ഒരുക്കാം.

(പ്രകാശം മങ്ങി തെളിയുന്നു)

തയ്യിൽ കുര്യൻ തരകന്റെ വീട്, കയ്യിൽ ആറ്റുമീൻ കോർമ്പലുമായി കടന്നുവരുന്നു തരകൻ.

തരകൻ: എടീ ഈത്തമ്മോ........ ഇവൾ ഈ നേരത്ത് എവിടെ പോയിരിക്കുന്നു. ഈത്ത.....

ഈത്തമ്മ: ഓ .... ഞാനിവിടൊണ്ടേ....... നെല്ലുപുരയുടെ വാതിൽ ഒന്നടയ്ക്കാൻ പോയതാ

തരകൻ: നെല്ലുപുര ആരാടി തുറന്നിട്ടത്

ഈത്തമ്മ: നമ്മുടെ പണിപ്പുലയന്റെ മോളെ പെണ്ണുകാണാൻ

ആരാണ്ടു വരുന്നെന്ന്. കാപ്പിക്ക് അവലുകുത്താൻ ഇച്ചിര നെല്ലെടുത്തുകൊടുക്കാൻ തുറന്നതാ.

തരകൻ: അതു നന്നായി ങാ.... രാവിലെ ഇട്ട കൂടൊന്ന് ഞാൻ പൊക്കിയെടി ദേ.. നല്ല ഒന്നാന്തരം കരിമീൻ. നീ ഇതൊന്നു പപ്പാസ് വെയ്ക്ക്

ഈരത്ത: നാളെ കാലത്തേ നോമ്പ് തീരത്തുള്ളു മനുഷ്യേനേ

തരകൻ: ഓ.... ഞാനതു മറന്നു...... എടി ആരാടീ മൂന്നാല്പേര് ഇങ്ങോട്ടാണല്ലോ വച്ചു പിടിക്കുന്നേ.....

ഈത്തമ്മ : മാതാവേ...... അതച്ചന്മാരാ. നോമ്പിറ്റന്ന് മീൻ കാണണ്ട. ഞാനിതു കൊണ്ടുവയ്ക്കട്ടെ (പോകുന്നു)

തരകൻ: ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

പാലയ്ക്കൻ: ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ. ഞങ്ങളുവന്നത്.

തരകൻ: പറയണ്ടച്ചോ എനിക്കറിയാം ആശ്രമം പണിയാൻ എന്റെ കുന്നുവേണം അച്ചന്മാരു വന്നു കണ്ട കാര്യം ഞാനറിഞ്ഞിരുന്നു.

ഈത്തമ്മ: വെയിലത്ത് നടന്നുകേറി വന്നതല്ലേ ഇച്ചിര സംഭാരം കുടിച്ചാട്ടേ.

പോരൂക്കര:ഞാനതു ചോദിക്കാൻ തുടങ്ങുകാരുന്നു(വാങ്ങി കുടിക്കുന്നു)

ചാവറ: ആ കുന്നു ഞങ്ങൾക്ക് ബോധിച്ചു. ഇനി ഉടമസ്ഥനായ കുര്യച്ചൻ മനസ്സുവയ്ക്കണം.

തരകൻ: അതിന്റെ അവകാശി എന്റെ അനുജൻ കൊച്ചുപോത്തനുംകൂടിയാ അത് സാരമില്ല. ഒരു നല്ല കാര്യത്തിന് ഞങ്ങളാരും എതിരുനില്ക്കത്തില്ലച്ചോ.

പോരൂക്കര: അങ്ങനെയാണെങ്കിൽ കുര്യച്ചൻ പള്ളിമേടവരെ ഒന്നു

വരണം കാര്യങ്ങൾ നമുക്ക് സംസാരിക്കാം.

തരകൻ: രാവിലെ തന്നെ അങ്ങ് എത്തിക്കോളാമേ.

ചാവറ: അപ്പോൾ ഞങ്ങളിറങ്ങുന്നു.

തരകൻ: അങ്ങനെയാട്ടെ..... (സംഘം പോകുന്നു)

(പ്രകാശം മങ്ങിതെളിഞ്ഞു)(മാന്നാനം കുന്നിലെ കാടും പടലും വെട്ടിത്തെളിക്കുന്ന അച്ചന്മാരും വിശ്വാസികളും)

ഒരു മഹത് സംരംഭത്തിന്നാരംഭം......
മാന്നാനം കുന്നിൻ വിരിമാറൊരുങ്ങുന്നു.....
കാടും പടലും വെട്ടി വെടിപ്പാക്കി
കുന്നും കുഴിയും നിരപ്പാക്കി.

പൊള്ളുന്ന ചൂടിലും പള്ളിക്കുവേണ്ടി
പാടുപെട്ടേവരും വേല ചെയ്തു.
കത്തുന്ന ഉഷ്ണത്തിലിത്തിരി വെള്ളവും
കിട്ടാതെയാകെ തളർന്നുപോയി.

ദാഹജലത്തിന് ഒരു ചെറുനീർതടം
ആമോഹമുള്ളിലെ പ്രാർത്ഥനയായ്
വാഗ്ദത്ത ഭൂവിലിസ്രായേൽ മക്കൾക്ക്
പാറപിളർന്ന് നീരേകിയവൻ.

കാട്ടിൻ നടുവിലായി അക്ഷണംകാട്ടി
കുടിനീർ തുളുമ്പും കിണർ ഒരെണ്ണം
വരുവിൻ.... പാനം ചെയ്യുവിൻ.....
ഇത് കർത്താവിന്റെ ജീവജലം

ഒരാൾ: പൂയ്..... ഓടിവരു....ഓടിവാ.... അത്ഭുതം മഹാത്ഭുതം. ഈ കാടിന്റെ നടുവിലൊരു കിണർ. ഇഷ്ടംപോലെ വെള്ളമുള്ള കിണർ..... (ആളുകൾ ആശ്ചര്യപൂർവ്വം ഓടിവന്നു കണ്ടു. ചിലർ പാളകുത്തി വെള്ളം കോരി കുടിച്ചു സന്തോഷത്താൽ വെള്ളം മറ്റുള്ളവരുടെ ദേഹത്തേയ്ക്ക് ഒഴിച്ചു രസിച്ചു.)

ചാവറ: (പ്രാർത്ഥിക്കുന്നു)

പ്രവാഹമേ.... സ്നേഹപ്രവാഹമേ...
ഒഴുകിയെത്തി നീ കുന്നിൻ നെറുകയിൽ
അരുമകൾക്കാശ്വാസ ഉറവയതായ്
മൊത്തിക്കുടിക്കട്ടെ ആവോളം ഞങ്ങൾ
ആനന്ദിക്കട്ടെ കർത്താവിലെന്നും
ഈ കാടൊരു മഹാസൗധമായി തീരണേ
ഇടയന്മാർക്ക് ഇടമായി മാറേണമേ.
സഭയ്ക്കും ലോകത്തിനാകയുമീമണ്ണ്
വിശുദ്ധിതൻ വിളനിലമായിടട്ടെ.
പ്രവാഹമേ...

യുവാവ്: അമ്മേ .... ഒരു പാമ്പ് എന്നെ കടിച്ചേ..... (യുവാവ് തളർന്നുവീണു)

ഒരാൾ: അച്ചോ.... നമുക്കിവനെ ഉടനെ വിഷകാരിയുടെ അടുത്തുകൊണ്ടുപോകണം.

രണ്ടാമൻ: ഉടനേവേണം കടുത്ത ഇനമേതാണ്ടാണെന്നു തോന്നുന്നു. അവന്റെ കിടപ്പു കണ്ടില്ലേ.

ചാവറ: അച്ചോ എന്താ ചെയ്യേണ്ടത്.

പോരൂക്കര: ചാവറ കുറച്ച് പച്ചവെള്ളമിങ്ങെടുക്ക്

ഒരാൾ: ഇതാ അച്ചോ വെള്ളം

പോരൂക്കര: (പ്രാർത്ഥിച്ച് ആശീർവ്വദിച്ച് നല്കി) ഇതവന് കുടിക്കാൻ കൊട് (കുടിപ്പിക്കുന്നു)

പോരൂക്കര: ഭയപ്പെടണ്ട, കർത്താവ് നമ്മോട് കൂടെയുണ്ട്.

കരുണാമയനേ കാത്തിടണേ
സർപ്പവിപത്തീന്നീ മകനെ......
സർവ്വചരാചര പരിപാലകനെ
സദയം സൗഖ്യം ഏകണമേ.

കാറ്റും കടലും നിൻ ശാസനയാൽ
ശാന്തതയിൽ അമരുന്നതല്ലോ
വരികനീയരുകിൽ തരിക കൃപാവരം
തിരികെയെടുക്കൂ വിഷാദദോഷങ്ങൾ.

(പശ്ചാത്തലസംഗീതത്തിനും പ്രകാശ സംവിധാനത്തിലും അത്ഭുതം സംഭവിക്കുന്നതിന്റെ സൂചന) യുവാവ് പിടഞ്ഞ് ചാടിയെണീറ്റ് തുറിച്ചുനോക്കി

യുവാവ്: എന്താണ്..... എന്താണെല്ലാവരും എന്നെ ഇങ്ങനെ തുറിച്ചുനോക്കിനില്ക്കുന്നത്

ചാവറ: മകനെ ഒരു വലിയ വിപത്തിൽനിന്നും കർത്താവ് നിന്നെ രക്ഷപെടുത്തിയിരിക്കുന്നു.

യുവാവ്: ഓ എന്റെ ദൈവമേ.... എന്റെ കർത്താവേ.... (ജനങ്ങൾ ഒന്നടങ്കം സ്രാഷ്ടാംഗപ്രണാമം ചെയ്യുന്നു.) (പ്രകാശം മങ്ങി തെളിഞ്ഞു പള്ളിമേട വരാന്ത രണ്ടുപേർ വാഴപ്പിണ്ടിയുമായി വേച്ചുവേച്ചുവന്ന്)

ഒന്നാമൻ: ചൊല്ലൂ നീ ചങ്ങാതി
എന്തിനീയദ്ധ്വാനം
വിലയില്ലാ വാഴപ്പിണ്ടിയാർ
ആർക്കെന്തു ഗുണമുണ്ട്?

രണ്ടാമൻ: മിണ്ടാതെട മണ്ടാ, തിരുമണ്ടാ
ഈ പിണ്ടി ചറപറ കൊത്തിയരിഞ്ഞ്
തോരൻവച്ചു ചവചവാന്നു തിന്നാൽ
വയറ്റിലെ കൃമികൾ ചാകും
ശോധനയ്ക്കും സുഖമുണ്ട്.

ചാവറ: ചൊന്നതുപോലെ വാഴപ്പിണ്ടിക്കുണ്ട്
ഔഷധഗുണമതു പലതെന്നാലും
ഈ പിണ്ടികൊണ്ട് ഞാനുണ്ടാക്കും
അച്ചുകൂടത്തിനായൊരു മാതൃക.

(അച്ചൻ വാഴപ്പിണ്ടി കീറി കഷ്ണങ്ങളാക്കുന്നു.

സഭയുടെ ദർശനങ്ങൾ
പ്രാർത്ഥനയായ് എത്തിപ്പതിന്
വേണമൊരച്ചുകൂടം
അങ്ങനൊന്നു നമുക്കില്ല.

കോട്ടയത്തുള്ളൊരു പ്രസിൽ
കാര്യങ്ങൾ കണ്ടു പഠിക്കാൻ
നേരിട്ടവിടെത്തിയെങ്കിലും
അവരനുമതിയേകിയില്ല.

തിരുവനന്തപുരത്തങ്ങുണ്ട്
സർക്കാർപ്രസ്സൊരെണ്ണം
അതുകണ്ടു മനസ്സിൽ വരച്ചു
ആ മാതൃക നമ്മൾ മെനയും

(പ്രസ്സ് ശരിയായി അച്ചൻ പ്രവർത്തിപ്പിച്ചുനോക്കി പുറത്തുനിന്നു തുണിസഞ്ചിയും പണിയായുധങ്ങളുമായി ശിവരാമൻ വന്നു)

ചതുരവടുവിലക്ഷരങ്ങൾ
ചിതമായ് ശിവരാമൻ തീർത്തു
കുര്യൻ എന്നൊരു പ്രിന്ററെത്തി
അച്ചടിക്കനുമതിയും കിട്ടി.

അക്ഷരമാകെ മഷി പുരണ്ടു
അച്ചടിദ്ധടിതിയിലാരംഭിച്ചു
അച്ചടിശാലയ്ക്കു നാമധേയം
സെന്റ് ജോസഫ്പ്രസ്സതു ഖ്യാതിയായി.

കൊച്ചിയിൽ നിന്നുമൊരു യഹൂദൻ
ബുക്കുബൈന്ധിംഗിൽ വന്നുചേർന്നു
എത്തി കടലാസും, കരിമഷിയും
കപ്പലിൽ കൊച്ചി തുറമുഖത്ത്.

സുറിയാനി നസ്രാണി ഭവനങ്ങളിൽ
പ്രാർത്ഥനയ്ക്കന്നാണാദ്യമായി
മലയാളപുസ്തകമെത്തിയത്.
''ജ്ഞാനപീയൂഷ''മെന്നപേരിൽ.

കമന്ററി: ചാവറയച്ചൻ എന്ന കർമ്മധീരന്റെ നിശ്ചയ ധാർഢ്യത്തിന്റേയും ലക്ഷ്യബോധത്തിന്റേയും ത്യാഗോജ്ജ്വലമായ സപര്യയുടേയും സത്ഫലമാണ് മദ്ധ്യ കേരളത്തിലെ ഏറ്റവും പ്രമുഖമായ സെന്റ് ജോസഫ്സ് പ്രസ് എന്ന മഹത് പ്രസ്ഥാനം. മലയാള കത്തോലിക്കർക്ക് സ്വന്തം ഭാഷാ പ്രാർത്ഥനാ പുസ്തകങ്ങൾ മറ്റാരും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത കാലഘട്ടമായിരുന്നു അത്. എല്ലാ പ്രാർത്ഥനാ പുസ്തകങ്ങളും ചാവറയച്ചൻ സ്വയം എഴുതി ചിട്ടപ്പെടുത്തുകയായിരുന്നു. ആ ബഹുഭാഷാപണ്ഡിതന്റെ ദൈവീക ജ്ഞാനവും, കവിത്വവും കത്തോലിക്കരുടെ പ്രാർത്ഥനാജീവിതത്തിനും, സഭയ്ക്കും നല്കിയ സംഭാവനകൾ ചരിത്രത്തിന് വിസ്മരിക്കാനാവാത്ത വിധം വിലപ്പെട്ടതായിരുന്നു.

മലയാള മാദ്ധ്യമ പ്രസിദ്ധീകരണങ്ങളുടെ തലതൊട്ടപ്പനായ ചാവറയച്ചന്റെ കർമ്മ വൈഭവമാണ് പത്രമുത്തശ്ശിയായ ദീപിക ദിനപത്രത്തിന് നാന്ദി കുറിച്ചതും.

(പ്രകാശം മങ്ങി തെളിയുന്നു.) (വാർദ്ധക്യ രോഗ പീഢകളാൽ ആസന്നമരണനായി കിടക്കുന്ന പോരൂക്കര അച്ചന് സമീപം ഇരുന്ന് സ്പൂണിൽ കഞ്ഞി നല്കുന്ന ചാവറയച്ചൻ.

ഗുരുതുല്യനാം പോരൂക്കര അച്ചൻ
ദൈവസന്നിധി പൂകാൻ കാലമായ്
കുമ്പസാരിപ്പിച്ചു വ്യസനങ്ങൾ തീർത്തു
സത്മരണത്തിനൊരുക്കി........

ചാവറ: ഈശോ.... മറിയം..... യൗസേപ്പ
ഈ ആത്മാവിന് കൂട്ടായിരിക്കണേ.....

(മരണത്തെ അതീവ തീവ്രവും ദുഃഖപൂർണ്ണവുമാക്കി അവതരിപ്പിക്കുന്ന സംഗീത, പ്രകാശ സങ്കേതം) (പള്ളിമണികൾ ഉയർന്നു കുരിശുരൂപം പോരൂക്കരയച്ചനെ മുത്തിച്ചു. നിശ്ചലമായ കണ്ണുകൾ

തിരുമിയടച്ചു. കുരിശ് സ്വ നെഞ്ചോട് ചേർത്ത് കഠിനദുഃഖത്തോടെ മിഴികൾ പൂട്ടി മുഖം താഴ്ത്തി ഉള്ളാലെ കരഞ്ഞുനില്ക്കുന്ന ചാവറയച്ചൻ)

(പ്രകാശം മങ്ങിതെളിയുന്നു.) (കത്തിച്ച മെഴുതിരികൾക്കും ക്രൂശിത രൂപത്തിനും മുന്നിൽ മുട്ടിന്മേൽ പ്രാർത്ഥിക്കുന്ന ചാവറയച്ചൻ.)

എൻ ഗുരുവും തോഴനുമായിരുന്നോനെ
അങ്ങ് അരുകിൽ വിളിച്ചുവല്ലോ.
മാർഗ്ഗദീപമായി മുമ്പേ ഗമിച്ചോനു
സ്വർഗ്ഗീയ സൗഭാഗ്യം നല്കേണമേ.

ആ വന്ദ്യ ശ്രേഷ്ഠന്റെ ദൗത്യങ്ങളാകെയും
നിലക്കാതെ നീതന്നെ നിറവേറ്റണേ......
ആ നല്ല മാനസം മോഹിച്ചതൊക്കെയും
സാദ്ധ്യമായ് തീർക്കണേ തമ്പുരാനേ......

അശരീരി ഉയർന്നു കേൾക്കുന്നു. വിദൂരതയിൽനിന്നും അച്ചനിലേയ്ക്കു പ്രവഹിക്കുന്ന പ്രകാശധാര

''മകനേ..... തിരുസഭയ്ക്കും ലോകത്തിനുംവേണ്ടി കൂടുതൽ വേലകൾ നിന്നെ ഞാൻ ഏല്പിക്കുന്നു. പോരൂക്കരയച്ചൻ തുടർന്ന എല്ലാ സഭാ പ്രവർത്തനങ്ങളും സന്തോഷപൂർവ്വം ഏറ്റെടുത്തു കൊള്ളുക.

നിൻ ഹിതമതുപോൽ ഭവിച്ചിടുവാൻ
ശക്തിയേകണേ ക്രിസ്തുനാഥ
ഭാരമതെത്രയേറിയാലും നീ
എൻ കൂടെയുണ്ടെങ്കിൽ എന്തനർത്ഥം?
സ്വസ്തി.... സ്വസ്തി....
സ്വർഗ്ഗസ്ഥനായ പിതാവേ......

(പ്രകാശം മങ്ങി തെളിയുന്നു.) (ഒരുപറ്റം മാലാഖാമാർ നൃത്തച്ചുവടുകളോടെ രംഗത്തെത്തി. രണ്ടാം സംഘം 10 മെഴുതിരികൾ രംഗമദ്ധ്യത്തിൽ കൊണ്ടുവന്നുവച്ചു.

മൂന്നാം സംഘം തിരികൾ കൊളുത്തി.

സഭയുടെ നവചൈതന്യം
ഒരു പുതു ചരിത പിറവി
സന്യാസത്തിനായൊരു നവസഭ
സി. എം. ഐ.യുടെ ആരംഭം.

വ്രതത്രയങ്ങൾ ഏറ്റുചൊല്ലി
പാതിരിമാർ പത്തണിചേർന്നു.
തോപ്പിൽ ഗീവറുഗീസച്ചൻ
പോരൂക്കര കുരിയാക്കോച്ചൻ
കൊച്ചുപുരയ്ക്കൽ കുര്യച്ചൻ
മുഞ്ഞനാട്ട് മത്തായിയച്ചൻ
വലിയാറ യാക്കോബച്ചൻ
പാലയ്ക്കൽ കുര്യച്ചൻ
കളത്തിൽ സ്കറിയാച്ചൻ
കട്ടക്കയത്ത് ചാണ്ടിയച്ചൻ
കണിയാരകത്ത് മണിയച്ചൻ
കളപ്പുരയ്ക്കൽ മത്തായിയച്ചൻ

കമന്ററി: മൗനം, എളിമ, ഏകാന്തത, ദാരിദ്ര്യം ബ്രഹ്മചര്യം, അനുസരണം തുടങ്ങിയ വ്രതവാഗ്ദാനങ്ങൾ ചെയ്ത് 1855-ൽ ചരിത്രനിയോഗമായി ആശ്രമത്തിന് തുടക്കം കുറിച്ചു. 1860-ൽ റോമിൽ നടന്ന കർമ്മലീത്താ നിഷ്പാദുകസഭാ പൊതുസംഘം മാന്നാനത്തെ സന്യാസ സമൂഹത്തിന് അംഗീകാരം നല്കി, കർമ്മലീത്താസഭയുടെ മൂന്നാം സഭ എന്ന് നാമകരണം ചെയ്തു. തുടർന്ന് കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് അഥവാ ഇന്ന് ലോകം അറിയുന്ന സി. എം. ഐ. സഭയായി തീർന്നത് ആ ചെറു കൂട്ടമായിരുന്നു.

(പ്രകാശം മങ്ങി തെളിഞ്ഞു.)

(അംശവടിയും അധികാര വസ്ത്രങ്ങളും അണിഞ്ഞ് മുത്തുകുടയും പാലിയവും മറ്റ് ചമയങ്ങളും

പരിവാരങ്ങളുമായി റോക്കോസ് മെത്രാന്റെ എഴുന്നെള്ളത്ത്.)

ബാഗ്ദാദ് ദേശത്തു നിന്നും
തോമാ റോക്കോസ് മെത്രാൻ
ചരിത്രത്തിന്റെ കൊടുങ്കാറ്റൂതി
കേരളതീരത്തു വന്നിറങ്ങി.

പരിശുദ്ധ സിംഹാസനത്തെ
എതിർക്കും വിരുദ്ധർക്കൊപ്പം
സുറിയാനികത്തോലിക്കരെയാകെ
പടനീക്കത്തിനൊരുക്കാൻ.

സത്യമറിയാതെ വിശ്വാസികൾ
പുതുമെത്രാനെ സ്തുതിച്ചുനിന്നു
കയ്യേറി അവരേറെ പള്ളികളും
കുഞ്ഞാടുകൾ തമ്മിൽ കൊമ്പുകോർത്തു.

റോക്കോസ് : (മിശ്ര ഭാഷാ ശൈലിയിൽ) നമുക്ക് വലിയ ശന്തോശമുണ്ട്. നീങ്ങൾ ഒത്തിരിപേർ നമ്മളെ വന്നു കാണുന്നതിൽ നന്ദിയുണ്ട്. ഈ കേരലത്തിലെ എല്ലാ കത്തോലിക്കാ പള്ളികളും നമ്മുടെകൂടെ വരണം. അതാണ് നമ്മുടെ ആഗ്രഹം.

ആരവം: ഞങ്ങളുണ്ട്.... ഞങ്ങളുണ്ട്..... റോക്കോസ് മെത്രാനച്ചനൊപ്പം ഞങ്ങളുണ്ട്.....

റോക്കോസ്: നമുക്ക് വലിയ ശന്തോശമായി. എല്ലാ പള്ളികളിലും വല്യ ആഘോഷമായി നമ്മളെ സ്വീകരിക്കണം. അടുത്ത പള്ളിയിലേയ്ക്ക് നമ്മളെ കൊണ്ടുപോകൂ..... (സംഘം കടന്നുപോകുന്നു. സ്തുതിപ്പിന്റെ ആരവം ഉയർന്നു കേൾക്കാം. ഏറെ ക്ഷുഭിതമായ മനസ്സോടെ അതിലേറെ ആത്മനിയന്ത്രണത്തോടെ കടന്നുവന്ന ചാവറയച്ചൻ ഉയർന്ന ഒരു തലത്തിൽ കയറിനിന്നു.)

എത്തി..... ചാവറയച്ചൻ

റോമിന്റെ തിരുഹിതമറിഞ്ഞനേരം
ചതിയിത് ക്ഷണമത് തിരിച്ചറിഞ്ഞില്ലെങ്കിൽ
വഴിതെറ്റും ദൈവത്തിൻ കുഞ്ഞാടുകൾ......

ചാവറ: കർത്താവിൽ വിശ്വസിക്കുന്ന എന്റെ പ്രിയ മക്കളേ..... ഈശോയുടെ പിൻഗാമിയായ പത്രോശ്ലീഹായുടെ അനന്തരാവകാശിയായ 9-ാം പീയൂസ് മാർപ്പാപ്പയുടെ കല്പനയില്ലാതെയാണ് ബാഗ്ദാദിൽ നിന്നും റോക്കോസ് മെത്രാൻ എത്തിയിരിക്കുന്നത്. ഈ മെത്രാനെ നമ്മുടെ തൊഴുത്തിൽ പ്രവേശിപ്പിച്ചാൽ ആടുകൾ ചിതറിപോകും. കർത്താവിന്റെ തൊഴുക്കൂട്ടിൽ റോമായുടെ കല്പനകൂടാതെ പ്രവേശിച്ച് ദൈവത്തിന്റെ കുഞ്ഞാടുകളായ നമ്മെ ചിതറിച്ച് നരകചെന്നായ്ക്കളായ പിശാചുക്കൾക്ക് ഇരയായിടുവാൻ ഭാവിച്ച് പുറപ്പെട്ടുവന്ന മെത്രാനെ അംഗീകരിക്കരുത്. അത് മഹാ ദോഷമാണ്. (ആളുകളുടെ ആരവം)

ഇല്ലാ, വിശ്വസിക്കില്ല ഞങ്ങൾ
ചൊന്നതു തെല്ലുമേ ചെവിക്കൊള്ളില്ല
മെത്രാനച്ചനെ ഭരിക്കുവാനൊരു
കത്തനാർക്കിത്ര അഹങ്കാരമോ?

ചാവറ: സ്നേഹ കൂടപ്പിറപ്പുകളേ നിങ്ങൾ വഞ്ചിക്കപ്പെടരുത്.വാതിലിൽകൂടി തൊഴുത്തിൽ പ്രവേശിക്കാത്തവൻ കള്ള ഇടയനാണ് കർത്താവിന്റെ വികാരിയായ ശുദ്ധ മാർപ്പാപ്പ നമ്മുടെ മേലദ്ധ്യക്ഷനായി കല്പിച്ചിട്ടുള്ളപെരിയ ബഹുമാനപ്പെട്ട വാരാപ്പുഴ വികാരി അപ്പസ്തോലിക്കയ്ക്കു കീഴ്വഴങ്ങിവേണം നമ്മൾ നടക്കാൻ. ഇത് രക്ഷ പ്രാപിക്കാൻ ആവശ്യമായിരിക്കുന്നു. അവസാനമായി ഞാൻ പറയുന്നു പരിശുദ്ധ സിംഹാസനത്തെ അനുസരിക്കുന്നതിന് ഇത്തരം വ്യാജൻമാരുടെ കൈകളാൽ വേദസാക്ഷികളായി മരിക്കേണ്ടിവന്നാലും ഉറച്ചുനില്ക്കുവിൻ അതാണ് ദൈവാനുഗ്രഹം.

ഒരാൾ: പരിശുദ്ധ സിംഹാസനത്തിനും റോമായിലെ മാർപ്പാപ്പയ്ക്കും ഒപ്പമാണ് ഞങ്ങൾ. ഞങ്ങൾ ഉറച്ചുനില്ക്കും. (അവിടെനിന്നും ഇവിടെനിന്നും അതേറ്റുപറഞ്ഞ് ആ പ്രതിജ്ഞ വലിയൊരു ആരവമായി മാറുന്നു)

ചാവറ: കർത്താവേ അവിടുത്തെ കുഞ്ഞാടുകളെ കാത്തുകൊള്ളണമേ. (പ്രകാശം മങ്ങിതെളിഞ്ഞു) പ്രൗഢഗംഭീരമായി അലങ്കരിച്ച മുറിയിൽ റോക്കോസ് മെത്രാൻ, പാറായി അവിരാ തരകൻ, അന്തോണി കത്തനാർ തുടങ്ങിയവർ. മെത്രാൻ ആകെ ക്ഷുഭിതനായി.

റോക്കോസ്: കൊവേന്തക്കാരനാം ചാവറയച്ചന്
മാർപ്പാപ്പ കല്പന കൊടുത്തയച്ചു
ബാഗ്ദാദിലേയ്ക്ക് നാം പോകണമല്ലെന്നാൽ
മഹറോൻ ചൊല്ലി പടിയടയ്ക്കും.
പട്ടം കൊടുക്കാനും പട്ടം വിലക്കാനും
ഇനിയില്ല തെല്ലെനിക്കധികാരവും

പാറായി: റോക്കോസുമെത്രാനെ രാപ്പിച്ച ചൊല്ലാതെ
നൂറ്റി അമ്പത്തിനാലു പള്ളികളിൽ
എമ്പത്തിയാറും നാം പിടിച്ചെടുത്തു
ചാവറയച്ചനതെന്തും പറയട്ടെ
റോക്കോസു മെത്രാൻ ഉറച്ചുനില്ക്ക്.

റോക്കോസ്: എന്തു പറഞ്ഞാലും നാമൊന്നുറച്ചു
ബാഗ്ദാദിലേയ്ക്കുടൻ മടക്കയാത്ര
കപ്പലിൽ പോകുവാൻ കാശുവേണ-
മതു നിങ്ങൾ തന്നെയിന്നു തന്നീടണം.

അന്തോണി: സഭയിലീ പുലിവാലു മുഴുവനുണ്ടാക്കീട്ട്
ഞങ്ങളെ വഴിയാധാരമാക്കുന്നുവോ?
പോകാനൊരുങ്ങിയാൽ കാലുകൾ രണ്ടും
ചങ്ങലയിട്ടു ഞാൻ പൂട്ടിവെയ്ക്കും

ബാഗ്ദാദിലേയ്ക്ക് മടങ്ങുവാൻ ശാഠ്യംപിടിച്ച റോക്കോസ് മെത്രാനെ കൂടെ നിന്നവർ കൈയ്യൊഴിഞ്ഞു. മഹറോന് വിധേയമായ മെത്രാനെതിരേ ചാവറയച്ചന്റെ ഹർജിപ്രകാരം കൊച്ചി ദിവാൻ പള്ളിപ്രവേശന നിരോധനവും ഏർപ്പെടുത്തി. ആദർശപരമായ ആ മഹാ പോരാട്ടത്തിൽ തോറ്റമ്പിയ മെത്രാനെ ബാഗ്ദാദിലേയ്ക്ക് മടങ്ങിപോകാൻ സഹായിച്ചതും ചാവറകുറിയാക്കോസ് ഏലിയാസച്ചനായിരുന്നു.

(പ്രകാശം മങ്ങി തെളിയുന്നു)

വരാപ്പുഴ അരമന. മെത്രാൻ മറ്റ് അച്ചന്മാർ, ചാവറയച്ചൻ എല്ലാവരും ചിന്താധീനർ

റോക്കോസ് മെത്രാന്റെ ഛിദ്രവൃത്തിയാലേ
സുറിയാനിപള്ളികൾ ഏറെ മാറി
ബർണ്ണദീസ് മെത്രാനാശങ്കയായി
വരാപ്പുഴയരമനയാകെ ഉലഞ്ഞു.

എന്തു ചെയ്യേണ്ടു എന്നറിയാതെയായവർ
ഭഗ്നാശയരായി ഉഴലുന്ന കാലം
എല്ലാ മനസ്സിലും ഒരുപോലുയർന്നു
മാന്നാനം പ്രിയോർ ചാവറയച്ചൻ .

മെത്രാൻ: സുറിയാനി കത്തോലിക്കാസഭ നേരിടുന്ന ശീശ്മ പ്രവർത്തനങ്ങളെ തടഞ്ഞുനിർത്താനും സഭയെ സംരക്ഷിക്കുവാനും നമ്മുടെ എല്ലാം ചിന്തയിൽ ഉയർന്നുവന്ന ഒരേ ഒരു പോംവഴിയേ ഉള്ളു. പ്രശ്നസങ്കീർണ്ണമായ ഈ ഘട്ടത്തെ തരണം ചെയ്യുന്നതിന് കരുത്തുറ്റ നേതൃത്വമാണാവശ്യം അതിന് യോഗ്യനായവൻ ആര്? ഒരു ഉത്തരമേ ഉള്ളു. പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. ആകയാൽ ചാവറയച്ചനാകട്ടെ സുറിയാനി കത്തോലിക്കരുടെ മെത്രാൻ.

ചാവറ: അനുസരണമില്ലെന്നർത്ഥം ഗ്രഹിക്കല്ലേ
അഭിലഷിക്കുന്നില്ല അധികാരസ്ഥാനം
സന്യാസജീവിതം ശ്രേഷ്ഠമതല്ലോ
ദൈവസ്തുതിക്കതേറെയല്ലോ.

ആശ്രമവാസമെന്നാഗ്രഹം
സമർപ്പണമാണതിന്നഭിലാഷവും
സദയം നീക്കിക്കളയൂ ഈ പദവിയെ
സ്നേഹപൂർവ്വം എന്നെ കേൾക്കുമങ്ങ്.

മെത്രാൻ: നാം ഒന്നു തീരുമാനിച്ചുകഴിഞ്ഞു. പെ. ബ. ചാവറയച്ചന്റെ സേവനം ഈ ഘട്ടത്തിൽ സഭയ്ക്ക് ഒഴിവാക്കാവുന്നതല്ല.അരമനപത്രവും മഷിത്തണ്ടും കൊണ്ടുവരൂൻ (കൊണ്ടുവന്നു കൊടുക്കുന്നു)

മെത്രാൻ: (എഴുതുന്നത് പശ്ചാത്തലത്തിൽ വാച്യാ കേൾക്കാം)

നാം മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ബർണ്ണർദ്ദീനോസ് ദേ സാന്താ ത്രേസ്യാ പർസല്യയുടെ മെത്രാപ്പോലീത്ത.

മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരായ നമ്മുടെ സ്നേഹപ്പെട്ട പ്രിയോര് പെ. ബ. ,കുറിയാക്കോസ് കത്തനാർക്ക്

നമ്മുടെ കീഴിലുള്ള പള്ളികളിൽ അടങ്ങി വരുന്ന വിശ്വാസികളെ ഭരിക്കുന്നതിനുള്ള പ്രയാസത്താലും നമ്മുടെ വയസിന്റെ ആധിക്യത്താലും ക്ഷീണവും അസ്വസ്ഥതയും ഉള്ളതിനാലും, നമ്മുടെ ഭരിപ്പിൽ വൈദീകർക്കും അല്മേനികൾക്കും ആത്മീയഫലം ഉണ്ടാകാത്തതിനാലും ഇപ്പോൾ ഉണ്ടായിട്ടുള്ള സംഗതികളാലും ബുദ്ധിമുട്ട് വന്നിരിക്കുന്നു. അതിനാൽ ഒരു വികാരി ജനറാളിനെ നിശ്ചയിച്ച് കാര്യങ്ങൾ നടത്തുന്നതിന് പരിശുദ്ധ ത്രെന്തോസ് സൂനഹദോസ് അനുവദിച്ചതിൻപ്രകാരം സാമർത്ഥ്യവും പുണ്യവ്യാപാരവും

ബോധജ്ഞാനവുമുള്ള ഒരാളെ അതിനായി നിയമിക്കേണ്ടിയിരിക്കുന്നു. മേലിൽ മലയാളത്തിൻ കീഴിലുള്ള വൈദീകരുടേയും അല്മേനികളുടേയും ആത്മപരിപാലനം നടത്തേണ്ടതും ഭരിക്കേണ്ടതും ആ സ്ഥാനത്തേയ്ക്ക് വരുന്നയാളാണ്. അതിനേറ്റവും യോഗ്യനായ പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ നാം അതിനായി നിയമിക്കുന്നു.

വരാപ്പുഴനിന്നും 1861 മിഥുനം 8ന്
ആർച്ചുബിഷപ്പ്: വികാരി അപ്പസ്തോലേററ്
ബർണ്ണർദീനോസ് ദെ സാന്താ ത്രേസ്യാ

ഭക്തി സാന്ദ്രവും സന്തോഷസൂചകവുമായ സംഗീതം. അനുസരണത്തോടെ നില്ക്കുന്ന ചാവറയച്ചനെ ആശീർവ്വദിക്കുന്ന മെത്രാൻ.

(പ്രകാശം മങ്ങി തെളിയുന്നു.)

(തലയിൽ കുടുമ. നെറ്റിയിൽ സിന്ദൂരക്കുറിയും ചന്ദനവും വാര്യർ സാർ എന്ന വന്ദ്യവയോധികൻ . ചമ്രം ചടഞ്ഞിരിക്കുന്ന വൈദീക വിദ്യാർത്ഥികൾ. കത്തിച്ച നിലവിളക്ക്. നിവർത്തിയ തടിച്ച പുസ്തകം)

അസതോമ സദ്ഗമയ
തമസോമ ജ്യോതിർ ഗമയ
മൃത്യോർമ അമൃതം ഗമയ
ലോക സമസ്ത സുഖിനോ ഭവന്തു
ഓം ശാന്തി... ശാന്തി.... ശാന്തി....

സമൂഹം അതേറ്റു ചൊല്ലുന്നു.

കമന്ററി: (പശ്ചാത്തലത്തിൽ സംസ്കൃത പദ്യോച്ചാരണം)
സംസ്കൃത ഭാഷാ പണ്ഡിതനായ ചാവറയച്ചൻ ആ ഭാഷയുടെ ആദ്ധ്യാത്മിക സത്തയേയും, ഭാരതീയ മൂല്യങ്ങളേയും വിലമതിച്ചിരുന്നു. 1846-ൽ ആശ്രമത്തോടു ചേർന്ന് ചാവറയച്ചൻ സംസ്കൃത വിദ്യാലയം ആരംഭിച്ചു. 1865-ൽ മലങ്കര സഭയുടെ വികാരി ജനറാൾ എന്ന

നിലയിൽ ചാവറയച്ചൻ പുറപ്പെടുവിച്ച സർക്കുലർ സഭയ്ക്കും, സമൂഹത്തിനും വിപ്ലവാത്മകമായ പുരോഗതിയുടെ വെളിച്ചം വീശുന്നവിദ്യാഭ്യാസ നവോത്ഥാന സുവർണ്ണരേഖയായിരുന്നു. ഓരോ ഇടവക പള്ളിയോട് ചേർന്ന് ഓരോ പള്ളിക്കൂടങ്ങൾ സ്ഥാപിക്കണം. ഇങ്ങനെ ചെയ്യാത്ത പള്ളികൾക്ക് അംശംമുടക്ക് അഥവാ കൂദാശ നിർവ്വണത്തിന് വിലക്ക് കല്പിക്കുന്നതാണ്.

(നിലവിളക്കിൽ നിന്നും വൈദീക വിദ്യാർത്ഥികൾ ചിരാതുകൾ പകർന്ന് വേദിയാകെ പ്രകാശമാനമാക്കുന്നു)

(പ്രകാശം മങ്ങി തെളിയുന്നു. പള്ളിമേട. ഒരു ദളിതനും കുട്ടിയും വന്ന് അച്ചനെ മണിയടിച്ച് വിളിക്കുന്നു.

ദളിതൻ: ചൊൽവതു തെറ്റാണെന്നാൽ
ഏങ്ങളോടു പൊറുക്കണമച്ചോ
ഏങ്ങടെ കിടാങ്ങൾക്കും അക്ഷരം പഠിക്കണം
സവർണ്ണർക്കൊപ്പമിരിക്കാൻ
കീഴ്ജാതിക്കനുമതിയില്ല.

ചാവറ: നീ ചൊന്നതു പതിവതു ചെറുമാ
വിവേചനം ക്രൈസ്തവമല്ല
പള്ളിക്കൂടത്തിൻ വാതിൽ
ചെറുമർക്കും തുല്യം തന്നെ

ദളിതൻ: രാവന്തി പണി ചെയ്താലും
ജീവിക്കാനതു തികയില്ല
ക്ടാങ്ങളും കൂടെ പണിതാൽ
വിശപ്പിനു വകയുണ്ടാകു.

ചാവറ: തിരിച്ചറിവായാലുടനെ
കുഞ്ഞുങ്ങളെ പഠിക്കാൻ വിടണം
കാശില്ലേൽ നിരാശ വേണ്ട
പുസ്തകോം, ഭക്ഷണോം നല്കാം.

(ചാവറ അച്ചൻ ദളിത് കുട്ടികൾക്ക് പുസ്തകവും പെൻസിലും മറ്റും നല്കുന്നു)

കമന്ററി: പിന്നോക്കക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും പഠിക്കാനും അവർക്കുള്ള പഠനസാമഗ്രഹികളും ഉച്ചഭക്ഷണവും ചാവറയച്ചൻ നല്കിയിരുന്നത് ഓരോ കത്തോലിക്ക കുടുംബങ്ങളിൽ നിന്നും സംഭരിച്ച പിടിയരിയിൽ നിന്നായിരുന്നു. സർക്കാർ സ്ക്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം തുടങ്ങിയിട്ട് ഏറെയായിട്ടില്ലെന്നോർക്കണം. ചാവറയച്ചൻ എപ്പോഴും നൂറ്റാണ്ടിന് മുമ്പേയാണ് നടന്നിരുന്നത്. (പ്രകാശം മങ്ങി തെളിയുന്നു വൃദ്ധനായ ഒരു മനുഷ്യൻ വേച്ചു വേച്ചു വന്നു.)

ശേഷിയുള്ള കാലമെല്ലാം മക്കളെ നന്നായ് പോറ്റി
രോഗപീഡ വാർദ്ധകൃത്തിൽ ഇല്ലരുകിലാരുമാരും
ആരുപോരുമില്ലാത്തോർക്ക്ആശ്രയം കർത്താവല്ലാ
ആ സത്യം പാലിക്കാനായ് ചാവറയച്ചനെത്തും
ഇന്ത്യയിലാദ്യമായി അനാഥ ശാലയെന്നത്
സാദ്ധ്യമാക്കി ചാവറയച്ചൻ കൈനകരി ദേശത്തന്ന്.

(അച്ചൻ ഒരു വൃദ്ധനെ ശുശ്രൂഷിക്കുന്നു. തുടർന്ന് പല അനാഥരും കടന്നുവരുന്നു. അവരെയൊക്കെ അച്ചൻ സ്വീകരിക്കുന്നു.)

കമന്ററി: മികച്ച സാഹിത്യ കൃതികളുടെ രചയിതാവായ ചാവറയച്ചൻ മരണവീടുകളിൽ പാടുന്നതിനുവേണ്ടി തയ്യാർ ചെയ്ത പാന എന്ന പുസ്തകത്തിൽ രോഗികളേയും അനാഥരേയും എങ്ങനെ കാണുന്നു എന്നു നോക്കൂ.

(ചാവറ അച്ചന്റെ ശബ്ദത്തിൽ അച്ചന്റെ കവിത കേൾക്കാം)

രോഗിയെ കാണാനായ് പോകുന്ന നേരത്തു
രോഗിയതാരാണെന്നത് ഓർത്തു കൊൾക
രോഗത്തിൽ ഞാനായ് വലഞ്ഞൊരു നേരത്തിൽ
ചാരത്തു വന്നെന്നെ തോഷിപ്പിച്ചു.

ഇത്യാദി വാക്കുകൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതുപോലെ ചെയ്തു കൊൾവിൻ

രോഗിക്കു നൽതുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തുകൊൾവിൻ

ഓരോ അനാഥനിലും രോഗിയിലും ബൈബിൾ പഠിപ്പിക്കുന്നതുപോലെ ദൈവത്തെ തന്നെ ചാവറയച്ചൻ ദർശിച്ചിരുന്നു.

(പുറത്തുനിന്നും ഒരാൾ വന്ന്)

വന്നയാൾ: വസൂരി രോഗത്താൽ എന്നപ്പൻ വലയുന്നു
ഏറെ വൈകാതെ മരണം പൂകും
അച്ചനെൻ കൂടെ വരേണം ഭവനത്തിൽ
അന്ത്യകൂദാശ കൊടുപ്പതിനായ്....

മറ്റൊരാൾ: എന്തോരു പോഴത്തം ചൊല്ലുന്നു ഭോഷാ
വസൂരി പകരുന്ന ദീനമല്ലേ?
അന്ത്യകൂദാശകൊണ്ടെന്തു കാര്യം?
ഭാഗ്യമുണ്ടെന്നാൽ സ്വർഗ്ഗം പൂകും.

ചാവറ: തെല്ലും ഭയമില്ല വ്യാധികളെ
എന്നെ കാക്കുവാൻ കർത്താവരികിലുണ്ട്
കൂദാശ നല്കുകയെൻ കടമ

(വിശുദ്ധ അമ്മ ത്രേസ്യായുടെ മുറി. മേശവിളക്കിനു മുന്നിൽ കത്തു വായിക്കുന്ന അമ്മ)

കമന്ററി: വിശുദ്ധ അമ്മത്രേസ്യാക്ക് ഇന്ത്യയിലെ കാരണവന്മാരായ ക്രിസ്ത്യാനികൾ അയച്ച കത്ത്.

''അമ്മ ഇന്ത്യയിലും വന്ന് സന്യാസിനി മഠങ്ങൾ സ്ഥാപിക്കണം'' എന്നതായിരുന്നു ഉള്ളടക്കം കത്തു വായിച്ച അമ്മ അതിനായി പ്രാർത്ഥിച്ചു.

മറുപടി നല്കിയത് അമ്മയ്ക്കുമുന്നിൽ പ്രത്യക്ഷനായ ക്രിസ്തുനാഥനായിരുന്നു.

*(ക്രിസ്തു പ്രത്യക്ഷനായി)(ശബ്ദം പശ്ചാത്തലത്തിൽ)*

"മകളേ നീ ഇക്കാര്യത്തിൽ ഇപ്പോൾ അപേക്ഷിക്കരുത്. നീവഴിയല്ല ഇത് നിറവേറുന്നത്.നിന്റെ മക്കളാൽ നിറവേറും. കാലത്തിന്റെ പൂർണ്ണതയിൽ നിന്റെ മക്കളായ സന്യാസികൾ അവിടെ എത്തും. അവർ സന്യാസ ആശ്രമങ്ങളും സന്യാസിനീ മഠങ്ങളും സ്ഥാപിക്കും''.

(പ്രകാശം മങ്ങി തെളിയുന്നു)

(ചാവറ അച്ചനും ലെയോപോൾദ് മിഷനറിയും വഞ്ചിയിൽ സഞ്ചരിക്കുന്നു.)

മിഷനറി: കുനമ്മാവ് കൊവേന്തയ്ക്കടുത്ത് വാകയിൽ ഏലീശ്വാ എന്നൊരു വിധവയും അവരുടെ മകൾ 14 വയസായ പെൺകുട്ടിയും താമസിക്കുന്നുണ്ട്. മകൾക്ക് പല വിവാഹ ആലോചനകളും വരുന്നുണ്ട്. അതീവ ഭക്തയായ ആ പെൺകുട്ടിക്ക് വിവാഹ ജീവിതത്തിൽ തീരെ താല്പര്യമില്ല.

ചാവറ: വിവാഹാന്തസിനോടു പ്രതിപത്തി ഇല്ലാതെയും കർത്താവിനായി നമ്മെപോലെ സമൂഹത്തിനുവേണ്ടി വർത്തിക്കാനും ആഗ്രഹമുള്ള ഒട്ടേറെ സ്ത്രീകൾ നമുക്കിടയിലുണ്ട്. അവർക്ക് എന്തെങ്കിലും ചെയ്തു കൊടുക്കുന്നതിനെക്കുറിച്ചാണ് ഏറെ നാളായി എന്റെ ചിന്ത. സ്ത്രീകൾ സ്വയംപര്യാപ്തമാകുന്ന ഒരു കാലം എന്റെ പ്രതീക്ഷയിലുണ്ട്.

മിഷനറി: നല്ല ആശയം. നമുക്കിത് പ്രാവർത്തികമാക്കണം. ചാവറയച്ചൻ ആലോചിച്ച് എന്തെങ്കിലും ചെയ്യണം. എന്റെ പിൻതുണ അതിനുണ്ടാകും.

ചാവറ: സ്ത്രീകൾക്കുവേണ്ടി ഒരാശ്രമം തന്നെയാണ് എന്റെ ആശയം.

മിഷനറി: അതുമതി. അതിനേക്കാൾ നല്ലൊരു ആശയം ഉണ്ടാകാനില്ല. യൂറോപ്പിൽ സന്യാസിനി മഠങ്ങൾ ഉണ്ട്. ഉണ്ടാകണം ഇവിടേയും. ചാവറയച്ചൻ തുനിഞ്ഞിറങ്ങിയാൽ അതു നടക്കും.

ചാവറ: വിശുദ്ധരില്ലാത്ത മച്ചിയായ കേരള സഭയിൽ വിശുദ്ധരുടെ വിത്തും മുളയും ഉണ്ടാകുവാൻ ഒരു സന്യാസിനി സഭ സ്ഥാപിക്കുന്നത് എന്റെ വലിയൊരു സ്വപ്നമാണ്.

(പ്രകാശം മങ്ങി തെളിയുന്നു.)

(ഓലമടലും പനമ്പും കൊണ്ട് മഠം നിർമ്മിക്കുന്നവർ. നിർദ്ദേശങ്ങൾ നല്കി ചാവറയച്ചൻ. കട്ടിലും പായയും മറ്റും കൊണ്ടുവന്നു നിരത്തുന്നു.

പതിനെട്ടുറുപ്പിക മൂലധനത്തിൽ
ആദ്യത്തെ കന്യാസ്ത്രി മഠമുയർന്നു.
മൂന്നു മുറിയുള്ള ചെറു കൂരയത്
പുല്ക്കൂട് പോലത് ഏറെ ദിവ്യം.

വാകയിൽ ഏലിശ്വയും മകൾ അന്നയും
ക്ലാര, ഏലിശാ നാൽവരവർ
ആദ്യത്തെ സന്യാസിനി സമൂഹം
വ്രതമെടുത്തു പുതുസഭ ജനിച്ചു.

(കൗദാശിക വേഷത്തോടെ മിഷനറി എത്തി ഉപവിഷ്ടനായി. ചാവറയച്ചനും മറ്റു പുരോഹിതരും ചുറ്റിനും.)

മിഷനറി: നിങ്ങൾ സന്യാസാന്തസിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നുവോ?

നാല്വർ: ആഗ്രഹിക്കുന്നു

മിഷനറി: മരണത്തോളം കന്യാവ്രതം, അനുസരണം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചു ജീവിപ്പാൻ മനസ്സാകുന്നുവോ?

നാല്വർ: മനസാകുന്നു

ആവശ്യമെങ്കിൽ ചാവറയച്ചൻ സുറിയാനിയിലും മിഷനറി ലത്തീനിലും കൃതജ്ഞതാസ്തോത്രമാലപിക്കുന്നത് ചേർക്കാം.

കമന്ററി: ആവിലായിലെ വി. അമ്മത്രേസ്യായ്ക്ക് കർത്താവ്

നല്കിയ വാഗ്ദാനം വന്ദ്യ ലെയോപോൾദ് മിഷനറിയിലൂടെയും ചാവറയച്ചനിലൂടെയും നിറവേറപ്പെട്ടു. ഭാരതത്തിൽ ആദ്യത്തെ സന്യാസിനി സമൂഹം രൂപമെടുത്തു. തദ്ദേശിയ സന്യാസിനി സഭകളുടെ മാതാവും മാതൃകയുമായ സി. എം. സി. സഭ 1866-ൽ സ്ഥാപിതമായി. (പ്രകാശം മങ്ങി തെളിയുന്നു.) (പാതയോരത്തെ ചെറു വീടിന് മുൻവശം നടന്നെത്തി തളർന്നിരിക്കുന്ന ചാവറയച്ചൻ)

ചാവറ: വാതപ്പനി തുടങ്ങീന്നു തോന്നുന്നു. കാലിന് വല്ലാത്ത നൊമ്പരം.

സ്ത്രീ: (അതുകേട്ട് വീട്ടിൽനിന്നിറങ്ങി) അച്ചന് സുഖമില്ലെങ്കിൽ അകത്തേയ്ക്കിരിക്കാം. പുറത്ത് നല്ല വെയിലാണല്ലോ

ചാവറ: ഓ അത് സാരമില്ല. വിശ്രമിക്കാനൊന്നും നേരമില്ല അന്തിയാകും മുമ്പ് മലയാറ്റൂരെത്തണം.

കല്ലൂർക്കാടും, ചേന്നങ്കേരിയിലും
മുട്ടത്തും, അർത്തുങ്കലോളം പോയി
പള്ളികൾ ഓരോന്നും സന്ദർശിച്ച്
ധർമ്മം എടുത്തു മഠത്തിനായി.

കതൃവേലയും കന്യാസ്ത്രീകൾക്ക്
നല്ലൊരു ഭവനം പണിതീർക്കാൻ
ഏറെ വലഞ്ഞിട്ടെണ്ണായിരം
രൂപയുമായ് അച്ചൻ മടങ്ങിയെത്തി.

(അച്ചൻ എഴുന്നേറ്റ് നടന്നു മറഞ്ഞു.) പ്രകാശം മങ്ങി തെളിഞ്ഞു. (ദൃശ്യത്തിൽ തേച്ച ചുവരും, ജനാലയും വാതിലുമുള്ള വൃത്തിയുള്ള മഠത്തിന്റെ ഉൾഭാഗം) സന്യാസിനികൾ കൊന്ത കെട്ടുകയും, തുണി തയ്ക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നു.

സ്ത്രീകളുമോരോ വേല ചെയ്ത്
സ്വയം പര്യാപ്തമാകുവാൻ ശീലിപ്പിച്ചു
സ്ത്രീത്വത്തെ മാനിക്കുമൊരു സമൂഹത്തെ
വാർത്തെടുക്കാൻ അച്ചൻ അക്ഷീണനായ്

(കച്ചവടക്കാരൻ എത്തി കൊന്തയും മറ്റും എണ്ണിവാങ്ങി പണം നല്കി കടന്നുപോയി. അത് കണ്ട് സന്തോഷചിത്തനായി ചാവറയച്ചൻ) പ്രകാശം മങ്ങി തെളിഞ്ഞു. പുതിയ മഠത്തിന്റെ പൂമുഖം കന്യാസ്ത്രികൾ കൂട്ടമായി പ്രാർത്ഥിച്ച് മുട്ടുകുത്തി നില്ക്കുന്നു.

കാലമനേകം കഴിഞ്ഞതില്ല
സഭയാം കടുകുമണി വളർന്നു
ലോകമെങ്ങുമായിയായിരങ്ങൾ
പൂത്തുലയും വടവൃക്ഷമായി.

(ബാലയുടെ ആദ്യരംഗാവിഷ്കാരത്തിന്റെ ആവർത്തനം കന്യാസ്തികൾ ചിരാതും പൂക്കളും കൊടികളുമായി വരിവരിയായി നിരക്കുന്നു)

കമന്ററി: സ്ത്രീകളുടെ അവശതകൾ പരിഹരിക്കുവാൻ ആവശ്യമായൊരു സ്ത്രീസമൂഹത്തെ ഉയർത്തിയെടുക്കുക എന്ന വിപ്ലവകരമായ ആശയം രാജ്യത്ത് ആദ്യമായി അവതരിപ്പിച്ച ക്രാന്തദർശി ചാവറകുറിയാക്കോസ് ഏലിയാസച്ചനാണ്. സി. എം. സി. സഭയുടെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്കും വളർച്ചയ്ക്കും ആയുസ്സും അഭിലാഷങ്ങളും അർപ്പിച്ചു ആ നല്ല അപ്പൻ. (പ്രകാശം മങ്ങി തെളിയുന്നു.)

അരങ്ങിൽ ചാവറയച്ചന്റെ ചിത്രവും തെളിഞ്ഞുനില്ക്കുന്ന മെഴുകുതിരിയും (ആദ്യഭാഗത്ത് ഉപയോഗിച്ചത്) അത് വായിച്ചിരിക്കുന്ന മാലാഖയും.

സ്വർഗ്ഗീയാരാമത്തിൽ
സുസ്മിതം പരിലസിക്കും
കേരളസഭയുടെ സുന്ദര സൂനമേ
വാഴ്ത്തപ്പെട്ടവനേ നമിച്ചിടുന്നു.

കമന്ററി: ജീവിതം അക്ഷരാർത്ഥത്തിൽ സമർപ്പണത്തിന്റെ യാഗവീഥിയാക്കിയ ആ സ്നേഹപിതാവ് തന്റെ ദൗത്യങ്ങൾ

തലമുറകളിലൂടെ സകലനാളും മനുഷ്യർക്ക് ലഭ്യമാക്കാൻ ആശിച്ചിരുന്നു. ആ കർമ്മ പുണ്യത്തിന്റെ അസ്തമിക്കാത്ത കർമ്മലസുമ വസന്തത്തിന്റെ ആരാമം സൃഷ്ടിക്കുക യായിരുന്നു സി. എം. സി. സഭാ സ്ഥാപനത്തിലൂടെ വാ. ചാവറയച്ചൻ ചെയ്തത്. പഞ്ചഭൂഖണ്ഡങ്ങളിലും പടർന്ന് പരിലസിക്കുന്ന ഏഴായിരത്തിലധികം സമർപ്പിത സൂനങ്ങൾ ആ പൂങ്കാവനത്തിൽ വിടർന്നു നില്ക്കുന്നു! സകല ജാതികൾക്കിടയിലും ചാവറയച്ചന്റെ പ്രതിനിധികളായ സന്യാസികൾ. പ്രകാശം മങ്ങി തെളിയുന്നു.

(ചാവറയച്ചന്റെ പൂർണ്ണമായ പ്രതിമയ്ക്ക് മുന്നിലൂടെ കടന്നുപോകുന്ന ഭക്തജനപ്രവാഹം. )

ആലംബഹീനർക്കും ആശയറ്റവർക്കും
വേദനിക്കുന്നോർക്കുമത്താണിയായ്
വാഴപ്പെട്ട പിതാവേ.........................
നീ എന്നും ജീവിക്കുന്നു.................

വിശുദ്ധിതൻ തീരത്തെ വെൺപിറാവേ
ഒരു മാത്രകൂടി നീ വരുമോ.........
ശാന്തി കെട്ടണഞ്ഞ ഭൂവിലിത്തിരി
ശാന്തിമന്ത്രത്തിന്നൊലിവിലയുമായ്
വാഴ്ത്തപ്പെട്ട പിതാവേ
നീ എന്നും ജീവിക്കുന്നു.......

ഭൂമിയും അതിന്മീതെ കാണുന്ന സർവ്വസവും
ഭേദം കൂടാതെ മാറി നീങ്ങുന്ന ക്ഷണേ ക്ഷണേ എന്നു പാടി.

കമന്ററി: ഒരു പ്രവചനം പോലെ തന്റെ കടന്നുപോകലിന് സ്വയം ഒരുക്കിയ ആ സ്വർഗ്ഗീയ പുരുഷൻ ഒരുവേള മരണത്തെ ക്കുറിച്ച് എഴുതി.

മരണമെന്ന സ്മരണയെന്നിൽ ഉണരുമെന്ന സമയമേ
സ്മരണ രണ്ടുവിധമതായി ഉഴലുമെന്റെ ചേതസ്സിൽ

മരണമെന്ന തിരയിറക്കിൽ ദയനിറഞ്ഞ തിരുമുഖം
നയനമെന്നതിന് ദൃശ്യമാക്കുവാനപേക്ഷയും

സ്വന്തം അപേക്ഷപോലെ കൺമുമ്പിൽ ദൈവത്തേയും ദൈവസമാനരായ മനുഷ്യരേയും കണ്ടുകണ്ട് കാലത്തിന്റെ മുൻപേ നടന്ന ക്രാന്തദർശി 1871 ജനുവരി 3-ന് 66-ാമത്തെ വയസ്സിൽ ദിവംഗതനായി. കേരളം കേണു. ആ മരണത്തെപ്പറ്റി എഴുതപ്പെട്ടതിങ്ങനെ മലയാള പതാക വീണിരിക്കുന്നു.

ഉയർത്തെഴുന്നേല്പിലൂടെ കർത്താവ് മരണത്തെ കീഴടക്കിയതു പോലെ ആ പുണ്യകാണ്ഡം വിശുദ്ധഗണത്തിലേയ്ക്ക് ഉയർത്തപ്പെട്ട് മരണത്തെ കീഴ്പെടുത്തി മാനവമനസ്സുകളിൽ ഇന്നും ജീവിക്കുന്നു, എന്നും ......... ജീവിക്കുന്നു.

End

### *സമർപ്പണത്തിന്റെ പൂർണ്ണതയിലേയ്ക്ക്*

നിത്യവ്രതാർപ്പണത്തിലൂടെ നാഥന് സ്വന്തമായിത്തീർന്ന സി. ആൻസില, സി. ലീജാ മരിയ, സി. സുദീപ, സി. എമിലി റോസ്, സി. ലെയോ ക്ലയർ, സി. പ്രിയാ തെരേസ്, സി. ചൈതന്യ,' സി. റിയ, സി. ജസ്സി മരിയ, സി. ഗ്ലാഡിസ്, സി. ജിഷാ ജെയിംസ്, സി. ഡീന എലിസബത്ത്....... നിങ്ങൾക്ക് ക്വീൻസിൻ മക്കളുടെ ഹൃദയംഗമമായ അനുമോദനങ്ങൾ.... പ്രാർത്ഥനാഭാവുകങ്ങൾ.....

# ക്വീൻസ് വാർത്തകൾ



## ❖ തകഴിക്കൊരു തിലകക്കുറി

വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ക്രൈസ്തവ രൂപീകരണം ലക്ഷ്യം വച്ചുകൊണ്ട് തകഴിമഠത്തോടനുബന്ധിച്ച് സമാരംഭിക്കുന്ന ഇംഗ്ലീഷ് മീഡീയം സ്ക്കൂളിന്റെ ശിലാസ്ഥാപനകർമ്മം റവ. ഫാ. ജോൺ കാരുവേലിൽ നിർവ്വഹിച്ചു.

## ❖ ഉണർവിന്റെ തരംഗങ്ങൾ

ഹോളിക്വീൻസ് പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടേയും ഉത്തരവാദിത്വം വഹിക്കുന്ന സിസ്റ്റേഴ്സ് കൗൺസിലർ സി. ടെസി റോസിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചുകൂടി തങ്ങളുടെ കർമ്മരംഗം കൂടുതൽ കാര്യക്ഷമവും ഫലദായകവുമാക്കുവാനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്തു.

## ❖ ടെക്നിക്കൽ സർവ്വീസ് ക്യാമ്പ്

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ പുന്നപ്ര പോളി ടെക്നിക്ക് കോളേജിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി പോളി ടെക്നിക്ക് പദ്ധതിയുടേയും ഹോളിക്വീൻസ് പ്രോവിൻസ് സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റിന്റേയും സംയുക്താഭിമുഖ്യത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സൗജന്യ ടെക്നിക്കൽ സർവ്വീസ് ക്യാമ്പ് നടന്നു. വിവിധ മഠങ്ങളിൽ നിന്നും 42 പേർ പങ്കെടുത്ത ഈ ക്യാമ്പിൽ കേടുവന്ന റേഡിയോ, ടേപ്റിക്കാർഡർ, തേപ്പുപെട്ടി, ടോർച്ച് തുടങ്ങിയവ കാർമ്മൽ പോളിടെക്നിക്ക് കോളേജിലെ സാങ്കേതിക വിദഗ്ദർ നന്നാക്കിക്കൊടുത്തു.

## ❖ ജൂബിലി സംഗമം.

കാഞ്ഞിരപ്പള്ളി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന സുവർണ്ണജൂബിലി

ആഘോഷങ്ങളിൽ നമ്മുടെ ജൂബിലേറിയൻസും പങ്കെടുത്തു.

### ❖ *നിധീരിക്കൽ മാണി കത്തനാർ - ഒരനുസ്മരണം*

ചങ്ങനാശ്ശേരി സന്ദേശനിലയം ഓഡിറ്റോറിയത്തിൽ നടന്ന 'നിധീരിക്കൽ മാണിക്കത്തനാർ - അനുസ്മരണ' യോഗത്തിലും തുടർന്നുനടന്ന പ്രബന്ധാവതരണത്തിലും സി. ആനി തോമസും, സി. ബ്ലസിയും സംബന്ധിച്ചു.

### ❖ *"പീഠത്തിൽ വച്ച വിളക്കുപോലെ"*

പൂന്തോപ്പ് ഗ്രാമത്തിന്റെ ആത്മീയ ദീപമായി കഴിഞ്ഞ 25 വർഷക്കാലം അനേകായിരങ്ങൾക്ക് സ്നേഹശുശ്രൂഷ കാഴ്ചവച്ച കർമ്മൽ ഭവനത്തിന്റെ രജതജൂബിലി ചടങ്ങിൽ ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സംബന്ധിച്ചു.

### ❖ *ആത്മീയ നിർവൃതി തേടി*

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് സിസ്റ്റേഴ്സിനായി നടത്തിയ ധ്യാനത്തിൽ ബ. പ്രൊവിൻഷ്യലമ്മ ഉൾപ്പടെ 42 പേർ പങ്കെടുത്തു.

### ❖ *ആശംസകൾ അർപ്പിച്ചു*

പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിന്റെ ജൂബിലി സമാപന ചടങ്ങുകളിൽ പങ്കെടുക്കാനായി എത്തിയ ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ പെദ്രോ ലോപ്പസ് ക്വിന്താന പിതാവിന് കത്തീഡ്രൽ ദൈവാലയങ്കണത്തിൽവച്ച് നല്കിയ സ്വീകരണചടങ്ങിൽ ബ. പ്രൊവിൻഷ്യലമ്മ ആശംസകൾ അർപ്പിച്ചു.

### ❖ *കാർമ്മലിൻ തീരങ്ങൾ തേടി......*

ഇത്തിത്താനം ലിസ്യൂ കാർമ്മലിൽവച്ച്നടന്ന ദൈവവിളി ക്യാമ്പിൽ 54 കുട്ടികൾ പങ്കെടുത്തു. ബ. ഫാ. ജോയി ചെഞ്ചേരിയും ഫാ. ലെജു സി. എം. ഐ. യും ക്ലാസ്സുകൾ നയിച്ചു.

### ❖ *കാനോനിക സന്ദർശനം*

ബ. പ്രൊവിൻഷ്യലമ്മ ചാങ്ങനാശ്ശേരി, കൈനകരി, പുളിംകുന്ന്, ചാവറഭവൻ, സെന്റ് ആന്റണീസ് ഹോസ്പിറ്റൽ,

സ്നേഹസദൻ, പള്ളിക്കുട്ടുമ്മ, മിത്രക്കരി, പായിപ്പാട്, മണിമല, കാർമ്മൽവില്ല തുടങ്ങിയ മഠങ്ങളിൽ കാനോനിക സന്ദർശനവും വിലയിരുത്തലുകളും നടത്തി.

### ❖ *പ്രാർത്ഥനാമാല്യങ്ങളും ആശംസകളും*

തന്നേയും തനിക്കുള്ളവയേയും തിരുനാഥന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ച് കർമ്മലയിലേയ്ക്ക് കടന്നുവന്നിരിക്കുന്ന കുഞ്ഞനുജത്തിമാരേ...... നിങ്ങൾക്ക് ക്വീൻസ് മക്കളേവരുടേയും പ്രാർത്ഥനകളും ഭാവുകാശംസകളും.

### ❖ *സൗഹൃദം പങ്കിടാൻ*

ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്ന സി. തെരേസ് ഒരു മാസത്തെ അവധിക്ക് നാട്ടിലെത്തി. നവീകരണപരിപാടികളിൽ പങ്കെടുത്ത് കൂടുതൽ ഉണർവ്വോടെ തന്റെ കർമ്മരംഗത്തേയ്ക്കു മടങ്ങി. അവിടെനിന്നും എത്തിയ സി. ലിറ്റി 40 ദിവസത്തെ ധ്യാനത്തിൽ പങ്കെടുക്കുന്നു.

### ❖ *ഉണർവിനായി*

ഹോളിക്വീൻസിൽ വച്ച് റവ. ഫാ. ജോൺ ഒ. സി. ഡി. യുടെ നേതൃത്വത്തിൽ നടത്തിയ ത്രിദിന ജൂണിയേഴ്സ് കോഴ്സിൽ പ്രൊവിൻസിലെ ജൂണിയേഴ്സ് എല്ലാം പങ്കെടുത്തു. തദവസരത്തിൽ 11 ജൂണിയേഴ്സിന്റെ കാനോനിക വ്രതനവീകരണവും നടത്തി.

# ചാവറ വിശേഷങ്ങൾ

## ❖ *അറിവും അനുഭവവും:-*

ഡിസംബർ 16 മുതൽ 22 വരെ ആലുവാ ജനറലേറ്റിൽവച്ച് നടന്ന ''മാസ് മീഡിയാ കമ്മ്യൂണിക്കേഷൻ'' കോഴ്സിൽ സി. ഫിലോ റ്റോം സംബന്ധിച്ചു. അനുദിന ജീവിത സാഹചര്യങ്ങളിൽ മനുഷ്യമനസ്സിനെ പിടിച്ചുണർത്തുന്ന മാദ്ധ്യമങ്ങൾ, മനുഷ്യമനസ്സിൽ സൃഷ്ടിക്കുന്ന നന്മ തിന്മകളുടെ ഏകദേശരൂപം കാണുവാനും, അതിനോട് ക്രിയാത്മകമായി എങ്ങനെ പ്രതികരിക്കുവാൻ കഴിയുമെന്ന് ചിന്തിക്കുവാനും സഹായകമായിരുന്നു ഈ കോഴ്സ്.

## ❖ *പ്രകൃതിയുടെ വികൃതി!!*

ഡിസംബർ 26 കടലോര മക്കളുടെ മനസ്സും ഹൃദയവും ഒരുപോലെ വേദനയിൽ ആഴ്ന്ന ദിവസം ക്രിസ്തുമസ്സിന്റെ സന്തോഷം ആഘോഷിക്കാൻ ഒത്തുചേർന്നവർ വേദനയുടെ നീർകയത്തിൽ ആഴ്ന്നിറങ്ങിയ അനുഭവം. കടലമ്മയുടെ കനിവിനാൽ മാത്രം ജീവിച്ചിരുന്ന കടലോരമക്കൾ അവരുടെ എല്ലാ സമ്പാദ്യവും എന്നല്ല ജീവൻതന്നെയും കടലെടുത്ത അനുഭവം. കന്യാകുമാരി, കുളച്ചൽ, മണക്കുടി, ആരോഗ്യപുരം, ലീപുരം തുടങ്ങിയ ഗ്രാമങ്ങൾ നമ്മുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നവയാണ്. ഈ ഗ്രാമങ്ങളിൽനിന്നും ധാരാളം കുട്ടികൾ നമ്മുടെ സ്ക്കൂളിൽ പഠിക്കുന്നു. കുളച്ചൽ കാർമ്മൽ ജ്യോതി സ്ക്കൂളിൽ ഏകദേശം മുപ്പതോളം കുട്ടികൾ പഠിച്ചിരുന്നു. എല്ലാം നഷ്ടപ്പെട്ട അവരുടെ ഭീതിയും ആകുലതയും കുറയ്ക്കുവാൻ ഇവിടെയുള്ള സിസ്റ്റേഴ്സ് ആവതു പരിശ്രമിച്ചു. ഭക്ഷണം, വസ്ത്രം, തങ്ങുവാൻ സ്ഥലം എന്നിവ നല്കിയതു കൂടാതെ തങ്ങളുടെ നിരന്തരമായ സാന്നിദ്ധ്യവും അവർക്ക് ശക്തിനല്കി. സിസ്റ്റേഴ്സും, റ്റീച്ചേഴ്സും, കുട്ടികളും ചേർന്ന് Relief Work നടത്തുകയും നാട്ടിലെ വിമലാ, പയസ് ഹോസ്റ്റലുകളിൽനിന്നും, സെന്റ് ജോസഫ്സ് സ്ക്കൂളിൽനിന്നും മറ്റും ശേഖരിച്ച തുണികൾ അവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തു.

### ❖ ആശ്വാസം ഈ സന്ദർശനം!!

അസി. ജനറൽ സി. സാങ്റ്റാ സുനാമി ബാധിത പ്രദേശങ്ങളായ കുളച്ചൽ, കന്യാകുമാരി, മണക്കുടി മുതലായ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുകയും അവരുടെ വേദനയിൽ പങ്കുചേരുകയും ചെയ്തു. അമ്മയുടെ സന്ദർശനം ഞങ്ങൾക്ക് വലിയ ഒരു അനുഗ്രഹമായിരുന്നു.

സ്നേഹബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സിസി സുനാമിബാധിത പ്രദേശങ്ങളും അവയോടുചേർന്ന മഠങ്ങളും സന്ദർശിക്കുകയും അവരുടെ വേദനയിൽ പങ്കുചേരുകയും ചെയ്തു. കുളച്ചൽ, കന്യാകുമാരി, മണക്കുടി ഭാഗങ്ങൾ നേരിൽക്കണ്ട് അവിടുത്തെ ജനങ്ങളുടെ വേദനയിൽ പങ്കുചേർന്ന് ഒരു ദിവസം കന്യാകുമാരിയിൽ തങ്ങിയശേഷമാണ് മടങ്ങിയത്.

ജനറൽ കൗൺസിലേഴ്സ് സി. സിബിയ സി. റോസിലിൻ എന്നിവർ സുനാമിബാധിതപ്രദേശങ്ങളും അവയോടു ചേർന്ന മഠങ്ങളും സന്ദർശിക്കുവാൻ കാരുണ്യവാനായ ദൈവം ഇടയാക്കി. മൗണ്ട് കാർമ്മൽ ജനറലേറ്റ്, പ്രൊവിൻഷ്യൽ ഹൗസ് ചങ്ങനാശ്ശേരി, ആവിലാഭവൻ തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്നുകിട്ടിയ സാമ്പത്തിക സഹായം യൂണിഫോം, പുസ്തകം, ഫീസ് മുതലായവ നല്കുവാൻ വിനയോഗിച്ചുകൊണ്ടിരിക്കുന്നു. വിവിധ തരത്തിൽ സഹായിച്ച ഏവരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

ദൈവവിളി പ്രോത്സാഹനത്തിന് ഇനി എന്തെല്ലാം ചെയ്യാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുവാനും തീരുമാനിക്കുവാനുമായി നെട്ടയിൽ കൂടിയ സമ്മേളനത്തിൽ എല്ലാ മഠങ്ങളിലേയും വൊക്കേഷൻ പ്രമോട്ടേഴ്സ് സംബന്ധിച്ചു. ബഹു. എമിരിറ്റമ്മ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. വിവിധ സ്ഥലങ്ങളിൽ പോയി ദൈവവിളിയുള്ള കുട്ടികളെ കണ്ടുപിടിക്കുവാൻ ഈരണ്ടുപേരെ നിയോഗിച്ചു. നാഥന്റെ വിളവയലിൽ ധാരാളം വേലക്കാരെത്തുവാൻ നിങ്ങളുടെ പ്രയത്നത്തിനൊപ്പം ഏവരുടേയും പ്രാർത്ഥനയും നേരുന്നു.

തക്കല സ്പെഷ്യൽസ്ക്കൂളിലെ കുട്ടികൾക്കായി നടത്തിയ മെഡിക്കൽ ക്യാമ്പിൽ കുലശേഖരം, "Sree Mockambika Institute of Dental Science"- ലെ ഡോക്ടർമാരും നേഴ്സുമാരും പരിശോധന നടത്തുകയും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. ആരോഗ്യപരമായ ദന്തപരിപാലനയെക്കുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നല്കി.

### ❖ *ജനുവരി 3- "ചാവറ ഡേ"!*

ചാവറ റീജനിലെ മക്കൾക്ക് ഉത്സവത്തിന്റെ ദിനമായിരുന്നു ഇന്ന്. ഉചിതമായ രീതിയിൽ വാ. ചാവറ പിതാവിന്റെ ജന്മദ്വിശതാബ്ദി ഘോഷിക്കുവാൻ മക്കൾ ശാരീരികമായും ആത്മീകമായും ഒരുങ്ങി. 'ചാവറ ഡേ'യോടനുബന്ധിച്ച് ചാവറ ക്വിസ് മത്സരം, കവിതാ മത്സരം, ഉപന്യാസ മത്സരം എന്നിവ നടത്തി. വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

ജനുവരി 7 -മുതൽ 12 വരെ തിരുവനന്തപുരം വെട്ടുതുറയിൽവച്ച് നടന്ന ആത്മവിശുദ്ധീകരണധ്യാനത്തിൽ സി. സെറാഫിൻ സംബന്ധിച്ച് കൂടുതൽ ആത്മീയ ഫലങ്ങൾ നേടി കരുത്താർജ്ജിച്ചു.

ജനുവരി 19-ന് കൂനമ്മാവിൽവച്ചുനടന്ന അമ്മമാരുടെ സുവർണ്ണജൂബിലി ആഘോഷത്തിൽ ബ. എമിരിറ്റമ്മ, സി. ആഗറ്റ സി. മരിയാ' ജയിംസ് എന്നിവർ സംബന്ധിച്ച് സ്നേഹാദരവുകൾ പങ്കുവച്ചു.

ചാവറ ജന്മദ്വിശതാബ്ദി പ്രമാണിച്ച് നെട്ട മഠാംഗങ്ങൾ, കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ എന്നിവരെ പ്രത്യേകം ഗ്രൂപ്പുകൾ തിരിച്ച് ചാവറ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഇതുവഴി ആ ഇടവകയിൽ ഒരു ചാവറ തരംഗംതന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നന്ദി!!

കന്യാകുമാരി മുഴുക്കോട് എന്നീ സ്ഥലങ്ങളിൽ സ്ക്കൂൾ കുട്ടികൾക്ക് ചാവറ ക്വിസ് നടത്തി. വിജയികൾക്ക് സമ്മാനം നല്കി.

ഇതുവഴി തമിഴ് മക്കൾക്ക് വാ. ചാവറ പിതാവിനെ പരിജയപ്പെടുത്തുവാനും അവരിൽ ഭക്തിയും വിശ്വാസവും ജനിപ്പിക്കുവാനും കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമായ ഒരു കാര്യമാണ്.

വൈസ് പോസ്റ്റുലേറ്റർ ബ. ആന്റണി വള്ളവന്ത്ര അച്ചൻ വഴി, വാ. ചാവറ പിതാവിനെകുറിച്ച് ആഴമായി പഠിച്ച് പല പുസ്തകങ്ങൾ തമിഴിലേയ്ക്ക് തർജ്ജിമ ചെയ്തുകൊണ്ടിരിക്കുന്ന തമിഴ്നാട്ടുകാരൻ (കന്യാകുമാരി) ആയ മിസ്റ്റർ നാരായണദാസ് എന്ന ഹിന്ദു സഹോദരൻ സി. ക്ലയർ ലെറ്റിന്റെ പ്രോത്സാഹനത്താൽ നമ്മുടെ സ്ക്കൂളുകളിൽ കുട്ടികൾക്കും മാതാപിതാക്കൾക്കും വാ. ചാവറപിതാവിനെക്കുറിച്ച് ക്ലാസ്സുകൾ എടുക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. ഇതുവഴി ഇവിടുത്തെ ജനങ്ങളെ ചാവറ ഭക്തിയിൽ കൂടുതൽ വളർത്തുവാൻ സഹായകവും പ്രചോദനവും നല്കുവാൻ കഴിഞ്ഞു. വരുംകാലത്തിൽ കൂടുതൽ നല്ല ഫലങ്ങൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കാം.

### ❖ *പൂവണിഞ്ഞൊരു സ്വപ്നം!*

ജനുവരി 26 ചാവറമക്കൾ ഒന്നുചേർന്ന് ഹൃദയവും മനസ്സും ദൈവത്തിലേയ്ക്ക് ഉയർത്തിയ ദിനം ഏവരുടേയും സ്വപ്നംആയിരുന്നു റീജനൽ ഹൗസിൽ ഒരു ചാപ്പൽ വേണമെന്നത്. ആ സ്വപ്നസാക്ഷാത്കാരമാണ് ദൈവകൃപയാൽ പൂർത്തീകരിക്കപ്പെട്ടത്. സ്നേഹ. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസിയമ്മയുടേയും, റീജനൽ സുപ്പീരിയർ സി. എമിരിറ്റിന്റേയും റീജനിലെ മറ്റു സിസിറ്റേഴ്സിന്റേയും സാന്നിദ്ധ്യത്തിൽ തക്കല രൂപതയുടെ പിതാവ് അഭി. ജോർജ്ജ് ആലഞ്ചേരി ചാപ്പൽ പ്രതിഷ്ഠാകർമ്മവും വെഞ്ചരിപ്പും നടത്തി സഭാമാതാവിന് കാഴ്ചവച്ചു. തദവസരത്തിൽ വിവിധ സ്ഥലങ്ങളിൽനിന്നും എത്തിയ വൈദീകർ, നാട്ടിൽനിന്നും, വിവിധ മഠങ്ങളിൽനിന്നും എത്തിയ സിസ്റ്റേഴ്സ്, നാട്ടുകാർ ഉപകാരികൾ ഏവരും ആ മംഗള കർമ്മത്തിന് സാക്ഷികളായി. ആഘോഷമായ ദിവ്യ ബലിയിലും അതിനുശേഷം നടന്ന സ്നേഹവിരുന്നിലും

പങ്കുചേർന്ന് ഏവരും സന്തോഷത്തോടെ മടങ്ങി. ദൈവമേ നിന്റെ അനന്തകൃപയ്ക്കു നന്ദി.

### ❖ അല്പം ആഘോഷം! അതിലേറെ അറിവ്!

ചാവറഡേ ആഘോഷത്തിന്റെ ഭാഗമായി ജനുവരി 26-ാം തീയതി 2 P.M ന് ഒരു സമ്മേളനം നടത്തപ്പെട്ടു. അതിൽ ബഹു. പ്രൊവിൻഷ്യലമ്മ അഭി. ആലഞ്ചേരി പിതാവ് ബഹു. ജോസഫ് ചിറയിൽ സി. എം. ഐ. എന്നിവർ വാ. ചാവറപിതാവിനെക്കുറിച്ച് ഹൃദയസ്പർശകമാംവിധം നടത്തിയ പ്രഭാഷണങ്ങൾ ചാവറ മക്കളിൽ വാ. ചാവറ പിതാവിനോടുള്ള സ്നേഹം ആഴമായി വർദ്ധിക്കുവാൻ ഇടനല്കി. ചാവറമക്കൾ ഇടയ്ക്കിടെ നടത്തിയ കലാവിരുന്നും മനസ്സിനെ ഉണർത്തുന്നതായിരുന്നു.

സി. ലിസ്യൂ തെരേസ് സി. എം. സി. (കാഞ്ഞിരപ്പള്ളി) പ്രബന്ധം അവതരിപ്പിച്ചു. The vision and Mission of Blessed Chavara എന്നതായിരുന്നു വിഷയം. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജീവിതാദർശങ്ങൾ, ദർശനങ്ങൾ, പ്രവർത്തനങ്ങൾ മുഴുവനും വളരെ ലളിതവും എന്നാൽ വാചാലവുമായി സിസ്റ്റർ അവതരിപ്പിച്ചപ്പോൾ ചാവറപ്പിതാവിനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഒട്ടുമിക്ക പുസ്തകങ്ങളുടേയും സാരസംഗ്രഹം ഗ്രഹിക്കുവാൻ കഴിഞ്ഞു. കൂടുതൽ പഠിക്കുവാനും ആഴത്തിൽ അനുഭവിക്കുവാനും അത് പകർന്നു നല്കുവാനുമുള്ള ഒരു ഉൾവിളി ഇതിലൂടെ ഉണ്ടായി. സിസ്റ്ററിന് ഒരായിരം നന്ദി.

ചാവറജയന്തി പ്രമാണിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന് വീടുവയ്ക്കുവാൻ സ്ഥലംവാങ്ങി. അതിന്റെ ആധാരം ആ കുടുംബനാഥന് നല്കിക്കൊണ്ട് 'ചാവറഡേ' കൂടുതൽ ശോഭയുള്ളതാക്കിത്തീർക്കുവാൻ കഴിഞ്ഞു. ഉള്ളതിൽ അല്പം ത്യാഗപൂർവ്വം പങ്കുവയ്ക്കുവാൻ ലഭിച്ച അവസരത്തിന് ഏവർക്കും നന്ദി.

ഫെബ്രുവരി 5-ന് മാന്നാനത്തുവച്ചുനടന്ന സഭാവസ്ത്ര സ്വീകരണത്തിലും ആദ്യവ്രത വാഗ്ദാനത്തിനും റീജണിലെ അമ്മയും ഏതാനും സിസ്റ്റേഴ്സും പങ്കുചേർന്നു.

ഫെബ്രുവരി 6 മുതൽ 11 വരെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽവച്ച് ബ. നായ്ക്കാംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽനടന്ന ധ്യാനത്തിൽ റീജനിലെ 7 സിസ്റ്റേഴ്സ് പങ്കുചേർന്നു. - ആത്മവിശുദ്ധീകരണംനേടി സന്തോഷത്തോടെ പ്രവർത്തന മേഖലകളിലേയ്ക്ക് തിരിച്ചുവന്നു.

ഫെബ്രുവരി 13-ന് കൈനകരിയിൽവച്ച് നടന്ന ചാവറ ദ്വിശതാബ്ദി ഘോഷത്തിൽ പങ്കുചേരുവാൻ റീജനിലെ ഏതാനും സിസ്റ്റേഴ്സിന് അവസരം ലഭിച്ചു.

തക്കലരൂപതയുടെ കീഴിൽ കുറ്റാലത്ത് പ്രവർത്തിക്കുന്ന 'പുലരി' സോഷ്യൽ സർവ്വീസ് സെന്ററിൽ സി. ലിനറ്റ് സി. മരിയ മാത്യൂസ് എന്നിവർ ജോലി ചെയ്യുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രവികസനത്തിന് ആവശ്യമായ പല കാര്യങ്ങൾ അവർ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. അവയിൽ ഏതാനം ചിലത് താഴെപ്പറയുന്നു.

സ്ത്രീകളുടേയും പിറക്കുവാൻ പോകുന്ന കുട്ടികളുടേയും ആരോഗ്യപരമായ വളർച്ചയ്ക്ക് ആവശ്യമായ പോഷകാഹാരങ്ങളെ കുറിച്ചുള്ള ക്ലാസ്സുകൾ, പരിശീലനം മുതലായവ.

- വിവിധ വില്ലേജുകളിൽ നേഴ്സറി റ്റീച്ചേഴ്സിനും കുട്ടികൾക്കും പരിശീലനം നല്കുന്നു.

- ഗവൺമെന്റ് നടത്തുന്ന സ്ക്കൂളുകളിൽ ആരോഗ്യ പരിപാലനത്തെക്കുറിച്ച് ക്ലാസ്സുകൾ കൊടുക്കുവാൻ 10 പേർവീതം അടങ്ങുന്ന ഗ്രൂപ്പ് ആഴ്ചയിൽ ഒരു മണിക്കൂർവീതം വിനയോഗിക്കുന്നു.

- ഹെൽത്ത് ക്ലബ് രൂപീകരിച്ച് പ്രശ്നപരിഹാരം കാണുന്നു. ശുചിത്വറാലി നടത്തി ബോധവല്ക്കരണം നടത്തുന്നു.

- 19 വില്ലേജുകളിലായി 20പേർവീതം അടങ്ങുന്ന 55 സ്വയംപര്യാപ്തതാഗ്രൂപ്പുകൾ സ്ഥാപിച്ച് വേണ്ട പരിശീലനം നല്കുന്നു. പരമ്പരാഗത തൊഴിലായ ബീഡി തെറുപ്പുവഴി ഉണ്ടാകുന്ന ശാരീരിക സാമൂഹിക രോഗങ്ങളേയും തിന്മകളേയുംകുറിച്ച് അറിവ് നല്കി അതിൽനിന്നും അവരെ പിന്തിരിപ്പിച്ച് ആടുവളർത്തൽ, കോഴി വളർത്തൽ, അടുക്കള തോട്ടം

മുതലായ സ്വയംതൊഴിൽ പരിശീലിപ്പിക്കുകയും അതിനാവശ്യമായ സഹായങ്ങൾ നല്കുകയും ചെയ്യുന്നു.

സ്ത്രീകൾ, പെൺകുട്ടികൾ മുതലായവർക്ക് വളരെ കുറഞ്ഞ നിരക്കിൽ - തീരെ പാവപ്പെട്ടവർക്ക് സൗജന്യമായും- തയ്യൽ, കമ്പ്യൂട്ടർ മുതലായവയിൽ പരിശീലനവും പരിജ്ഞാനവും നല്കുന്നു.

- ഗവൺമെന്റിന്റെ സഹായത്തോടെ 50 ഓളം കക്കൂസുകൾ നിർമ്മിച്ച് അത് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്യുന്നു.

- ''ലാലാകുടിയിരിപ്പ്'' ക്ലിനിക്കിൽ സി. മെർലിൻ സേവനം ചെയ്യുന്നു. ഇവിടെ എത്തുന്ന നിർദ്ധനരും ആലംബഹീനരുമായവർക്ക് സിസ്റ്ററിന്റെ സേവനം വിലമതിക്കാനാവാത്തതാണ്.

- മുസ്ലീങ്ങളും ഹിന്ദുക്കളും തിങ്ങിപ്പാർക്കുന്ന കുറ്റാലം, പുളിയറ എന്നീ പ്രദേശങ്ങളിൽ പ്രത്യക്ഷമായി സുവിശേഷ പ്രഘോഷണം സാധ്യമല്ല എങ്കിലും പരോക്ഷമായി ദൈവനാമവും വചനവും അവരുടെ ഇടയിൽ എത്തിക്കുവാൻ ഇവിടെ സേവനം ചെയ്യുന്ന സിസ്റ്റേഴ്സ് പരിശ്രമിക്കുന്നു.

❖ ***കാർമ്മൽമാതാ ബെസ്റ്റ് സ്ക്കൂൾ!!***

'തമിഴൻ' ചാനൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുന്നിട്ട് നില്ക്കുന്ന സ്ക്കൂളുകളെക്കുറിച്ച് പഠനം നടത്തിയതിൽ കന്യാകുമാരി ജില്ലയിൽ കാർമ്മൽ മാതാ മെട്രിക് സ്ക്കൂൾ ''ബെസ്റ്റ് സ്ക്കൂൾ'' എന്ന ബഹുമതി നേടി. അതിന്റെ സാരഥി സി. ക്ലെയർലെറ്റിനും സഹപ്രവർത്തകർക്കും അനുമോദനങ്ങൾ!!

❖ ***തീർത്ഥാടനം ഒരു അനുഭവം***

ചാവറ ജയന്തി പ്രമാണിച്ച് റീജണൽ സുപ്പീരിയർ സി. എമിരിറ്റിന്റെ നേതൃത്വത്തിൽ മാന്നാനം, ഒല്ലൂർ, ജറുസലേം ധ്യാനകേന്ദ്രം, റോസറി വില്ലേജ് (തലോർ) മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് പുതിയ ഒരു പ്രാർത്ഥനാനുഭവവും മാനസീക സന്തോഷവും നേടി ചാവറമക്കൾ തിരിച്ചെത്തി. ഇതിന് നേതൃത്വം നല്കിയ റീജണൽ സുപ്പീരിയറിനും കൗൺസിലേഴ്സിനും ഒരായിരം നന്ദി!!

# നിത്യത പുല്കിയവർ



| | | |
|---|---|---|
| സി. ട്രീസാ മാർഗ്ഗരറ്റ് | മണിമല | 13-1-05 |
| സി. ബർത്തലൂമ്മ | പായിപ്പാട് | 15-2-05 |
| സി. ആൻ | ഹോളിക്വീൻസ് | 1-3-2005 |
| സി. മരിയ | ചങ്ങനാശ്ശേരി | 18-3-05 |
| സി. ജോസിയ<br>സി. ശാന്തി | മാതാവ് | 7-1-2005 |
| 'സി. ട്രീസാ ജോർജ്ജ് | പിതാവ് | 15-1-05 |
| സി. ഫ്ളോറൻസിയ | മാതാവ് | 8-2-05 |
| സി. തെരേസ് | മാതാവ് | 16-2-05 |
| സി. ദിവ്യാ മാത്യൂസ്<br>സി. പ്രീതി റോസ് | പിതാവ് | 18-3-05 |
| സി. ഗ്രെയ്സ് മേരി | മാതാവ് | 5-4-05 |

കർമ്മശുദ്ധിതൻ തേജോമണ്ഡലം നിർമ്മിച്ചെന്നും
കർമ്മലദ്രുമത്തിന്റെ വിത്തുകൾ പാകിപ്പാകി
കാന്തിയും നൈർമ്മല്യവും സത്കൃതിസുഗന്ധവും
കേരളക്കരയ്ക്കഹോ സത്വരം തൂകിത്തൂകി
കല തൻ മുതൽക്കൂട്ടാം സിദ്ധികൾ തേടിത്തേടി
കനിവോടനേകരിൽ ഭദ്രദീപം കാട്ടി
കർമ്മലോദ്യാനത്തിന്റെ ഭംഗിയും നിറക്കൂട്ടും
കാത്തുസൂക്ഷിക്കാൻ വെമ്പി ചാവറപ്പിതാവഹോ.